


മലയിൽ വിരിഞ്ഞപൂക്കൾ



ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ.





മലയിൽ വിരിഞ്ഞ പൂക്കൾ

DHARMARAM COLLEGE
LIBRARY
BANGALORE-29

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

COLLEGE LIBRARY
83450
K92/P195
77053

MALAYIL VIRINJA POOKKAL

(A Book of Documentation)

Author:
Fr. Thomas Panthaplackal CMI

Published By :
The CMI General Secretariate for
Evangelization & Pastoral Ministry,
Ernakulam

First Published:
Malayalam - 2005

Type Set at:
Image House

Cover Design:
Fr. Thomas Panthaplackal CMI

Price: Rs. 50.00

© The CMI General Secretariate
for Evangelization & Pastoral Ministry
Ernakulam - 682 011

മലയിൽ വിരിഞ്ഞ പൂക്കൾ

(സി.എം.ഐ. സഭയിലെ ആദ്യ 15 പിതാക്കന്മാർ)

സമർപ്പണം

പതിനഞ്ച്
സുകൃതസൂനങ്ങളെ മാന്നാനം മലയിൽ വിരിയിച്ച
കേരള സഭയ്ക്ക്

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.


സി.എം.ഐ. ജനറൽ സെക്രട്ടറിയേറ്റ്
മിഷൻ, അപ്പൊസ്തലേറ്റ് വകുപ്പ്

എറണാകുളം
8-12-2005

ഉള്ളടക്കം

പേജ്

സന്ദേശം - CMI പ്രിയോർ ജനറൽ	I
അവതാരിക - ഡോ. മത്യാസ് മുണ്ടാടൻ CMI	III
അഭിനന്ദനങ്ങൾ - CMI വികർ ജനറൽ	VII
ആമുഖം - ഫാ. തോമസ് പന്തപ്ലാക്കൽ CMI	IX
ഭാരത ക്രൈസ്തവ സന്യാസത്തിന്റെ ശില്പികൾ	1
പാലക്കൽ തോമ്മാമല്പാൻ	3
പോരൂക്കര തോമ്മാമല്പാൻ	22
ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ	39
ബ്രദർ കണിയാന്തറ യാക്കോബ്	56
ചാവറയച്ചനോടൊപ്പം വ്രതം സ്വീകരിച്ച 11 -പിതാക്കന്മാർ ഒരവലോകനം	70
ഫാദർ യാക്കോബ് വല്യാറ	76
ഫാദർ മത്തായി കളപ്പുരയ്ക്കൽ	83
ഫാദർ മത്തായി മുഞ്ഞനാട്ട്	91
ഫാദർ കുര്യൻ (ആൽബർത്തോസ്) കൊച്ചുപുരയ്ക്കൽ	97
ഫാദർ തോമ്മാ നെല്ലിശ്ശേരി	104
ഫാദർ ഗീവർഗ്ഗീസ് തോപ്പിൽ	110
ഫാദർ കുര്യാക്കോസ് ഏലീശ പോരൂക്കര	119
ഫാദർ കുര്യൻ ബ്രൊക്കാർദ് പാലക്കൽ	133
ഫാദർ സ്കറിയ അപ്രേം കളത്തിൽ	141
ഫാദർ അലക്സാണ്ടർ കട്ടക്കയം	150
ഫാദർ മാണി കണിയാരകത്ത്	166
End Notes	175



സന്ദേശം

സി.എം.ഐ. സഭ കനോനികമായി അംഗീകരിക്കപ്പെട്ടതിന്റെ 150-ാം വാർഷികത്തികവിൽ എത്തിനിൽക്കുന്ന അവസരമാണിത്. ഇതിനാൽ, 1855 ഡിസംബർ 8-ാം തീയതി പാലയ്ക്കൽ, പോരൂക്കര അച്ചന്മാരോടൊപ്പം സഭാസ്ഥാപകപിതാക്കളിൽ ഒരുവനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും മറ്റംഗങ്ങളും മാതൃഭവനമായ മാന്നാനം ആശ്രമത്തിൽവെച്ച് സന്യാസവ്രതങ്ങൾ സ്വീകരിച്ചതിനെയാണ് അനുസ്മരിക്കുന്നത്. ഭാരതസഭയിലെ പ്രഥമ ഏതദ്ദേശീയ പുരുഷ-സന്യാസസഭയായ സി.എം.ഐ. സഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണിത്.

സ്ഥാപകപിതാവിനോടൊ, പിതാക്കന്മാരോടൊ ചേർന്ന് ആദ്യ അംഗങ്ങളായി ജീവിച്ചു പ്രവർത്തിച്ചവർ ഒരു സന്യാസസഭയുടെ സിദ്ധിക്കും തനിമയ്ക്കും രൂപം കൊടുക്കുന്നതിൽ പങ്കാളികളാണ്. സ്ഥാപകരുടെ ദൈവനിവേശിതമായ ആശയങ്ങൾ പ്രവർത്തിയിലേയ്ക്ക് കൊണ്ടുവരുവാൻ അടുത്തു സഹായിക്കുന്നവരാണിവർ. അവരുടേതായ ആശയങ്ങളും പ്രവർത്തനശൈലികളും സ്ഥാപകരുടേതിനോട് കൂട്ടിചേർക്കപ്പെടുന്നുണ്ട്. അപ്പോൾ സ്ഥാപകരോടൊപ്പം ഉണ്ടായിരുന്ന ആദ്യാംഗങ്ങളുടെ മരണം വരെയുള്ള കാലഘട്ടം ഒരു സന്യാസസഭയുടെ സിദ്ധിരൂപീകരണകാലമായി കണക്കാക്കണം.

ഈവിധം വിലയിരുത്തുമ്പോൾ, സി.എം.ഐ സഭയുടെ സിദ്ധിയും തനിമയും രൂപപ്പെടുത്തുന്നതിൽ പങ്കുചേർന്നവർ 15 പിതാക്കന്മാരാണ്. ഇവരിൽ 11 പേർ 1855-ൽ വാഴ്ത്തപ്പെട്ട ചാവറയച്ചനോടൊപ്പം സന്യാസവ്രതം സ്വീകരിച്ചവരാണ്. മറ്റു മൂന്നുപേർ സ്ഥാപകപിതാക്കളിൽപ്പെടുന്ന പാലയ്ക്കൽ തോമ്മാച്ചനും, പോരൂക്കര തോമ്മാച്ചനും, ഇവരോടൊപ്പം എല്ലാകാര്യങ്ങളിലും സഹകരിച്ചിരുന്ന കണിയാന്തറ യാക്കോബ് സഹോദരനുമാണ്.

ഈ പതിനഞ്ചു പിതാക്കളുടെ ജീവചരിത്രങ്ങൾ നാളിതുവരെ ഒരുമിച്ചു പ്രസിദ്ധീകരിച്ചിട്ടില്ല. മാത്രമല്ല, ഇവരിൽ ചാവറയച്ചനോടൊപ്പം വ്രതം ചെയ്ത 11 പേരുടെ ചരിത്രം ഇതുവരെ പഠനവിഷയമാക്കിയിട്ടുമില്ല, അവരുടെ വ്രതാർപ്പണത്തിന്റെ 150-ാം


വാർഷികത്തിൽ സി.എം.ഐ. സഭയിലെ ആദ്യ പതിനഞ്ച് പിതാക്കന്മാരുടെ ലഘു ജീവചരിത്രം **'മലയിൽ വിരിഞ്ഞ പൂക്കൾ'** എന്ന പേരിൽ സഭയുടെ പാസ്റ്ററൽ ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിക്കുകയാണ്. കയ്യെഴുത്തുരേഖകളിലും ആദ്യകാല ആശ്രമങ്ങളിലെ നാളാഗമങ്ങളിലുമായി ചിതറിക്കിടന്നിരുന്ന പല അറിവുകളും കൂട്ടിച്ചേർത്ത് ബഹു. തോമസ് പന്തപ്ലാക്കലച്ചനാണ് ഈ ചരിത്രഗ്രന്ഥം ആധികാരികമായി രചിച്ചിരിക്കുന്നത്. അവസരോചിതമായി തോമസച്ചൻ ഈ കാര്യത്തിൽ ചെയ്ത സേവനത്തെ നന്ദിയോടെ അനുസ്മരിക്കുന്നു.

സി.എം.ഐ. സഭയിലെ ഓരോ അംഗത്തിനും സഹോദരിസഭയായ സി.എം.സി.യിലെ അംഗങ്ങൾക്കും ആവേശം പകരുവാൻ ഈ ചരിത്രസമാഹാരം ഉപകരിപ്പിക്കും എന്നുമാത്രമല്ല, ഭാരതസഭയിലെ സന്യാസജീവിതത്തിന്റെ തുടക്കക്കാർ എന്നവിധം, ഈ പതിനഞ്ചു പിതാക്കന്മാരുടെ ജീവിതം ക്രൈസ്തവ സന്യസ്തർക്ക് ആവേശവും ഉത്തേജനവും പകരുന്നതാണ്. അതുപോലെ സന്യാസജീവിതത്തെ ആശ്ലേഷിക്കുന്ന ഓരോരുത്തർക്കും അവരുടെ ജീവിതപ്രതിസന്ധികളിൽ അർത്ഥം കണ്ടെത്തുവാൻ ഈ ജീവചരിത്ര സമാഹാരം ഉപകാരപ്രദമാണ്. 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രം കൂടിയാണ് ഇവരിലൂടെ അനാവരണം ചെയ്യപ്പെടുന്നത് എന്നറിയുമ്പോൾ ഏതൊരു ചരിത്രപഠിതാവിനും ഇതൊരു സോഴ്സ് ബുക്കായിത്തീരും.

ദൈവത്തിന്റെ അനന്തമായ പരിപാലനയിൽ ആശ്രയിച്ച്, ജീവിതത്തിലെ ദുർഘടനിമിഷങ്ങളെ അതിജീവിച്ച് മാതൃകയായിത്തീർന്ന ഈ പതിനഞ്ചു പിതാക്കന്മാരും ഇന്നിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന നമുക്കോരോരുത്തർക്കും മാർഗ്ഗദീപമാകുമെന്നതിൽ രണ്ടുപക്ഷമില്ല. ഈ ചരിത്രഗ്രന്ഥം വായനക്കാരെ കർത്തവ്യോന്മുഖരും ദൈവാശ്രയബോധമുള്ളവരുമാക്കിത്തീർക്കട്ടെ എന്നാശംസിക്കുന്നു. യൂറോപ്പിലെ 'മോന്തെകസിനൊ'യുടെ സ്ഥാനം വഹിക്കുന്നു, പാലസ്തീനായിലെ കർമ്മലമലയുടെ സ്ഥാനം വഹിക്കുന്ന ഭാരതത്തിലെ മാന്നാനം മലയിൽ വിരിഞ്ഞ വാടാമലർ പൂക്കളെ മലയാളികൾക്ക് പരിചയപ്പെടുത്തുന്ന തോമസ് പന്തപ്ലാക്കലച്ചന് വീണ്ടുംവീണ്ടും അഭിനന്ദനങ്ങൾ!

എറണാകുളം
8-12-2005

ഡോ. ആന്റണി കരിയിൽ സി.എം.ഐ
സി.എം.ഐ. പ്രിയോർ ജനറൽ



അവതാരിക

ഒരു നാടിന്റെ ചരിത്രം ആ നാട്ടിൽ ജനിച്ചു വളർന്നു മൺമറഞ്ഞ വ്യക്തികളുടെ ജീവിത കഥകളാണെന്ന് ഒരു വിധത്തിൽ വ്യാഖ്യാനിക്കാം. അതിലുപരി ഈ വ്യക്തികൾ പരസ്പരം ബന്ധപ്പെട്ട് സമുദായത്തെ, സമൂഹത്തെ, രാജ്യത്തെ, ലോകത്തെ എങ്ങിനെ വളർത്തി പുത്തൻ സംസ്ക്കാരങ്ങൾക്കു രൂപം കൊടുത്തു എന്നു ക്രിയാത്മകമായി നിരൂപണം ചെയ്യുന്ന പ്രക്രിയയായിരിക്കാം ചരിത്രം. ക്രൈസ്തവരെ സംബന്ധിച്ചു പറയുമ്പോൾ അതാതുകാലങ്ങളിൽ ഓരോ സ്ഥലങ്ങളിൽ രൂപം കൊള്ളുന്ന സംസ്ക്കാരങ്ങളിൽ ദൈവരാജ്യമൂല്യങ്ങൾ എങ്ങനെ, ഏതു തോതിൽ സ്വാധീനം ചെലുത്തിയെന്ന പരിശോധനക്കായിരിക്കാം ഊന്നൽ കൊടുക്കുന്നത്. ഈ മൂല്യങ്ങൾക്ക് ഏറ്റം കൂടുതൽ പ്രാധാന്യം നൽകി, വ്യക്തികൾ സമൂഹമായി ചേർന്നു കരുപിടിപ്പിക്കുന്ന ഒരു ആദ്ധ്യാത്മിക സംസ്ക്കാരമാണ് സന്യാസ സഭ. വ്യക്തികളുടെ വീക്ഷണങ്ങളും ജീവിതശൈലിയും ആദ്ധ്യാത്മിക, സാമൂഹിക സംഭാവനകളും വളരെ പ്രധാനമാണ്. സന്യാസ ജീവിതത്തെ സംബന്ധിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖ (PC 2b) ഉദ്ധരിച്ചു കൊണ്ടു സി.എം.ഐ. സഭയുടെ നിയമാവലി സമർത്ഥിക്കുന്നു: സ്ഥാപക പിതാക്കന്മാരുടെ പ്രാരംഭസിദ്ധിയിലും ചൈതന്യത്തിലും നിന്നും, ആദ്യ പിതാക്കന്മാരുടെ മാതൃകയിൽ നിന്നും, ശ്ലാഘനീയവും ആധികാരികവുമായ പാരമ്പര്യങ്ങളിൽ നിന്നും പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന ഇന്നത്തെ അംഗങ്ങളുടെ സംഭാവനകളിൽ നിന്നുമാണ് നമ്മുടെ സമൂഹം രൂപം കൊണ്ടതും രൂപം കൊണ്ടിരിക്കുന്നതും. (c.5) ഇതിൽ പറയുന്ന ആദ്യത്തെ രണ്ടു കൂട്ടരുടെ, സ്ഥാപക പിതാക്കന്മാരുടെയും ആദ്യപിതാക്കന്മാരുടെയും സമ്യക്കയ ജീവചരിത്രങ്ങളാണ് ഈ ഗ്രന്ഥത്തിലെ പ്രധാന വിഷയം.

തോമസ് പന്തപ്ലാക്കലച്ചൻ രൂപം കൊടുത്ത 'മലയിൽ വിരിഞ്ഞ പൂക്കൾ' 19-ാം നൂറ്റാണ്ടിൽ കേരളസഭയിൽ വിരിഞ്ഞ പതിനഞ്ചു പ്രകാശ കുസുമങ്ങളാണ്.

ബഹു. തോമസച്ചൻ നടത്തിയ ഗവേഷണ പഠനങ്ങളിൽ നിന്നും ഉയിർക്കൊണ്ടിട്ടുള്ള ഈ പുസ്തകം ഈടുറ്റ ഒരു സംഭാവനയാണ്. അറിയപ്പെട്ടിട്ടുള്ളതും ഒരുപക്ഷെ കാര്യമായി അറിയപ്പെട്ടിട്ടില്ലാത്തതുമായ ഉറവിടങ്ങളെ കണ്ടുപിടിച്ചു അവയെ ആസ്പദമാക്കിയാണ് ഇത് എഴുതിയിട്ടുള്ളത്. അതുകൊണ്ടു തന്നെ ആധികാരികത അതിന്റെ മുഖമുദ്രയാണ്. സി.എം.ഐ. സഭയെക്കുറിച്ചു മാത്രമല്ല, കേരളസഭയിൽതന്നെ നടന്ന പലകാര്യങ്ങളും ഒരു പക്ഷെ ചരിത്രകാരന്മാർ ഇതുവരെ ശ്രദ്ധിച്ചിട്ടില്ലാത്ത ചില കാര്യങ്ങൾ പോലും ഇതിൽ വിവരിക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്.

പുസ്തകം രണ്ടു ഭാഗങ്ങളായി തിരിക്കുകയാണ്. ആദ്യഭാഗത്തു കർമ്മലീത്ത (സി.എം.ഐ.) സന്യാസ സമൂഹത്തിന്റെ മൂന്നു സ്ഥാപകപിതാക്കന്മാരായ പാലയ്ക്കൽ തോമാച്ചൻ, പോരൂക്കര തോമാച്ചൻ, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ ഇവരുടെ ചരിത്രവിവരണത്തിനു പുറമെ 'ആഹാ യാക്കോബ്' എന്നറിയപ്പെടുന്ന കണിയാന്തറ യാക്കോബിന്റെ ജീവിതവും ഉൾപ്പെടുത്തിയിരിക്കുന്നു. സഭയുടെ ആരംഭദശമുതൽ സ്ഥാപകപിതാക്കന്മാരോടു അടുത്ത ബന്ധം പുലർത്തി സഹകരിച്ച് മാന്നാനത്തു ഇദ്ദേഹം താമസിച്ചു. 1865-ൽ സന്യാസ സഹോദരൻ എന്ന നിലയിൽ വ്രതം ചെയ്തു ആശ്രമജീവിതം നടത്തി, 1898-ൽ ദിവംഗതനായ ഒരു ഉത്തമ സന്യാസവര്യനുമായിരുന്നു കണിയാന്തറ യാക്കോബ്. അദ്ദേഹം 12 പേജിലായി എഴുതിയിട്ടുള്ള ഒരു ചെറിയ നാളാഗമവും സി.എം.ഐ. സഭയുടെ ആദ്യകാലചരിത്രത്തിനു വിലയേറിയ മുതൽകൂട്ടാണ്.

മലയിൽ വിരിഞ്ഞ പൂക്കൾ രണ്ടാം ഭാഗത്ത് സ്ഥാപകപിതാക്കന്മാരുടെ അടുത്ത അനുയായികളായി, 1855-ൽ ചാവറ പിതാവിന്റെ മുമ്പിൽ വ്രതം അനുഷ്ഠിച്ച പതിനൊന്നു പിതാക്കന്മാരുടെ ജീവിത കഥകൾ ചുരുക്കത്തിൽ പ്രതിപാദിക്കുന്നു.

മൂന്നു സ്ഥാപകപിതാക്കന്മാരുടെ വീക്ഷണവും ജീവിത ശൈലിയും സേവനരംഗങ്ങളും അവതരിപ്പിക്കുന്നത് മനോഹരമായിരിക്കുന്നു. അവരെ സംബന്ധിച്ച് കാതലായ കാര്യങ്ങൾക്ക് ഊന്നൽ നൽകിയാണ് വിവരണം. ഈ സ്ഥാപകപിതാക്കന്മാർ വി.തോമസ് അപ്പസ്തോലന്റെ ഭാരതസഭയിലെ എണ്ണപ്പെട്ട വ്യക്തികളായി ഭരണകർത്താക്കളുടെയും ഭരണീയരുടെയും

സ്നേഹബഹുമാനാദരവുകൾ പിടിച്ചുപറ്റി, 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരാണ്. ഭാരത സംസ്ക്കാരവുമായി അലിഞ്ഞു ചേർന്ന ഒരു വീക്ഷണം പരോക്ഷമായിട്ടെങ്കിലും അവർക്കുണ്ടായിരുന്നു. പൗരസ്ത്യ, പാശ്ചാത്യ, ഭാരത ക്രൈസ്തവ ദർശനങ്ങൾ കൂറെയൊക്കെ കൂടികുഴഞ്ഞ്, കാര്യമായ ഉദ്ഗ്രഥനമൊന്നും കൂടാതെ കിടന്നിരുന്ന ഒരു കാലസന്ധിയായിരുന്നു അത്. അതിന്റെതായ സ്വാധീനം പിതാക്കന്മാരുടെ ജീവിതത്തിലുണ്ടായിരുന്നുവെന്നതിനു സംശയമില്ല. ഏകാന്തതയും തപസ്സും അന്വേഷിച്ച പോരൂക്കര പ്രാർത്ഥനാമഗ്നമായ പ്രവർത്തനാഭിമുഖ്യ-ചൈതന്യമാണ് സഭാസിദ്ധിക്ക്, കൂടുതൽ കാഴ്ചവെച്ചത്. പഠിപ്പിക്കലും, ശെമ്മാശന്മാരും ആയി കഴിയാൻ ആഗ്രഹിച്ച്, പ്രവർത്തനോന്മുഖ ജീവിതത്തിന്റെ പ്രതീതിയുണ്ടായിരുന്ന പാലയ്ക്കൽ വാസ്തവത്തിൽ പ്രവർത്തനത്തോടു കൂടിയ ധ്യാനയോഗത്തിന് കൂടുതൽ ഊന്നൽ നൽകി. പാലയ്ക്കലച്ചൻ സെമിനാരി പരിശീലനത്തിനു ആദ്ധ്യാത്മികമായും, ശാസ്ത്രീയമായും പുതിയ രൂപഭാവങ്ങൾ വരുത്തിയും പോരൂക്കരയച്ചൻ അജപാലന രംഗത്ത് നവനവങ്ങളായ ഊന്നലുകൾ നൽകിയും കേരളസഭയുടെ സമഗ്ര നവീകരണത്തിന് വഴിയൊരുക്കി. വാഴ്ത്തപ്പെട്ട ചാവറയച്ചനാകട്ടെ ഈ രണ്ടു പിതാക്കന്മാരുടെ ആഭിമുഖ്യങ്ങൾക്കും അവകാശിയായി, സ്വന്തമാക്കിയ ദർശനത്തിലൂടെ കർമ്മലസഭാ നിയമങ്ങൾ സ്വീകരിച്ചും പാലിച്ചും കൊണ്ട് അവയ്ക്ക് ചലനാത്മകമായ രൂപഭാവങ്ങൾ കൊടുക്കാൻ ശ്രമിച്ചു. ഈ പ്രക്രിയ അദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങളിലും തെളിഞ്ഞുകാണാം.


ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തേയ്ക്കു കടക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് നാം ആദ്യ പിതാക്കൾ എന്നു സംജ്ഞ നൽകിയ പതിനൊന്നു പേർ, സ്ഥാപക പിതാക്കന്മാരുടെ സിദ്ധിയും ഉൾക്കാഴ്ചകളും ജീവിത ശൈലിയുമെല്ലാം സ്വായത്തമാക്കി അവരുടെ നവീകരണ പ്രക്രിയയിൽ പങ്കുചേരുകയും അതിനെ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്തവരാണ്. സി.എം.ഐ. സഭയുടെ ആദ്യ ഭവനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ ഓരോരുത്തരും സഹിച്ച ബുദ്ധിമുട്ടുകളുടെയും സഹനങ്ങളുടെയും കഥകൾ വായിക്കുമ്പോൾ നമ്മൾ രോമാഞ്ചം കൊണ്ടു പോകുന്നു. അതുപോലെ തന്നെ സഭയെ പിടിച്ചു കുലുക്കിയ പദ്രുവാദൊ,

റോക്കോസ്, മേലൂസ് ഭിന്നിപ്പുകൾ നേരിടുന്നതിൽ അവർ പ്രകടിപ്പിച്ച ധൈര്യവും പരിഹാരത്തിനായി അവർ കടന്നുപോകേണ്ടി വന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ആരേയും അത്ഭുതപ്പെടുത്തുന്നു. കത്തോലിക്കരായ മാർതോമ്മ ക്രിസ്ത്യാനികൾ സ്വായത്തത്തിനും തനിമയ്ക്കും വേണ്ടി നടത്തിയ പോരാട്ടത്തിൽ സി.എം.ഐ. സഭയിലെ എതാനും യുവസന്യാസികൾ പങ്കെടുത്തതും അവരുടെ ചില സാഹസിക കൃത്യങ്ങളും അതിനുവേണ്ടി അവർ ആശ്രമങ്ങളിൽ നിന്നും ബഹിഷ്കൃതരാകേണ്ടി വന്നതുമൊക്കെ നമുക്കറിയാവുന്ന കഥകളാണ്. അങ്ങനെ ബഹിഷ്കൃതരായവരെ മെവുറിൻ മെത്രാനച്ചൻ കേരളസഭയുടെ 'ഏഴു വ്യാകുലങ്ങൾ' എന്ന് വിളിക്കുന്നുണ്ട്. സഭയ്ക്കു വേണ്ടി മുറിവേറ്റവരാണിവർ. തെറ്റിദ്ധാരണയുടെ പേരിൽ സഭയിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ട മറ്റൊരു വ്യക്തിയാണ് കണിയാരകത്തു മാണിയച്ചൻ. ഇവരെക്കുറിച്ചെല്ലാം ആദ്യപിതാക്കന്മാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ഹൃദയസ്പർശിയായി ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. ഇവരും സ്ഥാപകപിതാക്കന്മാരെപ്പോലെ സഹനപുത്രന്മാരാണ്.

സി.എം.ഐ. സ്ഥാപക പിതാക്കന്മാരെയും ആദ്യപിതാക്കളെയും സംബന്ധിച്ച ഈ വിവരണം ആ സന്യാസസമൂഹം രൂപമെടുത്തതിന്റെ ആഖ്യാനം മാത്രല്ല, കേരളസഭയുടെ തന്നെ നിർണ്ണായക കാലഘട്ടത്തിന്റെ പല ദുർഘടസന്ധികൾ തരണം ചെയ്ത് സ്വത്വവും തനിമയുമൊക്കെ വീണ്ടെടുത്ത ഒരു സമഗ്ര നവീകരണത്തിനു തുടക്കം കുറിച്ച ആ കാലഘട്ടത്തിന്റെ ചരിത്രമാണിത്.

ആധികാരികത കൈവിടാതെ ലളിതമായ ഭാഷാശൈലിയിൽ എഴുതിയ ഈ ചെറിയ ഗ്രന്ഥം വായിച്ചു തീരുമ്പോൾ അഭിമാനവും അതോടൊപ്പം ഈ പിതാക്കന്മാരോടുള്ള കടപ്പാടും നമുക്ക് നന്നായി അനുഭവവേദ്യമാകും. അതു നല്ല അറിവും ആദ്ധ്യാത്മിക പ്രചോദനവും അനുവാചകർക്കു പ്രദാനം ചെയ്യും. തോമസച്ചന് ഹൃദ്യമായ അനുമോദനങ്ങൾ. പുസ്തകത്തിന്റെ മൂല്യം മനസ്സിലാക്കി ധാരാളം പേർ വായിച്ച് ധന്യരാകട്ടെയെന്ന് ആശംസിക്കുന്നു.

ഡോ. മത്യാസ് മുണ്ടാടൻ സി.എം.ഐ.



അഭിനന്ദനങ്ങൾ

ഭാരതത്തിൽ ഇപ്പോൾ നിലവിലുള്ള പ്രഥമ ഏതദ്ദേശീയ സന്യാസ സഭയായ സി.എം.ഐ. സഭയിൽ ആദ്യവ്രതാനുഷ്ഠാനം നടത്തിയ വാഴ്ത്തപ്പെട്ട ചാവറയച്ചനും ആദ്യാംഗങ്ങളായ മറ്റു 10 പേരും സന്യാസ വ്രതം സ്വീകരിച്ചതിന്റെ 150-ാം വർഷം 2005 ഡിസംബർ 8-ന് പൂർത്തിയായിരിക്കുകയാണ്. ഈ അവസരത്തിൽ ആദ്യാംഗങ്ങളായ 15 പേരുടെ ലഘുജീവചരിത്രം സഭയുടെ പാസ്റ്ററൽ ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിക്കുകയാണ്. ഈ അവസരത്തിന്റെ പ്രാധാന്യം മനസ്സിലാക്കി രൂപപ്പെടുത്തിയിരിക്കുന്ന ഈ ചരിത്രത്തിൽ സ്ഥാപകപിതാക്കളായ പാലയ്ക്കൽ തോമ്മാച്ചന്റെയും, പോരൂക്കര തോമ്മാച്ചന്റെയും, ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും, അവരോടൊപ്പം ആരംഭം മുതൽ സഹകരിച്ചയാളും സഭയിലെ ആദ്യത്തെ അവൈദിക സഹോദരനുമായ കണിയാന്തറ യാക്കോബിന്റെയും ലഘുജീവചരിത്രം ചേർത്തിട്ടുണ്ട്. ത്യാഗോജ്ജ്വലവും, സേവനാമ്പിതവും, അർപ്പിതവുമായ ഇവരുടെ ജീവിതം എല്ലാവർക്കും ആകർഷകവും സ്വീകാര്യവുമാണ്. ഇത്തരം ജീവിതങ്ങൾ അനേകർക്ക് പ്രചോദനമരുളും.

മാന്നാനം കുന്നിൽ ആരംഭിച്ച സി.എം.ഐ. സഭയുടെ ആദ്യാംഗങ്ങളായ 15 പിതാക്കന്മാരെ 'മലയിൽ വിരിഞ്ഞ പൂക്കൾ' എന്ന പേരിൽ ഈ ചെറുഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തുന്നത് തോമസ് പന്തപ്ലാക്കലച്ചനാണ്. സഭയുടെ ആദ്യകാല നാളാഗമങ്ങളും, കയ്യെഴുത്തു രേഖകളും, ഇതര ഗ്രന്ഥങ്ങളും പരിശോധിച്ച് ആധികാരികമായി ഈ ഗ്രന്ഥരചന നടത്തിയ തോമസച്ചനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഹാർദ്ദവമായി അഭിനന്ദിക്കുന്നു.

കേരളസഭയിൽ 19-ാം നൂറ്റാണ്ടിൽ ഉണ്ടായ പല ശീശ്മകളെയും അതിന്റെ പരിണിതഫലമായി നടന്ന പല സംഭവങ്ങളെയും ഈ ചരിത്രഗ്രന്ഥത്തിൽ സ്പർശിച്ചിരിക്കുന്നു. അതുപോലെ ഒരു സന്യാസസഭയുടെ വളർച്ചയിൽ ആദ്യാംഗങ്ങൾക്കുണ്ടായിരുന്ന ധർമ്മം എന്തായിരുന്നു എന്നും, ദൈവപരിപാലന അവരെ

എങ്ങിനെ വഴി നടത്തിയെന്നും, അവരുടെ ജീവിതമാതൃകകൾ വരുംതലമുറകൾക്ക് എന്തുമാത്രം പ്രചോദനമായിരിക്കുമെന്നും ഈ ഗ്രന്ഥത്തിന്റെ വായനക്കാർക്ക് എളുപ്പം മനസ്സിലാകും.

സന്യാസ സമൂഹാംഗങ്ങൾ നടത്തുന്ന സംഘടിതശ്രമങ്ങൾ സമൂഹത്തെയും, തിരുസഭയെയും കെട്ടിപ്പടുക്കുന്നതിൽ എന്തു മാത്രം സഹായകമാണ് എന്ന് ഈ 15 പിതാക്കൻമാരുടെ ചരിത്രം തെളിയിക്കുന്നു. ഇതു ഭാരതസഭയിലെ ഇതര സന്യാസ സഭാംഗങ്ങൾക്കും ഉപകാരപ്രദമാകട്ടെ എന്നാശംസിക്കുന്നു. സന്യാസ, വൈദിക ദൈവവിളികൾ കുറഞ്ഞു വരുന്ന ഈ കാലത്ത്, മാതൃകാപരമായി ജീവിതം പങ്കുവെച്ചിട്ടുള്ള വ്യക്തികളുടെ ജീവചരിത്രം അനേകരെ ആത്മീയതയുടെ ആഴങ്ങളിലേയ്ക്ക് നയിക്കട്ടെ. മാന്നാനം മലയിൽ വിരിഞ്ഞ 15 തേജസുമങ്ങൾ അനേകർക്ക് പരിമളം പരത്തട്ടെ എന്നാശംസിക്കുന്നു.

ഫാ. മാത്യു കണിയാംപറമ്പിൽ, സി.എം.ഐ.
വികർ ജനറൽ
ജനറൽ കൗൺസിലർ മിഷൻ
& അജപാലന വകുപ്പ്

എറണാകുളം
8-12-2005



ആമുഖം

അനുകരണപ്രിയം ഇന്ന് മനുഷ്യരിൽ കൂടിവരികയാണ്. ഒരു വ്യത്യാസം മാത്രമെയുള്ളു പലർക്കും, അനുകരിക്കുന്നത് നന്മയെ ആണോ തിന്മയെ ആണോ എന്ന വേർതിരിവ് കുറവാണ്. എന്തെങ്കിലും പുതുമ കണ്ടാൽ അതിന്റെ പിന്നാലെ പരക്കംപായുവാനുള്ള പ്രവണത ഏറിവരികയാണ്. കായികതാരങ്ങളെയോ, കലാകാരന്മാരെയൊ, സാഹിത്യകാരന്മാരെയൊ, സാമൂഹ്യപ്രവർത്തകരെയൊ, ആത്മീയനേതാക്കളെയൊ എന്നുവേണ്ട, സമൂഹത്തിൽ സദാചാരമൂല്യങ്ങൾക്ക് വിലകല്പിക്കാതെ അശ്ലീല ജീവിതം നയിക്കുന്നവരെപോലും ഒരു വ്യക്തിപൂജയോടെ അനുകരിക്കുവാൻ ശ്രമിക്കുന്നവരിൽ ഇന്നത്തെ ലോകംപെടുന്നു. സംസ്ക്കാരം എന്നുള്ളത് മനുഷ്യജീവിതത്തിന്റെ പ്രത്യേകതയായി കണക്കാക്കപ്പെടുന്ന ഒരു മൂല്യമാണ്. എന്നാൽ മനുഷ്യരിൽ സ്വാർത്ഥത വർദ്ധിക്കുംതോറും സംസ്ക്കാരത്തിന്റെ സമ്പന്നത നഷ്ടപ്പെടുന്നു.

മനുഷ്യരിൽ സംസ്ക്കാരം കുറയുംതോറും ശൂന്യതാബോധവും ഏറിവരുന്നു. ശൂന്യതയുടെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് കടക്കണമെന്ന്, ജീവിതം പ്രകാശപൂരിതമാക്കണമെന്ന ചിന്തയും നാമ്പെടുക്കുന്നുണ്ട്. ഇവിടെ വീണ്ടും മനുഷ്യമാതൃകകൾ തന്നെയാണ് പ്രചോദനവുമായി കടന്നുവരിക. വ്യഗ്രതകളിൽ നിന്നും ബഹളങ്ങളിൽ നിന്നും അല്പമകലം മനുഷ്യർ പ്രതീക്ഷിച്ചുതുടങ്ങി. ഇവിടെയാണ് സ്വാതന്ത്രികർക്കും പരസ്നേഹികൾക്കും പ്രാധാന്യം കിട്ടുക. ഇവർക്കാണ് വെളിച്ചം പകരുവാൻ എളുപ്പമാകുക.

ഏതാനും നാളുകളായി വാഴ്ത്തപ്പെട്ട ചാവറയച്ചനോട് പ്രത്യേകമായ ഒരു ഭക്തിയും സ്നേഹവും എന്നിലുണ്ടായിരുന്നു. കാരണം, അകലങ്ങളിലല്ല. അദ്ദേഹത്തിന് നമ്മുടെ മണ്ണിന്റെ

മണമുണ്ട്. നമ്മുടെ സംസ്കാരത്തെ സ്വന്തമാക്കിയവനാണ്, ജീവിതത്തിൽ തന്നേക്കാൾ പ്രാധാന്യം മറ്റുള്ളവരിൽ കണ്ടെത്തിയ വ്യക്തിയാണ്, എല്ലാറ്റിലുമുപരി ദൈവസ്നേഹത്തിൽ തന്റെ ജീവിതത്തെ ലയിപ്പിച്ചവനാണ്. ഈ ഒരു തിരിച്ചറിവിന് കാരണമുണ്ട് അദ്ദേഹത്തെ അല്പം കൂടി ആഴമായി പഠിക്കുവാൻ ശ്രമിച്ചിരുന്നു. സ്പിരിച്ചൽ തിയോളജിയിലുള്ള എന്റെ ലൈസൻഷിയേറ്റിന്റെ പഠന വിഷയം ചാവറയച്ചനായിരുന്നു.

ചാവറയച്ചന്റെ ജീവചരിത്രം എഴുതുന്നതിനുള്ള പഠനങ്ങളിലൂടെ കടന്നുപോയപ്പോൾ അദ്ദേഹത്തെ ചുറ്റിപ്പറ്റിയുള്ള കുറേ രേഖകളുമായി കൂട്ടിമുട്ടി. അവ മറ്റുള്ളവരും അറിഞ്ഞിരിക്കുന്നത് നല്ലത് എന്നു തോന്നിയതുകൊണ്ട് അവയെല്ലാം അടുക്കിവെച്ച് ചാവറയച്ചനെ ഒരു രേഖാചിത്രമാക്കി. ചാവറയച്ചന്റെ ജന്മത്തിന്റെ 200-ാം വാർഷികത്തിൽ 'ചാവറയച്ചൻ ഒരു രേഖാചിത്രം' കാഴ്ചവെച്ചു.

ചാവറയച്ചനെ പഠിക്കുന്നതിനുവേണ്ടി അദ്ദേഹത്തോടു ചേർന്നു നിന്നിരുന്ന മറ്റുപലരെയും പഠനവിഷയമാക്കേണ്ടിവന്നു. അവരിൽ പ്രധാനികൾ 14 പേരാണ്. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ.സഭയ്ക്ക് രൂപം കൊടുക്കാൻ അദ്ദേഹത്തോട് തോളോടുതോൾ ചേർന്നുനിന്ന പാലയ്ക്കൽ തോമ്മാച്ചനും, പോരൂക്കര തോമ്മാച്ചനും, കണിയാന്തറ യാക്കോബുമാണ് ആദ്യത്തെ മൂന്നുപേർ. ബാക്കി 11 പേരാകട്ടെ ചാവറയച്ചനോടൊപ്പം സന്യാസവ്രതം സ്വീകരിച്ചവരും ഭാരതസഭയിലെ സകല സന്യസ്തരുടെയും പിതൃഭവനം എന്നു വിശേഷിപ്പിക്കാവുന്ന മാന്നാനം മലയിലെ ആശ്രമത്തിൽവെച്ചാണ് ഇവർ 150 വർഷം മുമ്പ്, 1855 ഡിസംബർ 8-ന് സന്ന്യാസവ്രതം അനുഷ്ഠിച്ചത്.

ചാവറയച്ചനോടൊപ്പം മറ്റു 14 പേരുടെ ജീവിതത്തിലൂടെ കടന്നുപോയപ്പോൾ രണ്ടു ചിന്തകൾ എന്നെ അലട്ടി. നാളിതുവരെ വെളിച്ചത്തു കൊണ്ടുവരാത്ത ഗുപ്തപുഷ്പങ്ങളാണിവരിൽ അധികം പേരും, ഇവരുടെ ജീവിതം ഒരു ലക്ഷത്തിലേറെ വരുന്ന ഭാരത സന്യസ്തർക്ക് വളരെയധികം പ്രചോദനമേകുമല്ലോ എന്ന

ചിന്ത. മറ്റൊന്ന്, ഭാരതസഭയിൽ ക്രൈസ്തവസന്ന്യാസ ജീവിതത്തിന് അടിത്തറപാകിയ ഇവരെ എല്ലാവർക്കും പരിചയപ്പെടുത്തി കൊടുക്കുക. കാരണം ഇവർ പങ്കുവെച്ച ജീവിതവും ആത്മീയതയും അനേകായിരങ്ങളുടെ മനോഭാവങ്ങളെ മാറ്റിമറിക്കുവാൻ സഹായകമാകും.

ഈ സംരഭത്തിൽ എനിക്കേറ്റം പ്രചോദനവും പിൻതുണയും തന്ന ബഹു. ജനറാളച്ചൻ റവ. ഡോ. കരിയിൽ സി.എം.ഐ.യേയും അദ്ദേഹത്തിന്റെ കൗൺസിൽ അംഗങ്ങളേയും ഈ ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന പാസ്റ്ററൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയുള്ള വികാരി ജനറൽ ബഹു. മാത്യു കണിയാമ്പറമ്പിലച്ചനെയും ഏറ്റം നന്ദിയോടെ അനുസ്മരിക്കുന്നു.

ഈ ഗ്രന്ഥരചനയിൽ അറിവുകൊണ്ടും ആശയം കൊണ്ടും എന്നെ ഏറ്റം സഹായിച്ചവരാണ് ബഹു. ലൂക്കാസ് വിത്തുവട്ടിക്കലച്ചനും, മത്യാസ് മുണ്ടാടനച്ചനും, ഇവർ കഴിഞ്ഞെ സി.എം.ഐ.സഭയുടെ ചരിത്രം അധികാരികമായി അറിയാവുന്നവർ ഉള്ളൂ എന്നതൊരു വസ്തുതയുമാണ്. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതി സഹായിച്ച ബഹു. മത്യാസച്ചനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. ഈ പുസ്തകത്തിന്റെ പ്രൂഫ് വായിച്ച് തിരുത്തിതന്ന സി.എം.സി സഹോദരിമാരെയും, ഈ പുഷ്പഹാരത്തെ മനോഹരമായി വിരിയിക്കാൻ സഹായിച്ച ഇമേജ് ഹൗസിനെയും, ഫൈവ്സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.


കോട്ടയം ഡിസ്ട്രിക്ടിൽപ്പെടുന്ന മാന്നാനം സമുദ്രനിരപ്പിൽ നിന്നും 150 അടിയോളം ഉയർന്നു വേമ്പനാട്ടുകായലിന് മുഖദർശനം നൽകുന്ന പ്രകൃതിരമണീയമമായ ഒരു മലയാണ്. ഈ മലയിൽ വിരിഞ്ഞ പൂക്കളായ പിതാക്കന്മാരുടെ നന്മയുടെ സൗരഭ്യം ലോകം മുഴുവൻ നിറയട്ടെ!

എറണാകുളം
8-12-2005

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.
സി.എം.ഐ. പ്രിയോർ ജനറൽസ് ഹൗസ്

മാന്നാനം - 1831

സി.എം.ഐ. സഭയുടെ മാതൃഭവനം



സി.എം.ഐ. സഭയിലെ
ആദ്യ 15 പിതാക്കന്മാരും മാന്നാനം കുന്നിലെ ആശ്രമത്തിൽ
വിരിഞ്ഞപൂക്കളാണ്. ഇവരിൽ 8 പേരും ഇവിടെ
അന്ത്യവിശ്രമം കൊള്ളുന്നു.

ഭാരത ക്രൈസ്തവ സന്യാസത്തിന്റെ ശില്പികൾ

ഭാരതത്തിലെ ആധുനിക ക്രൈസ്തവ സന്യാസ ജീവിതത്തിന്റെ പ്രണേതാക്കളാണ് പള്ളിപ്പുറം പാലക്കൽ തോമ്മാമല്പാനും, കല്ലൂർക്കാട് പോരൂക്കര തോമ്മാമല്പാനും, കൈനകരി ചാവറ കുര്യാക്കോസ് ഏല്യാസ് അച്ചനും. ദൈവപരിപാലനയുടെ മുഹൂർത്തങ്ങൾ ഇവരെ ഒന്നിച്ചു കൊണ്ടുവന്നു, ഒന്നിച്ചു ചിന്തിപ്പിച്ചു, ഒന്നിച്ചു പ്രവർത്തിപ്പിച്ചു. പരിണിതഫലമായിരുന്നു സി.എം.ഐ സഭയുടെ ഉത്ഭവം. ഇങ്ങനെ ഇവർ ഭാരത സഭയിലെ പ്രഥമ പുരുഷ സന്യാസ സഭയ്ക്ക് രൂപം കൊടുത്തു. ഇവരോടൊപ്പം സന്തത സഹചാരിയായിരുന്ന കണിയാന്തറ യാക്കോബ് ആണ് പിന്നീട് സഭയിലെ പ്രഥമ അവൈദിക സന്യാസ സഹോദരനായിത്തീർന്നത്. പാലക്കൽ തോമ്മാമല്പാന്റെയും, പോരൂക്കര തോമ്മാമല്പാന്റെയും, ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും, കണിയാന്തറ യാക്കോബു സഹോദരന്റെയും ജീവചരിത്രം ഭാരതസഭയിലെ ക്രൈസ്തവ സന്യസ്തരുടെ പൂർവ്വപിതാക്കളുടെ ചരിത്രമാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചനോടൊപ്പം സന്യാസവ്രതം സ്വീകരിച്ച മറ്റു 11 പിതാക്കന്മാർ ആദ്യ സന്യാസസ്ഥാപനങ്ങളുടെ രൂപീകരണത്തിൽ സഹകരിച്ചവരും മാതൃകയായിത്തീർന്നവരുമാണ്. ഇവരെ ഭാരത ക്രൈസ്തവസന്യാസത്തിന്റെ ശില്പികൾ എന്നു വിളിക്കാം.

പാലക്കൽ തോമ്മാമല്പാൻ



1775 - 1841

ചാവറയച്ചന്റെ നാളാഗമത്തിൽ തന്റെ സെമിനാരി റെക്ടറായിരുന്ന പാലക്കലച്ചന്റെ ജീവചരിത്രം സുദീർഘമായി വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ചു നമുക്കു ലഭിക്കുന്ന കൃത്യമായ അറിവും ഇതിൽ നിന്നു തന്നെയാണ്. ചാവറയച്ചന്റെ നാളാഗമത്തിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന പാലക്കലച്ചനെക്കുറിച്ചുള്ള വിവരങ്ങളും സമകാലീനരിൽ നിന്നു കിട്ടിയ അറിവുകളും കൂട്ടിച്ചേർത്ത് വിപുലപ്പെടുത്തിയതാണ് 'സ്ഥാപകപിതാക്കന്മാർ' എന്ന ഗ്രന്ഥത്തിൽ പാലക്കലച്ചനെക്കുറിച്ചുള്ള ഭാഗം. മാന്നാനത്തെ ഈടുവെപ്പിൽ സി.എം.ഐ. സഭയുടെ ആദ്യകാലപിതാക്കന്മാർ പലരെക്കുറിച്ചുള്ള ചരിത്രം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. കൈയ്യെഴുത്തു പ്രതിയായി സൂക്ഷിക്കുന്ന ഇത് ആര് എഴുതി എന്നോ, ഏതുകാലത്ത് എഴുതിയെന്നോ വ്യക്തമല്ല. ചാവറയച്ചൻ എഴുതിയ ചരിത്രവുമായി താരതമ്യം ചെയ്യുമ്പോൾ ആധികാരികത കാണുന്നതു കൊണ്ട് പാലക്കലച്ചന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ തീയതികൾ ഇതിൽ നിന്നാണ് എടുത്തിട്ടുള്ളത്. ഈ കയ്യെഴുത്തു പ്രതിക്ക് 'ചില കത്തുകളും ജീവചരിത്രങ്ങളും' എന്നു പേരുനൽകിയിരിക്കുന്നു. [1]

പാലക്കലച്ചന്റെ ബാല്യം മുതൽ സെക്രട്ടറി ജോലി വരെ

സ്ഥാപകപിതാക്കന്മാർ എന്ന കൃതിയിലെ ആദ്യ പേജുകളിൽ പാലക്കൽ തോമ്മാച്ചന്റെ വീടിനെയും ബാല്യകാലത്തെയും കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു:

"പെ. ബ. തോമ്മാച്ചന്റെ ജന്മഭവനം തെക്കൻ പള്ളിപ്പുറം എന്ന ദിക്കിൽ. പള്ളിയുടെ കിഴക്കോട്ടുള്ള അങ്ങാടിയിൽ വടക്കേഭാഗത്തിൽ പാലക്കൽ എന്ന തറവാട് ആകുന്നു. ഇദ്ദേഹത്തിന്റെ മുത്താപ്പൻ ഗീവർഗീസ് പട്ടക്കാരനും ഇളയപ്പൻ മാത്തു കത്തനാരും ഇങ്ങനെ രണ്ടു പേർ ഉണ്ടായിരുന്നു. ഇവരിൽ മാത്തു കത്തനാരച്ചന്റെ ജേഷ്ടൻ ആണ് അദ്ദേഹത്തിന്റെ പിതാവ്. അമ്മ കല്ലൂർക്കാട്ടുപള്ളി ഇടവകയിൽ പുത്തൻപുരക്കൽ എന്നു പേരുള്ള, പള്ളിയുടെ തെക്കെ അങ്ങാടിയിൽ ഉള്ള വീട്ടിൽ ജനിച്ചവളാണ്. ഇദ്ദേഹത്തിന്റെ കാരണവർ ഒരു പ്രകാരം ദ്രവ്യവും മാനവുമുള്ളവരത്രെ. ആ ഇടവകയിൽ ഇദ്ദേഹത്തിന്റെ ചെറുപ്പത്തിൽ മലയാംകണക്കിൽ 965-ാം മാണ്ടിൽ വസൂരിയും പഞ്ഞവും അധികമായി ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തിയുള്ളവർ മരിക്കയാലും മറ്റു ചില ആപത്തുകളാലും ഈ ദ്രവ്യങ്ങൾ അധികം നഷ്ടം വന്നതിനാലും വലിയ ഞെരുക്കമായിരുന്നു. ഈ അവസരത്തിൽ അപ്പൻ മരിച്ചു പോയി. ഇദ്ദേഹത്തിന്റെ അമ്മ തന്റെ രണ്ടു പെൺമക്കളെയും രണ്ടു ആൺമക്കളെയും വലിയ ബുദ്ധിമുട്ടോടുകൂടി വളർത്തിക്കൊണ്ടു വന്നു. എന്നാൽ അമ്മ അക്കാലത്തുള്ള ഭക്തിക്കാരികളിൽ അധിക ഭക്തിയുള്ളവളായിരുന്നു. ആയതിനാൽ അവളുടെ അനുജത്തിയുടെ സഹായത്താലും വലിയ ബുദ്ധിമുട്ടോടു കൂടിയും ജീവിച്ചു വന്നു.

അക്കാലത്തിൽ മേല്പറഞ്ഞ പോലെ പഞ്ഞവും വസന്തയും ഉണ്ടാകയാലും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മുഹമ്മദ് രാജാവിന്റെ പടവന്ന് പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ച് അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയാലും ഏറിയ ജനങ്ങൾ ആ ദിക്കുകളിൽ നിന്ന് ഓടിവരികയും അതോടുകൂടി കുത്യതോട്ടിൽ, തച്ചിൽ മാത്തു തരകൻ എന്നയാളും അയാളുടെ അനുജൻ അവുറാഹം മല്പാനച്ചനും അദ്ദേഹത്തോടുകൂടി പഠിച്ചിരുന്ന ശെമ്മാശ്ശന്മാരും വന്ന് പള്ളിപ്പുറത്ത് പാർക്കയും അവിടെ മല്പാനച്ചൻ അവരെ പഠിപ്പിക്കയും ചെയ്തിരുന്നു. അപ്പോൾ ഈയാളിന്റെ ആഗ്രഹത്താലും അപേക്ഷയാലും

പഠിപ്പാൻ തുടങ്ങുകയും അക്കാലത്തിന്റെ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും അനുഭവിച്ചുകൊണ്ട് ശേഷം പേരോടു കൂടി പോയി പഠിക്കയും ചെയ്തു. ഇങ്ങനെ ദൈവസഹായത്താൽ പഠിത്വവും കഴിച്ച് പട്ടമേൽക്കുകയും ചെയ്തു.''[2]

ചേർത്തല താലൂക്കിൽ വേമ്പനാട്ടുകായലിന്റെ തീരത്ത് മണൽക്കുന്നുകളാലും കേരവൃക്ഷങ്ങളാലും അലംകൃതമായ ഒരു മനോഹര തീരമാണ് തെക്കൻ പള്ളിപ്പുറം ഗ്രാമം. ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി ചേർത്തല-അരൂക്കുറ്റി റോഡിന്റെ കിഴക്കുവശത്ത് തലഉയർത്തി നിൽക്കുന്നു പള്ളിപ്പുറം പള്ളി. ക്രിസ്ത്വബ്ദം ഒന്നാം ശതകത്തിൽ തന്നെ പള്ളിപ്പുറം പള്ളിയുടെ പ്രാഗ്രൂപം സ്ഥാപിത മായി എന്നാണ് പരമ്പരാഗതവിശ്വാസം. ഇതിനോടു ചേർന്നു പോകുന്ന ഒരു ഐതീഹ്യമുണ്ട്.

ക്രിസ്തു ശിഷ്യനായ തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ എന്നീ ഏഴു കേന്ദ്രങ്ങളിൽ കുരിശുകൾ സ്ഥാപിച്ച് ക്രൈസ്തവ സമൂഹങ്ങൾക്ക് തുടക്കമിട്ടു. പള്ളിപ്പുറം പള്ളിയുടെ സമീപപ്രദേശത്തുള്ള കോക്കമംഗലത്ത് തോമ്മാശ്ലീഹ സ്വന്തം കൈകൊണ്ടു നിർമ്മിച്ച് സ്ഥാപിച്ച മരക്കുരിശ് പിന്നീട് മത വിരോധികൾ എടുത്തു വേമ്പനാട്ടു കായലിലെറിഞ്ഞു. കുരിശ് ചിറ്റോളങ്ങളിൽപ്പെട്ട് വടക്കൻ പള്ളിപ്പുറത്തിനു കിഴക്കുഭാഗത്ത് മാട്ടേൽ തുരുത്തിൽ വന്നടിഞ്ഞു. പ്രകാശം പരത്തിയിരുന്ന കുരിശ് പുല്ലരിയാൻ ചെന്ന സ്ത്രീകളിൽ ഒരാളുടെ ശ്രദ്ധയിൽ പെട്ടു. ഈ അത്ഭുത വസ്തു എന്തെന്നറിയാൻ അവൾ അരിവാൾ തലകൊണ്ട് കൊത്തിവലിച്ചു. ഉടനെ മുറിപാടിൽ നിന്നും രക്തം പ്രവഹിച്ചു. ഇവർ പടിഞ്ഞാറ്റക്കരയിൽ ചെന്ന് പലരോടും വിവരമറിയിച്ചു. വിവരമറിഞ്ഞവിടെ എത്തിയ ക്രിസ്ത്യാനികൾ അതുകുരിശാണെന്നു തിരിച്ചറിയുകയും അതെടുത്ത് ഇന്നത്തെ പള്ളിക്കടവിൽ ഒരു കപ്പേളയുണ്ടാക്കി അവിടെ സൂക്ഷിക്കയും പിന്നീട് വലുതായി ഉണ്ടാക്കിയ ദേവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കയും ചെയ്തു. ഈ ദേവാലയമാണ് പ്രസിദ്ധമായ തെക്കൻ പള്ളിപ്പുറം പള്ളി.[3]

മാന്നാനത്തു സൂക്ഷിച്ചിരിക്കുന്ന 'ചില കത്തുകളും ജീവചരിത്രങ്ങളും' എന്ന കൈയ്യെഴുത്തു രേഖയിൽ വ്യക്തമാക്കിയിരിക്കുന്നതു

പ്രകാരം പാലയ്ക്കൽ വർക്കി, മറിയം, ദമ്പതികളിൽ നിന്ന് 1775-ൽ തോമ്മാച്ചൻ പള്ളിപ്പുറത്ത് ജനിച്ചു. നാലുമക്കളിൽ ഇളയവനായിരുന്ന ഇദ്ദേഹം 8-ാം ദിവസം മാമ്മോദിസാസ്വീകരിച്ചു. അതുപോലെ 1789-ൽ ടിപ്പു സുൽത്താൻ പട്ടാളവുമായി മധ്യകേരളത്തിലെത്തുമ്പോൾ ഇദ്ദേഹത്തിന് 14 വയസ്സുണ്ട്. വൈദിക പട്ടമേറ്റത് 1799 (കന്നി) സെപ്റ്റംബർ 24ന് ആണ്[4]. മറ്റു ചില ചരിത്രകാരന്മാർ പറയുന്നത് ഇദ്ദേഹത്തിന്റെ ജനനം 1782-നും 1785-നും മദ്ധ്യേയും തിരുപ്പട്ടം 1807-ലുമാണ് എന്നാണ്. 1775-ൽ ജനനവും 1799-ൽ തിരുപ്പട്ടവും എന്നതായിരിക്കാം കൂടുതൽ ശരി.

റെയ്മണ്ട് സൂര്യ എന്ന വികാരി അപ്പസ്തോലിക്ക 1802-ൽ അഡ്മിനിസ്ട്രേറ്റർ ആയിരിക്കുമ്പോൾ മുതൽ പാലക്കലച്ചനിൽ കണ്ടെത്തിയ സ്വഭാവ വൈശിഷ്ട്യങ്ങൾ മൂലം, 1808-ൽ അദ്ദേഹം മെത്രാൻ സ്ഥാനമേറ്റപ്പോൾ പാലക്കലച്ചനെ സെക്രട്ടറിയായി നിയോഗിച്ചു. നിക്ലാവുസ്

മിഷനറി നോക്കിയിരുന്ന പ്രൊക്കുറേറ്റർ ജോലിയും വസ്തുക്കളുടെ ചുമതലയും കൂടി ഇദ്ദേഹത്തെ ഏല്പിച്ചിരുന്നു.[5] 1816-ൽ മെത്രാൻ മരിക്കുന്നതുവരെയും ഈ ജോലി വളരെ വിശ്വസ്തതയോടെ അദ്ദേഹം തുടർന്നിരുന്നു. അതു കൊണ്ടുതന്നെയായിരിക്കാം തുടർന്നു വന്ന മെത്രാന്മാരും അദ്ദേഹത്തിന്റെ വിദഗ്ദോപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാറുണ്ടായിരുന്നത്. 1816-നു ശേഷം പാലക്കലച്ചൻ താമസിച്ചിരുന്നത് തന്റെ ഇടവകപ്പള്ളിയായ പള്ളിപുറത്തായിരുന്നു.

ഗുരുകുലം വിശിഷ്ടപരിശീലനകേന്ദ്രം

ഭാരതസംസ്ക്കാരത്തിൽ ഗുരുശിഷ്യബന്ധത്തിന് വളരെ പ്രാധാന്യം ഉണ്ട്. ശിഷ്യന്മാർ പ്രധാനമായും ഗുരുമുഖത്തുനിന്നാണ് പഠിക്കുക. അപ്പോൾ ഗുരുമുഖദർശനത്തിന് ശിഷ്യന്റെ ജീവിതത്തിൽ ധാരാളം അവസരങ്ങൾ ഉണ്ടാകണം. മൂന്നു തലത്തിലാണ് ശിഷ്യൻ ഗുരുവിൽ നിന്നു പഠിക്കുന്നത്. ഗുരു പറഞ്ഞുകൊടുക്കുന്നതിലൂടെ, ഗുരു കാണിച്ചുകൊടുക്കുന്നതിലൂടെ, ഇവ രണ്ടിലുമുപരിയായി ഗുരുവിന്റെ ജീവിതത്തിൽ നിന്ന്. ഈ മൂന്നവസരങ്ങളും ശിഷ്യനു ലഭിക്കുവാൻ എളുപ്പമായത് ശിഷ്യൻ ഗുരുവിനോടൊപ്പം വസിക്കുന്നതിലൂടെയാണ്. ഈ വിദ്യാഭ്യാസരീതിക്കാണ് ഗുരുകുല വിദ്യാഭ്യാസം എന്നു പറയുക. ഊണിലും ഉറക്കത്തിലുമെന്നപോലെ

എല്ലാ ജീവിതവൃത്തിയിലും ഗുരുവിനോടൊപ്പമുണ്ടായിരിക്കുന്ന ശിഷ്യന് ലഭിക്കുന്ന അനുഭവസമ്പത്ത് വളരെ വലുതാണ്, പ്രത്യേകിച്ചും ശിഷ്യന്റെ ആത്മീയജീവിതത്തിൽ. ഭാരതീയ മുനിമാർ വിദ്യ സ്വീകരിച്ചതും വിദ്യ നൽകിയതും ഗുരുകുലത്തിലൂടെയാണ്.

ഇതിനോടു വളരെ സാമ്യമുള്ള ഒരു ജീവിതശൈലി ആയിരുന്നു വൈദിക പരിശീലന രംഗത്ത് 19-ാം നൂറ്റാണ്ടുവരെ കേരളസഭയിൽ ഉണ്ടായിരുന്നത്. മല്പാനേറ്റുകൾ എന്നറിയപ്പെടുന്ന സെമിനാരികളായിരുന്നു നടപ്പിലുണ്ടായിരുന്നത്. അന്നത്തെ രീതിയിൽ വിശുദ്ധഗ്രന്ഥത്തിലും ധാർമ്മിക ശാസ്ത്രത്തിലും, സുറിയാനി ഭാഷയിലും കൂടുതൽ പരിജ്ഞാനമുള്ളവരെയാണ് മെത്രാൻ മല്പാന്മാരായി നിയോഗിക്കുക. സുറിയാനി ഭാഷയിൽ മല്പാൻ എന്ന വാക്കിനർത്ഥം പ്രൊഫസർ, റ്റീച്ചർ എന്നൊക്കെയാണ്. ഇന്നത്തെ ഡോക്ടർ എന്ന പദവിക്ക് തുല്യമായാണ് മല്പാൻ എന്ന പദവിയെ കണ്ടിരുന്നത്. മല്പാന്മാർ ഭരിക്കുന്ന ഇടവകയിലെ പള്ളിമുറിയോടു ചേർത്ത് വൈദികനാകാൻ താല്പര്യമുള്ള കുറച്ചുപേരെ താമസിപ്പിച്ചുപഠിപ്പിച്ചിരുന്നു. ഇതാണ് മല്പാനേറ്റുകൾ അഥവാ ഇടവക സെമിനാരികൾ. ഈ മല്പാനേറ്റുകൾ തികച്ചും ഗുരുകുലത്തിനു തുല്യമായിരുന്നൂ എന്നു പറയാം. മല്പാന്മാരുടെ ബുദ്ധിപരമായ അറിവിൽ നിന്നു കിട്ടുന്നതിലുപരി അവരുടെ ജീവിത വിശുദ്ധിയിൽ നിന്നും, മാതൃകകളിൽ നിന്നും കണ്ടും കേട്ടും പഠിക്കുകയായിരുന്നു പ്രധാനം. ഭാരതീയ ഗുരുകുലങ്ങളിലെന്നതുപോലെ ഇവിടെയും പഠനം പൂർത്തിയാകാൻ മുൻകൂട്ടി ഒരു കാലപരിധി നിശ്ചയിച്ചിരുന്നില്ല. മല്പാന് ബോദ്ധ്യമാകുമ്പോൾ ശിഷ്യന് തിരുപ്പട്ടം കൊടുക്കാൻ മെത്രാനോടപേക്ഷിക്കുകയായിരുന്നു പതിവ്.

ഇത്തരത്തിലുള്ള ഒരു സെമിനാരിയായിരുന്നു പാലയ്ക്കൽ തോമ്മാ മല്പാന്റെ നേതൃത്വത്തിൽ പള്ളിപ്പുറത്ത് ഉണ്ടായിരുന്നത്.

ടിപ്പുവിന്റെ പടയോട്ടവും പള്ളിപ്പുറം സെമിനാരിയും

പള്ളിപ്പുറത്ത് എങ്ങിനെ സെമിനാരി ഉണ്ടായി എന്നതിനും ഒരു ചരിത്രമുണ്ട്. ഈ ചരിത്രം മൈസൂർ സുൽത്താൻ ടിപ്പുവിന്റെ കേരളത്തിലേയ്ക്കുള്ള പടയോട്ടത്തെ കേന്ദ്രീകരിച്ചാണുള്ളത്. മൈസൂർ മുഹമ്മദീയ രാജാക്കളായ ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും കേരളാക്രമണത്തെക്കുറിച്ച് ചരിത്രപഠിതാക്കൾക്ക് അറിവുള്ളതാണല്ലൊ.

കേരളത്തിലെ നാട്ടുരാജാക്കന്മാരുടെ പരസ്പരസഹകരണമില്ലായ്മയും അനൈക്യവുമാണ് മൈസൂർ സുൽത്താന്മാരെ ഇവിടേയ്ക്കാകർഷിക്കാൻ പ്രധാനകാരണമായത്. 1766-ൽ ഹൈദരാലി കേരളാക്രമണത്തിനായി വടക്കൻ മലബാറിലെത്തി. തുടർന്നിങ്ങോട്ട് 1790 വരെ കേരളം രണഭൂമിയായി മാറി. കാലവർഷം ആരംഭിച്ചതുകൊണ്ട് ടിപ്പുവിന്റെ പടയോട്ടം ആലുവാപ്പുഴ കൊണ്ടവസാനിച്ചു. ബ്രിട്ടീഷുകാർ മൈസൂറുമായി യുദ്ധം പ്രഖ്യാപിച്ചതുകൊണ്ട് ടിപ്പുവും സൈന്യവും മടങ്ങിപ്പോകേണ്ടിവന്നു.[6]

മറ്റു മതസ്തരെ ഇസ്ലാമാക്കി മാറ്റിക്കൊണ്ടുള്ള ടിപ്പുവിന്റെ മുന്നേറ്റത്തിൽ ത്രിശൂർ മുതലുള്ള ക്രിസ്ത്യാനികൾ സ്വത്തും ജീവനും ഉപേക്ഷിക്കേണ്ടിവന്നാലും മതവിശ്വാസത്തെ ഉപേക്ഷിക്കയില്ല എന്ന പ്രതിജ്ഞയോടെ, കൈയ്യിലെടുക്കാവുന്നതെല്ലാമായി തെക്കൻ പ്രദേശത്തേയ്ക്ക് പിൻവലിഞ്ഞു. ഈ കൂട്ടത്തിൽ കുത്തിയതോട്ടിൽ തച്ചിൽ മാത്തുതരകനും അനുജൻ അബ്രഹാം മല്പാനും എന്തുപറ്റി എന്ന് ചാവറയച്ചൻ നാളാഗമത്തിൽ വിവരിക്കുന്നുണ്ട്:

"എന്നാൽ ആ കാലങ്ങളിൽ മേൽപറഞ്ഞ കൊള്ളക്കാലവും വടക്കേ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മുഹമ്മദ് മതക്കാരൻ രാജാവിന്റെ പടവന്ന് പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ച് അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയും ഈ വണ്ണമുള്ള എളക്കങ്ങളാൽ ഏറിയ ജനങ്ങളും ആ ദിക്കുകളിൽ നിന്ന് പടപേടിച്ച് ഓടിവരികയും അവരോടൊപ്പം കുത്തിയതോട്ടിൽ തച്ചിൽ മാത്തു തരകൻ എന്നയാളും അയാളുടെ അനുജൻ അബ്രഹാം മല്പാനച്ചനും അദ്ദേഹത്തിന്റെ കൂടെ പഠിച്ചിരുന്ന ശെമ്മാശ്ശന്മാരും സെമിനാരിയോടുകൂടി പള്ളിപ്പുറത്തു വന്നു പാർക്കയും പഠിപ്പിക്കയും ചെയ്തു." [7]

ഈ അബ്രഹാം മല്പാൻ മലയാളത്തിന്റെ മല്പാൻ എന്ന സ്ഥാനപ്പേരും മോതിരവും പോർച്ചുഗൽ രാജാവിൽ നിന്ന് ശമ്പളവും ലഭിച്ചിരുന്നയാളാണ്. സ്ഥാനവസ്ത്രംപോലെ ഇദ്ദേഹത്തിനു ളോഹയ്ക്കുമീതെ ഒരു കാപ്പയും ഉണ്ടായിരുന്നു. ഇദ്ദേഹത്തെ ശിഷ്യഗണം വലിയ ഭക്ത്യാദരപൂർവ്വം ബഹുമാനിച്ചിരുന്നതുപോലെ മെത്രാനും ആദരിച്ചിരുന്നു.[8]

തച്ചിൽ അബ്രഹാം അച്ചൻ പള്ളിപ്പുറത്താരംഭിച്ച സെമിനാരിയിലാണ് അദ്ദേഹത്തിന്റെ ശിഷ്യനായ പാലയ്ക്കൽ തോമ്മാ

മല്പാൻ തന്റെ സെമിനാരി പഠനം നടത്തിയത്. പിന്നീട് റൈമണ്ട് സൂര്യമെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴയിൽ ജോലി നോക്കിയിരുന്നു. മെത്രാന്റെ കാലശേഷം വന്ന മറ്റു മെത്രാന്മാരുടെ ഉപദേഷ്ടാവായി പ്രവർത്തിച്ചിരുന്നെങ്കിലും താമസിച്ചിരുന്നത് പള്ളിപ്പുറം പള്ളിയിൽ തന്നെ ആയിരുന്നു.

വാർദ്ധക്യത്തിലെത്തിയ ഗുരുഭൂതൻ അബ്രഹാം മല്പാൻ ഇതിനിടെ പള്ളിപ്പുറം സെമിനാരി കല്പറമ്പിലേയ്ക്ക് മാറ്റുകയും താമസം അവിടെ ആക്കുകയും ചെയ്തു. സഹായി ആയി ഇടക്കളത്തൂരച്ചനും ഉണ്ടായിരുന്നു.

ശത്രുസ്നേഹത്തിൽ നിന്നും പുനരാരംഭിച്ച പള്ളിപ്പുറം സെമിനാരി

1818-ൽ പള്ളിപ്പുറം ഇടവകക്കാരനായ ചാണ്ടി എന്ന ചെറുപ്പക്കാരന് സെമിനാരിയിൽ ചേരുന്നതിനുള്ള മോഹം ഉണ്ടായി. പള്ളിപ്പുറത്തു വികാരിയച്ചന്റെ അനന്തരവനായിരുന്നു ഈ ചാണ്ടി. ചാണ്ടിയുടെ അപ്പനാകട്ടെ, ആ നാളുകളിൽ പാലയ്ക്കലച്ചനുമായി എന്തോ കാര്യത്തിന് പിണങ്ങി കഴിയുകയായിരുന്നു. ചാണ്ടിയെ സുറിയാനി പഠിപ്പിക്കണമെന്ന് വികാരിയച്ചൻ ആവശ്യപ്പെട്ടപ്പോൾ, ശത്രുസ്നേഹത്തിനു സാക്ഷ്യം വഹിക്കുവാൻ ഒരവസരമായി എന്ന ബോദ്ധ്യത്തോടെ അദ്ദേഹം ഈ ഉത്തരവാദിത്വം ഏറ്റെടുത്തു. ഇത് പള്ളിപ്പുറം സെമിനാരിയുടെ പുനർ തുടക്കത്തിനു കാരണമായി.

പാറേമ്മാക്കൽ ഗോവരണദോരിന്റെ അനന്തരവനായ മാത്തൻ മല്പാൻ *പദ്രുവാദോയിൽപ്പെട്ട വടയാറ്റു പള്ളിയിൽ ഒരു സെമിനാരി നടത്തുന്നുണ്ടായിരുന്നു. ഈ കാലത്ത് തലയോലപ്പറമ്പിൽ ഒരു കുരിശുപള്ളി ഉണ്ടാക്കുന്നതിനു വേണ്ടി മലപ്പുറത്തിൽ കത്തനാർ പ്ലാനിട്ടു. ഇതറിഞ്ഞ വടയാറ്റു പള്ളി മല്പാൻ ഈ സ്ഥലം തന്റെ പള്ളി അതിർത്തിയിലാണ് എന്ന അവകാശവാദവുമായി സർക്കാരിൽ കേസുകൊടുത്തു. പകരത്തിനു പകരം എന്ന രീതിയിൽ ഇട്ടിക്കത്തനാർ വരാപ്പുഴ മെത്രാന്റെയടുത്ത് വേറൊരടവുപയോഗിച്ചു. പരിണിതഫലം പദ്രുവാദോയുടെ കീഴിലുള്ള വടയാറ്റു സെമിനാരിയിൽ പ്രൊപ്പഗാന്തായുടെ കീഴിൽ വരുന്ന അംഗങ്ങളെ പഠിപ്പിക്കാൻ പാടില്ല, അങ്ങനെയുള്ളവരെ പള്ളിപ്പുറത്തേയ്ക്കയച്ചു കൊള്ളണമെന്നും, പാലയ്ക്കലച്ചനോടു അവരെ ചേർത്തു പഠിപ്പി

ച്ചുകൊള്ളണമെന്നും കല്പന എത്തി. ഈ കല്പനയാലെ ആയിരിക്കണം അദ്ദേഹം മല്പാനായി നിയമിതനായതും.

പുതിയ നിബന്ധനപ്രകാരം വടയാറ്റു സെമിനാരിയിൽ നിന്നു നാലുപേർ പള്ളിപ്പുറത്തെത്തി. വൈക്കത്തു നിന്നു പഴേകടവിൽ ഔസേപ്പ്, കടുത്തുരുത്തിയിൽ നിന്ന് മൂട്ടത്തിൽ കുര്യൻ, എരണക്കൽ കുരുവിള, മുട്ടുചിറ നിന്ന് പറമ്പിൽ പൗലോസ് എന്നിവരായിരുന്നു ആ നാലുപേർ. താമസിയാതെ കൈനകരി ചാവറയിലെ കൊച്ചുകുര്യാക്കോസും ചേന്നങ്കരിപ്പള്ളിയിലെ പരിശീലനവും കഴിഞ്ഞ് പള്ളിപ്പുറത്തെത്തി. ഞാറയ്ക്കൽ പള്ളി മാളീക്കൽ ചെറിയമാത്തുതരകന്റെ കീഴിൽ പഠിച്ചിരുന്ന കൊയിൽമുക്കു പള്ളി ചാണ്ടപ്പിള്ള ശെമ്മാശ്ശനും, കുറവിലങ്ങാട്ടുനിന്ന് നാല്പതു വയസ്സുകാരൻ ഫീലിപ്പോസും കൂടി എത്തിയപ്പോൾ പള്ളിപ്പുറം സെമിനാരിയിലെ ആദ്യബാച്ചു പൂർണ്ണമായി. തുടർന്നും പല ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും അംഗങ്ങൾ വന്നുചേർന്നുകൊണ്ടിരുന്നു.[9]

സ്വജനപക്ഷപാതവും പ്രത്യേകതാല്പര്യങ്ങളും പരിഗണനകളും പരിശീലനരംഗത്തെ കാര്യമായി ബാധിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. തന്റെ ഗുരുവിൽ നിന്നുകിട്ടിയ അറിവിൽ നിന്നായിരിക്കണം ചാവറയച്ചൻ ഇപ്രകാരം കുറിക്കുന്നു:

"അതുവരെയുള്ള മുമ്പിലത്തെ ക്രമം ഇതായിരുന്നു. മല്പാന്മാരുടെ അനന്തരവരെ അല്ലെങ്കിൽ അവർക്കധികം താല്പര്യമുള്ളവരെ മനസ്സുവെച്ചു പഠിപ്പിക്കും. ശേഷമുള്ളവരെ കുർബ്ബാന, കാനോനനമസ്ക്കാരം ഇവനടത്തിപ്പോകുവാൻ തക്കവിധം പഠിപ്പിക്കും എന്ന ഒരു രീതിയും ചിലയിടങ്ങളിൽ നടന്നുവരുന്നു."[10]

സെമിനാരിക്കൊരു നിയമാവലി

പൗരോഹിത്യ ജീവിതം വളരെ ചിട്ടയുള്ളതായിരിക്കണം, ത്യാഗപൂർണ്ണമായിരിക്കണം, പരമാവധി അറിവ് സമ്പാദിക്കാനുള്ളതായിരിക്കണം, ലാളിത്യമുള്ളതും പരസ്നേഹപൂർണ്ണവുമായിരിക്കണം, ആത്മീയത നിറഞ്ഞതുമായിരിക്കണം. എങ്കിലെ ക്രിസ്തുവിന്റെ നല്ല സാക്ഷികളും, നല്ല നേതൃത്വത്തിന്റെ ഉടമക്കളുമായിത്തീരാൻ സാധിക്കൂ. ഇവിടെ സ്വാർത്ഥതയെ ഇല്ലാതാക്കുക വലിയൊരു തപസ്യയാണ്.

ഈ ഗുണങ്ങൾ ഒന്നാമതായി ഗുരുവിൽ ഉണ്ടായാലേ ശിഷ്യരിലേയ്ക്കു പകരാനാകൂ. ഇതു പാലയ്ക്കലച്ചന്റെ വലിയബോദ്ധ്യമായിരുന്നു. നല്ല തറവാടിത്വവും സാമ്പത്തികഭദ്രതയും ഉണ്ടായിരുന്ന ഒരു കുടുംബത്തിൽ നിന്നു ജനിക്കാനിടവരികയും എന്നാൽ പ്രത്യേക സാഹചര്യങ്ങളാൽ ഞെരുക്കങ്ങളിലൂടെയും, തിരസ്ക്കരണത്തിലൂടെയും; ത്യാഗത്തിലൂടെയും വളരേണ്ടി വരികയും ചെയ്ത മല്പാനച്ചന്, സെമിനാരി ജീവിതത്തെക്കുറിച്ച് വ്യക്തമായ ചില ധാരണകൾ ഉണ്ടായിരുന്നു. ആദ്യമായി ഇതിനനുസരിച്ചുതന്റെ ജീവിതത്തെ രൂപപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു.

തന്റെ ശിഷ്യർക്കുവേണ്ടി ഒരു പന്ത്രണ്ടിനപരിപാടിയാണ് സെമിനാരിയുടെ നിയമാവലിയിൽ പെടുത്തിയത്. തുടക്കം നന്നായാൽ എല്ലാം നന്നാകും. അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമങ്ങൾ ഫ്രെയിം ചെയ്ത് ക്ലാസെടുക്കുന്ന വരാന്തയുടെ ഭിത്തിയിൽ ഒന്നാമതായി സ്ഥാപിച്ചു.

പള്ളിയുടെ വടക്കുവശത്തെ വരാന്തയുടെ കിഴക്കെ അറ്റത്തുള്ള മുറിയായിരുന്നു മല്പാനച്ചന്റേത്. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്തുള്ള ഒരു ചെറിയ മുറിയും നടുവിലെ നീളമുള്ള വരാന്തയുമായിരുന്നു സെമിനാരിയാക്കിയത്. വരാന്തയിൽ ഒരു മേശ, അതിന്റെ കിഴക്കെ അറ്റത്തൊരു കസേര, രണ്ടുവശങ്ങളിൽ ബഞ്ചുകൾ. ഇത്രയുമായാൽ സെമിനാരിയിലെ സജ്ജീകരണങ്ങളായി.

ആദ്യ ദിവസങ്ങളിൽ തന്നെ ശിഷ്യരെ വിളിച്ചിരുത്തി നിയമാവലി വിശദീകരിച്ചുകൊടുത്തു: ഉണരുവാനും ഉറങ്ങുവാനുമുള്ള സമയങ്ങൾ, പഠനസമയത്തെ പെരുമാറ്റച്ചട്ടങ്ങൾ, പ്രാർത്ഥനയ്ക്കുള്ള സമയങ്ങൾ, പുറത്തിറങ്ങി നടക്കുമ്പോഴുള്ള നിബന്ധനകൾ, ജ്ഞാനവായന, ജ്ഞാനസംഭാഷണം, കൂദാശകളുടെ സ്വീകരണം എന്നിവയെക്കുറിച്ചെല്ലാം അദ്ദേഹം അവർക്കു വ്യക്തമാക്കിക്കൊടുത്തു.[11]

അറിവു കുറഞ്ഞ വൈദികർ അപകടകാരികൾ

സെമിനാരിയിലെ ജീവിതക്രമം ശരിയായപ്പോൾ മറ്റൊരു പോരായ്മ ഉടനെ പരിഹരിക്കേണ്ടതായി അദ്ദേഹത്തിനു തോന്നി. ശിഷ്യരെ കൂടുതൽ അറിവുള്ളവരാക്കിമാറ്റണം. അതിനു പറ്റിയ ഒരു പാഠ്യപദ്ധതി തയ്യാറാക്കണം അതിനു ഒന്നാമതായി വേണ്ടത് നല്ല

പുസ്തകങ്ങളാണ്. ''സുറിയാനി ഭാഷയിൽ ശാസ്ത്രപുസ്തകങ്ങളും, തിയോളജി, മോറൽ എന്നിങ്ങനെയുള്ള പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവിന്റെയും പഠനത്തിന്റെയും കുറവിനാലുള്ള ദോഷങ്ങൾ കാണുകയാൽ ഇദ്ദേഹത്തിന്റെ അന്വേഷണങ്ങൾ...''[12] ഒരു പരിധിവരെ ഈ കുറവുകളെ പരിഹരിച്ചു.

വേറൊരുകാര്യവും അദ്ദേഹം മനസ്സിലാക്കിയിരുന്നു. വായനാശീലവും അറിവു സമ്പാദിക്കാനുള്ള ശ്രമവും ഇല്ലാത്ത വൈദികർ ബലിയർപ്പണവും കാനോന സമസ്ക്കാരവും കഴിഞ്ഞ് ലൗകികകാര്യങ്ങളിൽ വ്യഗ്രതപൂണ്ടു കഴിയുന്നവരായിരുന്നു എന്ന കാര്യം.[13]

തമിഴ്നാട്ടിലുള്ള ഈശോ സഭക്കാരുടെ സ്ഥാപനത്തിൽ തമിഴിലേയ്ക്ക് ഭാഷാന്തരം ചെയ്തിട്ടുള്ള ചില നല്ല പുസ്തകങ്ങളുണ്ടെന്നറിഞ്ഞ പാലയ്ക്കൽ മല്പാൻ അതു ശേഖരിച്ചു. മിഷനറിമൂപ്പച്ചന്മാർ മലയാളത്തിലാക്കിയിരുന്ന ചില പുസ്തകങ്ങളും അന്വേഷിച്ചു പിടിച്ചു. സ്വഭാവരൂപവൽക്കരണത്തിനു പറ്റിയ പുസ്തകങ്ങളും, ജ്ഞാനമുത്ത്, ജ്ഞാനസംജീവനി, ഏഴാഴ്ചപുതുമ, നക്ഷത്രമാല, പുരാണിമം, പശ്ചിമം എന്നീ വേദപുരാണങ്ങൾ എന്നിവയൊക്കെ പല ദിക്കുകളിൽ നിന്നദ്ദേഹം അന്വേഷിച്ചു വരുത്തി.

തമിഴിലുള്ള പല പുസ്തകങ്ങളും മല്പാൻ തന്നെ മലയാളത്തിലാക്കി. പള്ളിപ്പുറത്തു തന്നെയുള്ള പതിയാമൂലയിൽ തരിയത് എന്ന ബുദ്ധിമാനായ ചെറുപ്പക്കാരനെയും പകർത്തിയെടുക്കാൻ പഠിപ്പിച്ചു. പല പുസ്തകങ്ങളും കൈയ്യെഴുത്തുകളും പകർത്തി എടുത്തു. ഇതു കൂടാതെ വരാപ്പുഴയിലും കടുത്തുരുത്തി കടവിലച്ചന്റെ കയ്യിലുമുണ്ടായിരുന്ന പ്രവാചകന്മാർ, പഞ്ചഗ്രന്ഥി, രാജാക്കളുടെ പുസ്തകം എന്നിങ്ങനെയുള്ള വിശുദ്ധഗ്രന്ഥഭാഗങ്ങളും വരുത്തി സെമിനാരിക്കാരെക്കൊണ്ടു പകർത്തിയെടുപ്പിച്ച് സെമിനാരി ലൈബ്രറി വിപുലപ്പെടുത്തി. പലയിടങ്ങളിൽ നിന്നു കിട്ടിയ തമിഴ് പുസ്തകങ്ങൾ ശേഖരിക്കാനും പകർത്തിയെടുക്കാനും ശ്രമിച്ചതിന്റെ പേരിൽ മറ്റു മല്പാന്മാരിൽ നിന്ന് 'പാണ്ടിമല്പാൻ' എന്നൊരു ഓമനപ്പേരും പാലയ്ക്കൽ മല്പാനു കിട്ടി.[14]

എന്തായാലും പാലയ്ക്കൽ മല്പാനിലൂടെ, ഇതര സെമിനാരികളിൽ നിന്നു വിത്യസ്തമായതും തിളക്കമാർന്നതുമായ വ്യക്തിത്വം പള്ളിപ്പുറം സെമിനാരിക്കു കൈവന്നു.

തിരുസഭയുടെ ഔദ്യോഗികഭാഷയായ ലത്തീനും വൈദികർ പഠിച്ചിരിക്കണമെന്ന ആശയത്തോടെ സെമിനാരിക്കാരെ ലത്തീൻ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാനും അദ്ദേഹം മറന്നില്ല. കുറച്ചുപേരെ പഠിപ്പിച്ചാൽ അവർ വഴി മറ്റുള്ളവരെയും പഠിപ്പിക്കാൻ എളുപ്പമാകും. ഇതിനു വേണ്ടിയാണ് ചാവറ ശെമ്മാശ്ശനെയും മറ്റു ചിലരേയും വരാപ്പുഴ വിട്ടു ലത്തീൻ പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചത്.[15]

വൈദിക വേഷ പരിഷ്ക്കരണം

'നിർബ്ബന്ധിതാവശ്യങ്ങളാണ് കണ്ടുപിടുത്തങ്ങളുടെ മാതാവ്' എന്നു പറയുന്നതുപോലെ സാഹചര്യങ്ങളാണ് പലപ്പോഴും മാറ്റത്തിനു വഴിതെളിക്കുന്നത്. ഒരിക്കൽ സുറിയാനിക്കാരായ സെമിനാരി വിദ്യാർത്ഥികൾക്ക് വളരെ അപമാനകരമായ അനുഭവം വരാപ്പുഴയിലുണ്ടായി. യൂറോപ്പിൽ നിന്ന് ഒരു മൂപ്പച്ചൻ വരുന്നു. ശെമ്മാശ്ശന്മാർ വരാപ്പുഴ കടവിൽ അദ്ദേഹത്തെ സ്വീകരിക്കുവാനായി കാത്തു നിന്നു.

കടവിൽ വന്നിറങ്ങിയ മൂപ്പച്ചൻ ളോവയിട്ടു നിന്നിരുന്ന ലത്തീൻ ശെമ്മാശ്ശന്മാരുടെ നേരെ ആചാരം കാട്ടുകയും, സുറിയാനിക്കാരെ ആത്മായരായിരിക്കും എന്നു കരുതി പരിഗണിക്കാതിരിക്കയും ചെയ്തു. ആദരിക്കാൻ ചെന്നിട്ടു അനാദരവോടെ മടങ്ങേണ്ടി വന്ന സുറിയാനി ശ്ശെമ്മാശ്ശന്മാർ പാലയ്ക്കൽ മല്പാനെ സമീപിച്ചു സങ്കടമുണർത്തിച്ചു.

അഭിമാനത്തിനു മുറിവേറ്റ ശെമ്മാശ്ശന്മാർക്കോ വൈദികർക്കോ ഇനിമേൽ വേഷത്തിന്റെ പേരിൽ ഇങ്ങനെ ഒരു ദുരവസ്ത, മനപ്പൂർവ്വം സംഭവിച്ചതല്ലെങ്കിലും, ഉണ്ടാകരുതെന്നു കരുതിയ മല്പാൻ വരാപ്പുഴ സെമിനാരിയിലേയ്ക്ക് പുറപ്പെട്ടു. അവിടെ സുറിയാനി പഠിപ്പിച്ചിരുന്ന മാളിയ്ക്കൽ ചെറിയ മാത്തു കത്തനാരച്ചനെ കണ്ടു പ്രശ്നങ്ങൾ ചർച്ചചെയ്തു. അവസാനം ലത്തീൻകാരുടെ കറുത്ത ളോവയ്ക്കു പകരം സുറിയാനിക്കാർ വെള്ള ളോവ ധരിക്കട്ടെ എന്ന തീരുമാനമുണ്ടായി. കഴിയുന്നതും വേഗം കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടതു ചെയ്യാം എന്നു പറഞ്ഞുകൊണ്ടു മല്പാൻ പള്ളിപ്പുറത്തേയ്ക്ക് മടങ്ങി.[16]

സുറിയാനി വൈദികരുടെ അന്നുവരെയുള്ള വേഷവിധാനത്തിൽ

മാറ്റം വരുത്തുക, അതു വലിയൊരു നടപടിയായിരുന്നു. അതുവരെ ഉപയോഗത്തിലിരുന്ന വേഷത്തെക്കുറിച്ച് പാലയ്ക്കൽ മല്പാനിൽ നിന്നു നേരിട്ടു കേട്ടറിഞ്ഞിട്ടുള്ള കാര്യങ്ങൾ ചാവറയച്ചൻ കുറിക്കുന്നതിപ്രകാരമാണ്:

"ലത്തീൻകാര് കറുത്ത നിറത്തിലുള്ള ളോവ ധരിക്കുന്നു. സൂറിയാനിക്കാർ പൂർവ്വകാലം മുതൽ വെളുത്ത തുണികൊണ്ട് അധികം വീതിയായിട്ടുള്ള കാക്കുപ്പായവും ധരിക്കുന്നു. അതിന് മുട്ടുകഴിഞ്ഞു താഴേയ്ക്ക് ഏകദേശം എട്ടുവിരൽ നീളവും കൈകൾക്ക് കാക്കുപ്പായത്തിന്റേതുപോലെ വീതിയും മണിക്കെട്ടുവരെ നീളവും ഉണ്ടാകും. കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടിരിക്കുന്ന ഒരു കമ്മീസും, അതിനുമുകളിൽ വയറുവരെ നീണ്ടുകിടക്കുന്ന ഒരു കൊന്തയും, തോളിൽ നല്ല ഒരു നാടൻ മുണ്ടും ഇടും. ഇങ്ങനെയത്രെ ശെമ്മാശ്ശന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നത്."[17]

വേഷം ഇങ്ങനെ ആയിരുന്നെങ്കിലും ശെമ്മാശ്ശന്മാർക്ക് പുത്തൻ കുർബ്ബാന ചൊല്ലുന്നതു വരെ തനിച്ച് ളോവ ഉണ്ടാക്കുന്ന പതിവ് ഇല്ലായിരുന്നു. എന്നാൽ പെരുന്നാൾ, അടിയന്തിരം, മരണാവസരം, പുലകുളി തുടങ്ങിയ അവസരങ്ങളിലും റാസ തപസ്സുകുർബ്ബാന എന്നിവയ്ക്ക് ദൽമത്തി, കാപ്പ മുതലയാവ ഉപയോഗിക്കേണ്ടിവന്നാൽ പൊതുവായി പള്ളിയിൽ ഉണ്ടാക്കിവെച്ചിരിക്കുന്ന ളോവകൾ ഉപയോഗിക്കണമായിരുന്നു.[18]

പാലയ്ക്കൽ മല്പാൻ എടുത്ത സത്വരനടപടിയുടെ ഫലമായി താമസ്സിയാതെ ശെമ്മാശ്ശന്മാരും വൈദികരും പുതിയരീതിയിലുള്ള വെള്ള ളോവ ധരിച്ചു തുടങ്ങി. അങ്ങിനെ ആസ്തപ്പാടു പട്ടം സ്വീകരിക്കുമ്പോൾ മുതൽ ളോവ ധരിക്കണം എന്ന ക്രമം സുറിയാനിക്കാരുടെയിടയിൽ നടപ്പായി, പാലയ്ക്കലച്ചനാകട്ടെ നിർദ്ദേശകനും തുടക്കക്കാരനും.

മല്പാൻ പലവിധ ഭരണപരിഷ്ക്കാരങ്ങളും സെമിനാരിയിൽ നടപ്പിൽ വരുത്തി. എല്ലാ കാര്യങ്ങളിലും ചിട്ടയും ക്രമവും ഉണ്ടായെങ്കിലും സെമിനാരിയിൽ വെച്ച് രണ്ടുമൂന്നു ശെമ്മാശ്ശന്മാർ മരിക്കുവാൻ ഇടവന്നു. ഇതിനുള്ള കാരണം സെമിനാരിയിലെ കർക്കശ നിയമങ്ങളും താപസകൃത്യങ്ങളുമാണ് എന്നു പലരും പറഞ്ഞു പരത്തി. അതിനാൽ സെമിനാരിയുടെ ക്രമാനുഷ്ഠാനങ്ങളിൽ ചില ഭേദഗതികൾ വരുത്താനും അദ്ദേഹം തയ്യാറായി.[19]

മല്പാന്റെ കീഴിൽ പഠിക്കുവാൻ സാധിച്ചു എന്നത് വലിയൊരു ഭാഗ്യമായി ചാവറയച്ചൻ കരുതുന്നതോടൊപ്പം, ഇദ്ദേഹത്തിൽ നിന്നു കിട്ടിയ മാതൃകകൾ തന്റെ പ്രവർത്തനങ്ങൾക്ക് വലിയ മാർഗ്ഗനിർദ്ദേശമായിത്തീർന്നു എന്നും വിശ്വസിക്കുന്നു.

പാലക്കലച്ചന്റെ ജീവിതരീതി

സെമിനാരിയിൽ മല്പാന്റെ ജീവിത രീതികളെ കൃത്യം കണ്ടറിഞ്ഞ ചാവറയച്ചൻ അദ്ദേഹത്തിന്റെ കുടുംബസാഹചര്യങ്ങളെക്കുറിച്ചും സാമ്പത്തിക ഞെരുക്കങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ആ കൂട്ടത്തിൽ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെയും തപസ്സിന്റെയും ജീവിതത്തെക്കുറിച്ചും വ്യക്തമാക്കുന്നു.

"എന്നാൽ ഇദ്ദേഹം ആണ്ടുമുഴുവൻ ഒരു നേരമായിട്ട് ഉച്ചക്കു മാത്രം ചോറുണ്ണും. വൈകിട്ട് കുറെ കഞ്ഞി, കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയനാൾ ഇത്രകാലം എന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടുവന്നു. അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പു വൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്തു കഞ്ഞി കുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ടു പാർത്തിരുന്നപ്പോഴും അങ്ങനെതന്നെ. അവിടെവെച്ചു തുടങ്ങിയോ അതിനു മുമ്പു ഇങ്ങനെ തന്നെയോ നിശ്ചയമില്ല.

എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ഈ ചട്ടമായിരുന്നു എന്നു തന്നെയല്ല വീട്ടിൽ നിന്നത്രെ ചോറു കൊണ്ടുവന്നിരുന്നത്. എന്നാൽ മേൽ എഴുതിയ വണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഇദ്ദേഹം കുർബ്ബാന ചൊല്ലുന്നതിനു കുറെ ദിവസം മുമ്പ് അമ്മയും മരിച്ചു. ഒരു ജേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കേടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങൾ വീട്ടിൽ വന്നു പാർത്തിരുന്നു. അവരെത്രെ ചോറും കറിയും ചമച്ചുകൊടുക്കുന്നത്. ജേഷ്ഠൻ എന്നയാളും അധികം പ്രാപ്തിയില്ലാത്ത ആൾ ആയിരുന്നു. ഇതിനാൽ ഇവർക്കൊക്കെയും മുഴുവൻ അല്ലെങ്കിലും കുർബ്ബാനചൊല്ലിയ നാൾ മുതൽ ഇദ്ദേഹത്തെകൊണ്ടത്രെ അവരുടേയും കഴിച്ചിൽ എന്നു പറയാം. ഇതിനാലുള്ള ഞെരുക്കം കൊണ്ടോ വേണ്ടാ എന്നുവെച്ചിട്ടോ എന്നറിയില്ല ഉച്ചയ്ക്കു ഒരു നേരത്തെ ചോറും കറിയും മാത്രമെ ഉള്ളു. ആയതും ഒരേ സാധനം തന്നെ. അതായതു ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോൾ

മുതൽ ചോറും പയറു പുഴുങ്ങി നല്ല മുളകു പൊടിച്ചിട്ടുലർത്തിയ ഒരു കറിയും മോരും. ചിലപ്പോൾ നിജമില്ല. ഈ ചോറും കറിയും തന്നെയായിരുന്നു ഏറിയനാൾ. പിന്നീട് ഈ ചോറും അതോടു കൂടി ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലർത്തി ആയതും ഇങ്ങനെ ഏറിയനാൾ, മേലെഴുതിയ വൈദ്യന്റെ പ്രമാണം വരെയും ആയതിനുശേഷവും ഈ പെങ്ങൾ കൊടുത്തയയ്ക്കുന്നതുമാത്രം അനുഭവിച്ചു പോന്നു."[20]

പള്ളിപ്പുറം സെമിനാരിയിൽ ശിഷ്യരോടൊത്തുള്ള പാലക്കലച്ചന്റെ ദിനചര്യയും വിശദമായി ചാവറയച്ചൻ വിവരിക്കുന്നുണ്ട്. സെമിനാരിക്കാരോടു ചേർന്ന് എല്ലാ ഭക്താനുഷ്ഠാനങ്ങളിലും പങ്കു ചേർന്നിരുന്നതു കൂടാതെ പകലും രാത്രിയിലും അനേകം മണിക്കൂർ വായനക്കും പഠനത്തിനുമായി ഇദ്ദേഹം ചിലവഴിച്ചിരുന്നു.[21]

പാലക്കലച്ചന്റെ പ്രത്യേക ഭക്തികൾ

കർമ്മലീത്ത മിഷനറിമാരിൽനിന്നു കിട്ടിയ അറിവുവെച്ചായിരിക്കാം പാലക്കലച്ചനാണ് സുറിയാനി പള്ളികളിൽ കർമ്മല മാതാവിന്റെ കോൺഗ്രിഗേഷൻ എന്ന ദർശനപ്പെരുന്നാൾ തുടങ്ങിയത്. ഇതിനാവശ്യമായ പ്രാർത്ഥനകൾ പോർട്ടുഗീസ് ഭാഷയിൽ നിന്നു മലയാളത്തിലേക്കു പകർത്തിയാണ് ഉപയോഗിച്ചിരുന്നത്. സുറിയാനിപ്പള്ളികളിൽ പള്ളിപ്പുറത്തായിരിക്കണം ഇതാദ്യമായി തുടങ്ങിയത്. 1816-ൽ കല്ലൂർക്കാട്ടു പള്ളിയിൽ ദർശനം സ്ഥാപിച്ചതിനെക്കുറിച്ചും അതിന് പാലക്കലച്ചൻ ഇടപെട്ടതിനെക്കുറിച്ചും ചാവറയച്ചൻ സൂചിപ്പിക്കുന്നുണ്ട്. അന്ന് നാട്ടിൽ സർവ്വസാധാരണമല്ലാത്ത വെന്തീങ്ങ ഭക്തി പ്രചരിപ്പിക്കുവാൻ പാലക്കലച്ചൻ ശ്രമിച്ചതായും നാളഗമത്തിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും.[22]

പരിശുദ്ധമാതാവിനോടുള്ള ഭക്തിയിൽ പ്രത്യേകം ആഭിമുഖ്യം ഉണ്ടായിരുന്നു. ഡൊമീനിക്കൻ സഭയോട് പാലക്കലച്ചന് പ്രത്യേക മതിപ്പും താല്പര്യവും ഉണ്ടായിരുന്നു. അതു കൊണ്ടായിരിക്കാം വിശുദ്ധ ഡോമിനിക്കിന്റെ തിരുസ്വരൂപം അദ്ദേഹത്തിന്റെ മുറിയിൽ പ്രത്യേകം സൂക്ഷിച്ചിരുന്നത്. മാത്രമല്ല മാന്നാനത്തെ വിശുദ്ധ യൗസേപ്പിതാവിന്റെയും, മാതാവിനെ ദേവാലയത്തിൽ കാഴ്ച വെച്ചതിന്റെയും തിരുന്നാളുകളിൽ പങ്കെടുക്കാൻ പള്ളിപ്പുറം സെമിനാരിക്കാർ പോകുമ്പോൾ ആണ്ടുതോറും ഈ രൂപവും അദ്ദേഹം

കൊടുത്തുവിടുമായിരുന്നു.[23] സന്യാസ സഭാസ്ഥാപനത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ ഡൊമിനിക്കൻ സഭയുടെ ചൈതന്യത്തിൽ ഉണ്ടാക്കണമെന്നായിരുന്നു പാലക്കലച്ചൻ ഉദ്ദേശിച്ചിരുന്നത്.[24]

പാലക്കലച്ചൻ മാതൃകാദ്ധ്യാപകൻ

ശിഷ്യരുടെ പ്രത്യേകതകളും കഴിവുകളും തിരിച്ചറിഞ്ഞു അവരെ വേണ്ടവഴിയിൽ നയിക്കുന്ന ആളാണ് നല്ല അദ്ധ്യാപകൻ. ഈ കാര്യത്തിൽ പാലക്കലച്ചൻ വലിയൊരു മാതൃകയായിരുന്നു. അദ്ദേഹം സെമിനാരിയിലെ വിദ്യാർത്ഥികളുടെ കഴിവുകൾ മനസ്സിലാക്കി അവരോടു സ്നേഹത്തോടെയും വലിയ സഹിഷ്ണുതയോടെയും പെരുമാറിയിരുന്നു. ഓരോരുത്തരിലും ദൈവം ഒളിച്ചു വെച്ചിരിക്കുന്ന കഴിവുകൾ വളർത്തിയെടുക്കാൻ ആളെ സഹായിക്കുക എന്നതായിരുന്നു പാലക്കലച്ചന്റെ സമീപന രീതി. അതു കൊണ്ടാണ് 40 വയസ്സുകാരനായ ഫീലിപ്പോസിനെയും സെമിനാരിയിൽ ചേർക്കാൻ തയ്യാറായത്. ഓർമ്മശക്തി കുറഞ്ഞവനും പഠിക്കാൻ കഴിവില്ലാത്തവനുമായ ഇദ്ദേഹത്തെ മറ്റുള്ളവരോടൊപ്പം പഠിപ്പിച്ചെടുക്കുവാൻ അദ്ദേഹം ആവുന്നത്ര ശ്രമം നടത്തി എന്നു മാത്രമല്ല ഈ ആൾക്കു വേണ്ടി സെമിനാരിയിലെ പൊതു സമയക്രമത്തിൽ മാറ്റം വരുത്തുവാനും തന്റെ സമയംതന്നെ പരമാവധി ഈ ആളെ പഠിപ്പിച്ചെടുക്കുവാൻ വേണ്ടി ഉപയോഗിക്കയും ചെയ്തു. ഫീലിപ്പോസിനെ മെച്ചപ്പെടുത്തി എടുക്കാം എന്ന പ്രതീക്ഷയോടെ അഞ്ചാം പട്ടം കൊടുക്കുന്നതിനുള്ള സമയം വരെ പരിശ്രമിച്ചതിനു ശേഷം മാത്രമാണ്, മുന്നോട്ടു കൊണ്ടുപോകുവാൻ പറ്റില്ല എന്നു മനസ്സിലാക്കി അദ്ദേഹത്തെ ഒഴിവാക്കിയത്. വിദ്യാർത്ഥികളോട് പക്ഷപാതപരമായി പെരുമാറാതിരിക്കുക എന്നതും അദ്ദേഹത്തിലുണ്ടായിരുന്ന വലിയൊരു ഗുണവിശേഷമാണ്.[25]

പാലക്കലച്ചന്റെ അധികാരികളോടുള്ള ബഹുമാനം

പാലക്കലച്ചന്റെ അധികാരികളോടും പ്രായം കൂടിയവരോടുമുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും അളവു മനസ്സിലാക്കുവാൻ തന്റെ ഗുരുഭൂതനായിരുന്ന തച്ചിൽ അബ്രഹാം മല്പാനോടുള്ള പെരുമാറ്റം മാത്രം വിലയിരുത്തിയാൽ മതിയാകും. ഇതേക്കുറിച്ച് ചാവറയച്ചൻ വിശദീകരിക്കുന്നതിപ്രകാരമാണ്:

അദ്ദേഹത്തിന്റെ സെമിനാരിമല്പാനായ കുത്തിയതോട്ടിൽ

തച്ചിൽ അബ്രാഹം മല്പാൻ വാർദ്ധക്യത്തിലെത്തിയപ്പോൾ പള്ളിപ്പുറത്തു നിന്നു മാറി കല്പറമ്പിൽ താമസിച്ച് എടക്കുളത്തൂരച്ചന്റെ സഹായത്തോടെ ശെമ്മാശ്ശന്മാരെ പഠിപ്പിച്ചിരുന്നു. അവിടെ ആണ്ടുതോറും നടത്താറുള്ള സെമിനാരിപെരുന്നാളിൽ പങ്കെടുക്കുന്നതിനും ഗുരുവിനെ സന്ദർശിക്കുവാനും പാലക്കലച്ചൻ തീരുമാനിച്ചു. തന്റെ സെമിനാരിയിലെ ആദ്യ ബാച്ചിൽപ്പെട്ട മംഗലത്തു ചാണ്ടിയേയും, കടവിൽ യൗസേപ്പിനെയും, ചാവറ കുര്യാക്കോസിനേയും അദ്ദേഹത്തോടൊപ്പം കൂട്ടി. മൂന്നുപേരുടെയും വീതം സമ്മാനങ്ങളും പാലക്കലച്ചന്റെ വീതം പലതരം വിലപിടിച്ച പലഹാരങ്ങളുമായി കല്പറമ്പിലെത്തി. ക്ഷീണിതനായിരുന്ന മല്പാനച്ചന്റെ അടുത്തു ചെന്ന് ഭക്തോദരങ്ങളോടെ ആചാരം ചെയ്ത് അദ്ദേഹം ദൂരെമാറി നിന്നു. സെമിനാരിക്കാരെക്കാൾ കൂടുതൽ ഭയത്തോടും ബഹുമാനത്തോടുംകൂടിയാണ് അദ്ദേഹം പെരുമാറിയത് എന്നു ചാവറയച്ചൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

മറ്റൊരവസരത്തിൽ പട്ടമേൽക്കാനുള്ളവരുടെ വിവരം അറിയിക്കാൻ പാലക്കലച്ചൻ വരാപ്പുഴ ചെന്നപ്പോൾ അബ്രാഹം മല്പാനും അവിടെയുണ്ടായിരുന്നു. വല്യമല്പാൻ അവിടെ നിന്നും മടങ്ങിപോകുന്നതുവരെ പാലക്കലച്ചൻ അവിടെ ഇരുന്നിട്ടേയില്ല എന്നാണ് ചാവറയച്ചൻ അനുസ്മരിക്കുന്നത്.[26]

പാലക്കലച്ചനും മാന്നാനം ആശ്രമവും

1814 മുതൽ വരാപ്പുഴ സെമിനാരിയിൽ പഠിച്ചിരുന്ന പോരൂക്കര തോമാച്ചനെ പാലക്കലച്ചനു പരിചയമുണ്ടായിരുന്നു. പോരുക്കരയച്ചന്റെ പട്ടത്തിനുശേഷം സുഹൃത്തുക്കളെപ്പോലെ ഇരുവരും വരാപ്പുഴയിലും അർത്തുങ്കലും പള്ളിപ്പുറത്തും വെച്ച് പലപ്പോഴും കണ്ടുമുട്ടാറുണ്ടായിരുന്നു. ഇവർ രണ്ടു പേരും സമാനചിന്താഗതിക്കാരായിരുന്നു. ലോകത്തിന്റെ ബഹളങ്ങളിൽ നിന്നും വിട്ടകലുക, കൂടുതൽ ഏകന്തതയെ സ്നേഹിക്കുക.

പാലക്കലച്ചൻ ചെറുപ്പം മുതലെ തപസ്സിന്റെയും പ്രാർത്ഥനയുടെ ചൈതന്യത്തിൽ ജീവിച്ചിരുന്നയാളാണ്. സെമിനാരിക്കാരോടൊത്തുള്ള അദ്ദേഹത്തിന്റെ ജീവിതം സന്യാസ സമൂഹ ജീവിതത്തിനു തുല്യമായിരുന്നു. പോരൂക്കരയച്ചനാകട്ടെ ഡീക്കനായിരുന്നപ്പോൾ തുടങ്ങിയെങ്കിലും ലോകത്തിൽ നിന്നു വിട്ടുമാറി വല്ലവനവാസത്തിനും പോയാലൊ എന്നു ചിന്തിച്ചിരുന്നയാളാണ്.

ഇവരുടെ രണ്ടുപേരുടെയും കൂട്ടുകെട്ട് ദൈവപ്രചോദിതമായി ഒരു പ്രത്യേക ദിശയിലേക്ക് നയിക്കപ്പെട്ടിരുന്നു. ലോകത്തിൽ നിന്നല്പം അകന്നു നിന്നുകൊണ്ടുള്ള സന്യാസ സമൂഹജീവിത ത്തിലേക്കുള്ള ഉൾവിളിക്ക് പ്രത്യുത്തരം നൽകുകയായിരുന്നു അവർ. തിരുസഭയ്ക്ക് ഏറിയ നന്മകൾ ചെയ്യണം. വൈദികരുടെയിട യിൽപോലും ഇതിന് കൂട്ടായ ഒരു സംവിധാനം ഇല്ല. ഇവർ പര സ്പരം കണ്ടുമുട്ടിയപ്പോഴെല്ലാം ഇതവരുടെ ചർച്ചാവിഷയമായി.

പാലക്കലച്ചനൊടൊപ്പം താമസിച്ച് സെമിനാരിപഠനം പൂർത്തി യാക്കിക്കൊണ്ടിരുന്ന ചാവറ കുര്യാക്കോസും ഇവരുടെ ഇംഗിതം മനസ്സിലാക്കുകയും അവരുടെ ചിന്തകളോടു യോജിക്കുകയും ചെ യ്തിരുന്നു. നാളുകളിലൂടെ ഇവർ വളർത്തിയെടുത്ത ചിന്തകളു ടെയും ചർച്ചകളുടേയും പരിണിതഫലമായി സന്യാസ ജീവിതത്തെ ക്കുറിച്ചുള്ള ആശയവും സാദ്ധ്യതകളും കൂടുതൽ തെളിഞ്ഞു വന്നു. പാലക്കലച്ചനും പോരുക്കരയച്ചനും വരാപ്പുഴ മെത്രാനുമായി പങ്കു വെച്ച ആശയം അംഗീകരിക്കപ്പെട്ടു. പുതിയ സന്യാസ ജീവിതത്തിനു തുടക്കം കുറിക്കുവാൻ സ്ഥലം കണ്ടെത്തി, സമൂഹജീവിതം ആരം ഭിക്കുവാനുള്ള അനുവാദം മെത്രാനിൽ നിന്നവർക്കു കിട്ടി. പള്ളി പ്പുറത്തെ സെമനാരിയിലിരുന്നുകൊണ്ടുതന്നെ പാലക്കലച്ചൻ പുതിയ പദ്ധതിയോട് സഹകരിച്ചു. സീനിയർ മെമ്പർ എന്ന വിധം മറ്റവർ നേതൃത്വം അദ്ദേഹത്തിൽ നിക്ഷേപിക്കുകയും ചെയ്തു.

ചെറുപ്പം മുതലെ പോരുക്കരയച്ചന്റെ കൂട്ടുകാരനായിരുന്ന ജേക്കബ് കണിയാന്തറയും ഇവരുടെ പ്രവർത്തനങ്ങളിൽ സഹകാ രിയായി. ഇവരുടെ വിശ്രമമില്ലാത്ത പരിശ്രമങ്ങളുടെ ഫലമായി 1831 -ൽ മാന്നാനം കുന്നിൽ പുതിയൊരു സന്യാസാശ്രമം ഉണ്ടായി. പാലക്കലച്ചന് വിശുദ്ധ ഡോമിനിക്കിന്റെ നാമം നൽകണമെന്നാഗ്ര ഹമുണ്ടായിരുന്നു എങ്കിലും ദൈവപരിപാലനയിൽ വിശുദ്ധ യൗസേ പ്പിതാവിന്റെ നാമത്തിൽ പോരുക്കരയച്ചൻ പ്രഥമസ്ഥാപനത്തിനു കല്ലിടീൽ കർമ്മം നടത്തി.[27]

പാലക്കലച്ചനും മാന്നാനം സെമിനാരിയും

മാന്നാനത്ത് 1833 മുതൽ സെമിനാരി ആരംഭിച്ചു. ഈ കാര്യ ത്തിൽ പാലക്കലച്ചനായിരുന്നു ഒന്നാമത് താല്പര്യമെടുത്തത്. ആശ്ര മത്തോടു ചേർന്ന് സെമിനാരി ഉണ്ടായാൽ ഉള്ള മേന്മയെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു.

പാലക്കലച്ചൻ പള്ളിപ്പുറത്തു നിന്ന് ഇടയ്ക്കിടയ്ക്ക് മാന്നാനത്തു വരുമ്പോൾ ആലഞ്ചേരി, വല്യപറമ്പൻ എന്നീ ശെമ്മാശ്ശന്മാരെയും കൂട്ടിക്കൊണ്ടുപോരുമായിരുന്നു. ഇവർ അതിരമ്പുഴക്കാരുമായിരുന്നു. ഇവരുടെ സാന്നിദ്ധ്യം പള്ളിക്കാര്യങ്ങളും അൾത്താര ശുശ്രൂഷയും ഭംഗിയായി നടത്താൻ സഹായകമായി. 1832-ൽ തന്നെ മാന്നാനത്ത് സെമിനാരി തുടങ്ങാൻ അനുവാദം കിട്ടി, 1833-ൽ ആരംഭിക്കുകയും ചെയ്തു. സെമിനാരിയിലെ ആദ്യ അംഗങ്ങളായി പള്ളിപ്പുറത്തെ പഠനം നിർത്തിയ ആലഞ്ചേരിയും, വല്യപറമ്പനും മാന്നാനത്ത് തുടരുകയും ചെയ്തു.[28]

പാലക്കലച്ചന്റെ മരണവും ശേഷക്രിയകളും


തനിക്കുവേണ്ടി ഒരുക്കിവെച്ചിരിക്കുന്ന നിത്യസമ്മാനം സ്വീകരിക്കുവാൻ സമയമായി. നീണ്ട 66 വർഷത്തെ ജീവിതത്തിനു വിരാമമിടാറായി. വാതസംബന്ധമായ രോഗം അദ്ദേഹത്തിനു നേരത്തെ മുതൽ ഉണ്ടായിരുന്നു. 1841 മകരം (ജനുവരി) ആരംഭം മുതൽ പാലക്കലച്ചൻ കൂടുതൽ അവശനും ക്ഷീണിതനുമായി. 13-ാം തീയതി മാന്നാനത്തേക്കറിവു കിട്ടി, അദ്ദേഹത്തിന്റെ അവസ്ഥ ഗുരുതരമാണെന്ന്. ചാവറയച്ചനും പോരുക്കരയച്ചനുംമറ്റും വേഗം പള്ളിപ്പുറത്തെത്തി. വിവരമറിഞ്ഞ് ശിഷ്യരായ മറ്റനേകം വൈദികരും എത്തിക്കൊണ്ടിരുന്നു. താൻ നേരത്തെ മുതൽ ഒരുങ്ങിയിരുന്നവനാണെങ്കിലും സ്വർഗ്ഗയാത്രക്കു സമയമായി എന്നു തിരിച്ചറിഞ്ഞ അദ്ദേഹം സുബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. ജനുവരി 15-ാം തീയതി വെള്ളിയാഴ്ച വെളുപ്പിന് ഒരു മണിയോടുകൂടി നിത്യ സമ്മാനത്തിനായി പറന്നുയർന്നു. ശനിയാഴ്ച രാവിലെ മുതൽ വന്നെത്തിയ ശിഷ്യന്മാരായ വൈദികർ മാറിമാറി കുർബ്ബാന ചൊല്ലിക്കൊണ്ടിരുന്നു. അന്നു വൈകുന്നേരം നടത്തിയ മൃതസംസ്ക്കാര ശുശ്രൂഷയിൽ പോരുക്കര തോമ്മാച്ചൻ നേതൃത്വമെടുക്കുകയും എല്ലാവരുടെയും ഹൃദയത്തെ സ്പർശിക്കുന്ന വിധം ചരമപ്രസംഗം നടത്തുകയും ചെയ്തു. പള്ളിപ്പുറം ദേവാലയത്തിനുള്ളിൽ തന്നെയാണ് അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്നത്.[29]

പാലക്കലച്ചന്റെ മരണാനന്തര ശുശ്രൂഷകളെക്കുറിച്ച് ചാവറയച്ചൻ വിവരിച്ചിരിക്കുന്നതിപ്രകാരമാണ്:

"41 വരെ റാസ അവിടെ തന്നെ ചൊല്ലി. പിന്നെ 28 തോറും അവിടെയും അവരവർ പാർക്കുന്നിടത്ത് തിങ്കളാഴ്ചതോറും

അവധിപ്രകാരം ഓരോ റാസയും 365 കുർബ്ബാനയും ചൊല്ലുവാൻ നിശ്ചയിച്ച് ഈരണ്ടു റാസയും 13 കുർബ്ബാനയും ഒരോരുത്തർ ഏറ്റു ചെയ്തു. ഇതിന്റെ ശേഷം 41 ശിഷ്യന്മാർ ചേർന്നു കഴിച്ചു. ആയതിനു പട്ടക്കാരുടെ പേർക്ക് 130 ശെമ്മാശ്ശന്മാരുടെ പേർക്ക് 60 ചക്രം എടുത്തു. അതുകൊണ്ട് 41 കഴിഞ്ഞു. 300 ചക്രം കൊവേന്തയിൽ കുർബ്ബാനയും ധർമ്മവും വകയ്ക്ക് ഇട്ടിരിക്കുന്നു. കബറടക്കത്തിന് പള്ളിപ്രം, മുട്ടം, വെച്ചൂർ, തത്തംപള്ളി, ആലപ്പുഴ, ചേന്നൻകരി, ചമ്പക്കുളം, എടത്വ ഇങ്ങനെ 8 ദർശനക്കാരും അവരുടെ കുരിശുമുതലായ കോപ്പുകളും തൈക്കാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ ഇങ്ങനെയുള്ള ഇടവകക്കാരും അവരുടെ കോപ്പുകളും കൊണ്ടുവന്നു. അന്നത്തെ പെട്ടകം, മെഴുകുതിരി, പള്ളിക്കാരുടെ ചിലവ് മുതലായവ ഒക്കെയും പഴേകടവിലച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചനും കൂടി ചിലവിട്ടു. പ്രത്യേകമുള്ള ഉത്സാഹവും വേലയും യോഹന്നാൻ കത്തനാരച്ചൻ താല്പര്യപൂർവ്വം ചെയ്കയാൽ ഒന്നിനും കുറവു കൂടാതെ നടക്കുകയും ചെയ്തു."[30]

പോരൂക്കര തോമ്മാമല്പാൻ



1799 - 1846

എല്ലാം മുൻകൂട്ടി അറിയുന്നവനായ ദൈവം അവിടുത്തെ അനന്തമായ പരിപാലനയിൽ ഒരുക്കിവയ്ക്കുന്ന ക്രമീകരണങ്ങൾ വിസ്മയാവഹങ്ങളാണ്. ഭാരതസഭയുടെ നവോത്ഥാനത്തിന് ചില രെയെല്ലാം ഒരുക്കിയെടുക്കേണ്ടതുണ്ടായിരുന്നു. നല്ല വൃക്ഷത്തിൽ നിന്ന് നല്ല ഫലങ്ങൾ ഉളവാകൂ എന്ന ക്രിസ്തുനാഥന്റെ തിരുമൊഴികൾ അന്വർത്ഥമാക്കിക്കൊണ്ട് ദൈവവിശ്വാസവും നന്മകളും നിറഞ്ഞ മാതാപിതാക്കളെ ഒരുക്കിയെടുത്തു ഒരു തോമ്മാച്ചനും ഒരു കുര്യാക്കോസിനും ജന്മം നൽകുവാൻ വേണ്ടി. ഇതായിരുന്നു ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ പോരൂക്കര കുടുംബത്തിലൂടെ സംഭവിച്ചത്.

കല്ലൂർക്കാട് പള്ളിയുടെ പൗരാണികതയിലേക്ക് കടക്കുമ്പോൾ തോമ്മാശ്ലീഹയാൽ സ്ഥാപിതമായ ഏഴര പള്ളികൾക്കു ശേഷമുള്ള രണ്ടാം ഗണത്തിലെ കുറവിലങ്ങാട്. അരുവിത്തുറ, കടുത്തുരുത്തി, മൈലക്കൊമ്പ്, ഉദയംപേരൂർ, ഇടപ്പള്ളി തുടങ്ങിയ പള്ളികളിൽപ്പെടുന്നു. ചേരരാജാക്കന്മാരുടെ ഭരണകാലത്ത് ദാനം കിട്ടിയത് എന്നു കരുതപ്പെടുന്നതും ചെമ്പകശ്ശേരി രാജാക്കന്മാരുടെ പ്രത്യേക പരിഗണനയ്ക്ക് വിഷയമായുമാണ് കല്ലൂർക്കാട്ടു പള്ളി വളർന്നു വന്നത്. ക്രിസ്തുവർഷം 427-ൽ ഈ പള്ളി നിലവിൽ വന്നു എന്നാണ് പാരമ്പര്യം.

ക്രൈസ്തവകേന്ദ്രമായിരുന്ന നിരണമായിരുന്നു തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളിലൊന്ന്. അവിടെനിന്ന് കൃഷിക്കും കച്ചവടത്തിനുമായി കുട്ടനാടൻ പ്രദേശങ്ങളിലേക്ക് കുടിയേറിപ്പോന്ന ക്രൈസ്തവർക്ക് പള്ളി ആവശ്യമായി വന്നപ്പോഴാണ് കല്ലൂർക്കാട് പള്ളി ഉണ്ടായത്. പല പ്രാവശ്യമായി പുതുക്കിപണിയപ്പെട്ട പള്ളി ഇന്നത്തെ സ്ഥിതിയിൽ ഉണ്ടാക്കിയത് 1885നും 1891 നും ഇടയ്ക്കാണ്.[1]

പോരൂക്കര കുടുംബവും തോമ്മാച്ചനും

പോരൂക്കര കുടുംബത്തിന്റെ തായ് വഴികളിലേക്കു കടന്നാൽ 1800-നു മുമ്പുള്ള ചരിത്രത്തെക്കുറിച്ച് കൂടുതലായി നമുക്കറിവില്ല. പോരൂക്കര തോമ്മാച്ചനെക്കുറിച്ചു നമുക്കു കിട്ടുന്ന പ്രധാന അറിവ് അദ്ദേഹത്തിന്റെ അനുജൻ കുര്യാക്കോസ് ഏലീശാച്ചൻ എഴുതിയ ജീവചരിത്രത്തിൽ നിന്നാണ്. ചാവറയച്ചനിൽ നിന്നു കിട്ടിയ അറിവുകളും ഈ ചരിത്ര രചനക്ക് അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. ഇവയെ സമാഹരിച്ച് സ്ഥാപക പിതാക്കന്മാർ എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ജീവിചരിത്രത്തെയാണ് നാമിവിടെ പ്രധാനമായി ആശ്രയിക്കുന്നത്. കൂടാതെ മാന്നാനം അർക്കൈവ്സിൽ നിന്നുള്ള ചില രേഖകളും ഇവിടെ പഠനവിഷയമാക്കുന്നു.

തോമ്മാച്ചന്റെ മാതാപിതാക്കളായ പോരൂക്കര ഇട്ടിക്കുരുവിളതരകനെക്കുറിച്ചും മറിയത്തെക്കുറിച്ചും നമുക്കുകിട്ടുന്ന അറിവ് ഇപ്രകാരമാണ്? "തന്റെ പിതാവ് മഹാബുദ്ധിയും, വിശേഷാൽ അധിക ദൈവഭക്തിയും ജ്ഞാന അറിവും ഉള്ളവനായിരുന്നതിനാൽ പടനത്തിന്റെ മേൽ താല്പര്യം വെച്ച് തമിഴിൽ നിന്ന് ജപ പുസ്തകം സുവിശേഷവിരൈത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതി എടുക്കുകയും, പുസ്തകം പിടിച്ച് പൂജകാണുകയും മറ്റുമുള്ള ജ്ഞാന ക്രമത്തിന്റെ തുടക്കക്കാരൻ എന്ന പോലെ ആയിത്തീർന്നു"[2]

ഇദ്ദേഹം തന്റെ കുമ്പസാരക്കാരനായി പള്ളിപ്പുറത്ത് പാലക്കൽ തോമ്മാമല്പാനെ ആയിരുന്നു തിരഞ്ഞെടുത്തിരുന്നത് എന്നു കേൾക്കുമ്പോൾ, ആത്മപാലകരായി ചിലരെ തിരഞ്ഞെടുക്കുക എന്ന പതിവ് കുടുംബജീവിതക്കാരുടെ ഇടയിൽ ഇന്നു പോലും കേട്ടുകേൾവി ഇല്ലാത്ത ഒന്നാണ്.[3] കുടുംബത്തെ നല്ലരീതിയിൽ നയിക്കാൻ നല്ല ആത്മശാക്തി ആവശ്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

അമ്മ മറിയമാകട്ടെ ചട്ടധരിക്കാതെ ഒരിക്കലും നടന്നിരുന്നില്ല. ആക്കാലത്ത് സ്ത്രീകൾ മേൽ വസ്ത്രം ധരിക്കണമെന്ന് നിർബ്ബന്ധ മില്ലായിരുന്നു എന്ന സൂചനയാണിവിടെ തരുന്നത്. മാറു മറയ്ക്കു വാൻ ഒരു കച്ചമുണ്ടു മാറിനുമുകളിൽക്കൂടി കെട്ടുകയായിരുന്നു പതിവ്. ദേവാലയം അടുത്തായിരുന്നതുകൊണ്ട് മറിയം എല്ലാ ദിവ സവും വിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുമായിരുന്നു. പാവങ്ങളെ സഹായിക്കുന്നതിലും അവർ അതീവ തല്പര ആയിരുന്നു. ആ കാലത്തെ സ്ഥിതിയിൽ സാമാന്യം അറിവുള്ളവളായിരുന്നു എന്നു മാത്രമല്ല, പാന, പർവ്വങ്ങൾ മുതലായവ മനഃപാഠമാക്കയും ചെയ്തി രുന്നു. ഇവളാകട്ടെ ദൈവത്തിലുള്ള വലിയ പ്രത്യാശയോടെയാണ് മരണമടഞ്ഞത്.[4]

തോമ്മാച്ചന്റെ ബാല്യം മുതൽ പൗരോഹിത്യം വരെ

തോമ്മാച്ചന്റെ കുടുംബത്തെക്കുറിച്ചും അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെക്കുറിച്ചും അദ്ദേഹത്തിന്റെ അനുജൻ കുര്യാക്കോസ് ഏലിശാച്ചൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

"അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണ ത്തിന്റെ കീഴിലുള്ള പ്രധാന പള്ളിയായ കല്ലൂർക്കാട് ഇടവകയിൽ പോരൂക്കര തറവാട്ടിൽ ഇട്ടിക്കുരുവിളത്തരകൻ, മറിയം എന്ന ദൈവ ഭക്തിയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽ നിന്ന് 1800-ാം കാലം (1799 ഡിസംബർ 27-ന്)* ജനിച്ചു. തന്റെ കൂടപ്പിറപ്പു കളായി നാലു സഹോദരന്മാരും മൂന്നു സഹോദരികളും തോമ്മാ ച്ചനെ കൂടാതെ ഉണ്ടായിരുന്നു. ഇദ്ദേഹം എല്ലാവരിലും മൂത്തവനും പൈതൽ പ്രായത്തിൽത്തന്നെ എല്ലാവരും സന്തോഷിപ്പാൻ തക്ക വണ്ണം പരമാർത്ഥം, സാധുത്വം മുതലായ സൽഗുണങ്ങളാൽ തമ്പു രാനും മനുഷ്യർക്കും ഇഷ്ടമായുള്ളവനായിരുന്നു. ചെറുപ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെ ക്കൊണ്ട് വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധി സാമർത്ഥ്യവും ഗുണശീലവും കൊണ്ട് പട്ടത്തിനായി പഠിപ്പിക്കണ മെന്ന് തന്റെ കാരണവരായിരുന്ന പോരൂക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്ത് സംബന്ധക്കാരും കീർത്തികേട്ട മല്പാന്മാരുമായിരുന്നവർ പഠിപ്പിച്ചിരുന്ന വടയാറ്റു സെമിനാരി, കുമരകത്തു സെമിനാരി തുടങ്ങിയവകളിലാക്കുവാൻ പല

കാരണത്താലും ന്യായമുണ്ടായിരുന്നു. എങ്കിലും അഞ്ചു തെങ്ങിൽ നിന്ന് ഇംഗ്ലീഷ്, പോർച്ചുഗീസ് മുതലായ ഭാഷകൾ പഠിപ്പിക്കുന്നതിനായിട്ട് അധികശമ്പളം കൊടുത്ത് ഒരുദ്ധ്യാപകനെ വരുത്തിതന്നെയും മറ്റു പൈതങ്ങളെയും പഠിപ്പിക്കയും, ദൈവശുശ്രൂഷികൾക്കടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരും എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴ അപ്പസ്തോലിക്കാ സെമിനാരിയിൽ പഴയ രീതി വിട്ടു അയക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു.

അതുപ്രകാരം ഞാറക്കൽ ചെറിയാൻ കുര്യനച്ചൻ എന്ന അപ്പസ്തോലിക്കാമല്പാനച്ചൻ കല്ലൂർക്കാട്ടു കണക്കുകൾ കേൾപ്പിക്കാനായി ചെന്നിരുന്നപ്പോൾ യോഗക്കാരെക്കൂട്ടി അപേക്ഷ അറിയക്കയും എല്ലാവരുടേയും സന്തോഷത്തോടുകൂടി ദൈവാശീർവ്വാദത്തിനായി മൂന്നു പട്ടക്കാരുടെ കുർബ്ബാനയും നടത്തി, മാർത്തോമ്മാസ്ലീഹായുടെ അൾത്താരയിങ്കൽ നേർച്ചയും വെച്ച് പ്രാർത്ഥിച്ചുകൊണ്ടു പഠനവും തുടങ്ങിച്ചു.[5] പഠിപ്പാൻ അയക്കുകയും ചെയ്തു.

എന്നാൽ തന്റെ പിതാവിന്റെ ആഗ്രഹത്തിനൊത്ത് ലോകപ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവശുശ്രൂഷയിൽ കാലം പോക്കണമെന്ന ആഗ്രഹപ്രകാരം സെമിനാരിയിൽ തന്റെ *മല്പാനച്ചനും, യജമാനന്മാരും, കൂട്ടുകാരും, വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവിധം പഠനകാര്യത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മറ്റും വളരെ പ്രിയവും സമ്മതവും ആയിരുന്നു."[6]

1814-ൽ വരാപ്പുഴ സെമിനാരിയിൽ പഠനം ആരംഭിച്ച തോമ്മാച്ചൻ 1817 മെയ് 1-ന് പീറ്റർ അൽക്കാന്ത്ര മെത്രാനിൽ നിന്ന് ആസ്തപ്പാടു പട്ടം സ്വീകരിച്ചു. 1818-ൽ തന്റെ പിതാവ് 41-ാം വയസ്സിൽ മരണമടഞ്ഞു.

ചെറുപ്രായത്തിൽ തന്നെ നാളാഗമം എഴുതുന്ന സ്വഭാവം തോമ്മാച്ചന് ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം എഴുതിയ നാളാഗമമാകട്ടെ മറ്റിതര എഴുത്തുകളാകട്ടെ ഒന്നും നമുക്കു ലഭിച്ചിട്ടില്ല. പുത്തൻ കുർബ്ബാനകൾക്കും തിരുനാളുകൾക്കും മല്പാനച്ചൻ പലപ്പോഴും ഇദ്ദേഹത്തെക്കൊണ്ടു പ്രസംഗം പറയിപ്പിച്ചിരുന്നു. പഠനത്തിൽ സമർത്ഥനായിരുന്ന ഇദ്ദേഹം സഹപാഠികൾക്കും നല്ല മാതൃകയായിരുന്നു. ഇദ്ദേഹം 1822 ഒക്ടോബർ (കന്നി) 19-ന് ഡിക്കൻ

പട്ടവും 1823 സെപ്റ്റംബർ 22-ന് കുർബ്ബാനപ്പട്ടവും സ്വീകരിച്ചു. ഒക്ടോബർ 26-ന് കല്ലൂർകാട് പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും താമസിയാതെ അവിടുത്തെ വികാരിയായി നിയമിതനാകുകയും ചെയ്തു.[7]

തോമ്മാച്ചന്റെ വികാരിസ്ഥാനം

പോരൂക്കര തോമ്മാച്ചൻ 23-ാം വയസ്സിൽ പട്ടമേറ്റു. സ്വന്തഇടവകയിലാണ് ഉടനെ തന്നെ അദ്ദേഹം വികാരിജോലി ആരംഭിച്ചത്. ഇടവകയിൽ പൂർവ്വികരുടെ പേരിൽ നിലനിന്നിരുന്ന പല ക്രമക്കേടുകളെയും അവസാനിപ്പിക്കയും പല നല്ല വഴക്കങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമിയിൽ മനുഷ്യർ നടത്തുന്ന ദൈവാരാധനയും ബലിയർപ്പണവും സ്വർഗ്ഗതുല്യം ആഘോഷമാക്കണമെന്ന് അദ്ദേഹത്തിനുണ്ടായിരുന്നു. തെക്കുനിന്നു ഒരു സംഗീതജ്ഞനെകൊണ്ടുവന്ന് തന്റെ സഹോദരരെയും മറ്റു പലരെയും വയലിൻ വായിക്കാനും പാട്ടു പാടാനും പഠിപ്പിച്ചു. അങ്ങിനെ ദേവാലയത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു തിരുക്കർമ്മങ്ങൾ നടത്തുന്ന പതിവ് ആരംഭിച്ചു. കല്ലൂർക്കാട് ആരംഭിച്ച അതേ നാളുകളിൽ തന്നെ പള്ളിപ്പുറത്തും ആരംഭിച്ചതായി പോരുക്കര എലിശാച്ചൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഞായറാഴ്ചകളിൽ പ്രസംഗം പറയുന്ന പതിവും ഇദ്ദേഹത്തിലൂടെ ആരംഭിച്ചതുപോലെ തോന്നുന്നു.8

കല്ലൂർക്കാട്ടെ ഇടവക ഭരണത്തിനു ശേഷം 1827 ഓഗസ്റ്റ് (ചിങ്ങം) 15-ന് കൊല്ലത്തുള്ള തങ്കശ്ശേരി ലത്തീൻ പള്ളിയുടെ വികാരിസ്ഥാനം ഏറ്റെടുക്കേണ്ടിവന്നു. ലത്തീൻ ഭാഷ നല്ലതുപോലെ അറിയാമായിരുന്ന തോമ്മാച്ചൻ വിശുദ്ധ കുർബ്ബാനയൊഴിച്ച് ബാക്കി കർമ്മങ്ങളെല്ലാം ലത്തീൻ ഭാഷയിൽ നടത്തിയിരുന്നതുകൊണ്ടും തന്റെ നല്ല ഭരണത്താലും ജനങ്ങൾ അദ്ദേഹത്തോട് സംപ്രീതരായിരുന്നു.

തന്റെ പരിശ്രമഫലമായി ഏറിയ നാളായി കുമ്പസാരിക്കാതെ ദുർനടപ്പുകാരായി ജീവിച്ചിരുന്നവർ പലരും ഭക്ത ജീവിതത്തിലേക്ക് തിരിച്ചുവന്നു. ശനിയാഴ്ച ദിവസങ്ങളിൽ ഭിക്ഷക്കാർക്കുള്ള ദിനമായി കരുതി അവരെ ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി നല്ല ഉപദേശങ്ങൾ കൊടുക്കുകയും ജപമാല ചൊല്ലിയതിനു ശേഷം

അവർക്ക് ഭിക്ഷകൊടുത്തയക്കുകയും ചെയ്തിരുന്നു. വൈകുന്നേരങ്ങളിൽ കുട്ടികളെ ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി പ്രാർത്ഥിപ്പിച്ചിരുന്നു. കുമ്പസാരിക്കുവാൻ വരുന്നവരെ പ്രത്യേകമായി ഒരുക്കിയതിനുശേഷമായിരുന്നു കുമ്പസാരിപ്പിച്ചിരുന്നത്. ചെറുപ്രായത്തിൽ അനുജൻ കുര്യാക്കോസിനെയും തന്റെകൂടെ കൊണ്ടുപോയി നിർത്തി കുർബ്ബാനയ്ക്കു കൂടുവാനും മറ്റും പഠിപ്പിച്ചിരുന്നു. തങ്കശേരി പള്ളിയിൽ ഇദ്ദേഹത്തോടൊപ്പം താമസിപ്പിച്ചിരുന്നപ്പോൾ കൊച്ചു കുര്യാക്കോസ് നേരിട്ടു കണ്ട കാര്യങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.[9]

തോമ്മാച്ചന്റെ ജീവിതരീതി

തോമ്മാച്ചൻ പുരോഹിതനാകുന്ന കാലത്ത് വൈദികർ എപ്പോഴും ളോവ ധരിച്ചു നടക്കുന്ന പതിവില്ലായിരുന്നു. ഈ കാര്യത്തിൽ സുറിയാനിക്കാർക്ക് പാലക്കലച്ചനാണ് സ്ഥിരമായ ക്രമീകരണങ്ങൾ ഉണ്ടാക്കിയത് എന്നു നാം നേരത്തെ മനസ്സിലാക്കിയതാണല്ലൊ. വരാപ്പുഴ സെമിനാരിയിൽ ലത്തീൻകാരോടൊപ്പം പഠിച്ച് പട്ടമേറ്റ തോമ്മാച്ചൻ അവരെപ്പോലെ എപ്പോഴും ളോവധരിച്ചു നടന്നിരുന്നു.

തോമ്മാച്ചന്റെ അപ്പൻ 41-ാം വയസ്സിൽ മരിച്ചതിനാൽ അമ്മയേയും ഇളയ സഹോദരങ്ങളേയും സംരക്ഷിക്കുന്ന കാര്യം മൂത്തമകനായ തോമ്മാച്ചന്റെ ചുമതലയായി. പുത്തൻ കുർബ്ബാന ചൊല്ലിയതു മുതൽ ഈ ചുമതലയും അദ്ദേഹം നിർവ്വഹിച്ചു വന്നു. പിതാവ് സർക്കാർ ജോലിക്കാരനായിരുന്നതിനാലും, റെസിഡൻസിയിലെ ഒന്നും രണ്ടും റൈട്ടർമാരായിരുന്ന ദോനോയുടെയും ലേവീസിന്റെയും താല്പര്യത്താലും അനുജൻ അന്തോനിയെ റെസിഡന്റ് ഓഫീസിൽ എഴുത്തുകാരനാക്കി. അവന്റെ സ്വഭാവത്തെ ശ്രദ്ധിച്ചു നയിക്കുവാനും ചിലരെ ചുമതലപ്പെടുത്തി.

തന്നെ ഏല്പിച്ച ദൈവജനത്തിന്റെ കാര്യത്തിൽ തോമ്മാച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. കുടുംബങ്ങളുടെ ആദ്ധ്യാത്മികതയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അദ്ദേഹം പരിപാടികൾ ക്രമീകരിച്ചു. വീടുകൾ സന്ദർശിച്ച് വഴക്കുകൾ ഉള്ളിടത്ത് സമാധാനത്തിന്റെ വഴികൾ കാട്ടിക്കൊടുത്തു. ഞായറാഴ്ച പ്രസംഗങ്ങളിലൂടെയും മറ്റും അവരെ ബോധവൽക്കരിക്കയും അടുക്കലടുക്കൽ കുമ്പസാരിച്ച്

വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ അവരെ പരിശീലിപ്പിക്കയും ചെയ്തു. ആരാധനക്രമം കൂടുതൽ സജീവമാക്കുന്നതിന് സംഗീതോപകരണങ്ങൾ ഉപയോഗിക്കയും ചടങ്ങുകൾ കൂടുതൽ ആഘോഷമാക്കയും ചെയ്തു.[10]

തോമ്മാച്ചന്റെ മറ്റൊരു പ്രത്യേകത, അദ്ദേഹത്തിന് ഏതു തലത്തിലുള്ള ആളുകളോടും ഇടപഴകുവാൻ എളുപ്പമായിരുന്നു എന്നതാണ്. മാനുവേൽ ഗോവർണ്ണദോരച്ചനും, വികാരി ജനറൽ ജോസഫ് മരിയ പാദ്രിയച്ചനും, കൊല്ലം, തൂയം തുടങ്ങിയ പള്ളികളിലെ പ്രധാനികളും ഒക്കെയായി അദ്ദേഹത്തിനു നല്ല ബന്ധമുണ്ടായിരുന്നു. അതുപോലെ ദിവാൻ കച്ചേരിയിലേയും റെസിഡന്റ് ഓഫീസിലെയും പല ഉദ്യോഗസ്ഥരുമായും അദ്ദേഹത്തിനു പരിചയമുണ്ടായിരുന്നു. ഇങ്ങനെയുള്ള ബന്ധങ്ങൾ മാന്നാനത്താശ്രമം തുടങ്ങിയ അവസരങ്ങളിൽ വളരെ സഹായകമായി. പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനരീതി അനുകമ്പയുടേതും സ്നേഹത്തിന്റെതുമായിരുന്നു. അവരെ സഹായിക്കുവാനുള്ള സന്നദ്ധത തിളക്കമാർന്നതായിരുന്നു.[11]

ആശ്രമ ജീവിതത്തിലും അതിന്റെ വളർച്ചയിലും അതീവ ശ്രദ്ധയോടെ മുന്നേറുമ്പോഴും മെത്രാന്റെ നിർദ്ദേശപ്രകാരം ഏതാണ്ടു രണ്ടു കൊല്ലത്തോളം 1838 കാലങ്ങളിൽ കൊല്ലം, കോട്ടാർ തുടങ്ങിയ പ്രദേശങ്ങളിൽ പോയി പദ്രുവാദൊ ശീശ്മക്കെതിരായി പ്രവർത്തിക്കുവാൻ തോമ്മാച്ചനു യാതൊരു മടിയും ഉണ്ടായിരുന്നില്ല. അതുപോലെ കെട്ടിടം പണിക്ക് ജോലിക്കാരോടൊപ്പം നിൽക്കാനും അതിനുവേണ്ടി ഊണും ഉറക്കവും ഉപേക്ഷിക്കാനും അദ്ദേഹം തയ്യാറായിരുന്നു. എന്തെല്ലാം ജോലിത്തിരക്കുണ്ടായാലും അനേകം മണിക്കൂർ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.[12]

തോമ്മാച്ചന്റെ സന്യാസ തൃഷ്ണ

പാലക്കലച്ചന്റെയും, പോരൂക്കരയച്ചന്റെയും, ചാവറയച്ചന്റെയും, ജീവചരിത്രത്തിലൂടെ കടന്നു പോകുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കുന്നത് ഇവരെ മൂന്നുപേരെയും സന്യാസ ജീവിതം അവലംബിക്കുവാൻ പ്രേരിപ്പിച്ചത് ഒരു ചിന്തയിൽ നിന്നോ, ഒരനുഭവത്തിൽ നിന്നോ ഒരു തീരുമാനത്തിൽ നിന്നോ

അല്ലായിരുന്നു എന്നതാണ്. ഈ വഴിക്ക് ദൈവം ഇവരെ മുൻകൂട്ടി തിരഞ്ഞെടുത്തിരുന്നു. പരിശുദ്ധാത്മാവ് പടിപടിയായി ഇവരെ ഒരുക്കിയെടുത്തു. ദൈവവും മനുഷ്യരും മാറിമാറി ഇവരുടെ ജീവിതത്തിൽ ഇടപെട്ടു. പരിണിതഫലമായിരുന്നു അവരുടെ സന്യാസ ജീവിതം.

പോരൂക്കര തോമ്മാച്ചനിൽ ദൈവം നിക്ഷേപിച്ച സന്യാസ ദൈവവിളി വളർത്തിയെടുക്കുവാൻ ദൈവം ഒരുക്കിയ വഴിയായിരുന്നു, പതിവുരീതിവിട്ട് സുറിയാനിക്കാരനായ തോമ്മാച്ചനെ വരാപ്പുഴ സെമിനാരിയിൽ പഠിപ്പിക്കാൻ എത്തിച്ചത്. അവിടത്തെ തന്റെ സെമിനാരി ജീവിതകാലത്ത് കർമ്മലീത്താ സന്യാസ വൈദികരോടൊത്ത് സഹവസിക്കുവാൻ ഇടവന്നത് സന്യാസജീവിതത്തെക്കുറിച്ചു ചിന്തിക്കുവാൻ ദൈവം വഴിയൊരുക്കിയതായിരുന്നു.[13]

ഡീക്കനായിരുന്ന തോമ്മാച്ചൻ 1822-ൽ അവധിക്കാലം ചിലവഴിക്കാനായി ചമ്പക്കുളത്തു വീട്ടിൽ വന്നു താമസിക്കുമ്പോൾ, ഇടവകക്കാരനും ബാല്യകാല സുഹൃത്തുമായ കണിയാന്തറ യാക്കോബിനെ കാണുവാൻ ഇടയായി. അവർ തമ്മിൽ നടത്തിയ സംഭാഷണത്തിനിടയിൽ യാക്കോബിനോടു പറയുകയുണ്ടായി, ഞാൻ കൂർബ്ബാന പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടു പേർക്കും കൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം, ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം.[14]

ഇവർ തമ്മിൽ ഇങ്ങനെ ഒരു സംസാരം ഉണ്ടായെങ്കിലും തിരുപ്പട്ടമേറ്റയുടനെ തോമ്മാച്ചൻ കല്ലൂക്കാട്ട് വികാരിയായി ജോലി ഏറ്റെടുക്കുകയാണ് ചെയ്തത്. അതിനു ശേഷം 1827 മുതൽ രണ്ടു വർഷത്തോളം തങ്കശ്ശേരി പള്ളിയുടെ വികാരിയായും സ്തുത്യർഹമായ വിധം ഇടവക ഭരണം നടത്തി.

ഈ കാലത്താണ് 1828-ൽ മിലെസ് പ്രെന്റർഗാസ്റ്റ് മെത്രാനു ശേഷം ഇടക്കാലഭരണത്തിനായി ബോംബെ മെത്രാനായിരുന്ന മൗറേലിയൂസ് സ്തബിലിനി മെത്രാൻ വരാപ്പുഴയിൽ നിയമിതനായത്. പുതിയ മെത്രാൻ തനിക്കുവേണ്ടി സെക്രട്ടറിയായി സഹായിക്കുവാൻ പാലക്കൽ തോമ്മാമല്പാനോട് ഔദ്യോഗിക സഹായം തേടിയപ്പോൾ അദ്ദേഹം തനിക്കു മുൻപരിചയവും മതിപ്പും ഉണ്ടായിരുന്ന പോരൂക്കര തോമ്മാച്ചനെ നിർദ്ദേശിച്ചു.[15] അങ്ങിനെ 1828

മാർച്ച് (മീനം) 16-ാം തീയതി തോമ്മാച്ചൻ മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴയിൽ എത്തി.[16]

കൊല്ലം തങ്കശ്ശേരിയിൽ നിന്നു ചാർജ്ജെടുക്കുവാൻ വരാപ്പുഴയിലേക്കു വരുംവഴി വീട്ടിൽ ചെന്ന് അമ്മയെ കാണുവാനായി കല്ലൂർക്കാട്ടിറങ്ങി. ഇത് വീണ്ടുമൊരു നിമിത്തമായിരുന്നു. അവിടെ അവിചാരിതമായി, അല്ല ദൈവീകപദ്ധതിയുടെ ഭാഗമായി, കണിയാന്തറ യാക്കോബിനെ കാണുവാനിടയായി. രണ്ടു പേരുടേയും മനസ്സിൽ ഊറിക്കിടന്നിരുന്ന ഓർമ്മകൾ അവർ പുതുക്കി, പുതിയ ഒരു തീരുമാനത്തോടെ, ഉടനെതന്നെ യാക്കോബും തോമ്മാച്ചനോടൊപ്പം വരാപ്പുഴയിലേക്ക് യാത്രയായി.[17]

പല മെത്രാന്മാരുടെ കീഴിൽ ആലോചനക്കാരനായി പ്രവർത്തിച്ചിരുന്ന പാലക്കലച്ചന്റെ സാന്നിദ്ധ്യം ഇടക്കിടയ്ക്ക് വരാപ്പുഴയിൽ പുതിയ മെത്രാനും ആവശ്യമായിരുന്നു. ഈ സാഹചര്യം രണ്ടു തോമ്മാച്ചന്മാരെയും കൂടുതൽ വ്യക്തിപരമായി അടുപ്പിച്ചു. വരാപ്പുഴ സെമിനാരിയിൽ പഠിച്ചിരുന്നപ്പോൾ മുതലുള്ള കണ്ടു പരിചയത്തിലുപരി ഒരുപദേഷ്ടാവിന്റെയും ആത്മസുഹൃത്തിന്റെയും സ്ഥാനം ഇതിനുണ്ടായിരുന്നു.

വികാരിയാത്തിന്റേയും സുറിയാനിസഭയുടേയും ഗതിവിഗതികൾ ഇടക്കിടക്ക് ഇവരുടെയിടയിൽ സംസാരവിഷയമായി. ആ കൂട്ടത്തിൽ രണ്ടു പേരിലും ദൈവം മുൻകൂട്ടി വിതച്ച സന്യാസ ദൈവവിളിയുടെ വിത്ത് പൊട്ടിമുളക്കുവാൻ തുടങ്ങി. കേരള സഭയുടെ ജയാപജയങ്ങളെക്കുറിച്ചവർ വിലയിരുത്തി. ഒന്നിനൊന്നിന് പ്രശ്നങ്ങൾ ഏറിവരുന്നു. എല്ലാവരിൽ നിന്നും ആത്മീയ ശക്തി ചോർന്നുപൊയ്ക്കൊണ്ടേയിരിക്കുന്നു. ഈ നിലയിൽ തങ്ങളുടെയും നിലഗുരുതരമാണ്. തങ്ങളുടെ ആത്മാക്കളെ രക്ഷിക്കാൻ വേണ്ടി പ്രവർത്തന ജീവിതത്തിൽ നിന്നൊളിച്ചോടിയാലോ? ഇതുവരെ തങ്ങൾ ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ വഴി സമൂഹത്തിലുണ്ടായ നന്മകളെയും മാറ്റങ്ങളെയും കണക്കിലെടുക്കുമ്പോൾ ഒഴിഞ്ഞുമാറുന്നതു ശരിയോ?

ഇവരുടെ ചിന്തകൾ നാനാവഴികളിലേക്കും സാദ്ധ്യതകളിലേക്കും തിരിഞ്ഞു. തങ്ങൾക്കെന്തു ചെയ്യാൻ സാധിക്കും? ഇതിവരുടെ തുടർച്ചയായ ചർച്ചയുടെയും പ്രാർത്ഥനയുടെയും

വിഷയമായി. ഇവരുടെ ജീവിതമാതൃകകളും, ആലോചനകളും അകന്നും അടുത്തും നിന്നു ശ്രദ്ധിച്ചിരുന്ന പള്ളിപ്പുറം സെമിനാരിക്കാരനായ ചാവറയച്ചനും ഇവരോടൊപ്പം മനസ്സിൽ എല്ലാം ഒപ്പി എടുക്കുന്നുണ്ടായിരുന്നു. മാത്രമല്ല തന്റെ അനന്തരഗാമിയെപ്പോലെ എല്ലാകാര്യങ്ങളിലും പരിശീലിപ്പിച്ചും ഉൾപ്പെടുത്തിയും നയിച്ചിരുന്ന പാലക്കലച്ചനും തന്റെ പല ആത്മരഹസ്യങ്ങളും തന്റെ ആത്മീയ പുത്രനോടും പങ്കുവെച്ചിരുന്നു.[18]

ഒരു സന്യാസക്കൂട്ടായ്മ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങൾ നീണ്ടകാലത്തെ ആലോചനകളുടെ ഫലമായി അവരിൽ രൂപപ്പെട്ടു. തുടർന്ന് പാലക്കലച്ചനും പോരുക്കരയച്ചനും കൂടി ഇതിനായി മെത്രാനിൽ നിന്ന് അനുവാദം വാങ്ങുകയായിരുന്നു ചെയ്തത്.[19]

തുടർന്നങ്ങോട്ടുള്ളത് അവരുടെ വ്യക്തമായ കാൽവെയ്പുകളായിരുന്നു. തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ വഴികൾ വ്യക്തമായി, തിരുസഭയുടെ അംഗീകാരത്തിന്റെ നാന്ദിയായി സ്തബിലിനി മെത്രാൻ പച്ചക്കൊടി കാട്ടി. മൂന്നുപേരുടെയും ജോലികൾ വിഭജിക്കപ്പെട്ടു. വിവരമറിഞ്ഞ മറ്റു വൈദികരും ദൈവജനവും അവർക്ക് പിൻതുണയേകി.

തോമ്മാച്ചന്റെ അമ്മയിൽ നിന്നുള്ള വിടുതൽ

തടസ്സങ്ങളും അവ്യക്തതകളും ഒന്നൊന്നായി മാറി. ഇനിയും കാര്യമായി ആവശ്യമായിരിക്കുന്നത് അമ്മയുടെ സമ്മതവും, ലൗകീക ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള മോചനവുമാണ്. തോമ്മാച്ചൻ അമ്മയോടും ബന്ധുക്കളോടും തന്റെ ആഗ്രഹം അറിയിച്ചു. ഇടവകഭരണവും കുടുംബത്തിലെ മറ്റുത്തരവാദിത്വങ്ങളും വിട്ട് സന്യാസ ജീവിതം ആരംഭിക്കണം, അമ്മ അതിനനുവദിച്ചനുഗ്രഹിക്കണം.

ഈ വാർത്ത അമ്മയെ കണ്ണീരിലാഴ്ത്തി. മൂത്തമകൻ കൂടിയായ തോമ്മാച്ചന്റെ കുടുംബത്തോടുള്ള ഉത്തരവാദിത്വം വലുതാണ്. അപ്പനും നേരത്തെ മരിച്ചിരിക്കുന്നു. അദ്ദേഹം അമ്മയെ സമാധാനിപ്പിച്ചു. "അമ്മേ, ഞാൻ വീട്ടിൽ നിന്നും അമ്മയുടെ ആശ്രയത്തിൽ നിന്നും ഒഴിയുന്നതിനെപ്പറ്റി ഒട്ടും തന്നെ ക്ലേശിക്കേണ്ട. അമ്മയുടെ ആശ്വാസത്തിനും സഹായത്തിനും ആയിട്ട് നമ്മുടെ ഈ കൊച്ചു

കുര്യാക്കോസിനെ പട്ടം ഏല്പിച്ച് അമ്മയുടെ സന്തോഷത്തിനാക്കിത്തരാം."[20] അങ്ങിനെ അമ്മയ്ക്കും മറ്റു കുടുംബാംഗങ്ങൾക്കും ആത്മധൈര്യം കൊടുത്തുകൊണ്ട് ദൈവത്തിന്റെ ഉൾവിളിക്കുത്തരമായി മാന്നാനം കുന്നിനെ ലക്ഷ്യമാക്കി നടന്നകന്നു.

മാന്നാനവും പോരൂക്കര തോമ്മാച്ചന്റെ നേതൃത്വവും

ഏതാണ്ട് ഒന്നരവർഷം നീണ്ടുനിന്ന സ്ഥല അന്വേഷണത്തിനു ശേഷം അവസാനം മാന്നാനം കുന്നു തിരഞ്ഞെടുത്തു. അനവധി സ്ഥലങ്ങൾ വിലയിരുത്തിയ ശേഷമായിരുന്നു ഈ കണ്ടെത്തൽ[21] 1831 ഏപ്രിൽ (മേടം) 28-ന് സൂര്യൻ അസ്തമിച്ചിറങ്ങുന്ന നേരത്ത് മാന്നാനത്ത് പ്രപഞ്ചകർത്താവിന്റെ സാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന കുരിശ്, പാലക്കൽ, ചാവറ അച്ചന്മാരുടെയും കണിയാന്തറ യാക്കോബിന്റേയും മറ്റനേകം വൈദികരുടേയും ജനങ്ങളുടെയും സഹകരണത്തോടെ, പോരൂക്കര തോമ്മാച്ചൻ നാട്ടി ഉറപ്പിച്ചു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ സ്തുതിഗീതങ്ങളുയർന്നു ലോക നാഥന് നന്ദിയായി. പെട്ടന്ന് ആകാശത്ത് ഇടിമുഴക്കമുണ്ടായി, കാർമേഘം പടർന്നു. മഴ പെയ്യാനുള്ള ലക്ഷണം. സകല വിശുദ്ധരുടേയും ലുത്തിനിയ എല്ലാവരും കൂടി ആലപിച്ചു. മഴയെ കാറ്റുകൊണ്ടുപോയി.

അപ്പോൾ അതാ ആൾക്കൂട്ടത്തിൽ നിന്ന് ഒരു ബാലന്റെ കരച്ചിൽ. അന്വേഷിച്ചപ്പോൾ തയ്യിൽ തരകന്റെ സംബന്ധക്കാരൻ പാലാ ഉള്ളാട്ടുതറ ശെമ്മാശ്ശന്റെ അനുജനാണ്. അവൻ വിളിച്ചു കരഞ്ഞു: 'എന്റെ കാലിൽ എന്തോ കടിച്ചു.' ആളുകൾ അവനെക്കൂട്ടി വിഷകാരിയുടെ അടുത്തേയ്ക്കു കൊണ്ടു പോകുവാൻ കുന്നിന്റെ താഴേക്കിറങ്ങാൻ ശ്രമിച്ചു. നാലഞ്ചടി മുന്നോട്ടു വെച്ചപ്പോഴേക്കും ബാലൻ കുഴഞ്ഞു വീണു. അവനു വലിയ ഉഷ്ണവും അനുഭവപ്പെട്ടു. വിവരമറിഞ്ഞ പോരൂക്കരയച്ചൻ അവനെ പണി ആയുധങ്ങൾ സൂക്ഷിച്ചിരുന്ന കളപ്പുരയിൽ കയറ്റി കിടത്തി. അദ്ദേഹം എല്ലാവരോടുമായി പറഞ്ഞു. 'മാർ യൗസേപ്പിതാവിനോട് പ്രാർത്ഥിക്കുവിൻ, അവനെ ഒരിടത്തും കൊണ്ടു പോകേണ്ട' അദ്ദേഹം ഹന്നാൻവെള്ളം തളിച്ചു പ്രാർത്ഥിച്ചു. എല്ലാവരോടും മടങ്ങിപൊയ്ക്കൊള്ളുവാനും നിർദ്ദേശിച്ചു. പിറ്റേദിവസം രാവിലെ കൂട്ടി യാതൊരു ബുദ്ധിമുട്ടും കൂടാതെ ഉണർന്നെഴുന്നേറ്റു. അത്ഭുതം തന്നെ[22] ഏതദ്ദേശീയ സന്യാസ സഭക്ക് തുടക്കമിട്ടുകൊണ്ടു മാന്നാനം കുന്നിൽ കുരിശുയർന്നത്

രോഗശാന്തിയുടെ അത്ഭുത അടയാളത്തിലൂടെയാണ്, ദൈവത്തിന്റെ അംഗീകാര മുദ്രപോലെ.

പടിപടിയായി പണികൾ പുരോഗമിച്ചു. കുന്നിലെ കാടുമുഴുവൻ വെട്ടിമാറ്റി. ആശ്രമം ഉണ്ടാക്കേണ്ട സ്ഥലവും പരിസരങ്ങളും വെടിപ്പാക്കി. മെത്രാനച്ചൻ നിശ്ചയിച്ച ദിവസം കല്ലിടീൽ കർമ്മത്തിനു തയ്യാറായി. ശാരീരികാസ്വാസ്ഥ്യത്തോടു കൂടിയാണെങ്കിലും സ്തബിലിനി മെത്രാനെത്തി. പനമ്പുപന്തലിൽ വിശ്രമിച്ചു. ആശ്രമത്തിനുള്ള കല്ലിടീലിനു സമയമായി. ക്ഷീണിതനായ മെത്രാനച്ചൻ പാലക്കലച്ചൻ അല്ലെങ്കിൽ പോരൂക്കരയച്ചൻ കർമ്മങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചു.

ആശ്രമത്തിനു പേരിടണം 'യോഹന്നാൻ മാംദാന എന്നാകട്ടെ', മെത്രാൻ നിർദ്ദേശിച്ചു. പാലക്കലച്ചന് വിശുദ്ധ ഡൊമിനിക്കിന്റെ പേരായിരുന്നു ഇഷ്ടം. പോരൂക്കരയച്ചന് മറ്റൊന്നായിരുന്നു, വിശുദ്ധ യൗസേപ്പിതാവ്. യൗസേപ്പിതാവുതന്നെ എല്ലാവർക്കും സമ്മതമായി. പോരൂക്കര തോമ്മാച്ചൻ തന്നെ കല്ലീടീൽ കർമ്മവും (1831 മെയ് 11) നടത്തി. ഇതായിരുന്നു ദൈവനിശ്ചയം.[23]

അഗ്നി പരീക്ഷയിലൂടെ കടന്നു പോയ നിമിഷങ്ങൾ

മാന്നാനത്ത് ആശ്രമത്തിന്റെയും പള്ളിയുടെയും പണികൾ പുരോഗമിച്ചുകൊണ്ടിരുന്നു. പോരൂക്കരയച്ചൻ പണപ്പിരിവിനായി പള്ളികൾ തോറും കയറിയിറങ്ങി. ഈ ഇറക്കം ദൈവ പരിപാലനയിലൂടെ മറ്റൊരു ലക്ഷ്യത്തിലേക്കെത്തിക്കയായിരുന്നു. വചനത്തിനു വേണ്ടി ദാഹിച്ചിരുന്ന ജനത്തിന് വീണു കിട്ടിയ വിത്തായിരുന്നു പോരൂക്കരയച്ചൻ. പള്ളികളിൽ അദ്ദേഹം വചനം പങ്കുവെച്ചു. ഒപ്പം പണപ്പിരിവും നടത്തി. ഇതിനിടയിൽ വേണ്ട അനുവാദങ്ങൾക്കെല്ലാം അദ്ദേഹം ഓടി നടന്നു. ചാവറയച്ചൻ പള്ളിപ്പുറം സെമിനാരിയിൽ പാലക്കലച്ചന്റെ അഭാവത്തിൽ പഠിപ്പിക്കയും ബാക്കി സമയം മുഴുവൻ കണിയാന്തറ യാക്കോബിനോടു കൂടി മാന്നാനത്തെ പണികൾ ശ്രദ്ധിക്കയും ചെയ്തു.[24] പാലക്കലച്ചൻ വല്ലപ്പോഴും മാന്നാനത്തു വരും. അതിലുപരി രോഗിയും കൂടി ആയിരുന്ന അദ്ദേഹം പള്ളിപ്പുറത്തിരുന്നുകൊണ്ട് നിർദ്ദേശങ്ങൾ നൽകി.

അങ്ങനെ ത്രിമൂർത്തികളുടെ മാനസിക പൊരുത്തത്തോടെയുള്ള

ശ്രമങ്ങളും കണിയാന്ത്രയുടെ സ്നേഹ പരിചരണങ്ങളും വഴി മാന്നാനത്തു നട്ട സന്യാസച്ചെടി അതിവേഗം വളർന്നു തുടങ്ങി. അപ്പോഴാണ് 1832-ൽ സ്തബിലിനി മെത്രാനു പകരം ഫ്രാൻസിസ് സേവ്യർ മെത്രാൻ വരാപ്പുഴ വികാരിയാത്തിന്റെ ചുമതല ഏറ്റെടുത്തത്.

അദ്ദേഹത്തിനു കിട്ടിയ ചില തെറ്റായ അറിവുകൾ വലിയൊരു പ്രതിസന്ധിക്കു വഴികൾ തെളിച്ചു. തോമ്മാച്ചനെ കൊല്ലം രൂപതയിലുള്ള കായംകുളം, പള്ളിത്തോപ്പ് എന്നീ പള്ളികളുടെ വികാരിയായും, ചാവറയച്ചനെ തെക്കൻ പള്ളിപ്പുറം വികാരിയായും മാന്നാനത്തു നിന്നും സ്ഥലം മാറ്റി. മാന്നാനത്തെ പണികളെല്ലാം അവതാളത്തിലായി.[25] ഇനിയും മാന്നാനത്തേയ്ക്ക് തിരിച്ചു ചെല്ലാൻ പറ്റുമോയെന്നു തന്നെ അറിയില്ല. നാമ്പിട്ടു മുളച്ചുതുടങ്ങിയ പ്രതീക്ഷകളെല്ലാം അസ്തമിക്കുന്നതുപോലെ.

തോമ്മാച്ചന്റെ ദൈവാശ്രയബോധം

വിശുദ്ധരുടെ അടയാളമാണ് പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കുക എന്നത്. പ്രതിസന്ധികളിൽ ദൈവപരിപാലനയുടെ കരങ്ങൾ അവർ കണ്ടെത്തും. അധികാരികളോടുള്ള വിധേയത്വമാണ് ദൈവേഷ്ടം തിരിച്ചറിയാനുള്ള എളുപ്പവഴി എന്നവർ വിശ്വസിക്കുന്നു.

പോരൂക്കരയച്ചന്റെ ജീവിതം ഈ വസ്തുതയെ തെളിയിച്ചു. പ്രതിസന്ധികളിൽ പരസ്പരമുള്ള ആലോചനയാണ് പ്രശ്ന പരിഹാരത്തിനുള്ള മറ്റൊരു വഴി. മൂവരും ഒരുമിച്ചുകൂടി. തന്റേതായ ഉത്തരവുമായാണ് തോമ്മാച്ചൻ വന്നത്. ചവറയച്ചൻ ഈ കാര്യം നാളാഗമത്തിൽ വിവരിക്കുന്നതിപ്രകാരമാണ്:

"ഇതിനാൽ അദ്ദേഹം മല്പാനച്ചന്റെ പക്കൽ വന്ന് പലപ്രകാരം വിചാരിച്ചു എങ്കിലും മേല്പാട്ടക്കാരുടെ കല്പന ദൈവത്തിന്റെ തിരുമനസ്സാകയാലും ഒരു പക്ഷെ നമ്മുടെ ചൊൽവിളി പരീക്ഷിപ്പാനായിട്ട് കല്പിച്ചതോ എന്നും അറിയാൻ വഹിയാ എന്നതിനാൽ യാതൊരു സങ്കടം പറയാതെ പോകണമെന്നത്രെ എനിക്കു തോന്നുന്നത് എന്ന് അദ്ദേഹം തന്നെ പറഞ്ഞതിനാൽ അങ്ങനെ തന്നെ എന്നു മല്പാനച്ചനും പറഞ്ഞു കണ്ണുനീരാൽ ആ ദിക്കുകൾക്ക് പോകയും ചെയ്തു."[26]

ഫലം താമസിയാതെ അവർ തിരിച്ചറിഞ്ഞു. ഏല്പിക്കപ്പെട്ട പള്ളികളിൽ അവർ തങ്ങളുടെ കടമകൾ നന്നായി നിർവ്വഹിച്ചു ദൈവ വജനം വിശ്വാസത്തിലും വിശുദ്ധിയിലും വളരുന്നത് മെത്രാൻ തിരിച്ചറിഞ്ഞു. താമസിയാതെ അവരെ വിളിച്ച് മാന്നാനത്തെ ജോലികൾ തുടരുവാൻ നിർദ്ദേശിച്ചു.

പൊതുതാല്പര്യത്തോടുള്ള തോമ്മാച്ചന്റെ വിട്ടുവീഴ്ചാഭാവം.

താമസിയാതെ മാന്നാനത്തു സെമിനാരി തുടങ്ങുവാൻ അനുവാദം കിട്ടി. ആശ്രമത്തോടുചേർന്ന് പൊതു സെമിനാരി തുടങ്ങുന്ന കാര്യത്തിൽ പോരൂക്കരയച്ചന് അഭിപ്രായ വിത്യാസം ഉണ്ടായിരുന്നു. എങ്കിലും പാലക്കലച്ചന്റെയും ചാവറയച്ചന്റെയും മനസ്സുതിരിച്ചറിഞ്ഞ അദ്ദേഹം നന്മയെ ലക്ഷ്യം വെച്ചുകൊണ്ട് തുറന്ന മനസ്സോടെ അവരോടു സഹകരിച്ചു. സെമിനാരിക്കാരെ പഠിപ്പിക്കുന്നതിനദ്ദേഹം സമയം കണ്ടെത്തി. ഫ്രാൻസിസ് സേവ്യർ മെത്രാൻ ചാവറയച്ചനോടൊപ്പം അദ്ദേഹത്തെയും മല്പാൻ സ്ഥാനം കൊണ്ടുയർത്തി. പരിശീലനരംഗത്ത് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിലും വിവേകമതിയായ അദ്ദേഹം താല്പര്യം കാണിച്ചു. ഇതിന്റെ ഭാഗമായിരുന്ന സന്യാസ ജീവിതം തിരഞ്ഞെടുത്തവരെയും രൂപതാ വൈദികരാകാൻ ആഗ്രഹിച്ചവരെയും വേർതിരിച്ച് പരിശീലന പദ്ധതികൾ അദ്ദേഹം ആവിഷ്ക്കരിച്ചത്. [27]

യൗസേപ്പിതാവും തോമ്മാച്ചനും ഭക്തിമുറകളും

തോമ്മാച്ചന്റെ ജീവിതത്തിൽ ഉടനീളം പ്രകാശിച്ചിരുന്ന ഭക്തിയായിരുന്നു വി. യൗസേപ്പിനോടുള്ളത്. ഈ ഭക്തി വർദ്ധിപ്പിക്കുവാൻ താൻ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. താനുംകൂടി ആരംഭിച്ച സന്യാസസഭയുടെ ആദ്യ ഭവനത്തിന് അദ്ദേഹം നൽകിയ പേരു വി.യൗസേപ്പിന്റെതായിരുന്നു. യൗസേപ്പിതാവിന്റെ നാമത്തിൽ ഒരു സംഘടനയും ഉണ്ടാക്കി ഇവർ ബുധനാഴ്ചതോറും ഒരുമിച്ചു കൂടി സദ്ഗ്രന്ഥങ്ങളിൽ നിന്ന് വായിക്കയും ചില ജപങ്ങൾ ചൊല്ലുകയും ചെയ്തിരുന്നു. യൗസേപ്പിതാവിന്റെ രൂപം വാങ്ങുന്നതിന് ഇവരിൽ നിന്ന് ഓരോ ചക്രം (28-½ ചക്രം ഒരു ബ്രിട്ടീഷ് രൂപ) ശേഖരിച്ച് കൊത്തു രൂപം പണിക്കാരിൽ വിദഗ്ദനായിരുന്ന കൊച്ചു കുട്ടി മേസ്തിരിയെ ഏല്പിച്ചു. മാന്നാനത്തെ ആശ്രമദേവാലയത്തിന്റെ

പ്രധാന അൾത്താരയുടെ മുകളിൽ ഇന്നും പൂജ്യതയോടെ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ സ്വരൂപം ഇതാണ്. മാന്നാനത്ത് ആശ്രമം തുടങ്ങിയ കാലം മുതൽ ഇന്നു വരെ അവിടുത്തെ പ്രധാന തിരുനാളും വിശുദ്ധ യൗസേപ്പിന്റേതു തന്നെ.[28]

പോരൂക്കരയച്ചൻ ആരംഭിച്ച യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ തുടർച്ചയാണ് 1843 മുതൽ മാന്നാനത്ത് ചാവറയച്ചൻ വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഖ്യം സ്ഥാപിച്ചത്. ഈ സഖ്യത്തിന്റെ ചുമതലയായി ആരംഭിച്ച ഒരു ഉപവി പ്രവർത്തിയായിരുന്നു യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19-ാം തീയതി തിരുക്കുടുംബത്തിന്റെ ഓർമ്മക്കായി ഒരു പുരുഷനും സ്ത്രീക്കും കുട്ടിക്കും ഭക്ഷണവും വസ്ത്രങ്ങളും നൽകുന്ന പതിവ്.[29] ഈ പതിവ് ഇന്നും പല ക്രിസ്തീയ ഭവനങ്ങളിലും മാർച്ചു മാസത്തിലെ ബുധനാഴ്ചകളിൽ നടത്താറുണ്ട്.

സ്വന്തം ഇടവകയായ കല്ലൂർക്കാടു പള്ളിയിലും യൗസേപിതാവിനോടുള്ള ഭക്തിയും തിരുന്നാളും തോമ്മാച്ചനാണ് തുടങ്ങിയത്. തന്റെ ആഗ്രഹ പ്രകാരം അനേക നാളത്തേയ്ക്ക് ഈ തിരുനാൾ അദ്ദേഹത്തിന്റെ വീട്ടുകാർ നടത്തിയിരുന്നു.[30] ഇന്നും ഈ പള്ളിയിൽ അകലങ്ങളിൽ നിന്നു വരുന്ന നാനാജാതിമതസ്തരായ ആളുകൾ ഈ തിരുനാളിൽ പങ്കു ചേരുന്നു.

മാന്നാനത്ത് സന്യാസ ജീവിതത്തിനു തുടക്കം കുറിച്ച് ഒരുമിച്ചു താമസിക്കുവാൻ അത്യാവശ്യം സൗകര്യങ്ങളും കൂടുതൽ അംഗങ്ങളും ഉണ്ടായിത്തുടങ്ങിയപ്പോൾ മുതൽ സമൂഹജീവിതത്തന്റേതായ ഭക്തിമുറകളിൽ തോമ്മാച്ചൻ സജീവമായി പങ്കെടുത്തിരുന്നു. ജപമാല, ധ്യാനം, കാനോന നമസ്ക്കാരം, നോമ്പാചരണം തുടങ്ങിയ ഭക്താനുഷ്ഠാനങ്ങളിലും ഞായറാഴ്ചകളിലും തിരുനാൾ ദിനങ്ങളിലും റാസ, പാട്ടുകുർബ്ബാന, പ്രസംഗം, മുതലായവയും ഇദ്ദേഹം ഭക്തിയോടെ നടത്തിയിരുന്നു. പാലക്കലച്ചൻ ഇല്ലാതിരുന്നപ്പോഴെല്ലാം സമൂഹത്തിന്റെ സൂപ്പീരിയറിന്റെ സ്ഥാനത്തും എല്ലാ കാര്യങ്ങൾക്കും ഇദ്ദേഹം നേതൃത്വം കൊടുത്തിരുന്നു.[31]

തോമ്മാച്ചന്റെ രോഗവും മരണവും

സന്യാസ സഭയെ വളർത്തിയെടുക്കുന്നതിനും, പദ്രുവാദൊശീശ്മക്കെതിരെ പ്രവർത്തിക്കുന്നതിനും, ഇടവകകളുടെ

നവീകരണത്തിനും കഠിനാധ്വാനം ചെയ്ത് അവശനായിത്തീർന്ന പോരൂക്കരയച്ചനെ പ്രമേഹദീനം അലട്ടിക്കൊണ്ടിരുന്നു. 1843 വിശുദ്ധ കുർബ്ബാനയുടെ തിരുനാളിന് അദ്ദേഹം റാസയും നടത്തി പ്രസംഗവും പറഞ്ഞു. പിറ്റെ ദിവസം മുതൽ അദ്ദേഹത്തിന്റെ രോഗം കൂടി. ചികിത്സകൾ പലതു നടത്തിയിരുന്നെങ്കിലും കാര്യമായ കുറവുണ്ടായിരുന്നില്ല. അന്നു മുതൽ ആശ്രമത്തിന്റെ എല്ലാ ചുമതലകളും അദ്ദേഹം ചാവറയച്ചനെ ഏല്പിച്ചു.

ആലുവയിൽ പോയി കുളിച്ചാൽ സൗഖ്യം കിട്ടുമെന്ന് പലരും നിർദ്ദേശിച്ചു. ചൊവ്വര വിശുദ്ധ യൗസേപ്പിതാവിന്റെ പള്ളിയിൽ പോയി താമസിച്ചുകൊണ്ട് ആലുവ പുഴയിൽ കുളിച്ചു കൊണ്ടിരുന്നു. അല്പം കുറവു വന്നപ്പോൾ വീണ്ടും മാന്നാനത്തു വന്നു താമസിച്ചു.

അങ്ങനെയിരിക്കെ 1845-ൽ ബന്ധുവായ പുതിയേട്ടച്ചനെ കാണാൻ അദ്ദേഹം കല്ലൂർക്കാട്ടിനു പോയി. വൈദ്യൻ നിർദ്ദേശിച്ചതു കൊണ്ടും മാതൃസഹോദരങ്ങളുടെ അപേക്ഷയാലും കുറച്ചു ദിവസം വീട്ടിൽ താമസിക്കാൻ തീരുമാനിച്ചു. ഡിസംബർ (ധനു) 27-ന് രാത്രിയിൽ രോഗം വർദ്ധിക്കയാൽ കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാനയും രോഗീലേപനവും സ്വീകരിക്കുകയും ചെയ്തു. വിവരമറിഞ്ഞ് മാന്നാനത്തു നിന്ന് ചാവറയച്ചനും, അടുത്ത പ്രദേശത്തുള്ള പല അച്ചന്മാരും വന്നു കണ്ടു. മാന്നാനത്തേയ്ക്ക് മടങ്ങിപോകണമെന്നാവശ്യപ്പെട്ടതുകൊണ്ട് വൈദ്യനുമായി ആലോചിച്ചു രോഗത്തിന് അല്പശമനം വന്നപ്പോൾ അമ്മയോട് യാത്രയും പറഞ്ഞു പതിവുപോലെ അമ്മയുടെ കയ്യും മുത്തി മാന്നാനത്തേയ്ക്ക് പുറപ്പെട്ടു.

അടുത്ത ദിവസം വീണ്ടും കുമ്പസാരിച്ചു വിശുദ്ധ കുർബ്ബാന സ്വീകരിച്ചു. ഉത്തരീയത്തിന്റെ ദോഷ പൊറുതി സ്വീകരിച്ചു. അടുത്ത ദിവസം തന്റെ ആത്മസഖിയായിരുന്ന ചാവറയച്ചനുമായി അവസാന സുകൃതഭാഷണങ്ങൾ നടത്തി അദ്ദേഹത്തിൽ നിന്നു തന്നെ കുമ്പസാരിച്ചു. മുട്ടിൻന്മേൽ ഇരിക്കും വണ്ണം കട്ടിലിൽ ചാരിയിരുന്നുകൊണ്ട് മരണ നേരത്തു ചൊല്ലുന്ന പ്രാർത്ഥനകളിൽ ബോധപൂർവ്വം അദ്ദേഹം പങ്കുകൊണ്ടു.


ജനുവരി 8-ാം തീയതി വൈകുന്നേരം അസുഖങ്ങൾ വീണ്ടും

വർദ്ധിച്ചു. പിന്നീട് എല്ലാവരും നോക്കി നിൽക്കെ അല്പം ആശ്വാസത്തോടെ സമയം ചോദിച്ചു. 12 മണി എന്നറിയിച്ചു. ഉടനെ തന്നെ അവസാനാശീർവ്വാദം ചോദിച്ചു വാങ്ങുകയും, ഈശോമറിയം യൗസേപ്പിന്റെ തിരുസ്വരൂപങ്ങൾ വാങ്ങി ചുംബിക്കുകയും ചെയ്തു തോപ്പിൽ അച്ചൻ ചൊല്ലിക്കൊടുത്ത പ്രാർത്ഥന ഉരുവിട്ടുകൊണ്ട് പോരൂക്കര തോമ്മാമല്പാൻ നിത്യതയിലേക്ക് പറന്നുയർന്നു.

പിറ്റെദിവസം 9-ാം തീയതി, മാന്നാനം ദേവാലയത്തിലെ മദുബഹായുടെ അഴിക്കു താഴെ നടുവിൽ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അനുജൻ കുര്യാക്കോസച്ചൻ നടത്തിയ ഈ ശുശ്രൂഷയിൽ അനേകം വൈദികരും ജനങ്ങളും പങ്കുചേർന്നു.

46 വയസ്സുണ്ടായിരുന്ന തോമ്മാച്ചനുവേണ്ടി 46 റാസ കുർബ്ബാനയും മറ്റു ശുശ്രൂഷകളും നടത്തി.[32]

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ



1805 - 1871

19-ാം നൂറ്റാണ്ടിലെ രാഷ്ട്രീയവും, സാമൂഹ്യവും, മതപരവുമായ അവസ്ഥാവിശേഷങ്ങളെ പരിശോധിച്ചാൽ എല്ലാ മേഖലകളിലും ധാരാളം പരിമിതികൾ കണ്ടെത്താനാകും. നേതൃത്വമെടുക്കാനും ആരും മുന്നോട്ടില്ലായിരുന്നു. സ്വഭാതലത്തിലാകട്ടെ, 16-ാം നൂറ്റാണ്ടു മുതൽ സഭയിൽ സ്വയംഭരണാവകാശം സമ്പാദിക്കുന്നതിനു വേണ്ടി ആർച്ചുഡീക്കന്മാർ, പറമ്പിൽ ചാണ്ടി മെത്രാൻ, കരിയാറ്റി ജോസഫ് കത്തനാർ, പാറേമ്മാക്കൽ ഗോവർണ്ണദോർ തുടങ്ങി പലരും വലിയ ത്യാഗത്തോടെ പ്രവർത്തിച്ചിട്ടുണ്ട്.[1] എങ്കിലും ഇവർക്കാർക്കും തന്നെ സമുദായോദ്ധാരണത്തെയോ, ആത്മീയ പുരോഗതിയേ ലക്ഷ്യം വെച്ചുകൊണ്ടോ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുവാൻ സാധിച്ചില്ല, ശ്രദ്ധയിൽപെട്ടുമില്ല.

ആത്മീയ നവോത്ഥാനത്തിന്, സാമൂഹ്യനവോത്ഥാനത്തിന്, നേതൃത്വം കൊടുക്കാൻ വിശ്വദർശികളായ ആത്മീയാചാര്യന്മാർക്കു മാത്രമെ സാധിക്കയുള്ളു. കേരളത്തിന്റെ സാമൂഹ്യവും സാംസ്ക്കാരികവും മതപരവുമായ പരിമിതരംഗങ്ങളിൽ മാർഗ്ഗദർശിയായിത്തീരുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു ചാവറയച്ചൻ.

ചാവറയിൽ നിന്ന് ചാവറയച്ചനിലേക്ക്

ദൈവം അയക്കുന്ന മനുഷ്യനെ സ്വീകരിക്കുവാൻ ഒരു വീടിനെയും ഒരു നാടിനേയും ഒരുക്കും. ഇപ്രകാരം ചാവറ കുടുംബത്തേയും കുട്ടനാട്ടിലെ കൈനകരിയേയും ദൈവം ഒരുക്കി. പാലയൂർ തോമസ് അപ്പസ്തോലൻ സ്നാനം നൽകിയ ബ്രാഹ്മണ കൂടുംബങ്ങളിൽ ഒന്നാണ് പകലോമറ്റം. ഇതു സഭയിലുള്ള ഒരു പാരമ്പര്യമാണ്. പകലോമറ്റം കുടുംബത്തിൽ നിന്ന് ചിലർ കുറവിലങ്ങാട്ടേയ്ക്ക് കുടിയേറിപ്പാർത്തു. ഇന്നും കുറവിലങ്ങാട്ട് പ്രദേശത്ത് ഈ വീട്ടുപേരിലുള്ള പലകുടുംബങ്ങൾ ഉണ്ട്. ആദ്യനൂറ്റാണ്ടു മുതൽ തന്നെ ക്രിസ്തീയ പാരമ്പര്യമുള്ള ഒരു പ്രദേശമാണ് കുറവിലങ്ങാട് എന്ന് കേരളസഭാചരിത്രകാരന്മാരും സൂചിപ്പിക്കുന്നുണ്ട്.

ചുരുങ്ങിയത് മൂന്നൂറു വർഷങ്ങൾക്കു മുമ്പായിരിക്കാം ഇവിടെ നിന്നും പകലോമറ്റത്തെ ഒരു കുടുംബം കൈനകരിയിലേക്ക് താമസം മാറ്റിയതും തുടർന്ന് മുക്കാട് എന്ന വീട്ടുപേരിൽ അറിയപ്പെട്ടതും. കാലാന്തരത്തിൽ ഈ കുടുംബത്തിൽ നിന്നും രണ്ട് അംഗങ്ങൾ കൈനകരിയിലുള്ള മറ്റു രണ്ടുകരകളിലേയ്ക്ക് മാറിത്താമസിച്ചു. പിന്നീട് അവർ മീനപ്പള്ളി, കാളാശ്ശേരി എന്നീ വീട്ടുപേരുകളാൽ അറിയപ്പെട്ടു. മീനപ്പള്ളിയുടെ തായ്വഴിയിൽ പിന്നീടുണ്ടായ നാലു കുടുംബങ്ങളാണ് മാമ്പ്ര, ചാവറ, കളിപ്പറമ്പ്, വള്ളോൻതറ. പാലയൂർ പകലോമറ്റം കുടുംബത്തിന്റെ തുടർച്ചയാണ് ചാവറ കുടുംബം എന്നതിൽ ചാവറയച്ചന്റെ ജീവചരിത്രകാരന്മാരെല്ലാവരും ഏകാഭിപ്രായക്കാരാണ്.

1805 ഫെബ്രുവരി 10-ാം തീയതി കുട്ടനാട്ടിലെ കൈനകരി ഗ്രാമത്തിൽ കുര്യാക്കോ- മറിയം ദമ്പതിമാരിൽ നിന്ന് ചാവറയച്ചൻ ജാതനായി.[2] 1805 സെപ്തംബർ 8-ന് മരിയൻ ദേവാലയമായ വെച്ചൂർ പള്ളിയിൽ കൊച്ചുകുര്യാക്കോസിനെ മേരിദാസനായി അടിമവെച്ചു.[3] തന്റെ അമ്മയിൽ നിന്നു ലഭിച്ച പരിശീലനത്തെക്കുറിച്ച് അദ്ദേഹം അനുസ്മരിക്കുന്നതിങ്ങനെയാണ്:

''സ്തനൃദാനത്തോടൊപ്പം പ്രാർത്ഥനയുടെ പ്രഥമപാഠങ്ങളും എന്റെ സ്നേഹമയിയായ അമ്മ എനിക്കു പറഞ്ഞുതന്നു. ഞാൻ അവയെല്ലാം തീഷ്ണതയോടെ പഠിച്ചു. അമ്മയുടെ സമീപത്തിരുന്ന് ദൈവത്തെക്കുറിച്ചു ഞാനറിഞ്ഞു. പാതിരാത്രിയിൽ അമ്മ എന്നെ ഉണർത്തുകയും ദൈവമാതാവിനെക്കുറിച്ചുള്ള ജപങ്ങളും രാജരാജനായ ഈശോയുടെ നാമജപങ്ങളും ഉരുവിടുവാനും എന്നെ പഠിപ്പിച്ചു.''[4]

അഞ്ചുമുതൽ പത്തുവയസ്സുവരെയുള്ള സമയത്ത് ഗ്രാമത്തിലെ കളരി ആശാനോടൊപ്പം പഠിച്ചു.[5] പാലയ്ക്കൽ മല്പാന്റെ ക്ഷണത്തെ തുടർന്ന് രണ്ടുവർഷത്തോളം ചേന്നങ്കരി ഇടവകപള്ളിയിലും വീട്ടിലുമായി താമസിച്ച് ദൈവത്തിന്റെ വിളിയെ ഉറപ്പിച്ചു.[6] 1818-ൽ പള്ളിപ്പുറം ഇടവക സെമിനാരിയിൽ ചേർന്ന് പാലയ്ക്കൽ തോമ്മാ മല്പാന്റെ ശിക്ഷണം സ്വീകരിച്ചു.[7] അധികം താമസിയാതെ കൈനകരി പ്രദേശത്തുണ്ടായ പകർച്ചവ്യാധിയിൽ പെട്ട് അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു.[8] ഇതിനിടയിൽ നാലു സഹോദരിമാരെ കെട്ടിച്ചയച്ചിരുന്നു. കുടുംബം അനാഥമാകുന്ന അവസ്ഥയിലെത്തി. സെമിനാരി ജീവിതം ഉപേക്ഷിച്ച് വീട്ടിലേയ്ക്കു തിരിച്ചുവരുവാൻ ബന്ധുമിത്രാദികൾ ഉപദേശിക്കയും നിർബന്ധിക്കയും ചെയ്തു. എന്നാൽ മൂത്ത സഹോദരിയെയും ഭർത്താവിനെയും കുടുംബകാര്യങ്ങൾ അന്വേഷിക്കുവാനും, ജ്യേഷ്ഠന്റെ പുത്രിയെ സംരക്ഷിക്കുവാനും ചുമതലപ്പെടുത്തി. കുട്ടി വളർന്ന് വിവാഹിതയാകുമ്പോൾ അവളിലൂടെ ചാവറക്കുടുംബം തുടരത്തക്കവിധം കാര്യങ്ങൾ ക്രമീകരിച്ചശേഷം കൊച്ചുകുര്യാക്കോസ് സെമിനാരി ജീവിതം തുടർന്നു. കാരണം തന്നിലുള്ള ദൈവത്തിന്റെ വിളിയുടെ സ്വരം അത്രശക്തമായിരുന്നു.[9]

ചാവറ ശെമ്മാശ്ശൻ 24-ാം വയസ്സിൽ 1829 നവംബർ 29-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറേലിയൂസ് സ്തബലിനി മെത്രാനിൽ നിന്ന് അർത്തുങ്കലുള്ള വിശുദ്ധ അന്ത്രയോസിന്റെ ദേവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പ്രഥമബലിയിൽ നേരത്തെ ആലോചനയിലിരുന്ന സന്യാസജീവിതം നയിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭിക്കുവാൻ പ്രാർത്ഥിക്കാനും മറന്നില്ല.[10] സഭാതനയർ ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്നു എന്നു മനസ്സിലാക്കിയ അദ്ദേഹം ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി. പുളിങ്കുന്നിൽ നടത്തിയ ധ്യാനപ്രസംഗം അദ്ദേഹത്തെ പ്രശസ്തനാക്കി.[11]

ഭാരതത്തിലെ
ആദ്യത്തെ സന്യാസസഭ രൂപം കൊള്ളുന്നു

തങ്ങളിൽ അങ്കുരിച്ച സന്യാസ വിളിയുടെ പ്രചോദനത്താൽ പാലയ്ക്കൽ തോമ്മാ മല്പാനും, പോരൂക്കര തോമ്മാച്ചനും, ചാവറ കുര്യാക്കോസച്ചനും,[12] "ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു തപസ്സുഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക്

വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശന വീട് ഉണ്ടാക്കണമെന്ന ആഗ്രഹത്താൽ"[13] അനുവാദത്തിനായി മെത്രാനോടപേക്ഷിച്ചു. സ്തബിലിനി മെത്രാൻ അവരെ പ്രോത്സാഹിപ്പിക്കയും ഈ ലക്ഷ്യത്തിനായി പണം പിരിക്കുവാനുള്ള അനുവാദക്കടലാസ് നൽകുകയും ചെയ്തു.[14] 1831, മെയ് 11-ാം തിയതി മാന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ പുതിയ ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം നടന്നു.[15] ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭയുടെ തുടക്കമായിരുന്നു ഇത്.[16]

തങ്ങൾ നേതൃത്വം കൊടുത്ത സന്യാസജീവിതത്തിലേയ്ക്ക് പല അംഗങ്ങൾ വന്നു തുടങ്ങിയപ്പോൾ 1840-ൽ അലിഖിത നിയമത്തോടും ആചാരാനുഷ്ഠാനങ്ങളോടും കൂടി സന്യാസസമൂഹജീവിതം ആരംഭിച്ചു.[17] 1841 ജനുവരി 16-ന് ബഹുമാനപ്പെട്ട പാലയ്ക്കലച്ചനും 1846 ജനുവരി 8-ന് പോരുക്കരയച്ചനും മരണമടഞ്ഞപ്പോൾ സന്യാസസമൂഹത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ചാവറയച്ചനിൽ നിക്ഷിപ്തമായി.[18] 1855 ഡിസംബർ 8-ന് ചാവറയച്ചനോടു ചേർന്ന് പതിനൊന്നുപേർ വ്രതബദ്ധരായപ്പോൾ 'അമലോത്ഭവ കന്യാമറിയത്തിന്റെ ദാസസംഘം' എന്ന പേരിൽ തിരുസഭയുടെ അംഗീകാരമായി. കർമ്മലീത്ത മിഷനറിമാരോടുള്ള സഹവാസത്താൽ തുടർന്ന് 'അമലോത്ഭവ കർമ്മല മാതാവിന്റെ ദാസർ' എന്ന പേരും 1859- മുതൽ വെള്ള ളോവയ്ക്കും തുകൽ ബൽറ്റിനും പുറമെ വെള്ള സ്ക്കാപ്പുലറും ധരിക്കുവാൻ നിർബ്ബന്ധിതരായി. തുടർന്ന് 1861 മുതൽ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ എന്നപേരിൽ മേലധികാരികൾ ഇവരെ ആക്കുകയും ചെയ്തു.[19] ദൈവപരിപാലനയുടെ ഭാഗമായി ചാവറയച്ചൻ എല്ലാം സ്വീകരിച്ചു. വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കടന്ന് എത്തിയ സഭ 1958 മുതൽ 'അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ (സി.എം.ഐ) എന്ന പേരു സ്വീകരിച്ചു.[20]

ചാവറയച്ചൻ പതിനാറുവർഷക്കാലം സഭയുടെ പൊതുശ്രേഷ്ഠനായി ഭരണം നടത്തി. സഭയിലും സമൂഹത്തിലും ഇവരിലൂടെ ഉണ്ടായിക്കൊണ്ടിരുന്ന നന്മകളെ തിരിച്ചറിഞ്ഞ ജനം പല സ്ഥലങ്ങളിലും ആശ്രമങ്ങൾ ആരംഭിക്കുവാൻ നിർബ്ബന്ധിച്ചു. ഈ കാലയളവിൽ,

കൂനമ്മാവ്, ഏൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, പുളിങ്കുന്ന്, അമ്പഴക്കാട്, മുത്തോലി എന്നീ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു.[21] 1864 മുതൽ വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക താല്പര്യ പ്രകാരം ചാവറയച്ചന്റെ സ്ഥിരതാമസം കൂനമ്മാവിലേയ്ക്ക് മാറ്റുകയും ജീവിതാന്ത്യം വരെ അവിടെ താമസിക്കുകയും ചെയ്തു.[22]

സീറോമലബാർ സഭയുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത്

ആത്മീയ ഉണർവ്വില്ലാതിരുന്ന കേരളസഭയിൽ നല്ല നേതൃത്വം നൽകുവാൻ ധാരാളം വൈദികർ ഉണ്ടാകണം എന്ന് അവർ ആഗ്രഹിച്ചു. 1833-ൽ മാന്നാനത്തു തുടങ്ങിയ സെമിനാരി സീറോ മലബാർ സഭയുടെ ആദ്യ പൊതു സെമിനാരി ആയി വളർന്നു.[23] ഇവിടെ 150 പേരെ വരെ ഒരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കുവാൻ കഴിയുമായിരുന്നു.[24] 1844-ൽ വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെത്രാൻ ചാവറയച്ചനെ സീറോ മലബാർ സഭയിലെ വൈദിക പരിശീലനത്തിനുള്ള മല്പാനും, പട്ടം കൊടുക്കാനുള്ള പരീക്ഷകനും, പ്രസംഗം പറയുവാനും, കുമ്പസാരിപ്പിക്കുവാനുമുള്ള അനുവാദം കൊടുക്കുന്നവനുമായി നിയമിച്ചു.[25] 40 വർഷത്തോളം അദ്ദേഹം വൈദിക പരിശീലനരംഗത്തു പ്രവർത്തിച്ചു. മാന്നാനത്തെ പരിശീലനത്തിന്റെ മേന്മ മനസ്സിലാക്കിക്കൊണ്ട് ബർണർഡിൻ മെത്രാപ്പോലീത്ത മറ്റു ആശ്രമങ്ങളോടുചേർത്തു സെമിനാരികൾ തുടങ്ങുവാനും നിർദ്ദേശിച്ചു. അന്നുവരെയുണ്ടായിരുന്ന 20 തോളം മറ്റു ഇടവക സെമിനാരികൾ നിർത്തലാക്കുകയും ചെയ്തു.[26] 1932-ൽ മംഗലപ്പുഴയ്ക്കു മാറ്റിയ പുത്തൻപള്ളി സെമിനാരി മഠത്തിനുവേണ്ടി തുടങ്ങിയതും, അതിന്റെ തുടക്കത്തിന് ചാവറയച്ചൻ പങ്കുകാരനുമായിരുന്നു.[27] അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മഠത്തിനു വേണ്ടിയാരംഭിച്ച സ്ഥലമാണ് പിന്നീട് സെമിനാരിയായി മാറ്റിയത്.

സുശിക്ഷിതമായ സന്യാസ, വൈദിക നേതൃത്വം

ജനങ്ങളുടെ ആദ്ധ്യാത്മികോത്ഥാനത്തിനും, സുസ്ഥിതിക്കും സുശിക്ഷിതരും വിശുദ്ധിയുള്ളവരുമായ സന്യാസികളും വൈദികരും ആവശ്യമാണെന്ന് ചാവറയച്ചനും ആദ്യപിതാക്കളും മനസ്സിലാക്കിയിരുന്നു. വൈദികർക്ക് അദ്ദേഹം വാർഷികധ്യാനം നിർബന്ധമാക്കി.[28] ആരാധനാക്രമങ്ങളിൽ ഐക്യരൂപവും നിശ്ചിതക്രമങ്ങളും

ഏർപ്പെടുത്തി. വൈദികരുടെ കാനോന നമസ്ക്കാരം സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ചു ക്രോഡീകരിച്ചു.[29] ഇടവകകളിൽ പതിവില്ലാതിരുന്ന വാർഷിക ധ്യാനങ്ങൾ നടപ്പിലാക്കി.[30] നാല്പതുമണി ആരാധനയ്ക്കു തുടക്കം കുറിച്ചു.[31] ഞായറാഴ്ച പ്രസംഗം പതിവാക്കാൻ അദ്ദേഹം പ്രേരണയായി.[32] ഇദ്ദേഹം വികാരി ജനറൽ ആയിരുന്നപ്പോൾ മെത്രാന്റെ അനുമതിയോടെ സുറിയാനി സഭയെ നാലു സോണുകളായി തിരിച്ചു. അതിന്റെ ആത്മീയ വളർച്ചയ്ക്കാവശ്യമായതു ചെയ്യുവാൻ സി.എം.ഐ വൈദികരെ ഡെപ്യൂട്ടികളായി നിയോഗിച്ചു.[33] സഭയ്ക്കുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധികളിൽ സമൂഹത്തെ ഭാരപ്പെടുത്താതെ അദ്ദേഹവും കൂട്ടരും കണ്ടെത്തിയ എളുപ്പവഴിയിലുള്ള പിരിവുകളായിരുന്നു പള്ളികളിൽ നിന്നുള്ള നൂറ്റിക്കഞ്ചുപിരിവ്, കെട്ടുതെങ്ങുപിരിവ്, പിടിയരിപ്പിരിവ് തുടങ്ങിയവ, ഇന്നും പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണിവ.[34]

ചാവറയച്ചൻ മുദ്രാലയപ്രേഷിതൻ

ചാവറയച്ചൻ മുദ്രാലയപ്രേഷിതത്വത്തിലും തന്റെ കഴിവുകൾ തെളിയിക്കുകയുണ്ടായി. അന്നു തിരുവനന്തപുരത്തുള്ള ഗവർമ്മെണ്ടു പ്രസ്സും കോട്ടയത്തുള്ള ചർച്ചു മിഷൻ സൊസൈറ്റിയുടെ പ്രസ്സും മാത്രമെ കേരളത്തിൽ ഉണ്ടായിരുന്നുള്ളു.[35] കത്തോലിക്കാ വിശ്വാസം വളർത്തുവാനും സഭാവാർത്തകൾ പ്രചരിപ്പിക്കുവാനും ഇവ രണ്ടും ഉപകാരപ്പെട്ടില്ല. 1846-ൽ മാന്നാനത്തു ചാവറയച്ചൻ സ്ഥാപിച്ച പ്രസ്സായിരുന്നു കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ പ്രസ്സ്.[36] ജനങ്ങളിൽ ദൈവഭക്തിയും നന്മയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുവാൻ ഇതു നിമിത്തമായി. അതേസമയം മതസൗഹാർദ്ദത്തെ ഊട്ടിയുറപ്പിക്കുവാനും ഈ പ്രസിദ്ധീകരണങ്ങൾ ഉപകരണങ്ങളായി. അക്ഷരലോകത്തേയ്ക്ക് കേരളത്തെ കൈപിടിച്ചു നടത്തുകയായിരുന്നു ചാവറയച്ചൻ ഉണ്ടാക്കിയ മരപ്രസ്സിലൂടെ. കേരളത്തിലെ പ്രസ്സുകളുടെ മുത്തശ്ശിയായി ഈ മരപ്രസ്സ് ഇന്നും മാന്നാനത്തു സൂക്ഷിച്ചിരിക്കുന്നു.

ചാവറയച്ചന്റെ വിദ്യാഭ്യാസ പ്രവർത്തനം

വിദ്യാഭ്യാസരംഗത്ത് കളരിയും ആശാനുമായി കഴിഞ്ഞിരുന്ന കേരളത്തിൽ പ്രത്യേകിച്ച് അധകൃതർക്ക് വിദ്യാഭ്യാസ സാധ്യതകൾ ഇല്ലാതിരുന്ന കാലത്ത് 1846-മുതൽ സംസ്കൃതസ്കൂളും ഇതര

സ്ക്കൂളുകളും ആരംഭിച്ചത് സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ ചാവറയച്ചന്റെ വലിയ കാൽവെപ്പായിരുന്നു.[37] പള്ളികൾക്കടുത്തായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തു. 1864-ൽഅദ്ദേഹം പള്ളിയോടുചേർത്തു സ്കൂളുകൾ സ്ഥാപിക്കാൻ വികാരിജനറാളിന്റെ അധികാരത്തോടെ മെത്രാനെക്കൊണ്ട് കല്പനപുറപ്പെടുവിച്ചു.[38] താമസിയാതെ ക്രൈസ്തവകേന്ദ്രങ്ങൾ വിദ്യാനികേതനങ്ങളായി മാറി. നാടിനെ സാക്ഷരകേരളമാക്കി മാറ്റിക്കൊണ്ട് പാവപ്പെട്ടവരും അധഃകൃതരുമായ കുട്ടികൾക്ക് ഉച്ചക്കഞ്ഞിയും, വസ്ത്രവും, പുസ്തകങ്ങളും നൽകി, ജാതി വർണ്ണവ്യത്യാസങ്ങൾ കൂടാതെ ഒന്നിച്ചിരുന്നു പഠിക്കുവാൻ അദ്ദേഹം സഹായിച്ചപ്പോൾ, സർക്കാരിനുപോലും അദ്ദേഹം ഒരു മാതൃകയായിത്തീർന്നു.[39] അദ്ദേഹം കേരളത്തിലെ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ തുടക്കക്കാരനായി മാറി.

ചാവറയച്ചൻ ശീശ്മയെ നിർവീര്യമാക്കി

റോക്കോസ് ശീശ്മയുടെ കാലത്ത് 1861-ൽ തല്പരകക്ഷികൾ ചാവറയച്ചന് മെത്രാൻ പദവി വാഗ്ദാനം ചെയ്തു. തിരുസഭയോടു ചേർന്നു നിൽക്കാൻവേണ്ടി അദ്ദേഹം ആ പദവി വലിച്ചെറിഞ്ഞു.[40] ശീശ്മയെ നേരിടുവാൻ വികാരിജനറലായി നിയമിക്കപ്പെട്ടപ്പോൾ അതിനടുത്ത കടമകളും ശീശ്മയെ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളും സ്തുത്യർഹമാംവിധം നിർവ്വഹിച്ചു.[41] നിയമവഴികളിലൂടെ നിഷ്കാസിതനായ-ശീശ്മ മെത്രാൻ റോക്കോസ് താമസിയാതെ കേരളം വിട്ടുപോയി. ശീശ്മയിൽ വീണുപോയ 116-ലേറെ ഇടവകകളെ ചാവറയച്ചന്റെ സദ്പ്രേരണയും അനുരഞ്ജനമനോഭാവവും വഴി വേഗം തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു.[42] സമയോചിതമായ തന്റെ ഇടപെടലുകളെ സ്തുതിച്ചുകൊണ്ട് പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പ സന്ദേശമയയ്ക്കുകയും ചെയ്തു.[43]

ചാവറയച്ചനും സ്ത്രീശക്തീകരണവും

കേരളത്തിൽ ആദ്യമായി വനിതകൾക്കുവേണ്ടി കന്യകാമഠം സ്ഥാപിച്ചതിന്റെ പ്രേരകശക്തി ചാവറയച്ചന്റേതാണ്. ദീർഘനാളത്തെ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി 1866, ഫെബ്രുവരി 13-ാം തിയതി ലെയോപ്പോൾദ് ബെക്കാറോ എന്ന മിഷനറിയോടുചേർന്ന് കൂനമ്മാവിൽ കർമ്മലീത്താമഠം ഉദ്ഘാടനം ചെയ്യപ്പെട്ടു.[44] മഠം സ്ഥാപനത്തിൽ ചാവറയച്ചൻ വഹിച്ച പങ്കിനെ

ക്കുറിച്ച് ലെയോപോൾദ് മിഷനറി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും, വേദകാര്യങ്ങളെ പഠിക്കുന്നതിനും, നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് എത്രയും ആഗ്രഹമായി. ആയതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ ഇതിനെ നിറവേറ്റുന്നതിന് ഇദ്ദേഹം എത്രയോ പ്രയത്നം ചെയ്തുവെന്ന് ഈ ചുരുങ്ങിയ വിവരണത്തിൽ ഒതുങ്ങുന്നതല്ല. കന്യാസ്ത്രിമഠം നടന്നു തുടങ്ങിയതിനു ശേഷവും അത് വേണ്ട ക്രമത്തോടും പുണ്യത്തോടും കൂടി നടത്തുന്നതിന് അദ്ദേഹത്തിന് എത്രയോ താല്പര്യമായിരുന്നു എന്നുള്ളത് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു."[45]

നാല് അംഗങ്ങളോടുകൂടി തുടങ്ങിയ സന്യാസിനി സഭ രണ്ടായി ഇന്ന് സി.എം.സി, സി.റ്റി.സി എന്നീ പേരുകളിൽ അറിയപ്പെടുന്നു. കേരളസംസ്ക്കാരത്തിൽ അടുക്കളയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരുവാൻ മഠസ്ഥാപനം സഹായിച്ചു. പെൺകുട്ടികൾക്കായി തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും ബോർഡിംഗ് ഹൗസും ആരംഭിച്ചു.[46]

ചാവറയച്ചൻ അഗതികളുടെ ആലംബം

വൃദ്ധരും, അഗതികളും, രോഗികളും, ആലംബഹീനരുമായവർക്ക് അഭയകേന്ദ്രമായി കൈനകരിയിൽ ചാവറയച്ചൻ 1869-ൽ ആരംഭിച്ച ഉപവിശാല ഇത്തരത്തിലുള്ള ഇൻഡ്യയിലെ ആദ്യസ്ഥാപനമാണ്.[47] രോഗികളെ സഹായിക്കുന്നതിനും, മരണാസന്നരെ നന്മരണത്തിന് ഒരുക്കുന്നതിനും അദ്ദേഹം സ്ഥാപിച്ച ജീവകാരുണ്യസംഘടനയാണ് 'യൗസേപ്പിതാവിന്റെ നന്മരണസഭ.'[48] രോഗി പരിചരണരംഗത്തും ജീവകാരുണ്യ പ്രവർത്തനരംഗത്തും കേരളസഭ ഇവകളിലൂടെ തുടക്കമിടുകയായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുന്നതിനും നിർദ്ധനരായ കുട്ടികളെ പഠിപ്പിക്കുന്നതിനുമുള്ള വരുമാനമാർഗ്ഗമായാണ് മാന്നാനത്തിനും ആർപ്പുക്കരയ്ക്കും അടുത്ത് 17 പറയ്ക്കുള്ള പുഞ്ചപ്പാടം വാങ്ങി കൃഷിചെയ്തിരുന്നത്.[49]

ചാവറയച്ചൻ - അവസാന വാക്ക്

ചാവറയച്ചന്റെ ശാലീനമായ സംഭാഷണവും പെരുമാറ്റവും ജാതി മതഭേദമന്യേ എല്ലാവരേയും ആകർഷിച്ചിരുന്നു. വൈദികരുടേതായാലും അൽമായരുടേതായാലും, മറ്റുമതസ്തരുടേതായാലും പ്രശ്ന പരിഹാരത്തിനുള്ള അവസാനത്തെ വാക്കായിരുന്നു ചാവറയച്ചന്റേത്.[50] ഇടവകകളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പലപ്പോഴും മെത്രാൻ ചാവറയച്ചനോടായിരുന്നു ആവശ്യപ്പെട്ടിരുന്നതും അദ്ദേഹത്തിൽ നിന്നായിരുന്നു നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നതും. ഇതിനോടുബന്ധപ്പെടുത്തിയുള്ള പല എഴുത്തുകളും ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.[51]

ചാവറയച്ചൻ സുറിയാനി സഭയുടെ തനിമയ്ക്കും ഐക്യത്തിനും വേണ്ടി നിലകൊണ്ടവൻ

കേരള സഭയെ ഐക്യത്തിൽ നിലനിർത്തുക എന്നതായിരുന്നു ചാവറയച്ചന്റെ ശ്രമങ്ങളിൽ ഏറ്റവും വലുത്. റീത്തുകളുടെ പേരിലും, മിഷനറിമാരുടെ ഉപവിക്കുറവിന്റെ പേരിലും, അവരെ തെറ്റിദ്ധരിച്ചതുകൊണ്ടും, അകത്തോലിക്ക സഭകളുടെ പ്രവർത്തനങ്ങൾകൊണ്ടും വിവേകവും, വിശുദ്ധിയും വിധേയത്വവും നഷ്ടപ്പെട്ടുകൊണ്ടിരുന്ന സമൂഹത്തെ ഒന്നിച്ചു നിർത്തുവാനും സാഹോദര്യത്തിലേയ്ക്കും ദൈവൈക്യത്തിലേയ്ക്കും നയിക്കുവാനും ചാവറയച്ചൻ അശ്രാന്തം പരിശ്രമിച്ചു.[52] പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബായിക്ക് 1869-ൽ അദ്ദേഹം എഴുതിയ കത്തു തന്നെ ഇതിനുള്ള തെളിവാണ്. അതിൽ സ്വന്തറീത്തിൽ മെത്രാൻ ഉണ്ടാകണമെന്നദ്ദേഹം നിർദ്ദേശിച്ചു. ലഭിച്ചില്ലെങ്കിൽ വരാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിവരിച്ചു.[53] ആരാധനാക്രമത്തിൽ സുറിയാനി പാരമ്പര്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി നടപ്പാക്കാനും അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു. അതിനോടൊപ്പം ആഗോളസഭയെ ഒന്നായിക്കാണുവാനും അദ്ദേഹത്തിനു കഴിഞ്ഞു.[54]

ചാവറയച്ചനും പുനരൈക്യശ്രമങ്ങളും

ചാവറയച്ചന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായിരുന്നു, സാഹചര്യത്തിന്റെ സമ്മർദ്ദം മൂലമായിരുന്നാലും, കത്തോലിക്കാ സഭയിൽനിന്നും വേർപെട്ടുപോയ യാക്കോബായ സഹോദരങ്ങൾ

വീണ്ടും സഭയിൽ ഒന്നായീത്തീരുക എന്നത്. സ്വന്തറീത്തിൽ നിന്നുള്ള മെത്രാന്മാർ ഉണ്ടായാൽ ഈ സാദ്ധ്യതയേറെയാണെന്ന് അദ്ദേഹം റോമിലേക്കറിയിച്ചിട്ടുണ്ട്.[55] അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആഴമായി ചിന്തിച്ചപ്പോൾ കണ്ടെത്തിയ ചില പ്രായോഗിക പ്രശ്നങ്ങളായിരുന്നു, ആരാധനക്രമത്തിൽ വരുത്തേണ്ടമാറ്റങ്ങളും വിവാഹിതരായ യാക്കോബായ വൈദികർ തിരിച്ചുവന്നാൽ അവരെ എപ്രകാരം സ്വീകരിക്കാനാകും എന്നതും. ആവശ്യമായ പരിഹാര വഴികളെക്കുറിച്ച് വികാരി അപ്പസ്തോലിക്കാവഴി റോമിന്റെ മനസ്സു കണ്ടെത്തുവാൻ ചാവറയച്ചൻ ശ്രമിക്കുന്നതിനെക്കുറിച്ച് ശിഷ്യനും കൂടിയായ പാലാക്കുന്നേൽ മത്തായി അച്ചനുമായി നടത്തിയ എഴുത്തുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.[56] 1869-ൽ 9-ാം പീയൂസ് മാർപ്പാപ്പ, സഭയുടെ കൂട്ടായ്മയിൽ നിന്നു വിട്ടുനിൽക്കുന്ന ലോകത്തെവിടെയുമുള്ള മെത്രാന്മാരെയും ഒന്നാം വത്തിക്കാൻ സൂനഹദോസിലേക്ക് ക്ഷണിച്ചതിനെ കണക്കിലെടുത്ത് യാക്കോബായ മെത്രാന്മാരെയും ക്ഷണിക്കുവാൻ അന്നത്തെ വികാരി അപ്പസ്തോലിക്കവഴി ചാവറയച്ചൻ നേതൃത്വമെടുത്തു എന്നതും രേഖകളിൽ നിന്നും കണ്ടെത്തുവാൻ കഴിയും.[57]

ആത്മാക്കളെക്കുറിച്ചുള്ള ചാവറയച്ചന്റെ തീക്ഷ്ണത

ക്രിസ്തുവിന് ആത്മാക്കളെ നേടിക്കൊടുക്കുക എന്ന തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ചാവറയച്ചൻ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ ആഗ്രഹിച്ചുവന്നവരെ തന്റെ സഹോദര വൈദികർ വഴി വേണ്ടവിധം ഒരുക്കി മാമ്മാദീസ നൽകിയിരുന്നു. നൂറിലേറെപേർക്കുവരെ ഒരുമിച്ച് മാമ്മോദീസ നൽകിയ അവസരങ്ങളും അവരുടെ ജീവിതത്തിലുണ്ട് എന്ന് മാന്നാനം നാളാഗമത്തിൽ കാണുന്നു.[58] പുതുതായി വിശ്വാസം സ്വീകരിച്ചവർക്കായി വിശ്വാസ പരിശീലന കേന്ദ്രങ്ങളും സ്ക്കൂളുകളും ആദ്യകാല ആശ്രമങ്ങളോടു ചേർത്ത് നടത്തിയിരുന്നു.[59]

ചാവറയച്ചന്റെ പരസ്നേഹവും ശത്രുസ്നേഹവും

ദൈവത്തെ സ്നേഹിക്കുകയും ശുശ്രൂഷിക്കയും ചെയ്യുന്നത് മനുഷ്യരെ സ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്തുകൊണ്ടാണെന്നതിൽ ചാവറയച്ചനു രണ്ടു പക്ഷമില്ലായിരുന്നു. സ്നേഹം ക്ഷമയുടെ പര്യായമാണെന്നു തെളിയിക്കുന്നതായിരുന്നു ചാവറയച്ചന്റെ

ജീവിതം. മാന്നാനത്തെ സന്യാസ സമൂഹത്തിൽ നിന്നു വിശുദ്ധരുണ്ടാകുന്നതിനു മുമ്പെ താൻ സ്ഥാപിക്കുന്ന സന്യാസ സഭയിൽ നിന്ന് വിശുദ്ധരെ ഉണ്ടാക്കുമെന്നു വെല്ലുവിളിച്ചു കൊണ്ട് കുടക്കച്ചിറ അന്തോനി മാന്നാനം സെമിനാരിയിൽ നിന്നും പഠനം നിർത്തി ഇറങ്ങിപ്പോയി. പിന്നീട് അദ്ദേഹം വൈദികനായി പ്ലാശനാൽ തുടങ്ങിയ സന്യാസികളുടെ തപശ്ചര്യനിറഞ്ഞ ജീവിതം കണ്ട് ഈ മാതൃക കണ്ട് അനുകരിക്കാൻ തന്റെ സമൂഹത്തിന് നിർദ്ദേശം കൊടുക്കാൻ മാത്രം വിശാലമായിരുന്നു ചാവറയച്ചന്റെ മനസ്സ്. ഈ കുടക്കച്ചിറ തന്നെയാണ് റോക്കോസ് ശീശ്മയ്ക്ക് വഴിതെളിച്ച നേതാവായി മാറിയത്.[60] മറ്റൊരു നേതാവായ തൊണ്ടനാട്ടു അന്തോനി കത്തനാരെയും മറ്റുള്ളവർ കൈവിട്ടപ്പോൾ മാന്നാനത്തു സ്വീകരിച്ചതും മാനസാന്തരത്തിലേയ്ക്ക് നയിച്ചതും, ധ്യാനിക്കുവാൻ അവസരം കൊടുത്തതുമെല്ലാം ചാവറയച്ചന്റെ പ്രതിയോഗിക്കു തന്നെ ആയിരുന്നു.[61]

തനിക്കെതിരായി കള്ളക്കേസ്സു കൊടുക്കുകയും കോടതി കയറ്റുകയും ചെയ്ത ആളായിരുന്നു മുട്ടുചിറ ഇടവക മാഞ്ഞൂര് കളപ്പുരയ്ക്കൽ മാത്തൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെ പ്രാരാബ്ദങ്ങൾ മനസ്സിലാക്കിയ ചാവറയച്ചൻ, ഈ കുടുംബത്തെ കഴിയും വിധം സഹായിച്ച് ശത്രുക്കളെ സ്നേഹിക്കുക എന്ന കർത്താവിന്റെ പ്രമാണം പാലിക്കണമെന്ന് തന്റെ മരണപത്രികയിൽ എഴുതി വെച്ചു.[62] തന്റെ ഏറ്റവും വലിയ ശത്രു എന്ന് പരിഗണിക്കേണ്ട റോക്കോസ് മെത്രാനെ, മറ്റ് എതിരാളികളിൽ നിന്നു കാത്ത്, തന്റെ നാട്ടിലെത്താനുള്ള യാത്രാസൗകര്യങ്ങളും പണവും നൽകി അദ്ദേഹം കപ്പലിൽ യാത്ര തുടരുന്നതുവരെ കാത്തു നിന്നതും ശത്രുസ്നേഹത്തിന്റെ വലിയ പാഠങ്ങൾ ചാവറയച്ചൻ നൽകിക്കൊണ്ടായിരുന്നു.[63]

ചാവറയച്ചന്റെ ആത്മീയത നിറഞ്ഞ വചനധാര

ചാവറച്ചന്റെ ആത്മീയജീവിതത്തിന്റെ നെല്ലും പതിരും തിരിക്കാൻ സഹായിക്കുന്നതാണ് അദ്ദേഹം എഴുതിയ 'ആത്മാനുതാപം', 'മരണവീട്ടിൽ പാടുവാനുള്ള പാന', 'അനസ്താസ്യായുടെ രക്തസാക്ഷ്യം' എന്നീ കവിതാസമാഹാരങ്ങളും, ഗദ്യരചന - 'ധ്യാനസല്ലാപ' ങ്ങളും. ക്രിസ്തു, ദൈവമാതാവ്, തിരുസഭ,

വിശുദ്ധരുടെ കൂട്ടായ്മ ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയങ്ങൾ. കുടുംബജീവിതക്കാർക്കായി 'നല്ല അപ്പന്റെ ചാവരുൾ' എന്ന പേരിൽ എഴുതിയ ലേഖനം കുടുംബങ്ങളിൽ സ്നേഹം, സമാധാനം, നീതി, വിശുദ്ധി, ക്രമം, നന്മ തുടങ്ങിയവ വളർത്തിയെടുക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളായിരുന്നു. അദ്ദേഹത്തിന്റെ 'മരണവീട്ടിൽ പാടുവാനുള്ള പാന' സുകൃതജീവിതം നയിക്കുവാൻ വലിയ പ്രേരണയാണ് നൽകുക. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഉന്നതസോപാനങ്ങളിൽ എത്തുവാൻ ഇവ മറ്റുള്ളവരെ സഹായിച്ചു. അദ്ദേഹം എഴുതിയ 'നാളാഗമം' 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രം കൂടിയാണ്. മാർപ്പാപ്പയ്ക്കും കർദ്ദിനാൾമാർക്കും, മെത്രാന്മാർക്കുമുള്ള കത്തുകൾ മുതൽ, ഇടവകവൈദികർക്കും സന്യസ്തർക്കും ചാവറയച്ചൻ അയച്ച സർക്കുലറുകളും കത്തുകളും വ്യവഹാരസംബന്ധമായ കത്തുകളുമടങ്ങുന്ന 67 രേഖകൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തേയും, വിശുദ്ധിയേയും, വ്യക്തിബന്ധങ്ങളേയും വിളിച്ചറിയിക്കുന്നവയാണ്. പാരമ്പര്യങ്ങൾക്കനുസരിച്ച് അദ്ദേഹം ക്രോഡീകരിച്ചവയാണ് തൂക്കാസ എന്ന ആരാധനാക്രമാനുഷ്ഠാനവും, കാനോന നമസ്ക്കാരവും കുർബ്ബാന പഞ്ചാംഗവും മരിച്ചവർക്കു വേണ്ടിയുള്ള ക്രമങ്ങളും.[64]

ചാവറയച്ചന്റെ പ്രത്യേക ഭക്തികൾ

ദൈവവചനത്താൽ സമ്പുഷ്ടമായ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വിശുദ്ധകുർബ്ബാനയുടെ വലിയ ഭക്തനായിരുന്നു അദ്ദേഹം. ദിവസവും അനേക മണിക്കൂറുകൾ ദിവ്യസക്രാരിയുടെ മുമ്പിൽ ചിലവഴിച്ചിരുന്നു.[65] നാല്പതു മണി ആരാധന കേരളത്തിൽ ആദ്യമായി പ്രചരിപ്പിച്ചത് ഇദ്ദേഹമാണ്. തിരുക്കുടുംബത്തിന്റെ അതീവ ഭക്തനായിരുന്ന അദ്ദേഹം ഈ ഭക്തി പ്രചരിപ്പിച്ചു. 'എന്റെ അമ്മ', 'എന്റെ അപ്പൻ' എന്നായിരുന്നു പരിശുദ്ധ കന്യകയേയും വിശുദ്ധ യൗസേപ്പിനെയും അദ്ദേഹം വിളിച്ചിരുന്നത്.[66] അമ്മയുടെ മടിയിലിരിക്കുന്ന പ്രായം മുതൽ തിരുകുടുംബഭക്തി അദ്ദേഹത്തിലാരംഭിച്ചു. മാതാവിന്റെ മാസവണക്കം കേരളത്തിൽ പ്രചരിക്കുന്നതിന് ചാവറയച്ചൻ നിമിത്തമായി.ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ചാവറയച്ചൻ രാത്രിയുടെ യാമങ്ങളിലും സിമിത്തേരിയിൽ പോയി

ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു.[66] വിശുദ്ധരോടുള്ള ഭക്തി തന്റെ ആദ്ധ്യാത്മികതയെ വളർത്തുവാൻ സഹായിച്ചു. തിരുസഭയെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചു. തന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞ ദൈവാനുഭവം രചനകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മറ്റുള്ളവരിലേയ്ക്ക് അദ്ദേഹം ഒഴുക്കിയിരുന്നു. തന്റെ അറിവു വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ മലയാളഭാഷകൂടാതെ തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകളും അദ്ദേഹത്തിന് ഉപയോഗിക്കുവാൻ കഴിയുമായിരുന്നു.

ചാവറയച്ചൻ സഹനത്തിന്റെ വഴികളിലൂടെ

സഹനം ദൈവദാനമാണ്. ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേർത്ത് സ്വീകരിക്കുമ്പോൾ സ്വയവിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും അത് ഉപകാരമാകും. ഈ ഉൾക്കാഴ്ച ഉള്ളവർക്ക് സഹനം സ്നേഹത്തിന്റെ ഒരനുഭവമാണ്. ചാവറയച്ചന്റെ ചെറുപ്പകാലത്തു പിടികൂടിയ വാതപ്പനി മരണത്തോളം കൂട്ടായി ഉണ്ടായിരുന്നു.[68] കാലിലെ രോഗവും ഇടയ്ക്കിടയ്ക്ക് സഹനത്തിനുള്ള വഴികൾ തുറന്നു. യാത്രക്കിടയിൽ പലപ്രാവശ്യം അദ്ദേഹം രോഗിയാകുകയും പരസഹായം വേണ്ടിവരികയും ചെയ്തിട്ടുണ്ട്.[69] തന്റെ അവസാന നാളുകളിൽ മൂന്നുമാസത്തോളം പൂർണ്ണമായ അന്ധത അദ്ദേഹത്തെ ബാധിച്ചു. കുറെനാളത്തേയ്ക്ക് ശയ്യാവലംബനായിരുന്നു.[70] അപാരമായ വേദനകൾ സഹിച്ചിരുന്നപ്പോഴും അദ്ദേഹം പ്രസന്നവദനനും ഒന്നിലും പരാതിയില്ലാത്തവനും ആയിരുന്നു. അദ്ദേഹത്തിന്റെ സഹനത്തെക്കുറിച്ച് വേണ്ടവണ്ണം മനസ്സിലാക്കാത്തതുകൊണ്ടായിരിക്കാം ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ സഹനജീവിതത്തെക്കുറിച്ച് വിവരിക്കാത്തത്.

അദ്ദേഹത്തിന്റെ ശാരീരിക സഹനങ്ങളേക്കാൾ എത്രയോ മടങ്ങായിരുന്നു മാനസികസഹനങ്ങൾ എന്നും കാണാവുന്നതാണ്. സെമിനാരിയിലേയ്ക്കു പോകാൻ മാതാപിതാക്കൾ തടസ്സം നിന്നതും, ചാവറ കുടുംബത്തെ തൂത്തുമാറ്റാൻ പോരുന്നവിധം മാതാപിതാക്കളുടെയും ഏകസഹോദരന്റെയും അകാലമരണവും, ആസ്തപ്പാടുപട്ടം സ്വീകരിച്ചെത്തിയ ചാവറ ശെമ്മാശ്ശനെ ഇടവകക്കാരും വികാരിയച്ചനും സ്വീകരിക്കാതെ വന്നതുമെല്ലാം[71] ചാവറയച്ചന്റെ ജീവിതത്തിലെ വലിയ സഹനങ്ങളുടെ നിമിഷങ്ങളായിരുന്നു.

മാന്നാനത്ത് ആശ്രമം ആരംഭിച്ചപ്പോൾ അതിനുണ്ടായ തടസ്സങ്ങളും,[72] സ്വതന്ത്ര ഭാരതീയ സന്യാസസഭയായി തുടരാൻ സാധിക്കാതെ വന്നതും,[73] കേരളസഭയിലുണ്ടായ ശീശ്മകളും അതിന്റെ പേരിൽ സഭാതനയർ ചേരിതിരിയുന്നതിലുള്ള ദുഃഖങ്ങളുമെല്ലാം വർണ്ണനാതീതങ്ങളായിരുന്നു.[74] മഠസ്ഥാപനരംഗത്തും, പുത്തൻ പള്ളിയിൽ മഠം വേണ്ടാ എന്നു വെയ്ക്കേണ്ടി വന്നപ്പോൾ കൂനമ്മാവിൽ മഠം തുടങ്ങിയപ്പോൾ പുത്തനങ്ങാടി ഏലീശ്വയെ ആദ്യ ദിവസം മഠത്തിൽ കയറ്റാൻ തടസ്സം വന്നതുമെല്ലാം അദ്ദേഹത്തെ വേദനിപ്പിച്ച നിമിഷങ്ങളാണ്.[75] യൂറോപ്പിലുണ്ടായ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധങ്ങൾ തിരുസഭയ്ക്കും പരിശുദ്ധ പിതാവിനും വരുത്തിയ വിനകൾ കണ്ണുനീരോടെ മാത്രമെ തിരുസഭാസ്നേഹിയായ ചാവറയച്ചന് ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞുള്ളു.[76] ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ച അദ്ദേഹം എല്ലാ സഹനങ്ങളിലും നന്മ മാത്രം കണ്ടെത്തി.

ചാവറയച്ചൻ - മരണത്തെ ഭയപ്പെടാത്ത സിദ്ധൻ

മരണമടുത്തു എന്നറിഞ്ഞപ്പോൾ മനുഷ്യ സംസർഗ്ഗം കുറയ്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ആരെങ്കിലും അടുത്തെത്തിയാൽ ആത്മീയ കാര്യങ്ങൾ മാത്രമെ സംസാരിക്കാവു എന്നദ്ദേഹം നിഷ്ക്കർഷിച്ചു. ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിച്ച് കേൾക്കുവാൻ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചു.[77] അദ്ദേഹത്തിന്റെ മരണം അടുത്തു എന്നറിഞ്ഞ ദുഃഖാർത്തരായ അംഗങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷണം എപ്പോഴും എന്നോടുകൂടിയുണ്ടായിരുന്നതുകൊണ്ട് മാമ്മോദീസായിൽ എനിക്കുകിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നുപറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങൾ എല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" എന്നു പ്രാർത്ഥിച്ചുകൊണ്ട് അവരെ അനുഗ്രഹിച്ചു. തുടർന്ന് രോഗിലേപനം ചോദിച്ചുവാങ്ങുകയും ചെയ്തു. 1871, ജനുവരി 3-ാം തീയതി രാവിലെ 7.30 ന്, അദ്ദേഹം 65-ാം വയസ്സിൽ ദൈവത്തിൽ വിലയംപ്രാപിച്ചു.[78]

ചാവറയച്ചന്റെ വിശുദ്ധിയിലേക്കുള്ള നാൾവഴികൾ

ചാവറയച്ചന്റെ മരണവർഷത്തിൽ തന്നെ, അദ്ദേഹത്തിന്റെ ആത്മീയ പിതാവും കൂടിയായിരുന്ന ലെയോപ്പോൾദ് മിഷനറി, ഈ പുണ്യപിതാവിന്റെ പല ഉപയോഗവസ്തുക്കളും തിരുശേഷിപ്പ് എന്ന വിധം സൂക്ഷിക്കുവാനായി സഭാംഗങ്ങൾക്ക് വീതിച്ചുകൊടുത്തിരുന്നു. നേരിട്ടുള്ള ജീവിതാനുഭവങ്ങൾ വഴി ചാവറയച്ചന്റെ ജീവിതവിശുദ്ധിയേക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതിനെക്കുറിച്ച് പ്ലാൻചെയ്തു തുടങ്ങിയെങ്കിലും 1875-ൽ അദ്ദേഹം ഇറ്റലിയിലേയ്ക്ക് മടങ്ങിപ്പോയതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല.

തുടർന്ന് കേരള സഭാന്തരീക്ഷത്തിലുണ്ടായ കലുഷിതമായ സാഹചര്യങ്ങളാൽ തുടർനടപടികൾ മന്ദഗതിയിലായി. 1936-ൽ ചേർന്ന സി.എം.ഐ. സഭയുടെ പൊതുസംഘം വീണ്ടും നാമകരണ നടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചു. ഇതിന്റെ ഭാഗമായി ചാവറയച്ചന്റെ സമ്പൂർണ്ണ ജീവചരിത്രം പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയും കുറിച്ച് കൂടുതൽ ആളുകൾ അറിയാനിടയായി. കൂടുതൽ മാദ്ധ്യസ്ഥ പ്രാർത്ഥനകളും ആരംഭിച്ചു. ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചു തുടങ്ങി.

1953-ൽ ഒറിയന്റൽ സഭകളുടെ അദ്ധ്യക്ഷനും കൂടിയായിരുന്ന കാർഡിനൽ യൂജിൻ ടിസറാംഗ് നടപടികൾ ആരംഭിക്കുവാൻ അന്നത്തെ ജനറലിനോടാവശ്യപ്പെട്ടു. 1955-ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതി ലഭിച്ചു. 1957-ൽ ചങ്ങനാശ്ശേരി രൂപതാ മെത്രാൻ മാർ മാത്യു കാവുകാട്ട് നടപടികൾക്കാവശ്യമായ ചരിത്ര കമ്മീഷനെ നിയോഗിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നും അർക്കൈവ്സുകളിൽ നിന്നുമായി 210 രേഖകൾ ഇവർ കണ്ടെത്തി.

1962-ൽ ചാവറയച്ചന്റെ ജീവിതത്തെയും വിശുദ്ധിയെയും വിലയിരുത്താൻ നിയമിച്ച ട്രിബ്യൂണൽ 501 സെഷനുകളിലൂടെയായി 104 സാക്ഷികളുടെ മൊഴികൾ ശേഖരിച്ചു. 1967-ൽ ട്രിബ്യൂണലിന്റെ പ്രസിഡണ്ടായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിന്റെ നേതൃത്വത്തിലാണ് രേഖകളും നടപടികളും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിയത്. അതിരൂപതാ മെത്രാൻ മാർ ആന്റണി പടിയറ 1971-ൽ

ഒപ്പുവെച്ച രേഖകൾ റോമിലെ നാമകരണ നടപടികളുടെ തിരു സംഘത്തിന് സമർപ്പിച്ചു.

1973-ൽ സംഘം രേഖകളുടെ സാധ്യത ഉറപ്പുവരുത്തി. 1977-ൽ പൊസിസിയോ എന്ന ആധികാരിക പഠനരേഖ തിരുസംഘത്തിനു സമർപ്പിച്ചു. പൊസിസിയോ പരിശോധിച്ച ഒൻപതംഗങ്ങളും ചാവറയച്ചൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി, ഏകകണ്ഠമായി പ്രഖ്യാപിച്ചു. എല്ലാ അംഗങ്ങളും ഒരുമിച്ച് ഇത്തരമൊരു അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ വളരെ അപൂർവ്വമായ സംഭവമാണ്. 1984 ഏപ്രിൽ 7-ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ചാവറയച്ചനെ 'ധന്യ'നായി പ്രഖ്യാപിച്ചു.

ഇതെ തുടർന്ന് ധന്യനായ ചാവറയച്ചന്റെ മാദ്ധ്യസ്ഥതയിൽ നടന്ന മൂന്ന് അൽഭുതങ്ങൾ സമർപ്പിച്ചു. അതിൽ ഒന്ന് തിരഞ്ഞെടുത്ത് പഠനവിഷയമാക്കുകയും 1985-ൽ അത്ഭുതമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1986 ഫെബ്രുവരി 8-ന് കോട്ടയത്ത് വെച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ചാവറയച്ചനെ 'വാഴ്ത്തപ്പെട്ടവൻ' എന്നു പ്രഖ്യാപിച്ചു.[79]


ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പഠനങ്ങളുടെ അവസാനം അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ നാമനിർദ്ദേശം ചെയ്ത വിശുദ്ധരെക്കുറിച്ചുള്ള നടപടികളുടെ തിരുസംഘത്തിന്റെ തലവൻ, കർദ്ദിനാൾ പീറ്റർ പലസ്സിനി നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: ''ജീവിതകാലം മുഴുവൻ അനുതാപ ചിന്തയാൽ ഉരുകിയിരുന്ന ചാവറയച്ചൻ, 'മാമ്മോദിസായിൽ സ്വീകരിച്ച ദൈവ വരപ്രസാദം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു' എന്നുപറഞ്ഞുകൊണ്ടാണ് മരണത്തെ അഭിമുഖീകരിച്ചത്. പാപബോധമില്ലാത്ത ആധുനികലോകത്തിന് അദ്ദേഹം ഒരു ചോദ്യച്ഛിഹ്നമാണ്.''[80]

ഇരുപതുനൂറ്റാണ്ടു പഴക്കമുള്ള ഭാരതസഭയിലെ ആദ്യവിശുദ്ധരുടെ ഗണത്തിൽ ചാവറയച്ചനും പെടുന്നു എന്നത് നമുക്ക് സന്തോഷകരമാണ്. അദ്ദേഹം വഴി നല്ല ദൈവം ധാരാളം അനുഗ്രഹങ്ങൾ ലോകത്തിനു ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

1986 ഫെബ്രുവരി 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവെച്ച് ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. '..... കേരളത്തിൽ ജനിക്കുകയും അറുപത്തഞ്ച് വർഷത്തോളം ഇവിടെ ജീവിക്കുകയും ചെയ്ത ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്ത ആളാണ്. ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹം അദ്ദേഹത്തെ അപ്പസ്തോലിക തീക്ഷ്ണത കൊണ്ടു നിറച്ചു. ഇത് സഭയുടെ ഐക്യത്തെ വളർത്തുവാൻ പ്രത്യേകമായി സഹായിച്ചു. ആത്മാക്കളുടെ രക്ഷയിലുള്ള പ്രവർത്തനങ്ങളിൽ വലിയ ഔദാര്യത്തോടെ എല്ലാവരോടും പ്രത്യേകിച്ച് തന്റെ സഹസന്യാസികളോടും വൈദികരോടും സഹകരിച്ചു... സഭ ഇന്നു പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടി അനുസ്മരിക്കുന്നു.''[81]



ബ്രദർ കണിയാന്തറ യാക്കോബ്



1800 - 1898

ഒരു സന്യാസ സഭയുടെ രൂപീകരണത്തിന്റെ ആദ്യ നാളുകൾ മുതൽ ഒരംഗത്തെപ്പോലെ, എന്നാൽ ഒരംഗമല്ലാതെ 35-ലേറെ വർഷങ്ങൾ സഹകരിച്ചു പ്രവർത്തിക്കുക, അതിനുശേഷം മാത്രം ഒരു സന്യാസി എന്ന പേരോടുകൂടി ജീവിക്കുവാൻ ഇടവരുക, എന്നത് ചരിത്രത്തിൽ വളരെ വിരളമായി സംഭവിച്ചിട്ടുള്ള കാര്യമാണ്. അപ്പോൾ ദൈവ നിശ്ചയത്തെ മറികടക്കുവാൻ ആർക്കും സാദ്ധ്യമല്ല എന്നതിന്, സമയം വരെ കാത്തു നിൽക്കുവാൻ മനുഷ്യന് സാധിക്കും എന്നതിന്, ഉത്തമ തെളിവാണ് കണിയാന്തറ യാക്കോബ്. സി.എം.ഐ. സഭയുടെ രൂപീകരണത്തിൽ അദ്ദേഹവും ഒരു കണ്ണിയായിത്തീരണം എന്നത് ദൈവനിശ്ചയമായിരുന്നു. അതിനുവേണ്ടി സന്യാസ സഭയുടെ ഘടനയ്ക്കുതന്നെ മാറ്റം വരുത്തി ക്രമീകരിക്കുവാൻ ദൈവം തിരുമനസ്സായി എന്നു വേണം ചിന്തിക്കുവാൻ.

"ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ച ആയിരിക്കകൊണ്ടും വല്ല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശന വീടുണ്ടാക്കണം"[1] എന്ന ആഗ്രഹത്തോടെ, അതിനുവേണ്ടിയുള്ള അനുവാദത്തോടെ ആരംഭിച്ച സന്യാസ സഭയാണ് സി.എം.ഐ. സഭ. 1831 മുതൽ 1860 വരെയുള്ള അതിന്റെ ചരിത്രത്തിൽ പുരോഹിത സന്യാസത്തിൽ അവൈദികർക്കും അംഗമാകാം എന്ന ആശയം അറിവിന്റെ തലത്തിലൊ, അനുവാദത്തിന്റെ തലത്തിലോ ഇല്ലായിരുന്നു എന്നാണ് സഭയുടെ തുടക്കകാല ചരിത്രത്തിൽ നിന്നു മനസ്സിലാകുന്നത്.[2]

ഭാരതസഭയുടെ ചരിത്രത്തിൽ ഏതദ്ദേശീയമായി ആരംഭിച്ച സി.എം.ഐ സഭയിലേക്ക് അവൈദിക സഹോദരനായി ആദ്യം കടന്നു വന്ന വ്യക്തിയാണ് കുട്ടനാട്, ചമ്പക്കുളം കല്ലൂർക്കാട് ഇടവകക്കാരൻ കണിയാന്തറ യാക്കോബ്.

അദ്ദേഹം 12 പേജുകളിലായി എഴുതി വെച്ചിരിക്കുന്ന സഭയുടെ തുടക്ക ചരിത്രമാണ് ഒന്നാമതായി അദ്ദേഹത്തെക്കുറിച്ചുള്ള ചില അറിവുകൾ നമുക്കു നൽകുന്നത്.[3] മറ്റൊന്ന് ചാവറയച്ചൻ എഴുതിയ നാളാഗമമാണ്, ഈ രണ്ടു രേഖകളും, മാന്നാനത്ത് എഴുതി സൂക്ഷിച്ചിരുന്ന താളിയോലകളിൽ നിന്നു കിട്ടിയ അറിവും, കണിയാന്തറ യാക്കോബിനെ നേരിട്ടുകണ്ടിട്ടുള്ളവരിൽ നിന്നും കേട്ട അറിവുകളും ഉപയോഗിച്ച് യാക്കോബിന്റെ ജീവചരിത്രം ബ്രദർ മത്തായി കൊച്ചുപറമ്പിൽ എഴുതിയിട്ടുണ്ട്. ഈ ആധികാരിക ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്.

യാക്കോബിന്റെ കുടുംബത്തെക്കുറിച്ചോ, അദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ചോ, വിദ്യാഭ്യാസത്തെക്കുറിച്ചോ ഉള്ള അറിവുകളൊന്നും നമുക്കു ലഭിച്ചിട്ടില്ല. മാന്നാനത്ത് കണക്കെഴുതിയിരുന്ന ഓലയിൽ നിന്നാണ് അദ്ദേഹത്തിന്റെ അപ്പന്റെയോ, അപ്പന്റെ അപ്പന്റെയോ പേരുലഭിച്ചിരിക്കുന്നത്. ആ കാലങ്ങളിൽ ഭൂ ഉടമകൾ പുലയരെ ജോലിക്കെടുക്കുമ്പോൾ ഒരു കരാർ എഴുതി വെക്കാറുണ്ട്. ഇവരെ അടിയാന്മാരായാണ് കണക്കാക്കിയിരിക്കുന്നത്. മാന്നാനത്തെ പണികൾക്കായി പുലയരെ പണിയാളുകളായി എടുത്ത രേഖയിലാണ് 'ഗോവേന്തപ്പള്ളിൽ വിചാരിപ്പു കണിയാന്തറ ചാക്കോ ചാക്കോ' എന്ന പേരുകാണുന്നത്. 1800 ജനുവരി 6-ന് ആയിരുന്നു യാക്കോബിന്റെ ജനനം.[4]

കണിയാന്തറ യാക്കോബും പോരൂക്കര തോമ്മാച്ചനും

1871-നു ശേഷം യാക്കോബുതന്നെ എഴുതിവെച്ചിരുന്ന സഭയുടെ തുടക്ക ചരിത്രത്തിൽ നിന്നാണ് അദ്ദേഹത്തെക്കുറിച്ചുള്ള പല അറിവുകൾ നമുക്ക് ലഭിച്ചിരിക്കുന്നത്. ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിലെ രണ്ടു കുടുംബങ്ങളാണ് പോരൂക്കരയും കണിയാന്തറയും. സമപ്രായക്കാരായ തോമ്മാച്ചനും യാക്കോബും ഈ കുടുംബങ്ങളിലെ അംഗങ്ങളും ബാല്യകാല സുഹൃത്തുക്കളുമാണ്.

തോമ്മാച്ചൻ പട്ടത്തിനു പഠിക്കാൻ വരാപ്പുഴ സെമിനാരിയിൽ ചേർന്നു, യാക്കോബ് വീട്ടു ജോലികളിലും മുഴുകി. 1822-ലെ അവധിക്കാലത്ത് തോമ്മാച്ചൻ വീട്ടിലെത്തി. ഡീക്കനായിരുന്ന അദ്ദേഹം അന്നൊരുദിവസം കൂട്ടുകാരൻ യാക്കോബിനെ കണ്ടപ്പോൾ സംസാര മദ്ധ്യേ തോമ്മാച്ചൻ പറഞ്ഞ വിവരം യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്:

"ഞാൻ കുർബ്ബാനപട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കും കൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടുവാൻ പ്രയാസം എന്നും മറ്റും വളരെ ഗുണദോഷങ്ങൾ പറഞ്ഞു. അപ്പോൾ മനസ്സില്ലാഞ്ഞു എങ്കിലും അദ്ദേഹത്തിന്റെ മുഖത്തെക്കുറിച്ച് അങ്ങനെ തന്നെ എന്നും പറഞ്ഞു പിരിഞ്ഞു."[5]

കാലങ്ങൾ കടന്നു പോയി. തോമ്മാച്ചൻ വൈദിക പട്ടമേറ്റ് കല്ലൂർക്കാട്, തങ്കശ്ശേരി എന്നിവിടങ്ങളിൽ വികാരിയായി. സുറിയാനിക്കാർക്കും, ലത്തീൻക്കാർക്കും ഇഷ്ടപ്പെട്ട നല്ല വികാരിയായിരുന്നു തോമ്മാച്ചൻ. താനേറ്റെടുത്ത ഇടവകകളിൽ അതുവരെയില്ലാത്ത ഉണർവ്വുണ്ടായി. അദ്ദേഹം പുതിയപുതിയ കർമ്മ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരുന്നു.

യാക്കോബിന് ഭാവിയെക്കുറിച്ച് തീരുമാനമെടുക്കാൻ സാധിക്കുന്നില്ല. കൂട്ടുകാരൻ ഒന്നാവശ്യപ്പെട്ടു, വനവാസത്തിനു പോകാൻ. പക്ഷെ, അദ്ദേഹത്തെ കണ്ടു കിട്ടാനെയില്ല. അദ്ദേഹത്തിന്റെ തീരുമാനം മാറ്റിയതോ അവസരം കിട്ടാത്തതുകൊണ്ടോ? അറിയില്ല. വർഷങ്ങൾ കടക്കുമ്പോൾ വയസ്സും കൂടുമല്ലൊ. യാക്കോബിനു വയസ്സ് 26 കഴിഞ്ഞു. മുമ്പു മുതലെ മാതാപിതാക്കൾ പറഞ്ഞു തുടങ്ങിയതാണ് വിവാഹം കഴിക്കാൻ. എന്തെങ്കിലുമൊരു തീരുമാനമെടുത്തേ പറ്റൂ.

യാക്കോബ് അവസാനം മാതാപിതാക്കളുടെ സമ്മർദ്ദത്തിനും വഴങ്ങി. വിവാഹത്തിനു സമ്മതിച്ചു. ആലോചനകൾ വന്നു. തീരുമാനമായി. താമസിയാതെ ഒരു ജീവിതസ്സിലേക്കു പ്രവേശിക്കണം, ദൈവത്തിന് അദ്ദേഹത്തെക്കുറിച്ച് വ്യക്തമായ ഒരു പദ്ധതിയുണ്ടായിരുന്നു. അതുകൊണ്ടായിരിക്കണം വിവാഹജീവിതത്തിന് വേണ്ടി തീരുമാനമെടുക്കാൻ യാക്കോബിന് ഉറപ്പില്ലാതെ വരുന്നത്. അന്നൊരു തിരുനാൾദിനമോ ഞായറാഴ്ചയോ ആയിരുന്നു. അദ്ദേഹം ദേവാലയത്തിലേക്കു നടന്നു. തുടർന്നുള്ള സംഭവങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ ശ്രവിക്കാം.

"പിന്നീട് കല്യാണം ചെയ്യാൻ മനസ്സായിരിക്കയും കല്യാണം നിശ്ചയിച്ചിരിക്കുമ്പോൾ ഒരു ദിവസം പെരുന്നാളോ, ഞായറാഴ്ചയോ അന്നു കുർബ്ബാന കാണ്മാൻ തന്നെ പള്ളിയിൽ പോയി. ചില ദിവസം കുർബ്ബാന കാണത്തില്ല. കളിപ്പാൻ പോകും അങ്ങനെയത്രെ രീതി".[6]

യാക്കോബിന്റെ വഴിത്തിരിവ്

അസീസ്സിയിലെ സാൻ ദമയാനോപള്ളിയിലെ ഞായറാഴ്ച കുർബ്ബാനക്കിടക്ക് ശ്രവിച്ച സുവിശേഷഭാഗവും അതിനോടൊപ്പം ശ്രവിച്ച വചന പ്രഘോഷണവുമായിരുന്നു അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതത്തെ ആകെമാറ്റി മറിച്ചത്, അദ്ദേഹത്തെ സന്ന്യാസിയും വലിയൊരു വിശുദ്ധനുമാക്കി മാറ്റിയത്.

ഏതാണ്ടിതുപോലെ ആയിരുന്നു കണിയാന്തറ യാക്കോബിന്റെ കാര്യത്തിലും. അദ്ദേഹം എന്നും ദേവാലയത്തിലേക്കു കുർബ്ബാനയിൽ പങ്കെടുക്കാൻ പുറപ്പെടും ചിലപ്പോഴെല്ലാം വഴിമാറി കളിക്കാൻ പോകും. എന്നാൽ അന്നു പള്ളിയിലേക്കുതന്നെയാണ് പോയത്. തിരുനാളായതു കൊണ്ടായിരിക്കാം അന്ന് കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ കുഞ്ഞാക്കോ കത്തനാരച്ചന്റെ പ്രസംഗം കുർബ്ബാനയ്ക്കുശേഷം ഉണ്ടായിരുന്നു. ഇതിനേക്കുറിച്ച് യാക്കോബ് വിവരിക്കുന്നത് ഇപ്രകാരമാണ്:

"അദ്ദേഹം പ്രസംഗം തുടങ്ങുകയും ആയത് നല്ല സൂക്ഷ്മമായിട്ട് ബോധം കൊടുത്തു കേട്ടു. അപ്പോൾ തന്നെ നിശ്ചയിച്ചു.

പെണ്ണുകെട്ടുവേണ്ട. പോരൂക്കരയച്ചൻ പറഞ്ഞ വഴി നല്ലതായിരുന്നു. ആയതിനു എന്തു വേണ്ടു, അദ്ദേഹം ഇല്ലല്ലൊ, ഞാൻ തന്നെ എന്തു ചെയ്യും എന്നു വിചാരിച്ച് വൈകുന്നേരം വരെ പള്ളിയിൽ താമസിച്ച് ദേവമാതാവിനോട് അപേക്ഷിച്ചുകൊണ്ട് വൈകിയപ്പോൾ വീട്ടിലേക്ക് പോകയും പിറ്റേദിവസം കാലത്തെ പള്ളിയിൽ വന്ന്, എന്റെ ദൈവമാതാവെ, നീ ഇതിന് എനിക്ക് ഒരു കഴിവുണ്ടാക്കിത്തരണമെന്നും മുട്ടിപ്പായിട്ട് അപേക്ഷിച്ചു. ദേവമാതാവിനെക്കുറിച്ച് ഒരു ശനിയാഴ്ച കുർബ്ബാന ചൊല്ലിപ്പാൻ നിശ്ചയിച്ചും കൊണ്ട് വിഷാദത്തോടും സങ്കടത്തോടും കൂടി അപേക്ഷിച്ചുകൊണ്ട് പുറത്തിറങ്ങിയപ്പോൾ ആരാണ്ടോ പറഞ്ഞു പോരൂക്കര അച്ചൻ വന്നു എന്ന്. ആയതു കേട്ട് വളരെ സന്തോഷപ്പെട്ട് വഞ്ചിക്കടവിൽ ചെന്നപ്പോൾ പോരൂക്കര അച്ചനെ വഞ്ചിയിൽ വെച്ചുകണ്ട് സ്തുതി ചൊല്ലി. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ മുമ്പിൽ പറഞ്ഞ ഒരു കാര്യം മറന്നുകളഞ്ഞു അല്ലെ എന്നു ചോദിക്കയും അപ്പോൾ ഇല്ല മറന്നില്ല കുറെ ഉപേക്ഷ വിചാരിച്ചിരുന്നു എങ്കിലും ഇപ്പോൾ അവയെല്ലാം ഉപേക്ഷിച്ചു, പറഞ്ഞ പ്രകാരം ഉറച്ചു എന്നു പറഞ്ഞു. എന്നാൽ ഇപ്പോൾ തന്നെ ആകട്ടെ ഞാൻ വരാപ്പുഴക്കു പോകുന്നു. നീ കൂടെ പോരെന്നും അവിടെ യജമാനസ്ഥലം ആകുന്നു പുണ്യകാര്യങ്ങൾ ചെയ്വാൻ ഇവിടുത്തെപ്പോലെ ഒരു വിഘ്നവും ഇല്ല. അവിടെ ചെന്നതിന്റെ ശേഷം പിന്നെ എന്തു വേണ്ടൂ എന്ന് വിചാരിച്ചു കൊള്ളാം."[7]

വിവാഹ നിശ്ചയത്തിനടുത്തെത്തിയ യാക്കോബിന്റെ മാറ്റം പെട്ടെന്നായിരുന്നു; തീരുമാനവും. പോരൂക്കര അച്ചന്റെ കൂട്ടത്തിൽ പോകണം. വീട്ടിലറിയിച്ചാൽ അനുവദിക്കില്ല. അനുവാദമില്ലെന്നറിഞ്ഞാൽ അച്ചൻ കൂട്ടത്തിൽ കൊണ്ടുപോകയുമില്ല. ചെറിയൊരു നുണ പറയുക തന്നെ. യാക്കോബ് വീട്ടിൽ ചെന്ന് മാതാപിതാക്കൾ അറിയാതെ വേഷം മാറി തിരിച്ചെത്തി. രണ്ടു പേരും കൂടി വരാപ്പുഴയ്ക്കു പോയി..[8]

തുടർന്നുള്ള യാക്കോബിന്റെ ജീവിതം അർപ്പണത്തിന്റേതും ഔദാര്യത്തോടെയുള്ള പങ്കുവെയ്ക്കലിന്റേതുമായിരുന്നു. കണിയാന്തറ യാക്കോബിന്റെ ജീവിത്തിലെ പുതിയൊരു വഴിത്തിരിവായിരുന്നു ഈ ദേവാലയാനുഭവം.

വൈദിക സന്യാസ സഭയുടെ രൂപീകരണത്തിൽ യാക്കോബിന്റെ പങ്ക്

വരാപ്പുഴ, പള്ളിപ്പുറം, അർത്തുങ്കൽ എന്നീ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ പാലക്കലച്ചന്റെയും, പോരൂക്കരയച്ചന്റേയും, ചാവറയച്ചന്റേയും സാമിപ്യത്തിനും മനസ്സുകളുടെ സംയോജനത്തിനും വഴി തെളിയിച്ച വേദികളായിരുന്നു. ഇവർ ആവിഷ്ക്കരിച്ച കർമ്മ പദ്ധതിയുടെ ഒന്നാംഘട്ടം എന്ന വിധം വൈദികർക്കു വേണ്ടിയുള്ള സന്യാസസഭയെക്കുറിച്ചു മാത്രമെ അവർ പ്രധാനമായി ചിന്തിച്ചു ള്ളൂ. അതുകൊണ്ട് മെത്രാനിൽ നിന്നുള്ള അനുവാദവും ഇതിനു വേണ്ടി ആയിരുന്നു.

അച്ചന്മാർ എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ അവരോടൊത്തുനിന്ന് അവരുടെ ആവശ്യങ്ങളിൽ ഉപകാരിയാകുക എന്നതു വിട്ടു യാക്കോബിനു മറ്റൊന്നും ചിന്തിക്കുവാൻ കഴിഞ്ഞില്ല. തന്റേതായ യാതൊരു പ്ലാനും പദ്ധതിയും അദ്ദേഹത്തിനില്ലായിരുന്നു. പോരൂക്കരയച്ചൻ പറയുന്നതു പ്രവർത്തിക്കുക എന്നതു വിട്ട് സ്വയമായി ഒന്നും ചിന്തിക്കുവാൻ ദൈവം അദ്ദേഹത്തെ അനുവദിച്ചില്ലായിരിക്കാം. കുടുംബത്തിൽ നിന്നു വിട്ടു നിന്ന് വൈദികരോടൊത്തു പ്രവർത്തിക്കുന്നതിലായിരിക്കാം പോരൂക്കരയച്ചനുദ്ദേശിച്ച 'വനവാസം' എന്നദ്ദേഹം ധരിച്ചിരിക്കണം. മറിച്ചൊന്നും ആഗ്രഹിച്ചതായി അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണുന്നില്ല.

മെത്രാന്റെ അനുവാദവുമായി ആശ്രമത്തിനു വേണ്ടി സ്ഥലാന്വേഷണം ആരംഭിച്ചപ്പോൾ മുതൽ യാക്കോബും സജീവ പ്രവർത്തകനായി. ചാവറയച്ചന്റെ നാളാഗമത്തിൽ ഇപ്രകാരം കാണുന്നു:

"ഇങ്ങനെ ബഹു. അച്ചനും (മെത്രാനും) സെക്രട്ടറിയച്ചനും അഡ്മിനിസ്ട്രേറ്ററച്ചനും, ഇവർ അർത്തുങ്കലും ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പുറത്തും പാർത്തു വരുമ്പോൾ ദർശന വീടിനു സ്ഥലം കാണണമെന്നും നിശ്ചയിച്ച് ഞങ്ങളുടെ മല്പാനച്ചനും പോരൂക്കര അച്ചനും അദ്ദേഹത്തിന്റെ ഒരു വാലിഭക്കാരനായിട്ട് കല്ലൂർക്കാട്ടു പള്ളിയിൽ ഇടവകക്കാരൻ കണിയാന്തറ യാക്കോ എന്നു പേരുവിളിക്കപ്പെട്ട ഒരു പൈതൽ അദ്ദേഹത്തോടുകൂടെക്കൂടി."[9]

ഇവിടെ അച്ചന്മാരുടെ വ്യക്തിത്വത്തേയും അവരോടൊന്നിച്ചു നീങ്ങാൻ തയ്യാറായ യാക്കോബിനെയും കുറിച്ചു ചാവറയച്ചൻ

സൂചിപ്പിക്കുന്ന ഒരു വാചകം ശ്രദ്ധേയമാണ് "ചാരുന്ന മരം നാറും എന്ന പഴഞ്ചൊല്ലിൽ പറയുക വണ്ണം ഈ പൈതലിനും നൽവഴി നടക്കണമെന്നുള്ള ആഗ്രഹം വളരെയുണ്ടായി".

ആദ്യമായി അവർ സ്ഥലാന്വേഷണത്തിനിറങ്ങിയത് ഇത്തിപ്പുഴ യാറുവഴി വെട്ടിക്കാട്ടുമുക്കും കടന്നു ആ പ്രദേശങ്ങളും മുളക്കുളം പ്രദേശങ്ങളുമായിരുന്നു. അവിടങ്ങളിലൊന്നും തങ്ങളുടെ ആശയാദർശങ്ങൾക്കൊത്ത സ്ഥലം കണ്ടെത്തിയില്ല. ഇങ്ങനെ തുടർന്നുള്ള പല സ്ഥലാന്വേഷണങ്ങളിലും യാക്കോബും അവരോടു കൂടി ഉണ്ടായിരുന്നു.[10]

പല സ്ഥലങ്ങളിലും കയറിയിറങ്ങി അന്വേഷിച്ച് അവസാനം കുമാരനല്ലൂർ ദേശത്ത് പുല്ലരിക്കുന്ന് എന്ന സ്ഥലം അവർ കണ്ടെത്തി. തുടർന്നാവശ്യമായത് സർക്കാർ അനുവാദങ്ങളാണ്. ഇതിനായി പോരൂക്കര അച്ചനെ ചുമതലപ്പെടുത്തി. പലരിൽ നിന്നും സംഘടിപ്പിക്കേണ്ട എഴുത്തുകൾ കൊല്ലത്തു പോയി ശേഖരിച്ച് അദ്ദേഹം യാക്കോബിന്റെ കയ്യിൽ ഏല്പിച്ചു. പള്ളിപ്പുറത്തു കൊണ്ടുവന്ന എഴുത്തുകളുമായി പാലക്കലച്ചൻ യാക്കോബിനെയും കൂട്ടിയാണ് എറണാകുളത്ത് വന്ന് അവിടെ മദ്രാസിൽ നിന്നെത്തിയിരുന്ന ഗവർണറെ കണ്ടത്.

ഇതുപോലെ തങ്ങളുടെ ഇതര ജോലികൾക്കു തടസ്സം വരാതിരിക്കുവാൻ വേണ്ടി പലപ്പോഴും സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കുവാനുള്ള എഴുത്തുകൾ യാക്കോബിന്റെ കയ്യിൽ കൊടുത്തു വിടുമായിരുന്നു. യാക്കോബിന്റെ സഹകരണങ്ങളെക്കുറിച്ച് ചാവറയച്ചൻ നാളാഗമങ്ങളിൽ പലയിടത്ത് സൂചിപ്പിക്കുന്നുണ്ട്.[11]

മാന്നാനത്ത് ആശ്രമത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞപ്പോൾ യാക്കോബ് ആയിരിക്കണം സ്ഥിരമായി അവിടെ ഉണ്ടായിരുന്നത്. പാലക്കലച്ചന് പള്ളിപ്പുറം സെമിനാരി വിട്ട് അധികസമയം മാന്നാനത്തു ചിലവഴിക്കാൻ കഴിയുമായിരുന്നില്ല. പോരൂക്കരയച്ചൻ താമസം മാന്നാനത്താക്കിയെങ്കിലും അധികസമയവും ധർമ്മ പിരിവിനും പള്ളികളിൽ സഹായിക്കുവാനുമായി പോകുമായിരുന്നു. ചാവറയച്ചനാകട്ടെ പാലക്കലച്ചൻ സ്ഥലത്തില്ലാത്തപ്പോൾ പള്ളിപ്പുറത്തും ബാക്കിസമയം മാന്നാനത്തുമായി കഴിഞ്ഞു. ഈ സാഹചര്യങ്ങളെക്കുറിച്ച് യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"ചാവറ അച്ചനും യാക്കോബും കൂടി അവിടെ പാർത്തു പണിയിക്കയും പോരൂക്കര അച്ചൻ നടന്നു ധർമ്മം വാങ്ങിച്ചുകൊണ്ടുവരികയും ചിലപ്പോൾ പള്ളിപ്പുറത്തച്ചനും പോരൂക്കര അച്ചനും രണ്ടാളും കൂടി പള്ളിയിൽ ധർമ്മത്തിനു പോയി വാങ്ങിച്ചുകൊണ്ടുവരികയും"[12]

കൊവേന്ത വിചാരിപ്പ് യാക്കോബ്

മാന്നാനത്ത് ആശ്രമം തുടങ്ങിയതിനുശേഷമുള്ള യാക്കോബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്കു കിട്ടുന്ന അറിവുകൾ പ്രധാനമായും മാന്നാനത്തെ നാൾവഴി കണക്കുകളിൽ നിന്നാണ്. ആദ്യകാല കണക്കുകൾ പലതും ഓലകളിലായിരുന്നു എഴുതിവെച്ചിരുന്നത്. അവയിൽ പലതും നഷ്ടപ്പെട്ടുപോകുന്നതിനു മുമ്പ് മത്തായി കൊച്ചുപറമ്പിൽ ബ്രദർ പരിശോധിച്ചിട്ടുണ്ടായിരുന്നു. അങ്ങനെയുള്ള പല കണക്കുകളിൽനിന്ന് യാക്കോബ് വഹിച്ചിരുന്ന ചുമതലകളെക്കുറിച്ച് അറിയുവാൻ കഴിയും. ആശ്രമത്തിന്റെ പണികൾ നടത്തിക്കുന്നതിലും, സ്ഥലങ്ങളുടേയും കൃഷിയുടേയും ചുമതല വഹിക്കുന്നതിലുമായിരുന്നു അദ്ദേഹം കൂടുതലായി ശ്രദ്ധിച്ചിരുന്നത്.

മാന്നാനത്തെ ചില കണക്കുകളിൽ പല ആവശ്യങ്ങൾക്കായി യാക്കോബ് കൊടുത്ത തുകകളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. "1837 ചിങ്ങം (ആഗസ്റ്റ്) 15-ന് കണ്ടെഴുത്തുകാർക്ക് വടക്കുവശം കാടു കിടപ്പായി മാട്ടിനകം അളവു കുറച്ച് തന്നതിനും കൂടി യാക്കോബ് കൊടുപ്പിച്ച ചക്രം 41. 1857 മിഥുനം (മെയ്) 31-ന് പറപ്പള്ളി പടവു നിലം പോക്കുവരവു ചെയ്യിക്കാൻ വിചാരിപ്പ് യാക്കോബ് ഏറ്റുമാനൂർ പോയി തമസിച്ചതിനും ശിപാർശി പാലക്കടവന്റെ പൈതങ്ങൾക്ക് തുണി വാങ്ങിച്ചു കൊടുത്ത വകയ്ക്കും കൂടി ചിലവ് ചക്രം 32."[13]

സഭയുടെ വിവിധ ആവശ്യങ്ങളിൽ 'വിചാരിപ്പ് യാക്കോബ്' എന്നറിയപ്പെട്ടിരുന്ന കണിയാന്തറ ആത്മാർത്ഥതയോടും ത്യാഗസന്നദ്ധതയോടും കൂടി എല്ലാ കാര്യങ്ങളിലും സഹകരിച്ചിരുന്നു. സഭയുടെ ആരംഭകാലത്ത് പൗരോഹിത്യപരമല്ലാത്ത കാര്യങ്ങൾ പലതും അദ്ദേഹം വഴിയാണ് നടത്തിയിരുന്നത് എന്നതിന് കണക്ക് എഴുതിയിരുന്ന ഓലകളിൽ നിന്ന് ധാരാളം തെളിവുകൾ ഉണ്ട്.

വ്യവസ്ഥകളില്ലാത്ത അർപ്പണ ജീവിതം

1855-ൽ ചാവറയച്ചനും മറ്റു 11 പേരും വ്രതം സ്വീകരിച്ചു. എന്നാൽ വൈദികർക്കു വേണ്ടി ആരംഭിച്ച സന്യാസ സഭ എന്നവിധം അവൈദികർക്ക് സന്യാസ അംഗങ്ങൾ ആകുവാൻ നിയമ സാധുത ഇല്ലായിരുന്നു എന്ന ന്യായം പോലെ, ഈ പുതിയ സഭയിലേക്ക് അവൈദികർക്കും അംഗമാകുവാൻ അനുവാദം ചോദിച്ചാൽ കിട്ടുമായിരുന്നു എന്ന ന്യായം ചാവറയച്ചന്റെ ചിന്തകളിലുടെ കടന്നു പോയില്ല എന്നുവേണം കരുതുവാൻ. ഒരുപക്ഷെ, വൈദികരോടു കൂടി അവൈദികർക്കും ഒരേ സഭയിൽ ചേർന്നു പ്രവർത്തിക്കാം എന്ന ആശയം അദ്ദേഹത്തിന്റെ അറിവിൽ ഇല്ലായിരുന്നിരിക്കാം.

1829-മുതലെങ്കിലും തന്നോടൊത്തു പ്രവർത്തിച്ചിരുന്ന യാക്കോബും ഇത്തരമൊരു സാദ്ധ്യതയെക്കുറിച്ച് ചിന്തിച്ചിരുന്നില്ല എന്നു വേണം മനസ്സിലാക്കുവാൻ. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം ഇവ അനുഷ്ഠിച്ചുകൊണ്ട് ഒരു സന്യാസിയെപ്പോലെ 30-ലേറെ വർഷങ്ങൾ ജീവിച്ചിരുന്ന യാക്കോബിന് പ്രത്യേക പഠന യോഗ്യതകളൊന്നുമില്ലാതിരുന്നതുകൊണ്ട് ഇത്തരമൊരു ജീവിതാന്തസ്സു തിരഞ്ഞെടുക്കുവാൻ നിയമാനുസൃതം സാധിക്കില്ലായിരിന്നു. അതു കൊണ്ട് വ്രതാർപ്പണജീവിതം ആഗ്രഹിക്കാൻ പാടില്ലായിരിക്കും എന്നും അദ്ദേഹം ചിന്തിച്ചിരിക്കാം.

എന്തായാലും ഒരു കാര്യം വ്യക്തമാണ് സന്യാസവ്രതം സ്വീകരിക്കുവാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചതായോ അതിനു വേണ്ടി പരിശ്രമിച്ചതായോ, കിട്ടാഞ്ഞതിൽ എതിർപ്പു പ്രകടിപ്പിച്ചതായോ, അദ്ദേഹത്തെക്കുറിച്ചുള്ള ചരിത്രത്തിലൊരിടത്തും കാണുന്നില്ല. എന്നു മാത്രമല്ല, അച്ചന്മാരോടു സഹകരിച്ചുകൊണ്ടു താൻ ചെയ്തു പോന്നിരുന്ന ഏതുതരം താഴ്ന്ന ജോലികളിലും അദ്ദേഹം സന്തുഷ്ടനായിരുന്നു. തന്റെ 'വനവാസം' എന്ന പ്രതീക്ഷയിൽ ഇതിനപ്പുറത്തുള്ള ഒന്നുംപെട്ടിരുന്നില്ല എന്ന നിഗമനത്തിലെത്തിച്ചേരേണ്ടിയിരിക്കുന്നു.

1846-ന് ശേഷം യാക്കോബിനെപ്പോലെ വൈദികരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ മാന്നാനത്തുവന്നു ചേർന്ന പല സഹോദരങ്ങളുണ്ടായിരുന്നു. പോരൂക്കരയച്ചന്റെ അപ്പന്റെ അനുജൻ ഈപ്പൻ എന്നയാളും കിഴക്കമ്പലത്ത് കോയിക്കര വീട്ടിൽ നിന്ന് വേറൊരാളും വന്നു ചേർന്നു എന്ന് ബർണ്ണാഡച്ചൻ എഴുതിയ സി.എം.ഐ. സഭാചരിത്രത്തിൽ കാണുന്നുണ്ട്. അദ്ദേഹം വേറൊരിടത്ത് ഇപ്രകാരം

വിവരിക്കുന്നു: "അന്നു തുണസഹോദരന്മാരായി ചിലരൊക്കെ ഉണ്ടായിരുന്നെങ്കിലും അവർ പൂർണ്ണമല്ലാത്ത ഒരവസ്ഥയിൽ ആയിരുന്നതിനാലും, കൊവേന്ത മതിൽക്കകത്തെങ്കിലും വേറെ ഭവനങ്ങളിൽ പാർത്തു കാര്യങ്ങൾ അന്വേഷിക്കാനാവശ്യപ്പെട്ടിരുന്നതിനാലും അവരെ സന്യാസികളായി അന്നു സ്വീകരിച്ചിരുന്നില്ല."[14]

ഇവരെല്ലാം സന്യാസോചിതമായ ജീവിതമാണ് നയിച്ചിരുന്നത്. വൈദികർ നടത്തിയിരുന്ന എല്ലാ പ്രാർത്ഥനകളിലും അവർ പങ്കുചേർന്നിരുന്നുവോ എന്ന് രേഖകളിലൊന്നിലും കാണുന്നില്ല. സുറിയാനി ഭാഷയിൽ നടത്തിയിരുന്ന പല പ്രാർത്ഥനകളിലും അവർക്കു പങ്കെടുക്കാൻ കഴിയുമായിരുന്നില്ല. വ്രതബദ്ധമായ സന്യാസ ജീവിതം കാംക്ഷിച്ചുകൊണ്ടാണ് അവർ വന്നതെന്നോ, അതിനുവേണ്ടിയാണ് അവരെ തിരഞ്ഞെടുത്തതെന്നോ വ്യക്തമായ സൂചനകളൊന്നുമില്ല. എങ്കിലും സന്യാസ വൈദികർ ആവശ്യപ്പെട്ടിരുന്ന എല്ലാ കാര്യങ്ങളിലും ആത്മാർത്ഥതയോടെ അവർ സഹകരിച്ചിരുന്നു.[15]

വലിയ യാക്കോബ് അഥവാ ആഹായാക്കോബ്

1861-ലാണ്, ഏതദ്ദേശീയമായി ആരംഭിച്ചു വളർന്നു വന്ന അമലോത്ഭവ കർമ്മലമാതാവിന്റെ ദാസ സംഘത്തെ കർമ്മലീത്ത ഒ.സി.ഡി. സഭയുടെ മൂന്നാം സഭയാക്കി മാറ്റിയത്. അതോടുകൂടി കർമ്മലീത്താ സഭയിലേതു പോലെ അത്മേനിദർശനക്കാരെ കൂട്ടി വളർത്തുന്നതിനുള്ള നിർദ്ദേശമുണ്ടായി. "അതിനാൽ യാക്കോബിനെ കൂനമ്മാവിലേക്ക് വിളിച്ച് ദർശനക്കാർക്കായി നിശ്ചയിക്കപ്പെട്ട വസ്ത്രം 1861 സെപ്റ്റംബർ 5-ന് അദ്ദേഹത്തിന് നൽകപ്പെട്ടു."[16]

സഭാവസ്ത്രം സ്വീകരിച്ചതിനു ശേഷം നിയമാനുസരണമുള്ള കാലാവധി ആയതിനാൽ യാക്കോബിന്റെയും മറ്റും വ്രതാനുഷ്ഠാനം സംബന്ധിച്ച് മാന്നാനം, വാഴക്കുളം, കൂനമ്മാവ്, ഏൽത്തുരുത്ത് കോവേന്തകളിൽ ആലോചിച്ചതിനനുസരിച്ച് 1865 ജനുവരിയിൽ യാക്കോബിനെ വ്രതാനുഷ്ഠാനത്തിനു സ്വീകരിക്കാമെന്ന് തീരുമാനമെടുത്തു. ഇതേക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "1865 കുംഭം (ഫെബ്രുവരി) 2-ന് മുറപ്രകാരം കൊവേന്തകളിൽ കുറിയും ഇട്ട് പരീക്ഷയും 10 ദിവസത്തെ ധ്യാനവും കഴിഞ്ഞ് 8 മണിക്ക് യൗസേപ്പ് റോസച്ചനും ആത്മേനി ദർശനക്കാരിൽ മൂപ്പനായ ആഹ തദക്കിസ യാക്കോബും പറഞ്ഞൊപ്പു ചെയ്തു".[17]

ഭാരതത്തിലെ ക്രൈസ്തവ സന്യാസ ജീവിതത്തിൽ പ്രത്യേകം രേഖപ്പെടുത്തിയ ഒരു ദിനമായി 1865 ഫെബ്രുവരി 2. അന്ന് ഭാരതീയരാൽ സ്ഥാപിക്കപ്പെട്ട സന്യാസ കൂട്ടായ്മയിൽ ഭാരതീയനായ ആദ്യത്തെ അവൈദികൻ കണിയാന്തറ 'ശുദ്ധീകരമാതാവിന്റെ യാക്കോബ്' സന്യാസവ്രതാർപ്പണം നടത്തി സന്യാസ വിളിയിൽ പുതിയൊരു തുടക്കം കുറിച്ചു. 1865 വരെയുള്ള കാലത്ത് അദ്ദേഹം പലപ്പോഴും കൊവേന്ത 'വിചാരിപ്പ്യാക്കോബ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് അദ്ദേഹം അറിയപ്പെട്ടത് ആഹാ യാക്കോബ് (യാക്കോബുസഹോദരൻ), വലിയ യാക്കോബ് എന്നീ പേരുകളിലാണ്.

കണിയാന്തറ യാക്കോബും മറ്റു സ്ഥാപനങ്ങളും

1855-ൽ ആദ്യ അംഗങ്ങൾ മൂന്നു വ്രതങ്ങൾ സ്വീകരിച്ചതോടെയാണല്ലൊ സന്യാസസഭ മാന്നാനത്ത് സജീവമായത്. അതിനുശേഷം പലയിടങ്ങളിലായി പുതിയ സ്ഥാപനങ്ങൾ ഉണ്ടായി. അംഗങ്ങൾ കൂടിവന്നു. യാക്കോബിന് അപ്പോഴും വ്രതാനുഷ്ഠാനിയായി സന്യാസ ജീവിതം ആരംഭിക്കാനായില്ലെങ്കിലും അദ്ദേഹം സന്യാസിയുടെ ജീവിതം തന്നെയാണ് തുടർന്നിരുന്നത്. മറ്റംഗങ്ങൾക്ക് സ്ഥലമാറ്റങ്ങൾ ലഭിച്ചതുപോലെ ഓരോ ആവശ്യങ്ങൾക്കായി അദ്ദേഹത്തെയും പല സ്ഥാപനങ്ങളിലേക്കയച്ചു. കണക്കു പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കുന്നതുപോലെ ഏൽത്തുരുത്തിൽ ആശ്രമത്തിനുള്ള കല്ലീടീൽ കഴിഞ്ഞ് താമസിയാതെ യാക്കോബും തോപ്പിൽ ഗീവർഗ്ഗീസച്ചനോടു കൂടി അവിടേയ്ക്ക് പോയി. എന്നാൽ കെട്ടിടം പണി തുടങ്ങാൻ താമസം വന്നതുകൊണ്ട് അദ്ദേഹം മാന്നാനത്തേയ്ക്ക് മടങ്ങി.[18]

യാക്കോബു സഹോദരൻ മാന്നാനത്തു കൂടാതെ കൂനമ്മാവിലും ഏൽത്തുരുത്തും, അമ്പഴക്കാട്ടും, വാഴക്കുളത്തും താമസിച്ചിട്ടുണ്ട് എന്നല്ലാതെ അദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ രേഖകളിൽ നിന്ന് വ്യക്തമല്ല. 1865-ൽ അദ്ദേഹം കൂനമ്മാവിൽ വെച്ചാണ് വ്രതം സ്വീകരിച്ചത്. അതിനു ശേഷം കുറേക്കാലം ഏൽത്തുരുത്തിലുണ്ടായിരുന്നു. ആ അവസരത്തിലാണ് അമ്പഴക്കാട്ട് ആശ്രമം ആരംഭിച്ചത്. അമ്പഴക്കാട്ടു നാളാഗമത്തിൽ ഇപ്രകാരം കാണുന്നു. "ഇവിടുത്തെ കാര്യങ്ങൾ നടത്തുവാനായി കണ്ടശാംകടവു പള്ളി

ഇടവക പാന്തോടൻ ക.നി.മു.സ ദേവസി അച്ചനെയും, സഹോദരൻ ഫിലിപ്പോസിനേയും പറഞ്ഞേൽപ്പിച്ചും അരണാട്ടുകര കൊവേന്തയിൽ ഇരുന്ന സഹോദരൻ വലിയ യാക്കോബിനെയും വരുത്തേണ്ടതിന് ഏർപ്പാടു ചെയ്തു." ഇതിനു ശേഷമാണ് ചാവറയച്ചനും ലെയോപ്പോൾദച്ചനും അവിടെ നിന്നും 21-ന് പോയത്.[19]

സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് യാക്കോബ് സഹോദരൻ പല സ്ഥാപനങ്ങളിലും മാറിമാറിത്താമസിച്ചിരുന്നു. 1876-ൽ അപ്പസ്തോലിക് വിസിറ്ററായി വന്ന ലെയോ മൗറിന്റെ സന്ദർശന സമയങ്ങളിൽ യാക്കോബു സഹോദരൻ മാന്നാനത്തുണ്ടായിരുന്നു എന്ന് മാർ ലൂയിസ് പഴേപറമ്പിലിന്റെ ജീവചരിത്രത്തിൽ കാണുന്നുണ്ട്:

"വിസിത്തദോറായ ലെയോ മൗറിന്റെ പേർക്കുള്ള എഴുത്തുമായി അദ്ദേഹത്തിന്റെ പക്കലേയ്ക്കു പോയ ഹിലാരിയോസച്ചന്റേയും ലൂയീസച്ചന്റേയും കൂടെ വിസിത്തദോറിന്റെ താമസത്തിന് വേണ്ടിയിരുന്ന കോട്ട സാമാനങ്ങൾ വാങ്ങിക്കുന്നതിന് നിശ്ചയിച്ചിരുന്ന യാക്കോബു സഹോദരനും ഇവരുടെ കൂടെ യാത്രയായി" എന്ന് ഐ.സി. ചാക്കോ രേഖപ്പെടുത്തിയിട്ടുണ്ട്.[20]

1884 മുതലുള്ള മാന്നാനത്തെ കണക്കുകളിൽ യാക്കോബു സഹോദരനുവേണ്ടി വന്ന പല ചെലവുകൾ എഴുതിക്കാണുന്നു. അതുകൊണ്ട് അതിനു ശേഷമുള്ള കാലം മാന്നാനത്തായിരുന്നു ചെലവഴിച്ചിരുന്നത് എന്നുവേണം കണക്കാക്കുവാൻ.[21]

യാക്കോബിന്റെ അദ്ധ്വാനത്തിന്റെ ആദ്ധ്യാത്മികത

കണിയാന്തറ യാക്കോബിന്റെ ജീവിതത്തെ ഉടനീളം പരിശോധിക്കുമ്പോൾ കണ്ടെത്തുന്ന ഒരു വസ്തുത, അദ്ദേഹം ഒരു എളിയ ജീവിതത്തിന്റെ ഉടമയായിരുന്നു എന്നതാണ്. ഏല്പിക്കപ്പെടുന്ന ജോലികളോട് വിശ്വസ്തതയോടെ സഹകരിക്കുക, പരാതി കൂടാതെ ജീവിക്കുക, ആയിരിക്കുന്ന അവസ്ഥയിൽ സന്തോഷിക്കുക, ഇതെല്ലാം അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു.

അദ്ദേഹം അദ്ധ്വാനത്തിന്റെ മനുഷ്യനായിരുന്നു. അതുപോലെ അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും. പാലക്കലച്ചന്റെയും പോരൂക്കരയച്ചന്റെയും ചാവറയച്ചന്റെയും ഒപ്പം അദ്ദേഹവും ആരംഭ

കാലങ്ങളിൽ സർക്കാരനുവാദത്തിനായി തിരുവനന്തപുരത്തും, കൊല്ലത്തും എറണാകുളത്തുമൊക്കെ ഓടിനടന്നു. അവരുടെ നിർദ്ദേശപ്രകാരം തനിച്ചുംപോയി കാര്യങ്ങൾ നടത്തിയിട്ടുണ്ട്. കെട്ടിടപണിക്കുള്ള തടി അന്വേഷിച്ചും പ്രസ്സിന്റെ കാര്യത്തിനും ചാവറയച്ചനോടൊപ്പം പലവിധ ബുദ്ധിമുട്ടുകളും അദ്ദേഹം സഹിച്ചിട്ടുണ്ട്. ഇതുകൂടാതെ കൃഷി കാര്യങ്ങളുടെ ചുമതലയും അദ്ദേഹമാണ് വഹിക്കേണ്ടിവന്നത്. കൂനമ്മാവിലും, ഏൽത്തുരുത്തിലും, അമ്പഴക്കാട്ടും, വാഴക്കുളത്തുമെല്ലാം താമസിച്ചിരുന്നതായി സൂചനകളുണ്ടെങ്കിലും എന്തെല്ലാം കാര്യങ്ങളാണ് അദ്ദേഹം അവിടെ ചെയ്തിരുന്നത് എന്നു വ്യക്തമല്ല.[22] ഈ അദ്ധ്വാനശാലിക്ക് 98 വയസ്സുവരെ ആയുസ്സു നൽകി എന്നത് അദ്ധ്വാനത്തിന്റെ ആത്മീയത പങ്കുവെയ്ക്കാനായിരിക്കും. 'നിനക്കു ചെയ്യാനുള്ളതെല്ലാം ചെയ്തു കഴിയുമ്പോൾ ഒന്നുമർഹിക്കാനില്ലാത്ത ഭൃത്യനെപ്പോലെ കരുതുക.' എന്ന യേശുക്രിസ്തുവിന്റെ നിർദ്ദേശത്തിൽ വലിയൊരാദ്ധ്യാത്മികതയുണ്ട്. അതിനുള്ള മകുടോദാഹരണമായിരുന്നു കണിയാന്തറ യാക്കോബ്.

ദൈവമാതാവിനോടുള്ള ഭക്തി അദ്ദേഹത്തിൽ സുദൃഢമായിരുന്നു. തന്റെ ദൈവവിളി എന്തെന്ന് വ്യക്തമായി കിട്ടുന്നതിനുവേണ്ടി അദ്ദേഹം സമീപിച്ചത് കല്ലൂർകാട്ടുപള്ളിയിലെ പരി. അമ്മയെ ആണ്. വാർദ്ധക്യകാലത്ത് പുഷ്പങ്ങൾ ചാർത്തി മാതാവിന്റെ തിരുസ്വരൂപം അലങ്കരിക്കുക അദ്ദേഹത്തിനു വലിയ സന്തോഷമായിരുന്നു. കർമ്മലമാതാവിന്റെ തിരുനാളിനൊരുക്കമായുള്ള നൊവേനയുടെ ഏഴാം ദിവസമാണ് അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചത്.

ഒരു വ്യക്തിയുടെ ആത്മീയതയുടെ മാറ്റുരച്ചുനോക്കുന്ന സമയമാണ് മരണ സമയം. മരണത്തെ പ്രതീക്ഷിച്ചിരിക്കയും അതിനുവേണ്ടി ഒരുങ്ങുകയും ചെയ്തു കൊണ്ടാണ് യാക്കോബ് തന്റെ അന്ത്യദിനങ്ങളെ സമീപിച്ചത്.[23]

യാക്കോബുസഹോദരന്റെ മരണം

1800-ൽ ജനിച്ച യാക്കോബു സഹോദരൻ ഏതാണ്ട് ഒരു നൂറ്റാണ്ടു കാലത്തെ ഓട്ടത്തിനുശേഷം ശയ്യാവലംബിയായി. സി.എം.ഐ. സഭയ്ക്കുവേണ്ടി ഈ സഹോദരൻ ചെയ്ത സേവനങ്ങളും പരിശ്രമങ്ങളും ബ.അലക്സാണ്ടർ കട്ടക്കയത്തിലച്ചൻ പരിശുദ്ധ

സിംഹാസനത്തെ അറിയിക്കുകയുണ്ടായി. പരിശുദ്ധ 13-ാം ലെയോ മാർപ്പാപ്പ യിൽ നിന്ന് പ്രത്യേക ആശീർവ്വാദം ഇദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു.[24]

ജൂൺമാസം അവസാനത്തോടുകൂടി കൂടുതൽ ക്ഷീണവും അവശതകളും കണ്ടു തുടങ്ങി. മാന്നാനം നാളാഗമത്തിൽ ഇദ്ദേഹത്തിന്റെ അന്ത്യ നിമിഷങ്ങളെക്കുറിച്ച് രേഖപ്പെടുത്തിവെച്ചിരിക്കുന്നത് നമ്മുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്:

"1898 കർക്കിടകം (ജൂലായ്) 13-ന് കാലത്ത് 9 മണി സമയത്ത് ചമ്പക്കുളം പള്ളി ഇടവകക്കാരനും മാന്നാനം കൊവേന്തക്കുന്നേൽ ആദ്യം കാടുവെട്ടിക്കേറി ഏറിയ ബുദ്ധിമുട്ടുകൾ കഴിച്ചവനുമായ ആഹായാക്കോബ് മുത്തപ്പൻ 98 വയസ്സുള്ളവനായി ഭാഗ്യമരണം പ്രാപിച്ചു. മരിക്കുന്നതിന് ഏകദേശം 15 ദിവസം മുമ്പു തുടങ്ങി പതിവുള്ളതിൽ കൂടുതൽ ക്ഷീണവും അതിസാരവും ഉണ്ടായിരുന്നു. ഇതിനിടയിൽ ശുദ്ധ കൂദാശകൾ ഏറ്റം യോഗ്യതയോടെ കൈക്കൊണ്ടു. മരണം സമീപിക്കുംതോറും ബുദ്ധിക്ക് അധികം തെളിവുണ്ടായിരുന്നു. ഇന്നുതന്നെ ഉച്ചകഴിഞ്ഞു മൂന്നരമണിയോടെ ഈ മാന്നാനം പള്ളിയുടെ പടിഞ്ഞാറെ അറ്റത്ത് വലിയ മതിലിന്റെ സമീപെ ഏറ്റം ഘോഷത്തോടെ അടക്കുകയും ചെയ്തു."[25]

തുടക്കം മുതൽ 70 വർഷം വരെയുള്ള സഭാജീവിതത്തിലെ സുഖദുഃഖങ്ങളിൽ ഏറ്റം അടുത്ത് ഇടപെട്ട്, അതിന്റെ വളർച്ചയിലെ വിവിധ ഘട്ടങ്ങളിൽ അനുഭവപ്പെട്ട നിരവധി പ്രതിസന്ധികളെ കണ്ടറിഞ്ഞ്, വൈദിക അംഗങ്ങൾക്ക് എപ്പോഴും തുണയും പ്രോത്സാഹനവുമായി, മാതൃകാപരമായ സന്യാസ ജീവിതം കേരള സഭയ്ക്ക് കാഴ്ചവെച്ച കണിയാന്തറ യാക്കോബു സഹോദരൻ സഭയുടെ ആദ്യ പിതാക്കളിൽ ഒരുവൻ എന്ന ആദരവിന് അർഹനാണ്.

ചാവറയച്ചനോടൊപ്പം വ്രതം സ്വീകരിച്ച 11 -പിതാക്കന്മാർ ഒരവലോകനം

ഏതു ജീവനും അതിന്റേതായ വളർച്ചയുണ്ട്. അതും പടിപടിയായി ഉണ്ടാവുന്നതാണ്. വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ എത്തുമ്പോൾ തുടർന്നുള്ള വളർച്ചയിൽ വലിപ്പ വ്യത്യാസം ഒഴിച്ച് അടിസ്ഥാനപരമായി വലിയ മാറ്റങ്ങൾ സംഭവിക്കുന്നില്ല. ആ അവസ്ഥയിലെത്തുമ്പോഴാണ് അതിന്റേതായ തനിമ ഉണ്ടാവുന്നത്. ഇത് പ്രകൃതിയുടെ സാമാന്യ നിയമമാണ്.

ഇതുപോലെ ഒരു സന്യാസസഭയുടെ തനിമ എന്താണെന്ന ചോദ്യത്തിന് ഒറ്റവാക്കിൽ കിട്ടുന്ന ഉത്തരമാണ് അതിന്റെ സ്ഥാപകൻ പങ്കുവച്ച ചൈതന്യം എന്നത്. എന്നാൽ ഒരു വ്യക്തിയുടെ അല്ലെങ്കിൽ ചുരുക്കം ചിലരുടെ ജീവിതാനുഭവങ്ങളിൽ നിന്നോ ചുരുങ്ങിയ നാളത്തെ അനുഭവങ്ങളിൽ നിന്നോ മാത്രം ചലനാത്മകമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ അടിസ്ഥാന സിദ്ധികളും തനിമയും അതിന്റെ പൂർണ്ണതയിൽ കണ്ടെത്താനാവില്ല.

ഒരു ജീവിതശൈലിയുടെ രൂപീകരണം

ഏതൊരു സംരംഭത്തിന്റെയും പിന്നിൽ ആദ്യം അധികം പേർ ഉണ്ടാവുകയില്ല. എന്നാൽ അതു സ്വീകാര്യമായ ആശയവും പ്രസ്ഥാനവും ആയിത്തീരുമ്പോൾ അവരാൽ കൂടുതൽ ആളുകൾ ആകർഷിക്കപ്പെടും. ഇങ്ങനെ ആദ്യം ആകർഷിക്കപ്പെട്ട കൂറെ അംഗങ്ങൾ അവരോടു ചേർന്ന് ഒരു പ്രത്യേക ജീവിതശൈലിക്ക് രൂപം കൊടുക്കുന്നു. ഇവർ പ്രത്യേകിച്ചും ആദ്യ അംഗത്തിന്റെ അല്ലെങ്കിൽ അംഗങ്ങളുടെ ദൈവനിവേശിതമായ താൽപര്യത്തിലും നിയന്ത്രണത്തിലും ആയിരിക്കും തങ്ങളുടേതായ കഴിവുകളും പ്രത്യേകതകളും പങ്കുവെച്ച് വളരുന്നത്. ഈ നിർദ്ദിഷ്ട സമൂഹത്തിന്റെ പങ്കുവെയ്ക്കലിന്റെ ആകെത്തുകയാണ് വിസ്തൃതമായ

അർത്ഥത്തിൽ ഒരു സന്യാസ സമൂഹത്തിന്റെ സിദ്ധി എന്നു പറയുന്നത്. മറെറാരു വാക്കിൽ പറഞ്ഞാൽ ഈ ഗ്രൂപ്പിലെ അംഗങ്ങളുടെ മരണംവരെയുള്ള കാലത്തെ, സിദ്ധി രൂപീകരണ കാലമെന്നും, ഈ കാലത്തിനുള്ളിൽ രൂപപ്പെടുന്ന പ്രവർത്തന ശൈലിക്ക് സഭയുടെ സിദ്ധി എന്നും പറയുന്നു.

പുതിയ അസ്ഥിത്വത്തിലേക്ക് രൂപപ്പെടുന്ന ഏതു പ്രസ്ഥാനവും അതിന്റെ ആരംഭദശയിൽ വളരെയേറെ പ്രതിസന്ധികളെ അഭിമുഖീകരിച്ചാണ് അതിജീവിക്കുന്നത്. ഇതിൽപ്പെടുന്ന വ്യക്തികളുടെ ജീവിതം പലപ്പോഴും വളരെ ക്ലേശപൂർണ്ണമായിരിക്കും. പലതും കെട്ടിപ്പടുക്കുവാൻ വേണ്ടി അവർ വളരെ ത്യാഗം സഹിക്കേണ്ടിവരും. ഈ ത്യാഗത്തെ ഒരു വെല്ലുവിളിയായി സ്വീകരിക്കുന്നവരായിരിക്കും അവർ. ഇവരുടെ ജീവിതത്തിലെ ശക്തമായ ആയുധം ദൈവാശ്രയബോധവും സ്വയം മറന്നുള്ള സഹകരണവും ആയിരിക്കും. ഇവരുടെ ജീവിതമായിരിക്കും പിൻതലമുറക്കാർക്ക് ഏറെറവും കൂടുതൽ പ്രചോദനമായിത്തീരുക. ഇതുകൊണ്ടാണല്ലൊ ഈജിപ്തിലെ ഇസ്രായേൽ ജനത്തിന്റെ ത്യാഗനിർഭരമായ ചരിത്രം ഓർമ്മയിൽ സൂക്ഷിക്കാൻ മോശ പിൻതലമുറക്കാരോട് നിർദ്ദേശിച്ചത്. ഇതിലൂടെയാണ് പിന്നീടവർ ദൈവത്തിന്റെ വ്യക്തമായ ഇടപെടലുകൾ തിരിച്ചറിഞ്ഞത്.

സഭയുടെ പ്രഭവസ്ഥാനം ആദ്യപിതാക്കന്മാർ

ഇത്തരത്തിൽ ചിന്തിക്കുമ്പോൾ സി.എം.ഐ സഭയുടെ വ്യക്തിത്വരൂപീകരണത്തിൽ ഒന്നാം പന്തിയിൽ നിൽക്കുന്നവരാണ് പാലക്കൽ തോമ്മാച്ചനും, പോരൂക്കര തോമ്മാച്ചനും, ചാവറ കുര്യാക്കോസ് ഏലിയാസച്ചനും, കണിയാന്തറ യാക്കോബും. അടുത്ത പന്തിയിൽ നിന്നുകൊണ്ടു സന്യാസ സഭയ്ക്ക് രൂപം കൊടുക്കുന്നതിന് കഠിനാദ്ധ്വാനം ചെയ്തവരാണ് അടുത്ത പതിനൊന്നു പിതാക്കന്മാർ. ഇവർക്ക് നമ്മുടെ ജീവിതത്തിലേക്ക് ഒത്തിരി കൂട്ടിച്ചേർക്കുവാനുണ്ട്. അതിൽ ഏറെറവും വലുത്, ഇവരെ ഉപകരണങ്ങളാക്കിയ ദൈവപരിപാലനയുടെ വശങ്ങളാണ്. അതുപോലെ അവരുടെ ജീവിതവിശുദ്ധിയുടെ വശങ്ങളും.

2005 ഡിസംബർ 8-ന് പത്തു പേർ ചാവറ പിതാവിനോടെപ്പം സഭയിൽ ആദ്യവ്രതം ചെയ്തതിന്റെ 150 വർഷം പൂർത്തിയാകുക

യാണ്. എന്നാൽ പതിനൊന്നാമത് ഒരാളെകൂടി ഇവരോടൊപ്പം ഉൾപ്പെടുത്തേണ്ടതുണ്ടെന്നു തോന്നുന്നു. കാരണം ഇതിലൊരാൾ നെല്ലിശ്ശേരി തോമ്മാച്ചൻ രോഗിയായി കിടപ്പിലായിരുന്നതിനാൽ ഡിസംബർ 8-ാം തിയ്യതി തന്നെ വ്രതം സ്വീകരിക്കുവാൻ കഴിയാതെ മറെറാരു ദിവസമാണ് വ്രതം സ്വീകരിച്ചത്. എങ്കിലും അന്നുള്ളവർ ഇദ്ദേഹത്തെയും പതിനൊന്നാമനായാണ് കണക്കാക്കിയിട്ടുള്ളത്. ചാവറയച്ചൻ അദ്ദേഹത്തെ കടിഞ്ഞൂൽ ഫലം എന്നുവിളിക്കുന്നു. സഭയുടെ ഡലഗേറ്റായിരുന്ന ലെയോപ്പോൾദ് മിഷനറി ഇദ്ദേഹത്തിന്റെ വ്രതവാഗ്ദാന ദിനം 1855 ഡിസംബർ 8 എന്നുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.[1] ഈ പതിനൊന്നു പിതാക്കൻന്മാരെക്കുറിച്ച് കാര്യമായ പഠനം നടത്തിയിട്ടില്ല. ഇവരുടെ ജീവചരിത്രം കൂടി പഠിക്കുമ്പോൾ മാത്രമെ സഭയുടെ തനിമയും വ്യതിരിക്തതയും വ്യക്തമാവുകയുള്ളൂ.

ചാവറപ്പിതാവിനോടൊപ്പം വ്രതം സ്വീകരിച്ച വൈദികരുടെ പേരുകൾ പാറപ്പുറത്തു വർക്കിയച്ചൻ എഴുതിയ സഭാചരിത്രത്തിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്. ഇവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ഫാ. കുര്യാക്കോസ് ഏലീശാ പോരൂക്കര, ചമ്പക്കുളം കല്ലൂർക്കാട് ഇടവക
2. ഫാ. ഗീവർഗീസ് തോപ്പിൽ, പുളിങ്കുന്ന് ഇടവക
3. ഫാ. കുര്യാക്കോസ് കൊച്ചുപുരയ്ക്കൽ, അതിരമ്പുഴ ഇടവക
4. ഫാ. മത്തായി മുഞ്ഞനാട്ട്, പാലാ ഇടവക
5. ഫാ. കുര്യാക്കോസ് പാലയ്ക്കൽ, പള്ളിപ്പുറം ഇടവക
6. ഫാ. ചാണ്ടി കട്ടക്കയം, പാലാ ഇടവക
7. ഫാ. സ്ക്കറിയാ അപ്രേം, കളത്തിൽ, പുളിങ്കുന്ന് ഇടവക
8. ഫാ. മത്തായി കളപ്പുരയ്ക്കൽ, പാലാ ഇടവക
9. ഫാ. ജേക്കബ് വല്യാറ, ചേന്നങ്കരി ഇടവക
10. ഫാ. മാണി കണിയാരകത്ത്, ഭരണങ്ങാനം ഇടവക
11. ഫാ. തോമ്മാച്ചൻ നെല്ലിശ്ശേരി, വലപ്പാട്ട് ഇടവക

പതിനൊന്നു പേരെക്കുറിച്ചുള്ള പൊതു അറിവുകൾ

ഇവരിൽ ഓരോരുത്തരുടെയും വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പായി ഇവരെക്കുറിച്ചുള്ള ചില പൊതു അറിവുകൾ പങ്കുവെയ്ക്കുകയാണ്. ഈ അറിവ് സ്ഥാപക പിതാക്കൻന്മാരോടുള്ള ഇവരുടെ ബന്ധത്തേയും, നമുക്ക് ഇവരോടുണ്ടാകേണ്ട ബന്ധത്തേയും എടുത്തു കാണിക്കുവാൻ സഹായിക്കും.

ചാവറയച്ചന്റെയും ഒപ്പം വ്രതം ചെയ്ത പത്തുപേരുടെയും അസുഖം മൂലം അവരോടൊപ്പം അന്ന് വ്രതം ചെയ്യാൻ കഴിയാതെ വന്ന നെല്ലിശ്ശേരി തോമ്മാച്ചന്റെയും സ്ഥലങ്ങളെ വിലയിരുത്തുമ്പോൾ, ഇവർ സീറോ മലബാർസഭയുടെ ആദ്യരൂപതകളായ തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ രൂപതകളെ പ്രതിനിധീകരിക്കുന്നു എന്നു കാണാം.

1855-ൽ ഇവരിൽ ഏറ്റവും പ്രായം കൂടിയ ആൾ 48-കാരനായ നെല്ലിശ്ശേരി തോമ്മാച്ചനും ഏറ്റം പ്രായം കുറഞ്ഞ ആൾ 27- കാരനായ കളത്തിൽ സ്ക്കറിയാ അപ്രേം അച്ചനുമായിരുന്നു. പ്രായം കൊണ്ടും അറിവുകൊണ്ടും പക്വത വന്നവരായിരുന്നു സഭയിൽ ചേർന്ന ആദ്യ അംഗങ്ങൾ എന്നു സാരം.

ഈ പതിനൊന്നു പേരിൽ പോരൂക്കര കുര്യാക്കോസ് ഏലിശാച്ചനും തോപ്പിൽ ഗീവർഗീസച്ചനും വല്യാറ യാക്കോബച്ചനും കൊച്ചുപുരയ്ക്കൽ കുര്യച്ചനും ചാവറയച്ചനെ കൂടാതെ സ്ഥാപകപിതാക്കളിൽപ്പെടുന്ന പാലക്കലച്ചനേയും പോരൂക്കര തോമ്മാച്ചനേയും നേരിട്ടു കണ്ടിട്ടുള്ളവരും അവരോടൊപ്പം താമസിച്ചിട്ടുള്ളവരുമാണ്. കുര്യാക്കോസ് ഏലിശാച്ചൻ പോരൂക്കര തോമ്മാച്ചന്റെ അനുജനുമായിരുന്നു. തോപ്പിലച്ചനാകട്ടെ ചാവറയച്ചന്റെ അമ്മാവന്റെ മകനും. 1838 മുതൽ ഇവരോടൊപ്പം ഇവർ സഹപ്രവർത്തകരായിരുന്നു.

കുര്യാക്കോസ് പോരൂക്കര അച്ചനും, കുര്യാക്കോസ് കൊച്ചുപുരയ്ക്കലച്ചനും, ജേക്കബ് വല്യാറ അച്ചനും പോരൂക്കര

തോമ്മാച്ചന്റെയും ചാവറയച്ചന്റെയും ശിഷ്യരായി പഠിച്ചു പട്ടമേറ്റ വരാണ്.

സ്ക്കറിയ അപ്രേം കളത്തിലച്ചനും ചാണ്ടി കട്ടക്കയത്തിലച്ചനും മറ്റു ഇടവക സെമിനാരികളിൽ പഠനമാരംഭിച്ചവരാണെങ്കിലും ഡീക്കൻ പട്ടം കിട്ടുന്നതിനു മുമ്പു മുതൽ മാന്നാനം സെമിനാരിയിൽ ചേർന്ന് പട്ടമേറ്റവരാണ്.

ഈ പതിനൊന്നു പിതാക്കന്മാരിൽ മൂന്നു പേർ ഒഴിച്ച് ബാക്കിയുള്ളവർ 1848-ന് മുമ്പ് തിരുപ്പട്ടം സ്വീകരിച്ച വൈദികരായിരുന്നു.

1847 മുതലെങ്കിലും ഈ പതിനൊന്നു പിതാക്കന്മാരിൽ പലരും നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ പലവിധത്തിലും പങ്കാളികളായിരുന്നു, പ്രത്യേകിച്ചും ധ്യാനപ്രസംഗ രംഗങ്ങളിൽ.

ഇവർ പതിനൊന്നു പേരും ഒരുമിച്ച് താമസിച്ച് പ്രാവർത്തികമാക്കിയ ജീവിതക്രമത്തെയാണ് ഔദ്യോഗിക അംഗീകാരത്തിനായി ചാവറയച്ചൻ ബർണർഡിൻ ബച്ചിനേല്ലി മെത്രാപ്പോലീത്തായുടെ അടുത്ത് എഴുതിക്കൊടുത്തത്.

ഇവരും കൂടി നേതൃത്വമെടുത്തുകൊണ്ടാണ് ചാവറയച്ചന്റെ കാലത്ത് ആരംഭിച്ച എല്ലാ സ്ഥാപനങ്ങളെയും കെട്ടിപ്പടുത്തത്.

ഇവർ പലർകൂടി ഒരുമിച്ചാലോചിച്ചതിനു ശേഷമായിരുന്നു ഓരോ ആശ്രമത്തിലെയും പൊതുവായ പലതീരുമാനങ്ങൾക്കും നിബന്ധനകൾ ഉണ്ടാക്കിയത്. പലതും ചാവറയച്ചന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്തിരുന്നു.

ആ കാലഘട്ടത്തിൽ കേരളത്തിലുണ്ടായ റോക്കോസ്, മേലൂസ് ശീശ്മകളെ അടിച്ചമർത്തുവാൻ ഇവരും നേതൃത്വമെടുത്തവരാണ്.

കന്യാസ്ത്രിമഠം രൂപീകരണത്തിലും ഇവരുടെ സഹകരണം സ്പഷ്ടമാണ്.

എല്ലാറ്റിനുമുപരി സി.എം.ഐ. സഭയുടെ, ചാവറയച്ചനുശേഷം 1905 വരെയുള്ള നിയമാവലി പരിഷ്ക്കരണങ്ങളിൽ, സ്വതന്ത്ര


ഏതദ്ദേശിയ സന്യാസ നിയമ രൂപീകരണത്തിലെ വിരൽ ചൂണ്ടികളായി വർത്തിച്ചത് ഇവരാണ്. മറെറാരു വാക്കിൽ പറഞ്ഞാൽ സഭയുടെ സ്ഥാപകചൈതന്യം തിരിച്ചറിഞ്ഞ് അവയിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ അനുഭവസാക്ഷികളായി വർത്തിച്ചവർ ഇവരാണ്.

ഇങ്ങനെ വിലയിരുത്തുമ്പോൾ ഈ പതിനൊന്നു പേരും കൂടിയാലെ നമ്മുടെ ഉറവിട സിദ്ധിയുടെ മഹത്വവും തനിമയും കണ്ടെത്താനാകൂ. സഭയുടെ ആരംഭത്തിലെ പ്രവർത്തനങ്ങളിൽ ഇവരുടെ ഓരോരുത്തരുടെയും പങ്കു നിർണ്ണായകമാണ്.

പതിനൊന്നു പിതാക്കൻന്മാരെക്കുറിച്ചുള്ള ചരിത്രപശ്ചാത്തലം ഈവിധം ഒരുക്കിയിട്ട് ഓരോരുത്തരുടെയും ജീവചരിത്രത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കുകയാണ്.



ഫാദർ യാക്കോബ് വല്യാറ



1823 - 1855

സി.എം.ഐ. സഭയിലെ വ്രതാനുഷ്ഠായികളിൽ വല്യാറ യാക്കോബച്ചനാണ് ആദ്യമായി മരണം പ്രാപിച്ചത്. വ്രതം ചെയ്തതിന്റെ 16-ാം ദിവസം അദ്ദേഹം മരിച്ചു. സഭയിലൂടെ അദ്ദേഹത്തിനു ചെയ്യേണ്ടിയിരുന്ന സേവനം തന്റെ വ്രതവാഗ്ദാനത്തിനു മുമ്പു തന്നെ അദ്ദേഹം ചെയ്തു തീർത്തു. ശുശ്രൂഷിക്കപ്പെടുവാനല്ല മറിച്ച് ശുശ്രൂഷിക്കുവാനും കരുണയുടെയും സ്നേഹത്തിന്റെയും വചനം മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കുവാനും ആണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്ന് അദ്ദേഹം ചുരുങ്ങിയ നാളുകൾ കൊണ്ട് തെളിയിച്ചു.

വല്യാറ യാക്കോബിന്റെ ജനനവും പൗരോഹിത്യവും

വല്യാറ കുടുംബം കൈനകരി മീനപ്പള്ളി കുടുംബത്തിലെ ഒരു ശാഖയാണ്. മീനപ്പള്ളിയാകട്ടെ മുക്കാടിന്റെയും മുക്കാട് പകലോമറ്റത്തിന്റെയും. ചുരുക്കം പറഞ്ഞാൽ വല്യാറ കുടുംബവും ചാവറ കുടുംബവും ഒന്നു തന്നെ. മീനപ്പള്ളിൽ നിന്ന്

മാറിത്താമസിച്ച ദ്വതീയപുത്രൻ തൊമ്മി ചാക്കോ വല്യാറ എന്ന സ്ഥലത്തേയ്ക്ക് മാറിത്താമസിച്ചു. ഇദ്ദേഹം ചേന്നങ്കരി ചെറുകാട്ടുശേരിൽ കുഞ്ഞാക്കോ തരകന്റെ മകൾ ഏലീശായെ വിവാഹം കഴിച്ചു. ഇവർക്ക് അഞ്ച് പുത്രൻമാരും അഞ്ചുപുത്രിമാരും ഉണ്ടായി. പുത്രന്മാരിൽ മൂന്നാമനാണ് യാക്കോബ്. ഇദ്ദേഹത്തിന്റെ ജനനം 1823 നവംബർ 28-ന് ആയിരുന്നു. ഡിസംബർ 8-ാം തിയ്യതി ചേന്നങ്കരി പള്ളിയിൽ വെച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു.[1]

ഭക്തരായ മാതാപിതാക്കളുടെയും മാതൃസഹോദരനായ ഇട്ടൂപ്പച്ചന്റെയും ശ്രദ്ധയും താൽപര്യവും യാക്കോബച്ചനെ ദൈവഭക്തിയിലും വിശുദ്ധിയിലും വളരാൻ സഹായിച്ചു. പിതൃകുടുംബത്തിൽ നിന്നുള്ള ചാവറയച്ചനും മറ്റും മാന്നാനത്താരംഭിച്ചിരിക്കുന്ന സന്യാസാശ്രമത്തെക്കുറിച്ച്, ജീവിതവിളിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയ യാക്കോബ് കേട്ടിരിക്കണം. മാതാപിതാക്കളുടെ പ്രോത്സാഹനവും കൂടിയായപ്പോൾ അദ്ദേഹത്തിന്റെ വഴി വ്യക്തമായി. 1838-ൽ യാക്കോബ് വന്ന് സെമിനാരിയിൽ ചേർന്നു. സെമിനാരിക്കാരെ രണ്ടായിത്തിരിച്ചിട്ടുണ്ടായിരുന്നു, ഇടവക വൈദികരാകേണ്ടവരും, സന്യാസ വൈദികരാകേണ്ടവരുമെന്ന്. യാക്കോബ് സന്യാസത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് തന്റെ പഠനം ആരംഭിച്ചത്. 1848-ലായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യം. വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലുദുവിക്കോസ് മെത്രാൻ ആയിരുന്നു തിരുപ്പട്ടം നൽകിയത്.[2]

1831 മുതൽ 1838 വരെ മാന്നാനത്ത് ആശ്രമത്തിന്റെയും പള്ളിയുടെയുമൊക്കെ പണികളുടെ തിരക്കുള്ള കാലമായിരുന്നു. അതിനോടൊപ്പം 1833-ൽ തന്നെ ആരംഭിച്ച സെമിനാരിയുടെ കാര്യത്തിലും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടായിരുന്നു. ഇവയെല്ലാം ഒരുവിധം നിയന്ത്രണത്തിലായി വന്നതോടെ ആശ്രമത്തിലേയ്ക്ക് അംഗങ്ങൾ കൂടിവന്നു. അതനുസരിച്ച് കൂടുതൽ ചിട്ടയോടു കൂടിയ സന്യാസ ജീവിതക്രമവും ആരംഭിച്ചു.

"ജപധ്യാനങ്ങൾ കൊണ്ടും, എകാന്ത ജീവിതം കൊണ്ടും, ആശ്രമത്തിൽ ജീവിച്ച് തങ്ങളെ നന്നാക്കുകയും ദൈവത്തോട് തങ്ങളെ ചേർത്തടുപ്പിക്കുകയും ചെയ്യുന്ന ധ്യാനജീവിതവും; ജനങ്ങളുടെ ആത്മരക്ഷയ്ക്കു വേണ്ടി വേദപഠനങ്ങൾ അവരെ പഠിപ്പിക്കുകയും, ജ്ഞാനധ്യാനങ്ങൾ അവർക്കു ചെയ്തു

കൊടുക്കുകയും, സെമിനാരിക്കാരെ നല്ല ജീവിതമുറയിൽ തഴക്കിപ്പഠിപ്പിക്കുകയും, കുമ്പസാരം കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും ജനങ്ങളുടെ വ്യാപാരങ്ങളെ ഗുണീകരിക്കുകയും ചെയ്യുന്ന പ്രവർത്തനജീവിതവും എന്നിങ്ങനെയുള്ള ജീവിതമാണ് അവർ നടത്തിപ്പോന്നത്."[3]

1838-ൽ സെമിനാരിയിൽ ചേർന്ന വല്യാറ യാക്കോബും സമൂഹത്തിന്റെ ജീവിതക്രമത്തിൽ സാവകാശം ഇഴുകിച്ചേർന്നു. 1848-ൽ പട്ടമേറ്റതോടെ അദ്ദേഹവും സജീവമായി പ്രവർത്തനരംഗങ്ങളിലേക്കിറങ്ങി. ആശ്രമത്തിന്റെ പല ആവശ്യങ്ങൾക്കും സഹായിച്ചിരുന്നതിനോടൊപ്പം ഇടവകകളിൽ ധ്യാനിപ്പിക്കുവാനും അദ്ദേഹം പൊയ്ക്കൊണ്ടിരുന്നു.

രോഗിപരിചരണം യാക്കോബച്ചനിൽ വരുത്തിയ മാറ്റം

യാക്കോബച്ചനെ വലിയൊരു ധ്യാനഗുരുവും, സാധുജന സംരക്ഷകനും, ആത്മാക്കളെക്കുറിച്ചുള്ള തീഷ്ണതയാൽ എരിയുന്നവനുമാക്കിയത് അദ്ദേഹത്തിന്റെ ജീവസ്പർശിയായ ഒരു സംഭവത്തോടെയാണ്. അതിനുശേഷം അദ്ദേഹത്തിൽ വന്ന മാറ്റം വലുതായിരുന്നു എന്ന് ചാവറയച്ചൻ സാക്ഷ്യപ്പെടുത്തുന്നു:

"ഈ വ്യത്യാസത്തിനു അയാൾക്ക് ഇടയായത് എപ്പോഴാണെന്ന് അയാളും നിങ്ങളും അറിഞ്ഞിട്ടില്ല; ചെറുപ്പം മുതൽ ഞാൻ അയാളെ അറിയുന്നു; എന്നാൽ കുർബാന ചൊല്ലിയ ശേഷവും ഞാൻ അയാളെ പലതവണ കുറ്റപ്പെടുത്തിയിരുന്നു. ഇങ്ങനെയിരിക്കെ മാന്നാനം കൊവേന്തയിൽ പാചകവൃത്തിയിൽ ഇരുന്ന കോയിൽ മുക്കുകാരൻ ഗീവർഗ്ഗീസ് എന്നൊരു വാലിഭക്കാരന് അർശസ്സിന്റെ രോഗം വർദ്ധിച്ച് കുടൽ പുറത്തിറങ്ങി കൃമികൾ ഉണ്ടായി. ഇതിനാൽ വലിയ ദുർഗ്ഗന്ധത്തോടു കൂടി അവിടെയുള്ള നെൽപ്പുരയിൽ കിടന്നിരുന്നു. കുമ്പസാരം, കുർബാന മുതലായ കൂദാശകൾ പോലും കൊടുപ്പാൻ പ്രയാസമായിരുന്ന ഈ രോഗിയെ ഇയാൾ നല്ലവണ്ണം ശുശ്രൂഷിച്ചു നൽമരണം പ്രാപിച്ചു. അയാളുടെ മരണം കഴിഞ്ഞപ്പോൾ ഇയാൾക്ക് ഛർദ്ദികൊണ്ട് കഞ്ഞികുടിക്കാൻ നിവർത്തിയില്ലാതെ വന്നതു കാരണം മൂന്നുനാലു ദിവസം അരിവറത്തു തിന്നു എന്നു പിന്നീടു മാത്രമെ ഞാൻ അറിഞ്ഞിരുന്നുള്ളു. അന്നുമുതൽ അത്രെ ഈ വ്യത്യാസവും, ധ്യാനക്കാരനുമായിത്തീർന്നിട്ടുള്ളത്. പിന്നീടു പല പള്ളികളിലും ധ്യാനം കഴിപ്പാൻ

അദ്ദേഹത്തെ അയക്കുകയും മരണം വരെ അയാളെ കുറ്റപ്പെടുത്താൻ ഇടവന്നിട്ടുമില്ല."[4]

പൗരോഹിത്യം സ്വീകരിക്കുന്നതുവരെയും തുടർന്നും എടുത്തു പറയാവുന്ന സവിശേഷതകൾ ഒന്നും യാക്കോബച്ചനെക്കുറിച്ചു കാണാനില്ലായിരുന്നു. ആശ്രമത്തിലെ വേലക്കാരനു ചെയ്തു കൊടുത്ത ഈ ശുശ്രൂഷയ്ക്കു ശേഷം അദ്ദേഹത്തിൽ വന്ന മാറ്റം വലുതായിരുന്നു. അന്ന് ആശ്രമത്തിലുണ്ടായിരുന്ന പലരേക്കാളും പുറമേയുള്ള വൈദികരേക്കാളും തീഷ്ണതയോടെ ഇദ്ദേഹം ജോലികൾ ചെയ്തിരുന്നു എന്നാണ് ചാവറയച്ചൻ പറയുന്നത്. പാലാ, ഭരണങ്ങാനം, രാമപുരം, പ്രവിത്താനം, കടനാട്, കുറവിലങ്ങാട്, മുട്ടുചിറ, കടുത്തുരുത്തി, ആരക്കുഴ, തൃപ്പൂണിത്തുറ, മനക്കോടം, ആലപ്പുഴ തുടങ്ങിയ പള്ളികളിൽ ധ്യാനം നടത്തി അവരെ ആത്മീയ ഉണർവ്വുള്ളവരാക്കിയിരുന്നു.[5]

യാക്കോബച്ചന്റെ മദ്ധ്യസ്ഥതയിൽ പല കുടുംബവഴക്കുകളും സമാധാനപരമായിത്തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ മാർ സ്ലീവാ പള്ളി ഇടവകയിൽ കുലീന കുടുംബത്തിലെ വിധവയായ ഒരു സ്ത്രീയുടെ ജീവിതത്തിൽ ഒരു പുരുഷനുമായി ചില അവിഹിത ബന്ധങ്ങൾ ഉണ്ടാകുവാനിടയായി. നിരാശിതയായിത്തീർന്ന ഈ സ്ത്രീ ആത്മഹത്യക്കു ശ്രമിക്കുകയുണ്ടായി. വിവരമറിഞ്ഞ യാക്കോബച്ചൻ ഈ സ്ത്രീയേയും അവൾ ഇടപെട്ട പുരുഷനെയും വിളിച്ച് വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും അവരെ വിവാഹിതരാക്കുകയും ചെയ്തു. മാനസാന്തരപ്പെട്ട പ്രസ്തുത ദമ്പതികൾ നന്ദി സൂചകമായി സ്വർണ്ണ നിർമ്മിതമായ കുരിശു ഇദ്ദേഹത്തിനു സമ്മാനം നൽകി. അദ്ദേഹം മരിക്കുന്നതിനു മുമ്പ് ഇതു സ്വന്തം വീട്ടുകാർക്കു സമ്മാനിച്ചു.[6]

1855-ൽ കർശനമായ നോമ്പ്, ഏകാന്തം, മൗനം തുടങ്ങിയ നിയമങ്ങൾക്ക് വിധേയമാക്കിയ നിയമാവലി നടപ്പിലാക്കിയതോടെ പലരും സന്യാസ ജീവിതം ഉപേക്ഷിച്ചു എങ്കിലും എന്തു ത്യാഗങ്ങളെയും ഏറ്റെടുക്കാനുള്ള തയ്യാറോടെ വല്യാറ യാക്കോബച്ചനും പതിനൊന്നു പേരിൽ ഒരുവനായി വ്രതം സ്വീകരിച്ചു. അതിനു മുമ്പ് ബർണർഡിൻ മെത്രാന്റെ പ്രതിനിധിയായി എത്തിയ മർസലിനോസ് മിഷനറി ഇവരെ ധ്യാനിപ്പിച്ചു. പരിശുദ്ധമാതാവിന്റെ അമലോത്ഭവ തിരുനാൾ ദിവസം രാവിലെ ചാവറയച്ചനും പത്തു പേരും വ്രതത്തിനൊരുങ്ങി.

ഭാരതസഭാതനയരുടെ ആദ്യ വ്രതവാഗ്ദാന ശുശ്രൂഷ

ചാവറയച്ചന്റെ വ്രതവാഗ്ദാനം ആദ്യമേ നടത്തണമെന്നും അതിനുശേഷം ആഘോഷമായ തിരുനാൾ കുർബാന നടത്തണമെന്നും അതിനു ശേഷമായിരിക്കണം ബാക്കി പത്തു പേരുടെ വ്രതവാഗ്ദാനം എന്നുമായിരുന്നു നിശ്ചയിച്ചിരുന്നത്. അതിൻ പ്രകാരം ആഘോഷമായ റാസ കുർബാന കഴിഞ്ഞ് പ്രധാന കാർമ്മികനായി നിശ്ചയിക്കപ്പെട്ടിരുന്ന വല്യാറ യാക്കോബച്ചൻ ഒഴിച്ച് ബാക്കി എല്ലാ വൈദികരും കുർബാന ചൊല്ലി. തുടർന്ന് ചാവറയച്ചന്റെ വ്രതവാഗ്ദാനം മർസലിൻ മിഷനറി നടത്തുകയും അതിനുശേഷം ആശ്രമത്തിൽ വച്ച് അദ്ദേഹത്തെ സഭയുടെ പ്രിയോരായി വാഴിക്കുകയും ചെയ്തു. അദ്ദേഹത്തെ എല്ലാവരും ശ്രേഷ്ഠനായി അംഗീകരിച്ചതിന്റെ ഭാഗമായി ചാവറയച്ചന്റെ മുൻപിൽ ഓരോരുത്തരും മുട്ടുകുത്തി കൈകൾ ചുംബിച്ചു.

പരിശുദ്ധ മാതാവിനെ അമലോത്ഭവയായി പ്രഖ്യാപിച്ചതിന്റെ ആദ്യവാർഷികദിനം. ആഘോഷമായ റാസ കുർബാനയ്ക്ക് പത്തു പേരിൽ ഒരുവനായിരുന്ന വല്യാറയച്ചനെത്തന്നെ ഏൽപ്പിക്കുവാനുണ്ടായ കാരണം മറെറാന്നുമായിരുന്നില്ല, അദ്ദേഹത്തിന്റെ ഭക്തി പൂർവ്വം പാടുവാനുള്ള കഴിവുതന്നെ ആയിരുന്നിരിക്കണം. ഭാരത ത്തിൽ ആദ്യമായി ഏതദ്ദേശീയമായ ഒരു സന്യാസ സഭയ്ക്ക് കാനോനികമായി തുടക്കം കുറിക്കുകയണ്, അതിനോടൊപ്പം അമലോത്ഭവത്തിരുനാൾ, ധാരാളം ജനങ്ങളും വൈദികരും ആശ്രമദേവാലയത്തിൽ വന്നു കൂടിയിട്ടുണ്ടായിരുന്നു. അവരുടെ മദ്ധ്യേ ആഘോഷമായ കുർബാനയ്ക്ക് വല്യാറയച്ചൻ നേതൃത്വം കൊടുത്തു.

തുടർന്നു ചാവറയച്ചന്റെ പിന്നാലെ വ്രതം ചെയ്യുവാനുള്ള പത്തുപേരും വെള്ള ളോവ ധരിച്ച്, സഭയുടെ ഔദ്യോഗിക വേഷമായ ളോവയുടെ പുറമെ കെട്ടുവാനുള്ള തുകൽവാറും, രോമത്തുണി കൊണ്ടുള്ള ചെറിയ സ്ക്കാപ്പുലറും, വ്രതവാചകമെഴുതിയ കടലാസും അതിനു മുകളിൽ വെച്ച ചെറിയ തൂങ്ങപ്പെട്ട കൂരിശും കൈകളിലേന്തി ദേവാലയത്തിലെ എട്ടുപട്ടത്തിനു നടുവിലേയ്ക്ക് പ്രദക്ഷിണമായി നീങ്ങി. പ്രത്യേക പ്രാർത്ഥനകൾക്കും ഉപദേശത്തിനും ശേഷം ഓരോരുത്തരായി ചാവറയച്ചന്റെ മുൻപിൽ മുട്ടുകുത്തി തങ്ങളുടെ സന്യാസവ്രതം അദ്ദേഹം വഴി ദൈവത്തിനു സമർപ്പിച്ചു.

കർശനമായ നിയമാവലിയ്ക്കനുസരിച്ച് സന്യാസ ജീവിതം നയിക്കുവാൻ സാധിക്കുമോ എന്നു ഭയന്ന് ആ ജീവിതവഴി വേണ്ടാ എന്നുവെച്ച 11 പേരും മനസ്സിൽ വലിയ വേദനയോടുകൂടി ഈ ചടങ്ങുകളിൽ ഭക്ത്യാദരപൂർവ്വം പങ്കുചേരുകയും പലവിധ ശുശ്രൂഷകളിലും സഹായിക്കുകയും ചെയ്തതിനുശേഷം സ്വന്ത വീടുകളിലേക്ക് മടങ്ങി എന്നതും അതിശയനീയമായ ഒരനുഭവമായിരുന്നു.[7] വ്രതവാഗ്ദാനം ചെയ്തപ്പോൾ വല്യാറയച്ചൻ യാക്കോബ് മറിയം എന്ന പേരു സ്വീകരിച്ചു.

യാക്കോബച്ചന്റെ 16 ദിവസത്തെ വ്രതബദ്ധജീവിതം

ഡിസംബർ 9-ാം തിയ്യതി യാക്കോബച്ചനെ അന്വേഷിച്ചു മുട്ടുചിറ പള്ളിയിൽ നിന്നും ഒരാൾ വന്നു. അവിടുത്തെ പള്ളിയുടെ കപ്യാർക്ക് വസൂരിയായതിനാൽ കുരിശു പള്ളിയിൽ മാറി താമസിപ്പിച്ചിരിക്കുകയാണെന്നും, അച്ചനെ കാണണമെന്നാവശ്യപ്പെടുന്നു എന്നുമായിരുന്നു അറിയിപ്പ്. മുട്ടുചിറ പള്ളിയിൽ ധ്യാനിപ്പിക്കുമ്പോഴുള്ള പരിചയമാണ് യാക്കോബച്ചന് കപ്യാരോടുള്ളത്. അന്നത്തെ ധ്യാനത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് യാക്കോബച്ചനെക്കാണുവാൻ കപ്യാർ ആവശ്യപ്പെട്ടത്. ആശ്രമത്തിലെ അംഗങ്ങൾ വസൂരി ദീനക്കാരനെ കാണാൻ പോകുന്നത് സുരക്ഷിതമല്ല എന്നുപദേശിച്ചെങ്കിലും മരണാസന്നന്റെ അപേക്ഷയെ തള്ളിക്കളയുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

രോഗിയെ ചെന്നുകണ്ട് ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്ത ശേഷം അദ്ദേഹത്തെ കുമ്പസാരിപ്പിച്ച് കുർബാനയും നൽകി. താമസിയാതെ അയാൾ മരിക്കുകയും ചെയ്തു. യാക്കോബച്ചൻ മടങ്ങി മാന്നാനത്തെത്തി 12-ാം തിയ്യതി മുതൽ ഛർദ്ദിയും പനിയും ആരംഭിച്ചു.[8] രോഗിക്ക് രക്തപ്പിത്തമാണെന്നു സംശയിച്ചെങ്കിലും 14-ാം തിയ്യതി ആയപ്പോഴേയ്ക്കും കഠിനമായ വസൂരി ആണെന്നു മനസ്സിലായി. ഉടനെ തന്നെ രോഗിയെ പ്രസ്സ് കെട്ടിടത്തിലേയ്ക്ക് മാറ്റുകയും സെമിനാരിക്കാരെ ഇടവകകളിലേയ്ക്കും വീടുകളിലേയ്ക്കും പറഞ്ഞയക്കുകയും ചെയ്തു.

അദ്ദേഹത്തെ പരിചരിക്കുവാൻ പോരൂക്കര കുര്യാക്കോസച്ചന്റെ നേതൃത്വത്തിൽ ചക്കാലയിൽ ചാണ്ടിയച്ചനും പടവുപുരയ്ക്കൽ

മത്തായി അച്ചനും, ചെറുകാട്ടുശ്ശേരി തോമ്മാച്ചനും, കരിമ്പുമാലിയിൽ യൗസേപ്പച്ചനും എല്ലാ സഹായങ്ങളും രോഗിക്ക് ചെയ്തുകൊടുത്തു. എന്നാൽ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. 23-ാം തിയ്യതി രാവിലെയും പ്രത്യേക വ്യത്യാസമെന്നും കണ്ടില്ല. വൈകുന്നേരമായപ്പോഴേയ്ക്കും അൽപ്പം ആശ്വാസം കണ്ടു. പോരൂക്കര കുര്യാക്കോസ് ഏലീശ്വാച്ചൻ ഈ സമയത്ത് യാക്കോബച്ചനെ കുമ്പസാരിപ്പിച്ച് കുർബാനയും രോഗിലേപനവും നൽകി.

24-ാം തിയ്യതി രാവിലെ ചാവറയച്ചൻ രോഗികൾക്കു വേണ്ടി പ്രത്യേകം കുർബാന അർപ്പിച്ചു. തുടർന്ന് തോപ്പിലച്ചൻ കുർബാന ചൊല്ലിക്കൊണ്ടു നിൽക്കുമ്പോൾ പോരൂക്കരയച്ചന്റെ സഹായത്തോടെ യാക്കോബച്ചൻ സുബോധത്തോടെ കുരിശുമുത്തിയ ശേഷം തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു. അന്നു വൈകുന്നേരം നാലുമണിക്ക് പോരൂക്കരയച്ചന്റെ കാർമ്മികത്വത്തിൽ ആശ്രമത്തിന്റെ സിമിത്തേരിയിൽ അദ്ദേഹത്തേ അടക്കം ചെയ്തു.[9]

മൊളോക്കോ ദ്വീപിൽ കുഷ്ഠരോഗികളെ സഹായിച്ച ഫാദർ ഡാമിയൻ പിന്നീടു കുഷ്ഠരോഗത്താൽ മരിക്കാനിടയായതു പോലെ, വസൂരി രോഗിയെ പരിചരിച്ച ശേഷം വല്യാറ യാക്കോബച്ചനും വസൂരി രോഗിയായി തന്റെ ജീവിതത്തെ അവസാനിപ്പിച്ചു.

യാക്കോബച്ചൻ വ്രതം ചെയ്യുന്നതിന് ഏതാനും ദിവസം മുൻപ് വീട്ടുകാർക്കായി ഒരു മരണശാസനം എഴുതി. അതോടുകൂടി ആലപ്പുഴ മാർ സ്ലീവാപ്പള്ളി ഇടവകയിൽ നിന്നു ലഭിച്ച സ്വർണ്ണ കുരിശു രൂപവും കൂടി വീട്ടുകാരെ ഏൽപ്പിച്ചു. അതാതു കാലത്തു കുടുംബത്തിലെ മൂത്തകാരണവൻമാർ തന്റെ അന്ത്യശാസനവും കുരിശും സൂക്ഷിക്കണമെന്നും മുടങ്ങാതെ അഞ്ചു സ്വർഗ്ഗസ്ഥനായ പിതാവെ, അഞ്ചു നന്മനിറഞ്ഞ മറിയം, അഞ്ചു ത്രിത്വസ്തുതിയും ചൊല്ലണമെന്നും നിർദ്ദേശിച്ചിരുന്നു. വല്യാറ കുടുംബത്തിൽ ഇന്നും ഈ പതിവ് യാക്കോബച്ചന്റെ ഓർമ്മയ്ക്കായി ചെയ്യുന്നുണ്ടെന്നാണ് കൈനകരി കുടുംബക്കാർ പറയുന്നത്.[10]



ഫാദർ മത്തായി കളപ്പുരയ്ക്കൽ



1823 - 1860

സി.എം.ഐ. സഭയുടെ സ്ഥാപന ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനമായത് സഭാനവീകരണത്തിനായി കൂട്ടായ പ്രവർത്തനം പങ്കുവെയ്ക്കുക എന്നതായിരുന്നു. ഇതിനുള്ള പ്രവർത്തനരംഗം ഇടവകകളും അവയെ കേന്ദ്രീകരിച്ചുള്ള ധ്യാനപരിപാടികളും ആയിരുന്നു. ആദ്ധ്യാത്മിക രംഗത്ത് അങ്ങേയറ്റം ശോഷണം സംഭവിച്ചുകൊണ്ടിരുന്ന സഭാസമൂഹത്തെ സംബന്ധിച്ചിടത്തോളം ഇതു കാലഘട്ടത്തിന്റെ ആവശ്യവും ദൈവിക പദ്ധതിയുമെന്ന് തെളിയിക്കുന്നതായിരുന്നു പുതുതായി രൂപം കൊണ്ട സന്യാസ സമൂഹത്തിന്റെ അനുഭവം. ഇതിനുള്ള ഒന്നാമത്തെ തെളിവായി കാണുന്നത് സഭാംഗങ്ങളായി ദൈവം തിരഞ്ഞെടുത്ത ആദ്യ അംഗങ്ങൾ എല്ലാം തന്നെ അതിപ്രഗത്ഭരായ വചന പ്രഘോഷക രുമായിരുന്നു എന്നതാണ്. പാലക്കൽ, പോരൂക്കര, ചാവറ സ്ഥാപക പിതാക്കന്മാർ തികഞ്ഞ ആദ്ധ്യാത്മിക നേതാക്കളും ആ കാലത്ത്

ജനങ്ങളെ എറ്റും കൂടുതൽ ആകർഷിച്ച വചനപ്രഘോഷക രുമായിരുന്നു. ഇവരുടെ പിന്നാലെ കടന്നുവന്ന പതിനൊന്നു പിതാക്കളിൽ എല്ലാവരിലും തന്നെ ഉണ്ടായിരുന്ന ഒന്നാമത്തെ സിദ്ധിയും ഇതു തന്നെയായിരുന്നു. സന്യാസ സഭാ കൂട്ടായ്മയിൽ വ്രതം ചെയ്തിട്ട് വെറും അഞ്ചുവർഷം മാത്രം ജീവിക്കാനവസരം കിട്ടിയ കളപ്പുര മത്തായി അച്ചന്റെ ജീവിതോദ്ദേശം മറെറാന്നുമല്ല തെളിയിക്കുന്നത്. അദ്ദേഹത്തിന്റെ സന്യാസ പൗരോഹിത്യജീവിതം ധ്യാനഗുരുവായിട്ടാരംഭിച്ച് ധ്യാനഗുരുവായിട്ടവസാനിപ്പിച്ചു. സി.എം.ഐ. ആദ്യ പിതാക്കന്മാർ കേരള സഭയിലെ നവീകരണ രംഗത്തെ പലപ്രസ്ഥാനങ്ങളുടെയും തുടക്കക്കാരായിരുന്നു. ഇവരെക്കുറിച്ചുള്ള ദൈവീകപദ്ധതി അതായിരുന്നു എന്നു തോന്നുമാറ് ഇവർ പലതിനും തുടക്കമിട്ട് താമസിയാതെ കാലയവനിക യ്ക്കുള്ളിലേയ്ക്ക് മറഞ്ഞു, അവർ തുടങ്ങി വച്ചത് പിൻതലമുറകൾ ക്കായി കൈമാറിക്കൊണ്ട്.

ഇത്തരത്തിൽ ചാവറയച്ചനോടൊപ്പം തുടക്കമിട്ട കളപ്പുരയ്ക്കൽ മത്തായി അച്ചൻ പാലാ ഇടവകക്കാരനായിരുന്നു. 1823-ൽ ജനിച്ചു. 1847-ൽ പുരോഹിതനായി എന്ന് സഭയുടെ മരണ ഓർമ്മയിൽ കാണുന്നത് ഒഴിച്ച് അദ്ദേഹത്തിന്റെ 1852 വരെയുള്ള ജീവിതകാലത്തെ ക്കുറിച്ച് നമുക്ക് യാതൊരറിവും രേഖകളിൽ നിന്നു ലഭിക്കുന്നില്ല. സി.എം.ഐ. സഭയിലെ ആദ്യപിതാക്കളിൽ ഒരുവനും ഒരു ധ്യാന ഗുരുവും എന്നു മാത്രം അറിയപ്പെടുക എന്നതു മാത്രമായിരിക്കാം കളപ്പുരയ്ക്കൽ മത്തായി അച്ചനെക്കുറിച്ചുള്ള ദൈവിക പദ്ധതി. പാലാ പ്രദേശത്തു നിന്ന് പലരും മാന്നാനത്തു ചേർന്ന് സെമിനാരിയിൽ പഠിച്ചിരുന്നതിനാൽ കളപ്പുരയ്ക്കലച്ചനും മാന്നാനത്തായിരിക്കണം സെമിനാരി പഠനം പൂർത്തിയാക്കിയത്. തുടർന്ന് സന്യാസ സമൂഹത്തിലും ചേർന്നിരിക്കണം.

കളപ്പുരയ്ക്കലച്ചന്റെ പ്രവർത്തനരംഗങ്ങൾ

ഏൽത്തുരുത്ത് ആശ്രമത്തിന്റെ തുടക്കത്തെ ചുറ്റിപ്പറ്റിയാണ് കളപ്പുരയ്ക്കലച്ചന്റെ സി.എം.ഐ. സഭയിലെ ജീവിതം ആരംഭിക്കുന്നത്. കണ്ടശാംകടവ് ഇടവകക്കാരൻ തോട്ടുങ്കൽ അന്തോനിയച്ചനാണ് ഇതിനു കാരണക്കാരൻ. 1848-ൽ അദ്ദേഹം മാന്നാനം ആശ്രമത്തിൽ ധ്യാനിക്കുവാനായി പോയി. അവിടുത്തെ

ആശ്രമവാസികളിലും അവരുടെ ദിനചര്യകളിലും ആകൃഷ്ടനായ അദ്ദേഹം കുറെ നാൾ അവരോടു കൂടി താമസിച്ചു. മാന്നാനത്തു ള്ളതുപോലെ വടക്കൻ പ്രദേശങ്ങളിലും ഒരു സന്യാസ ആശ്രമം ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം തിരിച്ചു പോയി വടക്കൻ പ്രദേശങ്ങളിലുള്ള വൈദികരേയും ജനങ്ങളെയും ഇതിനായി പ്രേരിപ്പിച്ചു. ഈ കാര്യത്തിൽ കൽപ്പറമ്പിൽ സെമിനാരിയിലെ മത്തായി മൽപ്പാനച്ചനും എടക്കുളത്തുർ മൽപ്പാനും പ്രത്യേക ഉത്സാഹികളായിരുന്നു.

ഇവരുടെ നേതൃത്വത്തിൽ മെത്രാനിൽ നിന്നും വേണ്ട അനുവാദം വാങ്ങിയശേഷം അരണാട്ടുകര അടുത്തുള്ള എലവത്തുരുത്ത് എന്ന സ്ഥലം നിയമപ്രകാരം സർക്കാരിൽ നിന്നും പതിപ്പിച്ചെടുത്തു.പല ഇടവക വൈദികരുടെയും ജനങ്ങളുടെയും സഹായത്തോടെ ഇവിടെ ചെറിയൊരു കപ്പേളയും രണ്ടു മൂന്നു മുറികളുള്ള ചെറിയൊരു കെട്ടിടവും തോട്ടുങ്കൽ അന്തോനിയച്ചന്റെ പ്രത്യേക നേതൃത്വത്തിൽ പണികഴിപ്പിച്ചു.1

സ്ഥലവും കപ്പേളയും കെട്ടിടവും ആക്കിയ ശേഷം മാന്നാനത്ത് ചാവറയച്ചനെ ഇവർ സമീപിച്ചു. വൈദികരുടെയും ജനങ്ങളുടെയും താൽപര്യവും ആവേശവും തിരിച്ചറിഞ്ഞ ചാവറയച്ചൻ എലവത്തുരുത്ത് പോയി താമസം ആരംഭിക്കുവാനായി കൊച്ചുപുരക്കയ്ക്കൽ മത്തായി അച്ചനെ പ്രധാനിയായും സഹായി ആയി കളപ്പുരയ്ക്കൽ മത്തായി അച്ചനേയും അവരോടൊപ്പം പറഞ്ഞയച്ചു.


ഇവർ രണ്ടു പേരും എലവത്തുരുത്ത് പോയി താമസം ആരംഭിക്കുകയും, അവരുടെ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ചുറ്റും വെള്ളം കെട്ടിക്കിടക്കുന്ന കോൾ നിലങ്ങളും കാറ്റിന്റെ ശക്തിയും അധികം ഉണ്ടായിരുന്നതിനാൽ അവിടം അത്ര താമസയോഗ്യമായിരുന്നില്ല. താമസിയാതെ കളപ്പുരയ്ക്കലച്ചന് മലമ്പനി പിടിപെടുകയും മാന്നാനത്തേയ്ക്ക് മടങ്ങിപ്പോകേണ്ടിയും വന്നു. താമസിയാതെ കൊച്ചുപുരയ്ക്കലച്ചനും മാന്നാനത്തേയ്ക്ക് മടങ്ങി.[2]

തോട്ടുങ്കൽ അന്തോനിയച്ചനും അധികം താമസിയാതെ മരിച്ചു. തുടർന്നു രണ്ടു മൽപ്പാനച്ചന്മാരും വൈദികരും ആശ്രമാംഗങ്ങളെ വിട്ടുകിട്ടുവാൻ ശ്രമിക്കുകയും മെത്രാനോടപേക്ഷിക്കുകയും

ചെയ്തെങ്കിലും സമയമായില്ല എന്ന മറുപടിയോടെ അവരെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്തത്. പിന്നീട് 1858-ലാണ് സി.എം.ഐ. ആശ്രമത്തിന് ഇതേ സ്ഥലത്തു തന്നെ ഔദ്യോഗികമായി തുടക്കം കുറിക്കാനിടയായത്.[3]

1855 ഡിസംബർ 8-ന് കളപ്പുരയ്ക്കൽ മത്തായി അച്ചനും ചാവറയച്ചനോടൊപ്പം വ്രതവാഗ്ദാനം നടത്തി. തുടർന്നുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങൾ തെളിയിക്കുന്നത്, ആശ്രമങ്ങളുടെ ചുമതല ഏറ്റെടുക്കുവാൻ അദ്ദേഹത്തെ ദൈവം തിരഞ്ഞെടുത്തില്ല എന്നതാണ്. മറിച്ച് ആശ്രമങ്ങളിൽ താമസിച്ചുകൊണ്ട് ഇടവകകൾ തോറും ധ്യാനപ്രസംഗങ്ങൾ നടത്തി ദൈവത്തിന്റെ വാനമ്പാടിയായി ജീവിതമവസാനിപ്പിക്കണമെന്നതായിരുന്നു അദ്ദേഹത്തെക്കുറിച്ചുള്ള ദൈവനിശ്ചയം.

കൂനമ്മാവ് ആശ്രമത്തിലേക്കായിരുന്നു തന്റെ രണ്ടാമത്തെ നിയോഗം. 1857-ൽ കൂനമ്മാവ് ആശ്രമം ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ടു അവിടേയ്ക്ക് മാന്നാനത്തു നിന്നു പോകുവാനുള്ള ആദ്യബാച്ചംഗങ്ങളിൽ ഒരാളായി മെത്രാൻ കളപ്പുരയ്ക്കലച്ചനേയും നിർദ്ദേശിച്ചെങ്കിലും അദ്ദേഹത്തിനു പകരം കുറി വീണത് കാനാട്ടു പൗലോസ് ശെമ്മാശ്ശനായിരുന്നു.[4]



ഏൽത്തുരുത്ത് - 1858
ഇന്നുള്ള ദേവാലയവും ആശ്രമവും

കളപ്പുരയ്ക്കലച്ചനു കിട്ടിയ അടുത്ത വിളി വാഴക്കുളത്തേയ്ക്കായിരുന്നു. 1859 മെയ് 19-ന് വാഴക്കുളത്ത് കാർമ്മൽ ആശ്രമത്തിന് കല്ലിട്ടു. അവിടുത്തെ ആദ്യ ആശ്രമാംഗങ്ങളിൽ ഒരുവനായി കാനാട്ട് യാക്കോബ് മറിയം അച്ചനോടൊപ്പം പോകുവാൻ അദ്ദേഹത്തെ നിയോഗിച്ചു. ഇവിടെ ആശ്രമം ഉണ്ടാക്കുവാൻ വഴി തുറക്കാൻ ദൈവം കളപ്പുരയ്ക്കലച്ചനേയും ഉപകരണമാക്കി.

1858 ഡിസംബർ മാസത്തിലാണ് കിഴക്കൻ പ്രദേശങ്ങളിലുള്ള ആരക്കുഴ, തൈച്ചേരി തുടങ്ങിയ പളളികളിൽ ധ്യാനം ആരംഭിച്ചത് ഇതിന് കൂനമ്മാവിൽ നിന്ന് കാനാട്ടച്ചനും അവിടെ താമസമാക്കിയിരുന്ന കളപ്പുരയ്ക്കലച്ചനും, മാന്നാനത്തു നിന്ന് അലക്സാണ്ടർ കട്ടക്കയത്തിലച്ചനും മററും ചിലരും ആണ് പോയത്. കുറെ നാളുകളായി ആരക്കുഴ, മൈലക്കൊമ്പ് പളളിക്കാർ തമ്മിൽ അഭിപ്രായവ്യത്യാസത്തിലായിരുന്നു. വാഴക്കുളത്ത് നമ്പ്യാപറമ്പിൽ ഗീവർഗ്ഗീസച്ചന്റെ നേതൃത്വത്തിൽ ഒരു കുരിശുപളളിയും ഏതാനും മുറികളും ഉണ്ടാക്കിയിരുന്നു. ഇതിനെച്ചൊല്ലിയും ആരക്കുഴ പളളിക്കാരും ഇദ്ദേഹവും തമ്മിൽ അഭിപ്രായവ്യത്യാസത്തിൽ കഴിയുകയായിരുന്നു. ഈ അവസരത്തിലാണ് കളപ്പുരയ്ക്കലച്ചനും മറ്റും ഇവിടേയ്ക്ക് ധ്യാനത്തിന് ചെന്നത്.

വാഴക്കുളം പ്രദേശത്തുകാർക്ക് അവിടെ ഒരാശ്രമം ഉണ്ടായാൽ പളളിയില്ലാത്ത പ്രശ്നവും തീരും കുരിശുപളളിയുടെ മേലുള്ള അഭിപ്രായവ്യത്യാസങ്ങളും തീരും. ധ്യാനം കഴിഞ്ഞുള്ള വിസീത്തക്കെത്തിയ മെത്രാനച്ചനോട് ഇടവക വൈദികരും ജനങ്ങളും നിവേദനമർപ്പിച്ചു. ഇതിനിടെ ചാവറയച്ചനും സാഹചര്യങ്ങളിൽ ഇടപെട്ടു. എല്ലാവരുടെയും താൽപര്യം പോലെ വാഴക്കുളത്ത് കുന്നിൽ കർമ്മല മലയ്ക്ക് തുല്യമായി കർമ്മലാശ്രമം രൂപം കൊണ്ടു.[5]

കളപ്പുരയ്ക്കലച്ചൻ ആത്മീയരംഗത്ത്

ഒരുവശത്ത് ബാബ്പേൽ ബന്ധം വീണ്ടെടുക്കാൻ സുറിയാനിക്കാരും മറുവശത്ത് പ്രൊപ്പഗാന്ത ബന്ധം ഉറപ്പിക്കാൻ അധികാരികളുടെ ഭാഗത്തും ഏതാണ്ടു തുല്യമായി ശക്തിപ്രയോഗിച്ചു കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ഇതിന്റെ പേരിൽത്തന്നെ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളുടെ അഭ്യാസനത്തിൽ വളരെ കുറവു വന്നിരുന്നു. ഇതിനോടൊപ്പം വേണ്ടവണ്ണമുള്ള ഒരുക്കത്തോടും പശ്ചാത്താപത്തോടും കൂടിയുള്ള

കുമ്പസാരവും ദിവ്യകാരുണ്യ സ്വീകരണവും സമൂഹത്തിൽ വളരെ കുറഞ്ഞു വന്നു.6

ഇങ്ങനെ ഒന്നിനൊന്ന് ആത്മീയാധഃപതനം ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴാണ് മാന്നാനത്തു നിന്ന് അച്ചന്മാർ നവീകരണ ധ്യാനവുമായി സമൂഹത്തിലേക്കിറങ്ങിയത്. മാന്നാനത്തേയും ഏൽത്തുരുത്തിനേയും കേന്ദ്രമാക്കി വൈദികർക്കുള്ള വാർഷിക ധ്യാനവും നടത്തി തുടങ്ങി. മൂന്നും നാലും അംഗങ്ങൾ അടങ്ങുന്ന ബാച്ചുകളായി തിരിഞ്ഞ് ഇടവകകളിലെ ധ്യാനത്തിനായി പുറപ്പെട്ടു. കളപ്പുരയ്ക്കലച്ചനും പട്ടമേറ്റതിനു ശേഷം ധ്യാനടീമിൽ ഉണ്ടായിരുന്നു. മാന്നാനത്തെയും കൂനമ്മാവിന്റെയും കേന്ദ്രമാക്കി അദ്ദേഹം പ്രവർത്തിച്ചിരുന്നു. പ്രഗത്ഭനായ ധ്യാനഗുരു കട്ടക്കയത്തിലച്ചന്റെ ടീമിലായിരുന്നു ഇദ്ദേഹവും എന്നു വേണം മനസ്സിലാക്കുവാൻ. കിഴക്കൻ പ്രദേശങ്ങളിലേക്ക് അദ്ദേഹത്തോടൊപ്പം പോയതിന് തെളിവുകൾ ഉണ്ട്.



വാഴക്കുളം - 1859
ഇന്നുള്ള ആശ്രമദേവാലയവും സ്കൂളും

വികാരി അപ്പസ്തോലിക്ക് ആയ ബർണർഡിൻ മെത്രാന്റെ നിർദ്ദേശപ്രകാരം ചില കാര്യങ്ങളിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായിരുന്ന പള്ളികളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ച്, 1853 ജനുവരി 20-ാം തിയ്യതി ചാവറയച്ചൻ റിപ്പോർട്ട് തയ്യാറാക്കി അദ്ദേഹത്തെ അറിയിക്കുന്നുണ്ട്. അതിൽ നാലു പള്ളികളെക്കുറിച്ച് കൊടുത്ത റിപ്പോർട്ടിൽ നാലാമത്തേത്

കളപ്പുരയ്ക്കൽ മത്തായി അച്ചൻ ഇടപെട്ട കാര്യമാണ്. ചുങ്കത്ത് പള്ളിയിൽ തെക്കുംഭാഗക്കാരും വടക്കുംഭാഗക്കാരും തമ്മിൽ വലിയ അഭിപ്രായഭിന്നതയും അവകാശതർക്കങ്ങളും ഉണ്ടായിരുന്നു. ഇവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കളപ്പുരയ്ക്കലച്ചനെ ധ്യാനിപ്പിക്കുവാനായി അയച്ചു. അവിടെ അദ്ദേഹം ഇടപെട്ട് പ്രശ്നങ്ങൾ പഠിച്ച് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിലും കൂടിയാണ് ചാവറയച്ചൻ മെത്രാന് റിപ്പോർട്ട് നൽകുന്നത്. ഇവിടെ മത്തായി അച്ചന്റെ കഴിവിനേയും ആത്മീയ നേതൃത്വത്തേയും വിലയിരുത്താൻ ഈ റിപ്പോർട്ട് സഹായകമാണ്.[7]

സഭാചരിത്രകാരനായ ബർണാർഡ് അച്ചൻ, കളപ്പുരക്കലച്ചനെ നേരിട്ടു കണ്ടിട്ടുള്ളവരിൽ നിന്ന് കിട്ടിയ അറിവ് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"ധ്യാനത്തിലായിരിക്കുമ്പോൾ ഇദ്ദേഹത്തിന്റെ മുഖം പകർന്നിരിക്കുന്നതായും ആത്മാവ് ദൈവത്തെ കണ്ട് സംഭാഷിക്കുന്നതുപോലെയും തോന്നപ്പെട്ടിരുന്നു. പെസഹാദിനത്തിൽ വി.കുർബാന കൈക്കൊള്ളുമ്പോൾ പതിവായി ആണ്ടുതോറും പരവശനായിരുന്നതുകൊണ്ട്, മറ്റുള്ളവർ ഇദ്ദേഹത്തെ താങ്ങിപ്പിടിച്ചുകൊണ്ടു പോകേണ്ടി വന്നിട്ടുണ്ട്. ഇത് വി.കുർബാനയിൻമേൽ ഇദ്ദേഹം കഴിച്ച ധ്യാനത്തിന്റെ ഫലമായിട്ടുള്ളതാണ്. പ്രസംഗത്തിൽ ഇദ്ദേഹം പ്രദർശിപ്പിച്ചിരുന്ന ജ്ഞാനശൂഷ്കാന്തി അതിശയനീയമാകുന്നു. കാഞ്ഞൂർ പള്ളിയിൽ ഇദ്ദേഹം പ്രസംഗിച്ചിരുന്നപ്പോൾ ഉണ്ടായ ജ്ഞാനാനുഭവത്താൽ പരവശനായിപ്പോയി. തൻനിമിത്തം പള്ളിയിൽ പൗലോസച്ചൻ പ്രസംഗം പൂർത്തിയാക്കേണ്ടി വന്നു"[8].

കളപ്പുരയ്ക്കലച്ചന്റെ മരണം

കുടക്കച്ചിറ അന്തോനിയച്ചൻ പ്ലാശനാൽ തുടങ്ങിയ ആശ്രമം 1858-ൽ സി.എം.ഐ. സഭ ഏറ്റെടുക്കേണ്ടി വന്നപ്പോൾ പാലായിൽ ധ്യാനിപ്പിച്ചു കൊണ്ടിരുന്ന വാഴക്കുളത്ത് ആശ്രമവാസിയായിരുന്ന കളപ്പുരയ്ക്കലച്ചനെ അവിടെയ്ക്കയച്ചു. പ്ലാശനാൽ ആശ്രമം കാടിനോടു ചേർന്ന സ്ഥലമായിരുന്നതിനാൽ മനുഷ്യവാസത്തിന് അത്ര പറ്റിയ സ്ഥലം അല്ലായിരുന്നു. കൊച്ചുപുരയ്ക്കലച്ചനും കളപ്പുരയ്ക്കലച്ചനും കൂടി വലിയൊരു റിപ്പയർ പണികൾ ചെയ്ത ശേഷമാണ് താമസമാക്കിയത്. കൊച്ചുപുരയ്ക്കലച്ചൻ മടങ്ങിപ്പോവുകയും ചെയ്തു.


കാറ്റും തണുപ്പും എല്ലാം കൂടി കളപ്പുരയ്ക്കലച്ചന് മലമ്പനി പിടിപെട്ടു. അദ്ദേഹത്തെ വീട്ടിൽ നിന്ന് അന്വേഷിച്ചു ചെന്ന അപ്പന്റെ എഴുത്ത് 1860 മെയ് 15-ന് മാന്നാനത്ത് കിട്ടിയപ്പോഴാണ് ഒറ്റയ്ക്ക് താമസിച്ചിരുന്ന അദ്ദേഹത്തിന് പനിയാണെന്ന വിവരം മാന്നാനത്ത് അറിയുന്നത്.

ഉടനെ തന്നെ കട്ടക്കയം വലിയ ചാണ്ടിയച്ചനെ അങ്ങോട്ടയച്ചു. മത്തായി അച്ചനെ കൂട്ടിക്കൊണ്ടു വരുന്നതിനു വേണ്ടി. ചാണ്ടിയച്ചൻ നടന്നു പാലായിൽ എത്തിയപ്പോഴേക്കും വീട്ടുകാർ അദ്ദേഹത്തെ പാലാ വരെ എത്തിച്ചിരുന്നു. അതിനാൽ ചാണ്ടിയച്ചൻ പ്ലാശനാൽ ചെന്ന് പള്ളിയും വസ്തുക്കളും സൂക്ഷിക്കുവാൻ അരുവിത്തുറ പള്ളിക്കാരെ പറഞ്ഞേൽപ്പിച്ചിട്ട് തിരിച്ചു പാലായിൽ വന്നു. അവിടെ നിന്നും ഒരു വള്ളത്തിൽ മത്തായി അച്ചനെ കയറി മാന്നാനത്തെത്തിച്ചു. അപ്പോൾ അൽപം സൗഖ്യം തോന്നിച്ചെങ്കിലും ചികിൽസ തുടർന്നു. രോഗം വീണ്ടും കൂടുകയാൽ രോഗത്തിന്റെ ഗൗരവം അദ്ദേഹത്തെ അറിയിച്ചു. തുടർന്ന് ഇദ്ദേഹം നിത്യയാത്രയ്ക്ക് ഒരുങ്ങി കുമ്പസാരിച്ച് വി.കുർബാന സ്വീകരിച്ചു. ജൂൺ 19-ന് അദ്ദേഹം ചാവറയച്ചനിൽ നിന്ന് രോഗീലേപനം സ്വീകരിച്ചു. 22-ന് രാവിലെ ഒരു കയ്യിൽ കുരിശു രൂപവും മറു കയ്യിൽ ദൈവമാതാവിന്റെ രൂപവും പിടിച്ച്, ചൊല്ലിക്കൊടുത്ത പ്രാർത്ഥന ഏറ്റു ചൊല്ലി. ചാവറയച്ചൻ തന്നെ ഉത്തരീയത്തിന്റെ ആശീർവാദവും, യൗസേപ്പ് മൂപ്പച്ചൻ കുരിശിന്റെ ആശീർവാദവും കൊടുത്തു. 12 മണിയോടു കൂടി തന്റെ ആത്മാവിനെ അദ്ദേഹം ദൈവകരങ്ങളിൽ സമർപ്പിച്ചു. 1860 ജൂൺ 23-ാം തിയ്യതി അദ്ദേഹത്തെ മാന്നാനത്ത് അടക്കം ചെയ്തു. ചാവറയച്ചൻ ഇദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്: പ്രസംഗം പറയുന്നതിനും കുമ്പസാരിപ്പിക്കുന്നതിനും മടിയില്ലാത്ത ദൈവശുശ്രൂഷിയായിരുന്നു ഇദ്ദേഹം എന്നാണ്.[9]

അഞ്ചു വർഷത്തെ തന്റെ അർപ്പിത ജീവിതത്തിനുള്ളിൽ അദ്ദേഹം ഏൽത്തുരുത്ത്, വാഴക്കുളം, പ്ലാശനാൽ എന്നീ ആശ്രമങ്ങളിലെ ആദ്യത്തെ അംഗങ്ങളിൽ ഒരുവനാകയും മാതൃഭവനമായ മാന്നാനത്ത് അന്തിമ വിശ്രമം കൊള്ളുകയും ചെയ്യുന്നു. സഭയുടെ തുടക്കക്കാരുടെ കൂട്ടത്തിൽ ദൈവത്തെ അനുഭവിച്ചറിഞ്ഞു കൊണ്ട് വചന പ്രഘോഷണം നടത്തിയ ഒരു വ്യക്തിയാണ് കളപ്പുര മത്തായി അച്ചൻ.



ഫാദർ മത്തായി മുഞ്ഞനാട്ട്



1820 - 1861

സന്യാസവ്രതം സ്വീകരിച്ച് ആറു വർഷത്തിനുള്ളിൽ മരണമടഞ്ഞ മത്തായി മുഞ്ഞനാട്ടച്ചന്റെ ചരിത്രം പ്രധാനമായും കൂനമ്മാവ് ആശ്രമത്തെ കേന്ദ്രീകരിച്ചാണ് ഉള്ളത്. സി.എം.ഐ. സഭയുടെ രണ്ടാമത്തെ സ്ഥാപനം എന്നു വിശേഷിപ്പിക്കുന്ന കൂനമ്മാവ് ആശ്രമത്തിലെ ആദ്യത്തെ സുപ്പീരിയറായാണ് സഭയിലെ തന്റെ ഔദ്യോഗിക ജീവിതം മുഞ്ഞനാട്ടച്ചൻ ആരംഭിച്ചത്. ചരിത്ര പ്രാധാന്യമുള്ള കൂനമ്മാവ് ആശ്രമത്തെ സംബന്ധിച്ചിടത്തോളം വിഭിന്നമായ ഒരു തുടക്കം അതിനുള്ളതുകൊണ്ട് ആ ചരിത്രവും കൂടി ഇവിടെ ചേർക്കേണ്ടതുണ്ട്.

കൂനമ്മാവിൽ
ലത്തീൻകാർക്കുവേണ്ടിയുള്ള സന്യാസാശ്രമം

മാന്നാനത്ത് സുറിയാനിക്കാരുടെതായി സന്യാസാശ്രമം ഉണ്ടായതുപോലെ ലത്തീൻകാർക്കും ഒരാശ്രമം ഉണ്ടാകണമെന്നാഗ്രഹിച്ച് വരാപ്പുഴ ബെർണർഡിൻ മെത്രാൻ കൂനമ്മാവിൽ നടത്തിയ പരിശ്രമങ്ങളെക്കുറിച്ചും പരാജയമടഞ്ഞതിനെക്കുറിച്ചും, തുടർന്ന് മാന്നാനം ആശ്രമത്തെ എൽപ്പിച്ചു കൊടുത്തതിനെക്കുറിച്ചുമെല്ലാം പാറപ്പുറത്തു വർക്കിയച്ചൻ ദീർഘമായി വിശദീകരിക്കുന്നുണ്ട്.

വരാപ്പുഴ മെത്രാനായിരുന്ന ബർണർഡിൻ ബച്ചിനേല്ലി വൈദികനായിരുന്നപ്പോൾ ആരംഭിച്ച പള്ളിയാണ് കൂനമ്മാവ് സെന്റ് ഫിലോമിനാസ്. അതിനോടു വൈകാരികമായ ഒരു ബന്ധമുള്ളതുകൊണ്ട് അവിടെത്തന്നെ ലത്തീൻകാർക്കായി ഒരു സന്യാസാശ്രമം തുടങ്ങാമെന്നും, വരാപ്പുഴയിൽ നിന്നുള്ള തന്റെ ആസ്ഥാനം അങ്ങോട്ടു മാറാമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം.

ഈ ഉദ്ദേശത്തോടുകൂടി അദ്ദേഹം പള്ളിയോടു ചേർന്നുള്ള കെട്ടിടം കൂറേക്കൂടി വലുതാക്കി പണിതു. 1857 ജനുവരി ആയപ്പോഴേക്കും ഈ പണികൾ പൂർത്തിയാക്കി. വരാപ്പുഴ സെമിനാരിയിൽ നിന്ന് മൂന്നു യുവവൈദികരേയും പുറമേ നിന്ന് ഒരു വൈദികനേയും ഇവർക്ക് തലവനായി, ഫിലിപ്പോസ് മിഷനറിയേയും ചേർത്ത് കൂനമ്മാവിൽ ആശ്രമം തുടങ്ങി.


ഏതാനും മാസങ്ങൾക്കുള്ളിൽ ഇവർ ഓരോരുത്തരായി ആശ്രമ ജീവിതത്തിൽ നിന്നു പിന്മാറി. അവർക്ക് ആ ജീവിതരീതിയിൽ തുടരാൻ ധൈര്യം തോന്നിയില്ല. ഈ സാഹചര്യത്തിൽ പുത്തൻചിറ പള്ളി വികാരി ബഹു.കൂനനച്ചനെ വരുത്തി വടക്കുഭാഗത്തുള്ള പട്ടക്കാരുടെ ഒരു കൊവേന്ത ആക്കിയാലൊ എന്നാണ് ആദ്യം ആലോചിച്ചത്. അതു നടക്കാതെ വന്നപ്പോൾ മാന്നാനത്തെ സമീപിക്കാമെന്നുവെച്ചു.

ഈ സാഹചര്യത്തിൽ വലിയ താൽപര്യത്തോടെ ലത്തീൻകാർക്കായി ആരംഭിച്ച ആശ്രമ ജീവിതം നിന്നു പോയതിൽ തുടക്കക്കാരനായ മെത്രാനും സഹായിയായ ഫിലിപ്പോസച്ചനും വലിയ ദുഃഖമായി. ഇത് അവരുടെ അഭിമാനത്തെയും ബാധിക്കാതിരുന്നില്ല. തുടങ്ങിയ സന്യാസാശ്രമം അങ്ങനെ തന്നെ തുടരുന്നു

എന്നു വരുത്തുവാൻ വേണ്ടി മാന്നാനത്തിന്റെ രണ്ടാം ആശ്രമമായി മാറാറാമെന്ന നിശ്ചയമാണ് അവരിലുണ്ടായത്. അതിൻ പ്രകാരം ഈ വിവരങ്ങൾ ചാവറയച്ചനെ അറിയിക്കുകയും സി.എം.ഐ. സഭയ്ക്കായി ഈ സ്ഥാപനം നിരുപാധികം വിട്ടു തരുന്നു എന്നും തീരുമാനമുണ്ടായി. ഇങ്ങനെ കൂനമ്മാവ് ആശ്രമം ഏറെറടുക്കേണ്ടതിന് മൂന്നു നാലംഗങ്ങളെ അങ്ങോട്ടയക്കണമെന്നും അതിലൊന്ന് മുഞ്ഞനാട്ട് മത്തായി അച്ചനായിരിക്കണമെന്നും മെത്രാൻ നിർദ്ദേശിച്ചു.[1]

മുഞ്ഞനാട്ടച്ചൻ കൂനമ്മാവ് ആശ്രമാധിപൻ

മുഞ്ഞനാട്ട് മത്തായിച്ചന്റെ കുടുംബത്തെക്കുറിച്ചോ മാന്നാനത്തു ചേരുന്നതു വരെയുള്ള ജീവിതത്തെക്കുറിച്ചോ കൂടുതലായി നമുക്കൊന്നും അറിവില്ല. ലയോപ്പോൾദ് മിഷനറി രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം 1820-ലാണ് ഇദ്ദേഹം ജനിച്ചത്. പാലാ ളാലം പളളി ഇടവകക്കാരനായിരുന്ന ഇദ്ദേഹം 1853-ൽ മാന്നാനം ആശ്രമാംഗമായിചേർന്നു. ചാവറയച്ചനോടൊപ്പമുണ്ടായിരുന്ന 11 പിതാക്കന്മാരിൽ ഒരുവനായി 1855 ഡിസംബർ 8-ന് വ്രത വാഗ്ദാനം നടത്തി. ഏതാണ്ട് ഒരു വർഷം നീണ്ടു നിന്ന നോവിഷ്യേറ്റുകാലവും കഴിഞ്ഞിരിക്കുമ്പോഴാണ് കൂനമ്മാവിലെ ആശ്രമം മാന്നാനത്തിന് വിട്ടുതരുവാനുള്ള ആലോചനയുണ്ടായത്.



കൂനമ്മാവ്: 1857
ചാവറയച്ചൻ 1871-ൽ മരിച്ച മുറിയോടു ചേർന്നുള്ള മൂന്നുനില ആശ്രമകെട്ടിടം.
ഈ ഭാഗം 1949-ൽ പൊളിച്ചു മാറ്റപ്പെട്ടു.

ഒരാശ്രമത്തിലേക്കാവശ്യമായ അത്യാവശ്യ സൗകര്യങ്ങൾ എല്ലാം കൂനമ്മാവിൽ ഉണ്ടായിരുന്നതിനാൽ പായും തലയിണയും പഠനത്തിനുള്ള പുസ്തകങ്ങളും മാത്രം മാന്നാനത്തു നിന്ന് എടുത്താൽ മതി എന്നു നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒരുക്കിയതിനുശേഷം അവിടേയ്ക്കു പോകുവാനുള്ള മുഞ്ഞനാട്ട് മത്തായിഅച്ചനും, നവ സന്യാസികളായ വർക്കി ശെമ്മാശ്ശനും, ചാണ്ടപ്പിള്ള ശെമ്മാശ്ശനും, കാനാട്ട് പൗലോസ് ശെമ്മാശ്ശനും, പ്രിയോർ ചാവറയച്ചന്റെ മുമ്പിൽ മുട്ടുകുത്തി. അദ്ദേഹം പുതിയ സ്ഥലത്തേയ്ക്കായി ആവശ്യമുള്ള നിർദ്ദേശങ്ങളും ആശീർവ്വാദവും നൽകി അവരെ പറഞ്ഞയച്ചു.

1857 ഓഗസ്റ്റു മാസം പകുതിയോടെയാണ് മുഞ്ഞനാട്ടച്ചന്റെ നേതൃത്വത്തിൽ നാലംഗസംഘം കൂനമ്മാവിലേക്ക് തിരിച്ചത്. അത്യാവശ്യമുള്ള സാധന സാമഗ്രികളുമായി ഇവരെ വഹിച്ചു കൊണ്ടുള്ള വള്ളം പള്ളിപ്പുറം പള്ളിയുടെ അടുത്തെത്തി. അവിടെ അടുത്തായി കൂട്ടുങ്കൽ കുടുംബത്തിലേക്ക് പോരുക്കര തറവാട്ടിൽ നിന്നും ഇത്തമ്മ എന്ന സ്ത്രീയെ വിവാഹം കഴിച്ചിരുന്നു. അവരുടെ രണ്ടു മക്കളോടു കൂടി പുതുഞായറാഴ്ച മലയാറ്റൂർ മല കേറാനായി പോയ വഴി വെള്ളത്തിൽ വീണു മക്കൾ രണ്ടു പേരും മരിക്കാനിട യായി. ഇവരുടെ സങ്കടത്തിൽ ആശ്വസിപ്പിക്കാനായി യാത്രാമദ്ധ്യേ മുഞ്ഞനാട്ടച്ചനും മറ്റും കൂട്ടുങ്കൽ വീട്ടിൽ കയറി. അദ്ദേഹം നൽകിയ ആശ്വാസ വചനങ്ങളിൽ നിന്നു കിട്ടിയ പ്രചോദനമായിരുന്നിരിക്കാം ഈ ഭാര്യാഭർത്താക്കന്മാർ മാന്നാനം ആശ്രമത്തിന്റെ അടുത്ത് വന്നു താമസിച്ചു. അവർ കർമ്മലീത്ത അൽമായരായ മൂന്നാം സഭയിലെ അംഗങ്ങളായി സുകൃതജീവിതം നയിച്ചു നല്ല മരണം പ്രാപിച്ചു. മുഞ്ഞനാട്ടച്ചന്റെ വേദനിക്കുന്നവരോടുള്ള പക്ഷം ചേരാനുള്ള കഴിവ് ഇവിടെ പ്രകാശിതമായിരുന്നു.

ഏലിയാ പ്രവാചകന്റെ ശിഷ്യനായി ഏലീശ്വാ പിൻതുടർന്നതു പോലൊരനുഭവം മുഞ്ഞനാട്ടച്ചനും ഉണ്ടായി. മാന്നാനത്തു നിന്ന് കൂനമ്മാവിലേയ്ക്കുള്ള അവരുടെ ആദ്യയാത്രയിൽ വെണ്ടുരുത്തി പള്ളി ഇടവകക്കാരനായ യാക്കോബ് എന്ന ബാലനെ വഴിയിൽ വെച്ചു കാണുകയുണ്ടായി. അവനും സന്യാസിയാകാൻ ആഗ്രഹിച്ച് അവരെ പിൻതുടർന്നു. പിന്നീട് അവനും സഹോദരൻന്മാരുടെ ഗണത്തിൽപ്പെട്ടു.[2] പാലാ കട്ടക്കയം വലിയചാണ്ടിയച്ചനുമായിട്ടുള്ള

ബന്ധത്തിലൂടെയായിരിക്കാം മുഞ്ഞനാട്ടച്ചനും ദൈവവിളി സ്വീകരിച്ച് ആശ്രമത്തിലെത്തിയത്. തനിക്കു കിട്ടിയ പ്രോത്സാഹനം അദ്ദേഹം മറ്റുള്ളവരിലേക്കും 'വ്യാപിപ്പിച്ചു എന്നു വേണം മനസ്സിലാക്കുവാൻ.

മുഞ്ഞനാട്ടച്ചനും മറ്റും കൂനമ്മാവിൽ ചെന്ന ഉടനെ തന്നെ പ്രത്യേക സുപ്പീരിയറെ നിശ്ചയിച്ചില്ല. പകരം മർസലിൻ മൂപ്പച്ചനാണ് കാര്യങ്ങളെല്ലാം നടത്തിയിരുന്നത്. മെത്രാന്റെ ഡലഗേറ്റായി ഫിലിപ്പോസച്ചനും. പിന്നീട് മെത്രാപ്പോലീത്ത ചാവറയച്ചനെ മാന്നാനത്തു നിന്നും വിളിച്ചു വരുത്തി. ആശ്രമത്തിന് ഒരു ശ്രേഷ്ഠനെ നിശ്ചയിക്കുന്നതിനു വേണ്ടി കൂനമ്മാവിലെത്തിയ ചാവറയച്ചനെ അവിടുത്തെ ആശ്രമത്തിന്റെയും പ്രിയോരായി സ്വീകരിച്ചുകൊണ്ട് ഔദ്യോഗികമായി സ്ഥാനമേൽപ്പിച്ചു. പിറ്റേദിവസം മെത്രാന്റെ നിർദ്ദേശപ്രകാരം ചാവറയച്ചനെ ക്കൊണ്ടാണ് മുഞ്ഞനാട്ടച്ചന് അവിടുത്തെ സുപ്പിരിയർ സ്ഥാനം ഏൽപ്പിച്ചത്. ഇപ്രകാരം മെത്രാൻ ചെയ്തത്, ചാവറയച്ചനും മറ്റും ആരംഭിച്ച സഭ ലത്തീൻ ക്രമത്തിൽ നിന്നും വ്യത്യാസമുള്ളതും, സുറിയാനി ക്രമത്തിൽ ആരംഭിച്ചതായതുകൊണ്ടും അതിനു തനിച്ച് ഒരു പൊതുശ്രേഷ്ഠൻ ഉണ്ടായിരിക്കണം എന്ന് അംഗീകരിച്ചതു കൊണ്ടുമാണ്.[3]

സന്യാസ പരിശീലനം രണ്ടിടത്തായി നടത്തേണ്ട എന്നു മെത്രാന്റെ തീരുമാനത്താൽ മാന്നാനത്തുള്ളവരെയും കൂനമ്മാവിൽ ഒരുമിച്ചാക്കാമെന്ന് തീരുമാനമുണ്ടായി. 1859 സെപ്റ്റംബർ മാസത്തിൽത്തന്നെ മാന്നാനത്തു നിന്നു യോഗാർത്ഥികളായിരുന്ന ഏഴു പേരെയും ഞായപ്പള്ളിൽ ശെമ്മാശ്ശനെയും കൂനമ്മാവിലേക്കു മാറ്റി. ഇവരെയും കൂട്ടിക്കൊണ്ടു പോയത് മുഞ്ഞനാട്ടച്ചൻ തന്നെ യായിരുന്നു. കൂനമ്മാവിൽതന്നെ എൽപ്പിച്ച സുപ്പീരിയർ സ്ഥാനം വളരെ നല്ല നിലയിൽ അദ്ദേഹം ഉപകരിപ്പിച്ചു. അക്കാലത്ത് ധാരാളം അംഗങ്ങൾ ഇടവക വൈദികരായിരുന്നവരും, യോഗാർത്ഥികളും കൂനമ്മാവിൽ വന്നു ചേരുകയുണ്ടായി.

മുഞ്ഞനാട്ടച്ചന്റെ മരണം

ഏൽത്തുരുത്തിൽ ആരംഭിച്ച ആശ്രമത്തിന്റെ പണികൾ തകൃതിയായി തോപ്പിലച്ചന്റെ നേതൃത്വത്തിൽ പുരോഗമിച്ചുകൊ ണ്ടിരിക്കുന്നതിനിടയിലാണ് അവിടെ സഹായിയായി ഉണ്ടായിരുന്ന കടവിൽ ആഗസ്തീനോസ് അച്ചന് അസുഖമായത്. 1859 അവസാനം അദ്ദേഹത്തിന്റെ പ്രത്യേക അസുഖത്തിന്റെ പേരിൽ സഭയിൽ നിന്നു

പറഞ്ഞുവിടേണ്ടി വന്നു. ഈ സാഹചര്യത്തിലാണ് കൂനമ്മാവ് ആശ്രമത്തിന്റെ വികാരിയായിരുന്ന മുഞ്ഞനാട്ടച്ചനെ തോപ്പിലച്ചന്റെ സഹായിയായി ഏൽത്തുരുത്തിലേക്ക് പറഞ്ഞുവിടേണ്ടി വന്നത്. ചില പ്രത്യേക ആവശ്യങ്ങൾക്കായി അദ്ദേഹം മാന്നാനത്തും പാലായിലുമായി കഴിയുന്ന സമയമായിരുന്നു അത്.

സാമ്പത്തികമായി വളരെ ഞെരുക്കത്തിലൂടെ കടന്നു പോകുന്ന സമയമായിരുന്നു, എൽത്തുരുത്തിൽ. പലരുടേയും സഹായം സ്വീകരിച്ചു കൃഷിനിലത്ത് കൃഷി ഇറക്കി. നല്ല വിളവായിരുന്നു. കേടുപാടുകളും ഇല്ലായിരുന്നു. കൊയ്ത്തിനു നിശ്ചയിച്ചിരുന്നതിന്റെ തലേ രാത്രിയിൽ ഉണ്ടായ മഴയും വെള്ളപ്പൊക്കവും മൂലം കൃഷി മുഴുവനും നശിച്ചുപോയി. ഇങ്ങനെ തോപ്പിലച്ചനും മറ്റും വിഷമിച്ചിരിക്കുന്നതിനിടയിലാണ് 1861 ആരംഭത്തിൽ മുഞ്ഞനാട്ടച്ചൻ പനി പിടിച്ചു കിടപ്പിലായത്. അതു ജനുവരിക്കാറ്റിന്റെ പ്രത്യേകത കൊണ്ടായിരിക്കാം എന്നു വിചാരിച്ച് തോപ്പിലച്ചൻ മത്തായിഅച്ചനെ മാന്നാനത്തേയ്ക്ക് സ്ഥലം മാറ്റുവാൻ ഒരുക്കങ്ങൾ ചെയ്തു. എന്നാൽ ചിറമേൽ വാവുതരകൻ അപകടസ്ഥിതി മനസ്സിലാക്കി തോപ്പിലച്ചനെ നിരുൽസാഹപ്പെടുത്തി. ഉടനെ അവിടെത്തന്നെ വേണ്ട ചികിൽസകളൊക്കയും അതീവ ശ്രദ്ധയോടും താൽപര്യത്തോടെയും അദ്ദേഹം നടത്തി. ചികിൽസകൊണ്ട് ഗുണമൊന്നുമുണ്ടായില്ല എന്നു മാത്രമല്ല രോഗം വർദ്ധിക്കുകയും ചെയ്തു. വേണ്ട ഒരുക്കത്തോടെ മുഞ്ഞനാട്ടച്ചൻ രോഗീലേപനം സ്വീകരിച്ചു. 1861 ജനുവരി 16-ാം തിയ്യതി അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. ഏൽത്തുരുത്തിൽ തന്നെ അദ്ദേഹത്തെ അടക്കം ചെയ്തു. ഏൽത്തുരുത്ത് ആശ്രമത്തിൽ മരിച്ച് അവിടെ ആദ്യം അടക്കം ചെയ്യപ്പെട്ടയാളാണ് മുഞ്ഞനാട്ട് മത്തായി അച്ചൻ.[4]

ചാവറയച്ചന്റെ സിദ്ധിപരമായ സഭയുടെ രൂപീകരണത്തിൽ സഹായിക്കാൻ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത വ്യക്തികളായിരുന്നു ഈ പിതാക്കന്മാർ. ഇവർ ഓരോരുത്തരും പല റോളുകളിലായിരുന്നു അഭിനയിക്കാനുണ്ടായിരുന്നത്. മുഞ്ഞനാട്ടച്ചനെ ദൈവം തിരഞ്ഞെടുത്തത് പ്രധാനമായും സഭയുടെ രണ്ടാമത്തെ സ്ഥാപനമായി മാറിയ കൂനമ്മാവ് ആശ്രമത്തിന് സി.എം.ഐ. യുടെ മുഖമായ നൽകുന്നതിനു വേണ്ടിയായിരുന്നു. അദ്ദേഹം അതു തുടങ്ങി വച്ചു. താമസിയാതെ അദ്ദേഹത്തെ ദൈവം എടുത്തു മാറ്റി.



ഫാദർ കുര്യൻ (ആൽബർത്തോസ്) കൊച്ചുപുരക്കൽ



1823 - 1866

മാന്നാനത്തു കുന്നിൽ സന്യാസാശ്രമം തുടങ്ങി അധികം താമസിയാതെ 1833-ൽ വൈദിക പരിശീലനത്തിനുള്ള സെമിനാരിയും ആരംഭിച്ചു. കാലഘട്ടത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞ ആദ്യപിതാക്കന്മാർ, വൈദിക പരിശീലനം നൽകുക എന്നതിന്റെ ആവശ്യകത നല്ലവണ്ണം തിരിച്ചറിഞ്ഞവരായിരുന്നു. അതുകൊണ്ടാണ് അവരുടെ ആദ്യനടപടികളിൽ ഒന്നായി മാന്നാനത്ത് സെമിനാരി ആരംഭിച്ചത്. നല്ല വൈദികരുണ്ടെങ്കിലെ തിരുസഭയെ വിശുദ്ധിയിൽ നിലനിർത്തുവാനും, അവരുടെ നിസ്വാർത്ഥ സേവനത്തിലൂടെ സമൂഹത്തെ ഉദ്ധരിക്കാനും സാധിക്കൂ എന്നും ഇവർക്ക് നല്ല ബോദ്ധ്യം ഉണ്ടായിരുന്നു.

1833-ൽ മാന്നാനത്ത് സെമിനാരി തുടങ്ങിയപ്പോൾ മുതൽ മറ്റ് ഇടവക സെമിനാരികളിൽ പഠിച്ചിരുന്നവരടക്കം ഓരോരുത്തരായി മാന്നാനത്തു വന്നു ചേർന്നു തുടങ്ങി. വർഷങ്ങൾ മുന്നോട്ടു പോകും തോറും കൂടുതൽ അംഗങ്ങൾ വന്നു ചേർന്നുകൊണ്ടിരുന്നു എന്നു മാത്രമല്ല അതനുസരിച്ച് മാന്നാനത്തെ സൗകര്യങ്ങളും വർദ്ധിപ്പിച്ചു.

പാലക്കൽ തോമ്മാച്ചന്റെയും പോരൂക്കര തോമ്മാച്ചന്റെയും മരണത്തിനുശേഷം മറ്റെല്ലാ ഉത്തരവാദിത്വങ്ങളുടെയുംകൂടെ സെമിനാരിയുടെ മുഴുവൻ ചുമതലയും ചാവറയച്ചൻ തന്നെയാണ് നോക്കിയിരുന്നത്. സെമിനാരിയുടെ കാര്യത്തിൽ തനിക്കു പറ്റിയ ഒരു പിൻഗാമിയെ ചാവറയച്ചൻ കണ്ടുമുട്ടിയത് കൊച്ചുപുരക്കൽ കുര്യാക്കോസച്ചനിൽ ആയിരുന്നു.

കൊച്ചുപുരക്കലച്ചന്റെ ബാല്യകാലവും വ്രതവാഗ്ദാനവും

കൊച്ചുപുരക്കൽ കുര്യച്ചന്റെ ബാല്യകാലത്തെക്കുറിച്ച് കൂടുതലായി നമുക്കറിവില്ല. സഭയുടെ മരണ ഓർമ്മയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം അദ്ദേഹം 1823-ൽ അതിരമ്പുഴ ഇടവകയിൽ ജനിച്ചു. ലെയോപ്പോൾദ് മിഷനറി എഴുതിയിരിക്കുന്ന രേഖയിൽ 1820 എന്നും കാണുന്നുണ്ട്. മാതാപിതാക്കൾ ജോസഫ് മറിയം.[1] അതിരമ്പുഴയും മാന്നാനവും തമ്മിൽ വളരെ അകലം ഇല്ല. മാന്നാനത്ത് ആശ്രമത്തിനുള്ള സ്ഥലം കണ്ടെത്തിയ നാൾ മുതൽ ആദ്യപിതാക്കളായ പാലക്കൽ, പോരൂക്കര തോമ്മാച്ചന്മാരും ചാവറയച്ചനും പലപ്പോഴും അതിരമ്പുഴ പള്ളിയിൽ പോയി താമസിക്കുകയും ബലിയർപ്പിക്കുകയും ചെയ്തിരുന്നു. മാന്നാനത്തെ ആശ്രമത്തിന്റെയും മറ്റും പണികൾക്കായി പിരിവെടുക്കാനായി അതിരമ്പുഴയിലുള്ള മിക്കവാറും വീടുകളിൽ കയറിയിറങ്ങിയിട്ടും ഉണ്ടായിരിക്കണം.


കൊച്ചുപുരക്കലച്ചന്റെ ചെറുപ്പകാലത്തു തന്നെ ചാവറയച്ചനെയും മറ്റും കണ്ടിട്ടുണ്ടാകണം. മാന്നാനത്തു വലിയപെരുന്നാളുകൾക്കെങ്കിലും മാതാപിതാക്കന്മാരൊടൊത്തു പോയി പങ്കെടുത്തിട്ടുണ്ടാവണം. ഈ പരിചയങ്ങളെല്ലാം അദ്ദേഹത്തിൽ ദൈവം വിതച്ചിരുന്ന ദൈവവിളിയുടെ വിത്തു പൊട്ടിമുളക്കാൻ കാരണമായി. മാന്നാനത്തു സെമിനാരി ആരംഭിച്ചു താമസിയാതെ കുര്യാക്കോസും അവിടെ സെമിനാരിയിൽ ചേർന്നു. 1847-ൽ തിരുപ്പട്ടം സ്വീകരിച്ചു.

പട്ടമേറ്റതിനുശേഷം അന്നുണ്ടായിരുന്ന വൈദികരുടെ പ്രധാനപ്രവർത്തനമായിരുന്ന ധ്യാനപ്രസംഗത്തിന് കുര്യച്ചനും ഇടവകകൾ തോറും മറ്റു വൈദികരോടൊപ്പം പോയിത്തുടങ്ങി. 1855 ഡിസംബർ 8-ന് ചാവറയച്ചനൊടൊപ്പം അദ്ദേഹവും സന്യാസവ്രതം സ്വീകരിച്ചു. സഭയിൽ അദ്ദേഹം സ്വീകരിച്ച പേര് കുര്യാക്കോസ് അൽബർത്തോസ് എന്നായിരുന്നു.

കൊച്ചുപുരക്കലച്ചൻ വിവിധ രംഗങ്ങളിൽ

പിന്നിട് അദ്ദേഹം അറിയപ്പെട്ടത് സെമിനാരി റെക്ടോർ (റെക്ടർ) എന്ന പേരിലാണ്. വ്രതം സ്വീകരിച്ച് താമസിയാതെ ചാവറയച്ചൻ അദ്ദേഹത്തെ മാന്നാനം സെമിനാരിയുടെ റെക്ടറായി നിശ്ചയിച്ചു. ഈ ജോലിയിൽ 1865-ൽ അദ്ദേഹത്തിന്റെ മരണം വരെ തുടർന്നു. എങ്കിലും ഇതിനിടയിൽ പ്ലാശനാൽ ആശ്രമം തുടങ്ങിയപ്പോൾ അവിടേയ്ക്ക് കുറച്ചു സമയത്തേക്ക് പോയതു കൂടാതെ അവസരം കിട്ടിയപ്പോഴെല്ലാം ധ്യാനിപ്പിക്കുവാനും അദ്ദേഹം പോകുമായിരുന്നു.

കൂടക്കച്ചിറ അന്തോനി അച്ചൻ പ്ലാശനാൽ നടത്തിയിരുന്ന ആശ്രമം 1858-ൽ ചാവറയച്ചനോട് എറ്റെടുക്കാൻ പറഞ്ഞപ്പോൾ മെത്രാനച്ചൻ കൊച്ചുപുരക്കലച്ചനെയാണ് അവിടേയ്ക്കയക്കുവാൻ ആവശ്യപ്പെട്ടത്. അതിൻപ്രകാരം കൊച്ചുപുരക്കലച്ചൻ കുറച്ചു നാളത്തേയ്ക്ക് സുപ്പീരിയറായി പ്ലാശനാൽ പോയി താമസിക്കേണ്ടിവന്നു.[2]



പ്ലാശനാൽ - 1858
ഈ ആശ്രമം 1860-ൽ നിർത്തലാക്കി. ആ സ്ഥാനത്ത് ഇന്നുള്ള ഇടവകപ്പള്ളി

ഇവിടെ പ്ലാശനാൽ ആശ്രമത്തിന്റെ ഉത്ഭവത്തെക്കുറിച്ചു രണ്ട് വാക്ക് പറയുക അത്യാവശ്യമാണ്. മാന്നാനത്തു സെമിനാരി യാരംഭിച്ചു താമസിയാതെ അവിടെ വന്നു ചേർന്ന ഒരാളായിരുന്നു കുടക്കച്ചിറ അന്തോനി. പലവിധ കഴിവുകളുള്ള ആളായിരുന്നെങ്കിലും വഴക്കാളിയുടെ സ്വഭാവമായിരുന്നു അദ്ദേഹത്തിൽ കൂടുതൽ. അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ നടക്കുകയില്ല എന്നു മനസ്സിലായപ്പോൾ അദ്ദേഹം മാന്നാനം സെമിനാരിയിൽ നിന്ന് ഇറങ്ങിപ്പോയി. "നോക്കിക്കൊൾവിൻ ഞാൻ മടലൊടിച്ചുവെച്ചു കെട്ടിയെങ്കിലും ഒരു കൊവേന്ത ഉണ്ടാക്കി പാർക്കും, മാന്നാനത്തു ണ്ടാകുന്നതിനു മുമ്പു അവിടെ വിശുദ്ധർ ഉണ്ടാവും" എന്ന് വിളിച്ചു പറഞ്ഞുകൊണ്ടാണ് അദ്ദേഹം മാന്നാനം പടിയിറങ്ങിയത്.

അദ്ദേഹം പ്ലാശനാൽ എന്ന സ്ഥലത്ത് ഒരു ചെറിയ പള്ളിയും ചില സൂത്രമുറികളും ഉണ്ടാക്കി. അന്തോനീസിന്റെ നാമത്തിലുള്ള ആശ്രമം തുടങ്ങി. ഒന്നു രണ്ടു വൈദികരേയും പത്തു പന്ത്രണ്ടു ചെറുപ്പക്കാരെയും കൂട്ടി. ശെമ്മാശ്ശന്മാർക്ക് പട്ടം കൊടുക്കണമെന്ന് ലൂദുവിക് മെത്രാനോടാവശ്യപ്പെട്ടു. നിയമവഴിയിലൂടെ ആരംഭിക്കാത്തതുകൊണ്ടും ഭാവിയെക്കുറിച്ച് ഉറപ്പില്ലാത്തതുകൊണ്ടും മെത്രാൻപട്ടം കൊടുക്കാൻ തയ്യാറായില്ല. അദ്ദേഹത്തെ വെല്ലു വിളിച്ചുകൊണ്ട് മെത്രാനെ അന്വേഷിച്ച് ബാഗ്ദാദിലേക്കു പോയി. അവിടെ അദ്ദേഹം മരണമടയുകയാണ് ഉണ്ടായത്. സാവകാശം ഈ ആശ്രമം നിന്നു പോയി. ആശ്രമത്തിനായി അരുവിത്തുറ പള്ളിക്കാരിൽ നിന്നും വാങ്ങിയിരുന്ന സ്ഥലം ഒരാശ്രമമായിത്തുടരട്ടെ എന്നു കരുതിയാണ് മെത്രാൻ ഈ സ്ഥലം എറ്റെടുക്കുവാൻ ചാവറയച്ചനോട് ആവശ്യപ്പെട്ടത്.[3]

കൊച്ചുപുരക്കലച്ചന്റെ ജീവിതത്തിൽ ഏറ്റം വേദനിപ്പിക്കുന്ന അനുഭവമായി സ്വീകരിക്കേണ്ടി വന്നത് തന്റെ സ്വന്തം ഇടവകക്കാരെ ഓർത്താണ്. 1861-ൽ റോക്കോസ് മെത്രാൻ അനധികൃതമായി സുറിയാനിസഭയുടെ ജീവിതത്തിൽ ഇടപെട്ടപ്പോൾ അതിരമ്പുഴ ഇടവകക്കാരും അദ്ദേഹത്തിൽ വിശ്വസിച്ച് ശീശ്മയിൽ വീണു പോയി. ഈ സംഭവം കൊച്ചുപുരക്കലച്ചനെ വളരെയധികം ബാധിച്ചു.

ഇടവക ജനങ്ങളിൽ കുറച്ചു കുടുംബങ്ങൾ ശീശ്മയിൽ വീഴാതെ നിന്നു. അവരുടെയിടയിലേക്ക് അദ്ദേഹം ധൈര്യപൂർവ്വം കടന്നുചെന്നു. ചാവറയച്ചൻ മുതലുള്ള ആദ്യപിതാക്കന്മാർ വലിയ

ബന്ധം പുലർത്തിയിരുന്ന സ്ഥലമാണ് അതിരമ്പുഴ. മാന്നാനം ആശ്രമവുമായും അടുത്ത ബന്ധവും സഹകരണവും ഉണ്ടായിരുന്ന ഇടവക. എന്നിട്ടും ചാവറയച്ചന്റെയും മറ്റും വാക്കുകളിൽ വിശ്വസിക്കാതെ മാറി നിന്നത് കൊച്ചുപുരക്കലച്ചനെ വളരെയധികം വിഷമിപ്പിച്ചു. ഭൂരിപക്ഷം വരുന്ന ശീശ്മയിൽ വീണവർ പള്ളി കയ്യടക്കി. ചാവറയച്ചനോടും കൊച്ചുപുരക്കലച്ചനോടും ചേർന്നു നിന്നവർക്ക് പള്ളിയിൽ സ്ഥാനമില്ലാതായി. ഇടവകക്കാരനായ കൊച്ചുപുരക്കലച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ കോമ്പൗണ്ടിൽ ചെറിയൊരു ചാപ്പൽ ഉണ്ടാക്കി. മാന്നാനത്തു നിന്നും ഇടക്കിടയ്ക്ക് അവിടെപ്പോയി ബലിയർപ്പിക്കുകയും അവരുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തു.

തന്റെ ഈവിധ ഇടപെടലിൽ അതൃപ്തരായ റോക്കോസ് പക്ഷക്കാർ അദ്ദേഹത്തെ പലവിധത്തിൽ ഉപദ്രവിക്കാൻ പരിശ്രമിച്ചിരുന്നു. സ്വന്തജനങ്ങൾതന്നെ അദ്ദേഹത്തെ നിഷേധിക്കുകയും എതിർക്കുകയും ചെയ്തെങ്കിലും സത്യസഭയിലുള്ള അടിയുറച്ച വിശ്വാസം എന്തു ത്യാഗവും സ്വീകരിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. റോക്കോസ് മെത്രാൻ കേരളം വിട്ടു പോയതിനുശേഷം കുറെക്കാലം കഴിഞ്ഞാണെങ്കിലും അതിരമ്പുഴ ഇടവകക്കാർ മുഴുവനും സഭൈക്യത്തിലേക്ക് തിരിച്ചുവന്നു എന്നത് കൊച്ചുപുരക്കലച്ചനെയും ചാവറയച്ചനെയും സന്തുഷ്ടരാക്കി. അതിരമ്പുഴ ഇടവക പള്ളിയുടെ അടുത്ത് റോഡരികിൽ ഇന്നുള്ള കപ്പേള ഈ സംഭവങ്ങളുടെ ഓർമ്മയായും കൊച്ചുപുരക്കലച്ചന്റെ ആത്മാക്കളെക്കുറിച്ചുള്ള തീഷ്ണതയുടെ അടയാളമായും നിലനിൽക്കുന്നു.[4]

മാന്നാനത്ത് ആശ്രമം ആരംഭിക്കുന്നതിനുമുമ്പു തന്നെ പുളിങ്കുന്നിൽ ചാവറയച്ചൻ നടത്തിയ ധ്യാനത്തിന്റെ ഫലം ജനങ്ങളുടെ മനസ്സിൽ പച്ചകെടാതെ നിലനിന്നിരുന്നു. പിന്നിട് 1861-ൽ മാന്നാനം ആശ്രമത്തിൽ നിന്നു കൊച്ചുപുരക്കൽ കുര്യാക്കോസച്ചനും കട്ടക്കയം ചാണ്ടിയച്ചനും യൗസേപ്പ് ഏലിയ മിഷനറിയച്ചനും കൂടി പുളിങ്കുന്നിൽ നടത്തിയ ധ്യാനം ജനങ്ങളെ വീണ്ടും ആവേശ ഭരിതരാക്കി. മാന്നാനം ആശ്രമാംഗങ്ങളിലൂടെ സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നന്മകളെക്കുറിച്ച് കേട്ടറിഞ്ഞവർക്ക് മാന്നാനംകാരുടെ ധ്യാനഫലം നേരിട്ടനുഭവിക്കാൻ ഇടയായി.

ഇവിടെയും ഒരാശ്രമമുണ്ടായാൽ ഏറിയ നന്മകൾ നാടിനുണ്ടാവും എന്നു മനസ്സിലാക്കിയ ജനം തങ്ങളുടെ ആഗ്രഹം ബർണർഡിൻ മെത്രാപ്പോലീത്തയെ അറിയിച്ചു. ഇതെത്തുടർന്നാണ് പുളിങ്കുന്നിൽ ആശ്രമം തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചത്. ഈ കാര്യത്തിൽ കൊച്ചുപുരക്കലച്ചനും ഒരു നിമിത്തമായി.[5]

കൊച്ചുപുരക്കലച്ചൻ എന്ന റെക്ടർ

1855 ആയപ്പോഴേയ്ക്കും ചാവറയച്ചനോടൊപ്പം പല അംഗങ്ങൾ മാന്നാനത്തുണ്ടായി. പലരും പ്രഗത്ഭരായവർ തന്നെ. എങ്കിലും സെമിനാരിയിൽ 25 വർഷത്തോളം നീണ്ട അനുഭവസമ്പത്തുള്ള ചാവറയച്ചന് തന്റെ അനുയായിയായി റെക്ടർ സ്ഥാനത്തേക്ക് കണ്ടെത്തിയത് കൊച്ചുപുരക്കലച്ചനെ തന്നെയാണ്. പാകവും പക്വതയും എത്തിയ ഇദ്ദേഹത്തിൽ ഉറപ്പുതോന്നിയ ചാവറയച്ചൻ 1855ൽ വ്രതവാഗ്ദാനം കഴിഞ്ഞു താമസിയാതെ കൊച്ചുപുരക്കലച്ചനെ മാന്നാനം റെക്ടറായി നിയമിച്ചു. പാലക്കൽ, പോരൂക്കര, ചാവറ മൽപ്പാന്മാരിൽ നിന്നുതന്നെ മാന്നാനത്തു താമസിച്ചു പരിശീലനം കിട്ടിയ ആളാണു താനെന്നതാണ് അദ്ദേഹത്തിന്റെ നേട്ടം. വിശുദ്ധരും പക്വമതികളും അക്കാലത്തു കൂടുതൽ അറിവുള്ളവരുമായിരുന്നു ഈ മൂന്നു മൽപ്പാന്മാർ. ഇവരിൽ നിന്നും അടർത്തിയെടുത്ത ആദർശങ്ങളും അനുഭവങ്ങളും ഇദ്ദേഹത്തിന് വലിയ കൈമുതലായി.


പത്തുവർഷത്തെ സെമിനാരി റെക്ടർ സ്ഥാനം കൊച്ചുപുരക്കലച്ചനെ പ്രശസ്തനാക്കി. മാന്നാനം സെമിനാരി മാതൃക സെമിനാരിയായി നേരത്തെതന്നെ വളർന്നു കഴിഞ്ഞിരുന്നു. റോക്കോസ് ശീശ്മയെ അതിജീവിക്കുവാൻ അവിടെ പഠിച്ചു പോയ വൈദികർ തന്നെയായിരുന്നു ഒന്നാം നിരയിൽ ഉണ്ടായിരുന്നത്. ഇവയെല്ലാം വ്യക്തമായി മനസ്സിലാക്കിയതുകൊണ്ടു തന്നെയാണ് ബർണർഡിൻ മെത്രാപ്പോലിത്ത അന്നുണ്ടായിരുന്ന 20-ലേറെ ഇടവക സെമിനാരികളെ നിർത്തലാക്കിയതും, മാന്നാനത്തും മറ്റാശ്രമങ്ങളോടും ചേർന്നുമാത്രം സെമിനാരികൾ മതിയെന്നു നിർബന്ധിച്ചതും. പുത്തൻ പള്ളിയിൽ മഠത്തിനായി ആരംഭിച്ച കെട്ടിടം സെമിനാരിയാക്കാൻ തീരുമാനിച്ചതിന്റെയും പിന്നിലെ പ്രേരകശക്തി മാന്നാനം സെമിനാരിയിലെ നല്ല പരിശീലനം തന്നെയായിരുന്നു.[6]

കൊച്ചുപുരക്കലച്ചന്റെ മരണം

1866-സെപ്റ്റംബർ മാസത്തിലായിരുന്നു കൊച്ചുപുരക്കലച്ചന്റെ മരണം. മരിക്കുന്നതിനു രണ്ടു വർഷം മുമ്പു മുതൽ അദ്ദേഹത്തെ വിട്ടുമാറാത്ത ഛർദ്ദിയും, വയറുനോവും ഉണ്ടായിരുന്നു. ഇതിനു വേണ്ടി ആലപ്പുഴ, കൊച്ചി എന്നിവടങ്ങളിൽ നിന്നും ഇംഗ്ലീഷ് ചികിൽസ ചെയ്തെങ്കിലും പ്രത്യേക കുറവൊന്നും കണ്ടില്ല. ആശ്രമത്തിൽ നിന്നും വിട്ട് അധികനാൾ മാറിത്താമസിച്ച് ചികിത്സ നടത്തുന്നതിന് അധികാരികൾക്കു താല്പര്യമില്ലായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് എറണാകുളത്തു പോയി ഗിന്തർ എന്ന സായിപ്പിന്റെ അടുത്ത് താമസിച്ചുകൊണ്ട് ചികിൽസ നടത്തി. എന്നിട്ടും യാതൊരു വ്യത്യാസവും കണ്ടില്ല. രോഗം വർദ്ധിച്ചപ്പോൾ സെന്റ് മേരീസ് പള്ളിയിലെ വികാരിയച്ചൻ വന്ന് രോഗീലേപനം നൽകി. വികാരിയച്ചൻ അറിയിച്ചതു പ്രകാരം കൂനമ്മാവിൽ നിന്നും സുപ്പീരിയർ യൗസേപ്പ് യോഹന്നാൻ അച്ചനും, ചാണ്ടി കട്ടക്കയം അച്ചനും എറണാകുളത്തെത്തി. അതിനു മുമ്പായി കുര്യാക്കോസച്ചൻ മരിച്ചു കഴിഞ്ഞിരുന്നു. ആശ്രമത്തിൽ നിന്ന് അകലെ താമസിച്ച് ചികിത്സ നടത്തുവാൻ രോഗിതന്നെ താത്പര്യം കാണിച്ചതിൽ അസന്തുഷ്ടനായ മെത്രാൻ വരും തലമുറയിൽ ഇത്തരം പ്രേരണ ഉണ്ടാകാതിരിക്കുന്നതിനും തെറ്റായ കീഴ്വഴക്കം ഉണ്ടാകാതിരിക്കുന്നതിനുംവേണ്ടി ആശ്രമത്തിൽ കൊണ്ടുവന്ന് അടക്കണ്ടാ എന്ന് കല്പിച്ചു. അതിനാൽ എറണാകുളം സെന്റ് മേരീസ് പള്ളിയിൽതന്നെ അടക്കം ചെയ്യുകയാണ് ചെയ്തത്.[7]

അദ്ദേഹത്തിന്റെ സന്യാസ ജീവിതത്തിനിടയിൽ പത്തു വർഷം സെമിനാരി റെക്ടറായി ജോലി നോക്കി. അനേകം വൈദികരെ തിരുസഭയ്ക്കു വേണ്ടി വളർത്തിയെടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളത്തിലെ അനേകം പള്ളികളിൽ പോയി ധ്യാനം നടത്തി ആത്മീയ നവീകരണത്തിനായി അദ്ദേഹം പ്രവർത്തിച്ചു. ശീശ്മയുടെ കാലത്ത് ശാരീരികമായും മാനസ്സികമായും ധാരാളം സഹിക്കുവാൻ ഇടവന്നു. മാതൃകാപരമായി സന്യാസ ജീവിതം നയിച്ച അദ്ദേഹത്തിന്റെ അനന്തരവൻ കൊച്ചു കുര്യാക്കോസും ഇദ്ദേഹത്തിന്റെ മാതൃക പിൻതുടർന്ന് സി.എം.ഐ. സഭാംഗമായി.[8]

ഫാദർ തോമ്മ നെല്ലിശ്ശേരി



1807 - 1867

ജീവിതകഥകൾ രണ്ടു തരമുണ്ട്: ഒന്ന്, അവരുടെ ജീവിതത്തിലെ തമാശകളും പ്രവർത്തനങ്ങളും നിറഞ്ഞവ, ഇവ നമ്മെ ചിരിക്കാനും ആസ്വദിക്കാനും പ്രേരിപ്പിക്കുന്നു. മറെറാന്ന് അവർ ജീവിതത്തെ അഭിമുഖീകരിച്ച വഴികൾ, പ്രത്യേകിച്ചും സഹനത്തെ നിശബ്ദ സേവനമാക്കി മാറ്റിയവ. ഇവ നമ്മുടെ ജീവിതത്തിലെ മനോഭാവങ്ങളെ മാറ്റിപ്പണിയുവാനും മറ്റുള്ളവരോട് സഹിഷ്ണതയുള്ളവരാകാനും സഹായിക്കുന്നു.

ഇത്തരത്തിൽ പരിഗണിക്കുമ്പോൾ, സഭയുടെ കടിഞ്ഞൂൽ ഫലങ്ങളിലൊന്നും സഹനപുഷ്പവുമായ നെല്ലിശ്ശേരി തോമ്മാച്ചൻ നമുക്ക് തരുന്ന പ്രചോദനം കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ളതാണ്, സഹനത്തെ എങ്ങനെ അഭിമുഖീകരിക്കണമെന്ന് പഠിപ്പിക്കുന്നതാണ്.

തോമ്മാച്ചന്റെ സഭാപ്രവേശനം

നെല്ലിശ്ശേരി തോമ്മാച്ചന്റെ ബാല്യത്തെക്കുറിച്ചോ, മാന്നാനത്തു അംഗമായി ചേരുന്നതിനു മുമ്പുള്ള ജീവിതത്തെക്കുറിച്ചോ കൂടുതലായി ഒന്നും അറിയാൻ പാടില്ല. 'കർമ്മലയിലെ സൗഗന്ധികങ്ങൾ' എന്ന സഭാംഗങ്ങളുടെ മരണ ഓർമ്മയിൽ രേഖപ്പെടുത്തിയിരിക്കുന്നത് അദ്ദേഹത്തിന്റെ ജനനം 1807-ൽ എന്നും പൗരോഹിത്യം 1835-ൽ എന്നുമാണ്.[1]

പഴയൂർ വലപ്പാട്ട് പള്ളി ഇടവക നെല്ലിശ്ശേരി തോമ്മാച്ചൻ സഭയിൽ ചേരുന്നതിനെക്കുറിച്ച് ചാവറയച്ചൻ നാളാഗമത്തിൽ സൂചിപ്പിക്കുന്നത്: "എന്നാൽ കൊവെന്ത ഉറപ്പിക്കുന്നതിനും മുമ്പിൽത്തന്നെ ഇവിടെ വന്ന് ഞങ്ങളോടു കൂടി കൊവെന്തക്കാരനായി പാർത്തു വന്നതിൽ പഴയൂർ പള്ളി ഇടവകക്കാരൻ നെല്ലിശ്ശേരി തോമ്മാ കത്താനാരച്ചൻ" എന്നാണ്. 1853-ലാണ് സഭാംഗമായി മാന്നാനത്തു വന്നു ചേർന്നത് എന്ന് ലെയോപ്പോൾദ് മിഷനറി രേഖപ്പെടുത്തിയിരിക്കുന്നു. ബർണാർഡച്ചൻ പറയുന്നത് 1855 ആരംഭത്തിൽ എന്നുമാണ്[2]. 20 വർഷത്തെ തോമ്മാച്ചന്റെ പൗരോഹിത്യ ജീവിതം എവിടെയൊക്കെയാണ് നയിച്ചത് എന്നും നമുക്കറിവില്ല.

നെല്ലിശ്ശേരിലച്ചൻ മാന്നാനത്തു വന്നപ്പോൾ കൊണ്ടുവന്നേൽപ്പിച്ച പണത്തെക്കുറിച്ച് അദ്ദേഹത്തൊടൊപ്പമുണ്ടായിരുന്നവരിൽ നിന്നും കേട്ടിട്ടുള്ള അറിവിനെക്കുറിച്ച് ബർണാർഡച്ചൻ ചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹം 1000 രൂപ കൊണ്ടു വന്നു എന്നു ചിലരും, അല്ല 600 രൂപയാണ് എന്നു മറ്റു ചിലരും പറഞ്ഞതായി ബർണാർഡച്ചൻ രേഖപ്പെടുത്തുന്നുണ്ട്.[3] 1831 മുതൽ 1855 വരെയുള്ള മാന്നാനം സമൂഹത്തിന്റെ ജീവിതക്രമം ചാവറയച്ചൻ വരാപ്പുഴ ബർണർഡിൻ മെത്രാന് എഴുതിക്കൊടുത്തിരുന്നു. എന്നാൽ അദ്ദേഹം അതിൽനിന്നും വ്യത്യസ്തമായതും അനുഷ്ഠിക്കുവാൻ പ്രയാസമുള്ളതുമായ ഒരു നിയമാവലിയാണ് നടപ്പിലാക്കിയത്. കർശനമായ നിയമാവലിക്കനുസരിച്ച് ജീവിക്കുവാൻ ധൈര്യം തോന്നാതെ സഭാംഗങ്ങളായി തുടരുവാൻ ആഗ്രഹിച്ച് മാന്നാനത്തു താമസിച്ച് പരിശീലനം സ്വീകരിച്ചുകൊണ്ടിരുന്ന രണ്ട് അച്ചന്മാരും എട്ടു ശെമ്മാശ്ശമ്മാരും ഒരു യോഗാർത്ഥിയും സഭ ഉപേക്ഷിച്ചു പോയി.[4]

തോമ്മാച്ചൻ രോഗബാധിതൻ

മറ്റു പതിനൊന്നു പേരോടുകൂടി നെല്ലിശ്ശേരി തോമ്മാച്ചനും വ്രതം ചെയ്യുവാൻ തീരുമാനിച്ചു. വ്രതം സ്വീകരിക്കുന്നവർക്കു വേണ്ടിയുള്ള പത്തു ദിവസത്തെ ധ്യാനത്തിന്റെ തുടക്കത്തിൽ ഡിസംബർ ആദ്യ ഞായറാഴ്ച ബലിയർപ്പിച്ചു കൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം രോഗിയായത്.

ഞായറാഴ്ച തോമ്മാച്ചൻ കുർബാന ചൊല്ലിക്കൊണ്ട് നിന്നപ്പോൾ പെട്ടെന്ന് തളർച്ച അനുഭവപ്പെട്ടു. ദൈവാനുഗ്രഹം കൊണ്ട് കുർബാന തടസ്സമില്ലാതെ പൂർത്തിയാക്കി. ഉടനെ തളർന്നു വീണു. പള്ളിക്കകത്തുനിന്നും നടന്നു നീങ്ങുവാൻ കഴിയാതെ വന്നതു കൊണ്ട് മറ്റുള്ളവർ താങ്ങിയെടുത്ത് അദ്ദേഹത്തിന്റെ മുറിയിൽ എത്തിച്ചു. ഇടതുകൈ ഒഴികെ ദേഹം മുഴുവൻ തളർന്നു പോയതിനാൽ അന്നുമുതൽ കിടപ്പിലായ അദ്ദേഹത്തിന് പലവിധ ചികിത്സകൾ നടത്തിയിട്ടും കാര്യമായ വ്യത്യാസമെന്നും ഉണ്ടായില്ല.

ചാവറയച്ചനും മറ്റും വ്രതം സ്വീകരിച്ചതിന്റെ അടുത്തൊരു ദിവസം രോഗിയായ അദ്ദേഹത്തിന്റെ മുറിയിൽ വച്ച് മർസലിൻ മിഷനറിയുടെ സാന്നിദ്ധ്യത്തിൽ തോമ്മാച്ചൻ വ്രതവാഗ്ദാനം ചെയ്ത് സഭയുടെ ഔദ്യോഗിക അംഗമായി. വർക്കി പാറപ്പുറത്തച്ചൻ ഇദ്ദേഹത്തെ വിളിക്കുന്നത് 'പന്ത്രണ്ടാമൻ' എന്നാണ്.[5]

ആദ്യകാല അംഗങ്ങളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ തിയ്യതികൾ ലയോപ്പോൾദ് മിഷനറി എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അതിൻപ്രകാരം നെല്ലിശ്ശേരി തോമ്മാച്ചനും വ്രതം സ്വീകരിച്ചത് 1855 ഡിസംബർ 8-ാം തിയ്യതി എന്നാണ്. ചാവറയച്ചന്റെ നാളാഗമം കഴിഞ്ഞാൽ എറ്റവും ആധികാരികമായി വിശ്വസിക്കാവുന്ന സഭയുടെ ചരിത്രരേഖ, ചാവറയച്ചന്റെ ശിഷ്യനും 1855 മുതൽ എല്ലാം നേരിട്ടു കണ്ടിട്ടുള്ളവനുമായ, പാറപ്പുറത്തു വർക്കിയച്ചൻ എഴുതിയ സഭയുടെ ചരിത്രമാണ്. ഇദ്ദേഹവും ലെയോപ്പോൾദ് അച്ചനും രേഖപ്പെടുത്തിയിരിക്കുന്നതിൻപ്രകാരം നെല്ലിശ്ശേരി തോമ്മാച്ചനും സഭയിൽ ആദ്യം വ്രതം സ്വീകരിച്ച 12 പേരിൽ ഒരുവനാണ്, അസുഖം വന്നതിന്റെ പേരിൽ ഒരേ ദിവസം വ്രതം സ്വീകരിച്ചില്ല എന്ന വ്യത്യാസം മാത്രമേയുള്ളു. നാളിതുവരെയും ചാവറയച്ചനോടു കൂടി വ്രതം സ്വീകരിച്ചവർ 10 പേർ എന്നതു തിരുത്തി 11 പേർ എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.[6]

തോമ്മാച്ചന്റെ രോഗശയ്യയിലെ സുകൃതജീവിതം

ചാവറയച്ചൻ നെല്ലിശ്ശേരി തോമ്മാച്ചനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"കിഴിയും പിഴിച്ചിലും ആയി ചികിത്സകൾ കഴിച്ചിട്ടും യാതൊരു സുഖവും കാണായ്കയാൽ ഇനി ദൈവചികിത്സ തന്നെ മതി എന്നദ്ദേഹം പറയുകയും അപ്രകാരം ഞങ്ങൾക്കു തോന്നുകയും ചെയ്തു. അദ്ദേഹം അന്നുമുതൽ നടത്തിവന്ന മരണത്തിനുള്ള ഒരുക്കം എത്രയും അതിശയിക്കേണ്ടതു തന്നെ. ഒരുപക്ഷെ, ദൈവമാതാവ് നമുക്ക് കടിഞ്ഞൂൽ ഫലമായി തന്ന നിക്ഷേപം എന്നപോലെ തോന്നുന്നു. അതായത് അന്നുമുതൽ രോഗം പൊറുക്കണമെന്ന് ഒരു ശ്രദ്ധയും കാണിക്കാതെ എപ്പോഴും നല്ല മരണം തരണമെ എന്നു രാപ്പകൽ സകലനേരവും ഈ അപേക്ഷയും അതിനുള്ള ഒരുക്കവും തന്നെ.

ഇതിനുമുമ്പു തന്നെ ദീനത്തിന്റെ അടയാളം രണ്ടുകുറി കണ്ടിട്ടുള്ളതിനാൽ ഉടൻ മുഴുവൻ കുമ്പസാരം കഴിച്ച് ആത്മശുദ്ധത വശത്തിനു തക്കവണ്ണം വരുത്തി. അന്നുമുതൽ ഞായറാഴ്ച തോറും കുമ്പസാരിച്ച് മുറിയിൽ ശു. കുർബാന എഴുന്നള്ളിച്ചുകൊണ്ടു വന്ന് കൊടുക്കുകയും, ആയതിന് എത്രയും സൂക്ഷത്തോടും ഭക്തിയോടും ശനിയാഴ്ച കുമ്പസാരിച്ച് ഒരുങ്ങുകയും ചെയ്തിരുന്നു. ഇങ്ങനെ മുടക്കാതെയും ഒരുവക ഈർഷ്യയും, ക്ഷമകേടും, മടിയും കാണിക്കാതെയും എട്ടാം ദിവസം തോറും ഈ ദൈവവിരുന്നു കൈക്കൊണ്ടു വന്നിരുന്നു.

നാൾക്കുനാൾ വർദ്ധിച്ചിട്ടുള്ള ദൈവസ്നേഹാഗ്നിയുടെ തെളപ്പോടെ ഈ ദൈവഭോജനം കൈക്കൊൾകയും ചെയ്യുന്നത് എന്തേ്യ, വാതുറന്നാൽ ദൈവകാര്യമല്ലാതെ മറ്റൊരു വീണവാക്കു പറയാതെയും കഴിച്ചുവരുന്നതെന്തേ്യ? ശരീരകാര്യത്തിന്മേൽ അതായത് ഇന്ന ചികിത്സ ചെയ്യണമെന്നും, ഇന്നയാവന വേണമെന്നും, കഞ്ഞി കുടിക്കണമെന്നും, രുചിയില്ലെന്നും, കൂട്ടുവാനില്ലെന്നും മറ്റും ഇങ്ങനെ ഒരു വചനവും ഈ രണ്ടു വൽസരത്തിനിടയിൽ ഒരിക്കലും ഞാൻ പറഞ്ഞു കേട്ടിട്ടില്ല, എന്നല്ല ഒരുത്തരും കേട്ടുവെന്നും സാക്ഷിയില്ല." [7]

തോമ്മാച്ചന്റെ മരണത്തെക്കുറിച്ച് പോരൂക്കര കുര്യാക്കോസ്

ഏലീശാച്ചൻ മാന്നാനം നാളാഗമത്തിൽ താഴെ പറയുന്ന പ്രകാരം വിവരിക്കുന്നു:

"1867 സെപ്റ്റംബർ 14-ാം തിയ്യതി കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ തോമ്മാച്ചൻ നിയമപ്രകാരം തന്റെ വ്രതനവീകരണം നടത്തി. മരണത്തിനു മുമ്പുള്ള തന്റെ അടുത്ത ഒരുക്കമായി അദ്ദേഹം ഇതിനെ കണ്ടിരുന്നു. 18-ാം തിയ്യതി യായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. അന്ന് പതിവ് വിട്ട് അദ്ദേഹത്തിനു കൂടുതലായി ഒന്നും അനുഭവപ്പെട്ടിരുന്നില്ല. രാവിലെ പാൽ കുടിച്ചതിനു ശേഷം നിത്യവും പതിവുള്ള ജ്ഞാനവായന നടത്തി. 12-മണി കഴിഞ്ഞ് റോക്കി സഹോദരൻ ചോറു കൊണ്ടു ചെന്നപ്പോൾ കൈയ്യിൽ കൊന്തയുമായി ഇരിക്കുന്നതു കണ്ടു. വിളിച്ചെഴുന്നേൽപിച്ച് കസേരയിലിരുത്തി ചോറു പകുതിയോളം കഴിപ്പിച്ചു. പിന്നീട് കഴിക്കാൻ തടസം കണ്ടപ്പോൾ എന്തെങ്കിലും വിഷമം ഉണ്ടോ എന്നു ചോദിച്ചതിന് ചെറുതായൊന്നു ചിരിച്ചു. അദ്ദേഹത്തിന്റെ കണ്ണിന് അനക്കം തോന്നാത്തതിനാൽ അടുത്തു വരാന്തയിൽ നിന്നിരുന്ന കുര്യാക്കോസ് ബ്രൊക്കാർദച്ചനെ റോക്കി വിളിച്ചു. മരിക്കാനുള്ള ലക്ഷണം പോലെ കണ്ടതിനാൽ മറ്റുള്ളവരെയും അറിയിച്ചു. വേഗം രോഗീലേപനം കൊടുത്തു. പലരും അടുത്തെത്തിയപ്പോഴേക്കും മരണം കഴിഞ്ഞിരുന്നു." [8]

കളത്തിൽ സ്കറിയ അച്ചനായിരുന്നു ആ അവസരത്തിൽ മാന്നാനത്തെ സുപ്പീരിയർ. മാന്നാനത്തെ ആശ്രമ ദേവാലയത്തിൽ അദ്ദേഹത്തെ അടക്കം ചെയ്തു. അൾത്താരയിലെ ബലിവേദിയിൽ നിന്ന് തളർന്നു വീണ് കട്ടിലിലെ സഹനവേദിയിൽ 12 വർഷം തുടർച്ചയായി നെല്ലിശ്ശേരി തോമ്മാച്ചൻ സ്നേഹബലിയർപ്പിച്ചു.

അദ്ദേഹത്തിന്റെ നിഘണ്ടുവിൽ പരാതി എന്നൊരു പദം ഇല്ലായിരുന്നു. വല്ലവരും മരിച്ചു എന്നു കേൾക്കുമ്പോൾ 'മരണം എന്റെ കാര്യം മറന്നു പോയി' എന്ന് ചിരിച്ചുകൊണ്ടദ്ദേഹം പറയുമായിരുന്നു. 12 വർഷവും അദ്ദേഹം വളരെ സ്നേഹപൂർവ്വം മരണം കാത്ത് കിടക്കുകയായിരുന്നു.


ആ നാളുകളിൽ ബർണർഡിൻ മെത്രാപ്പോലീത്താ മാന്നാനത്തു വരുമ്പോഴെല്ലാം പള്ളിയിൽ കയറിയതിനു ശേഷം തോമ്മാച്ചന്റെ മുറിയിൽ കയറി വിശേഷങ്ങൾ അന്വേഷിക്കാതെ തന്റെ മുറിയിലേക്ക് പോകാറില്ലായിരുന്നു. ചാവറയച്ചനെക്കുറിച്ചും നാളാഗമത്തിൽ കളത്തിലച്ചൻ എഴുതിയിരിക്കുന്നതിപ്രകാരമാണ്: "പെ.ബ. പിതാവ്

പ്രിയോരച്ചൻ ഇവിടെയുള്ളപ്പോൾ നിത്യവും ഇദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയും അരുപിക്കടുത്ത കാര്യങ്ങൾ പറയുകയും വല്ല സ്ഥലത്തു പോകുമ്പോഴും പോയി വരുമ്പോഴും മുമ്പിനാൽ ഇദ്ദേഹത്തെ ചെന്ന് കാണുമായിരുന്നു. മേൽപ്പറയപ്പെട്ട പിതാക്കന്മാർ ഇരുവരും രോഗക്കാരുടെമേൽ വലിയ താൽപര്യവും അവരെ ആശ്വസിപ്പിക്കാൻ മധുരമുള്ള വചനവും അവർക്കുണ്ടായിരുന്നു എന്ന് ഈ എഴുത്തുകാരനും അനുഭവസിദ്ധിയിൽ ബോധിച്ചിരിക്കുന്നു. ഇതിനാൽ സഹോദരന്മാരെ, ക്ഷമയുടെ മാതൃക വരിച്ച ഈ കൂടപ്പിറപ്പിൽ നിന്നും, രോഗികളെ ആശ്വസിപ്പിക്കുന്ന ഗുണം ഈ പിതാക്കന്മാരിൽനിന്നും പഠിപ്പിൻ."[9]

രോഗിയായിത്തീർന്ന നെല്ലിശ്ശേരിയച്ചനെ അടുത്തു സഹായിച്ച രണ്ടു വ്യക്തികളാണ് ഏറ്റൂമാനൂർ മൂപ്പൻ എന്നറിയപ്പെട്ടിരുന്ന വേലക്കാരനും, തോമ്മാച്ചന്റെ തന്നെ അനന്തിരവനായിരുന്ന തോമ്മായും. വൈദികനായിരുന്ന തോമ്മാച്ചൻ മാന്നാനത്തു വന്നു ചേർന്നപ്പോൾ അദ്ദേഹത്തിന്റെ ഈ അനന്തിരവനെയും കൂട്ടിക്കൊണ്ടു വന്നിരുന്നു. തുണ സഹോദരന്മാരുടെ ഗണത്തിൽ ചേർന്നിരുന്ന ഇദ്ദേഹം 1866 ഡിസംബർ 17-ന് മരിച്ചു മാന്നാനത്തു സംസ്ക്കരിക്കപ്പെട്ടു.[11]

രോഗിയായിരുന്ന നെല്ലിശ്ശേരി തോമ്മാച്ചൻ ചാവറയച്ചന്റെ ജീവിതത്തിലും വലിയ പ്രചോദനമായിത്തീർന്നിട്ടുണ്ട്. കടിഞ്ഞൂൽ പുത്രരിൽ ഒരുവനായ ഇദ്ദേഹം യാതൊരു പരാതിയും കൂടാതെ സഹനത്തെ സന്തോഷപൂർവ്വം സ്വീകരിച്ച് ഇനി ദൈവചികിൽസ മാത്രം മതി എന്നു പറഞ്ഞു കൊണ്ട് വി.കുർബാന സ്വീകരണത്തിൽ മാത്രം ആശ്രയിച്ചതും, തന്റെ ദൗത്യത്തിൽ വളരാൻ ചാവറയച്ചനേയും പ്രേരിപ്പിച്ചു. അതുകൊണ്ടുകൂടിയായിരിക്കണം "ദീനക്കാരില്ലാത്ത കൊവെന്തമേൽ എനിക്കു ഭയമാകുന്നു, ഇടവിടാതെ തന്നെ ഒരു ദീനക്കാർ ഒരു കൊവെന്തയിൽ ഉണ്ടെങ്കിൽ അവിടെ ഈശോമിശിഹാ സന്തോഷിക്കുന്നു" എന്ന് പിന്നീട് ചാവറയച്ചൻ പോരൂക്കര കുര്യാക്കോസ് എലീശാ അച്ചനു എഴുതിയത്.[11]

ഫാദർ ഗീവർഗ്ഗീസ് തോപ്പിൽ



1813 - 1873

സി.എം.ഐ.സഭയുടെ തുടക്കത്തിൽ ഒരുമിച്ചു പ്രവർത്തിച്ചിരുന്നവർ പാലയ്ക്കൽ, പോരൂക്കര, ചാവറ അച്ചന്മാരും കണിയാന്തറ യാക്കോബും ആയിരുന്നുവല്ലോ. ഇവർ മാന്നാനത്ത് ആശ്രമം ആരംഭിച്ചു കഴിഞ്ഞ് ആദ്യമായി ഇവിടേയ്ക്ക് എത്തിയ ആളാണ് തോപ്പിൽ ഗീവർഗ്ഗീസച്ചൻ.

തോപ്പിലച്ചന്റെ ബാല്യകാലവും, പൗരോഹിത്യവും, സഭാപ്രവേശനവും

തോട്ടക്കാട്ടു ചോതിരക്കുന്നേൽ കുടുംബത്തിൽ നിന്ന്, കുട്ടനാട് പുളിങ്കുന്ന് ഇടവകയിൽ വെളിയനാട് തോപ്പിൽ വന്നു കുര്യൻ എന്നൊരാൾ താമസമാക്കി. ചാവറയച്ചന്റെ അമ്മയുടെ സഹോദരനായിരുന്നു ഈ തോപ്പിൽ കുര്യൻ. ഇദ്ദേഹം പുത്തൻകുറ്റിൽ മണ്ണൻതൊട്ടവഴിയിൽ നിന്ന് ചേച്ച എന്നയാളെ വിവാഹം കഴിച്ചു.

ഇവർക്കുണ്ടായ ആറു മക്കളിൽ ഒരുവനാണ് ഗീവർഗ്ഗിസ്. ഇവർ അഞ്ചു ആൺമക്കളും ഒരു മകളുമായിരുന്നു. 1813-ലായിരുന്നു ഇദ്ദേഹത്തിന്റെ ജനനം. വാത്സല്യനിധിയായ മകനെ ഇവർ ദൈവഭക്തിയിലും കാലത്തിനടുത്ത പഠനങ്ങൾ നൽകിയും വളർത്തി. കുമ്പസാരം, കുർബാന എന്നിവ നല്ല ഒരുക്കത്തോടെ സ്വീകരിക്കുവാൻ മകനെ അവർ അഭ്യസിപ്പിച്ചു.

ഇങ്ങനെ വളർന്നു വരികയിൽ 12-ാം വയസ്സിൽ മാതാപിതാക്കളുമൊത്ത് ഗീവർഗ്ഗിസ് പുറക്കാട്ടു പള്ളിയിൽ ഒരു ബന്ധുവിന്റെ വിവാഹചടങ്ങിൽ പങ്കെടുക്കുവാൻ പോയി. വിവാഹച്ചടങ്ങിൽ വൈദികൻ പറഞ്ഞ പ്രസംഗത്തിൽ, ഈ ലോകസുഖങ്ങളുടെയും സൗഭാഗ്യങ്ങളുടെയും നശ്വരതയെക്കുറിച്ച് ഹൃദയസ്പർശിയായ വിധം സംസാരിച്ചു. ഈ പ്രസംഗം ആഴമായി മനസ്സിൽ പതിഞ്ഞ ഇദ്ദേഹം ലോകസുഖങ്ങളെ ഉപേക്ഷിച്ചുള്ള ഒരു ജീവിതം നയിക്കണമെന്ന് തീരുമാനിച്ചു. തന്റെ സന്യാസവിളിയുടെ തുടക്കം ഇവിടെയായിരുന്നു.

ഒരു ദിവസം ആരുമറിയാതെ തന്റെ സ്വന്തം വഴി അന്വേഷിച്ച് എങ്ങോട്ടെന്നില്ലാതെ പുറപ്പെട്ടു. കുറേവഴി പോയപ്പോൾ മാതാപിതാക്കളെക്കുറിച്ച് ഓർമ്മ വന്നു. മകനെ കാണാതെ അവർ വിഷമിക്കുമല്ലോ എന്നോർത്ത് വേഗം തിരിച്ചു നടന്നു വീട്ടിലെത്തി. ദൈവശുശ്രൂഷകരായ വൈദികരുടെ ഗണത്തിൽ ചേരണമെന്നവൻ ആഗ്രഹിച്ചു. അതിനായി മാതാപിതാക്കളുടെ അടുത്ത് തന്റെ ആവശ്യം അറിയിച്ചു. പെട്ടെന്ന് മകനെ പിരിയുക അവർക്കുൾക്കൊള്ളാൻ പറ്റാത്ത കാര്യമായിരുന്നെങ്കിലും സാവകാശം അവന്റെ ആഗ്രഹത്തിനവർ വഴങ്ങി. പുളിങ്കുന്നു പള്ളിയിൽ ഉണ്ടായിരുന്ന മുന്നൂറ്റിനാൽപതിൽ മൽപാനച്ചന്റെ അടുത്ത് അവനെ പഠിപ്പിക്കാനാക്കി.

ആ കാലങ്ങളിൽ പുളിങ്കുന്നു പള്ളി പദ്രുവാദൊ കീഴിലായിരുന്നു. പദ്രുവാദൊപള്ളികളെ ഭരിച്ചിരുന്ന ഗോവർണ്ണദോരച്ചൻ പള്ളിയിലെ കണക്കു നോക്കാനായി അവിടെ വന്നു. ഗീവർഗ്ഗീസിനെ കണ്ട ഗോവർണ്ണദോരച്ചന് അവനിൽ താൽപര്യമുണ്ടാവുകയും ഒല്ലൂർ പള്ളിയിൽ താൻ നടത്തിയിരുന്ന സെമിനാരിയിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. ബാലന് ഇടയ്ക്കിടക്ക് അസുഖം വരികയാൽ പുളിങ്കുന്നിൽ കളത്തിൽ വല്യച്ചനോടുകൂടിയും താമസിച്ചിരുന്നു. ചിലപ്പോൾ വടയാറ്റു സെമിനാരിയിലും പോയി

പഠിക്കുമായിരുന്നു. ഇങ്ങനെ ചെറിയ പട്ടങ്ങളെല്ലാം സ്വീകരിച്ചു കഴിഞ്ഞിട്ടും അസുഖങ്ങൾ വിട്ടുമാറിയിരുന്നില്ല.

തന്റെ ഈ അവസ്ഥയിൽ പൗരോഹിത്യം സ്വീകരിക്കുവാൻ കഴിയുമോ എന്നു സംശയിച്ച ഗീവർഗ്ഗീസ് ഒരു നേർച്ച നേർന്നു: 'ദൈവം പൂർണ്ണസൗഖ്യം നൽകുന്നുവെങ്കിൽ പഠനം കഴിഞ്ഞ് കുർബാനപ്പട്ടമേറ്റ ശേഷം മാന്നാനം കുന്നിൽ സന്യാസാശ്രമത്തിൽ ചേർന്ന് ജീവിച്ചുകൊള്ളാം'. ദൈവീകപദ്ധതിപോലെ താമസിയാതെ അസുഖങ്ങൾ പൂർണ്ണമായി മാറുകയും, 1837-ൽ 24-ാം വയസ്സിൽ വടയാറ്റു സെമിനാരിയിൽ നിന്ന് കുർബാനപ്പട്ടം സ്വീകരിച്ച് പുളിങ്കുന്നു പള്ളിയിൽ ആദ്യബലിയർപ്പിക്കുകയും ചെയ്തു. ഒരു വർഷത്തോളം അവിടെ താമസിച്ചശേഷം 1838-ൽ മാന്നാനം ആശ്രമത്തിൽ അംഗമായി ചേർന്നു.[1]

അന്നു മുതൽ തോപ്പിലച്ചൻ മറ്റംഗങ്ങളോടു ചേർന്നു സഭയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നു. മാന്നാനത്ത് 1833 മുതൽ സെമിനാരി പ്രവർത്തിച്ചു തുടങ്ങിയെങ്കിലും പലകാര്യങ്ങൾക്കും അച്ചന്മാർ ആശ്രമംവിട്ട് പുറത്തു പൊയ്ക്കൊണ്ടിരുന്നതുകൊണ്ട് അച്ചന്മാർക്കിടയിൽ സമൂഹജീവിതം കൃത്യമായി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തോപ്പിലച്ചനും കൂടി എത്തിക്കഴിഞ്ഞപ്പോൾ 1840 ജൂൺ 18-ന് (മിഥുനം 18) വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം മുതൽ മാന്നാനത്ത് വൈദികരുടെ സമൂഹജീവിതം ആരംഭിച്ചു.[2]

1855-ഡിസംബർ 8-നാണല്ലൊ സഭയിൽ ആദ്യമായി അംഗങ്ങൾ വ്രതബദ്ധരായത്. ചാവറയച്ചൻ കഴിഞ്ഞ് രണ്ടാമതായി വ്രതം സ്വീകരിച്ച ആളായിരുന്നു തോപ്പിലച്ചൻ. ഈ സമയത്ത് ജോസഫ് എന്ന പേരും കൂടി അദ്ദേഹം ഗീവർഗ്ഗീസിനോടു കൂട്ടിച്ചേർത്തു. നിഷ്ക്കളങ്കമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്ന അദ്ദേഹം തന്റെ ജീവിതം നന്മപ്രവർത്തികൾ കൊണ്ടു നിറച്ചു.

തോപ്പിലച്ചന്റെ ആശ്രമപ്രവർത്തനങ്ങൾ

1838-ൽ മാന്നാനം ആശ്രമത്തിൽ ചേർന്നകാലം മുതൽ തോപ്പിലച്ചൻ പേരുകേട്ട ധ്യാനഗുരുവായി ആദ്യപിതാക്കന്മാരൊടൊപ്പം പ്രവർത്തനം ആരംഭിച്ചു. വടക്കൻ പ്രദേശങ്ങളിൽ അദ്ദേഹം വചനപ്രഘോഷണരംഗത്ത് പ്രസിദ്ധനായിത്തീർന്നു. അതുകൊണ്ട്

ഏൽത്തുരുത്തിൽ ആശ്രമം പണിയുന്നതിനുള്ള തീരുമാനപ്രകാരം ആശ്രമത്തിനു തറക്കല്ലിട്ടു കഴിഞ്ഞപ്പോൾ, തോപ്പിലച്ചനെയാണ് ആദ്യമായി അവിടേക്കു നിയോഗിച്ചത്. ചങ്ങനാശ്ശേരി പള്ളിയിൽ ഇടക്കാലത്ത് വികാരിത്വം നോക്കിക്കൊണ്ടിരിക്കെയാണ് 1858 മെയ് മാസത്തിൽ ഇദ്ദേഹത്തെ ഈ ജോലി ഏൽപ്പിച്ചത്. പിന്നീട് കട്ടക്കയത്തിൽ ചാണ്ടിയച്ചനും ഇതിനായി നിയോഗിക്കപ്പെട്ടു.[3]

രണ്ടു പേരും വചനപ്രഘോഷണത്താൽ ജനഹൃദയങ്ങളെ ദൈവത്തിനുവേണ്ടി നേടിയെടുത്തു. ആശ്രമത്തിന്റെയും അതിനോടുചേർന്നുള്ള പള്ളിയുടെയും പണികൾക്കായി ജനങ്ങൾ കൈയ്യയച്ചു ദാനധർമ്മങ്ങൾ നൽകി. വളരെ പെട്ടന്ന് ചെറിയൊരു ആശ്രമക്കെട്ടിടവും കപ്പേളയും ഉയർന്നുവന്നു. താമസിയാതെ ആ സ്ഥലത്തിന് എലവത്തുരുത്ത് എന്ന പേരിനു പകരം ദൈവത്തിന്റെ തുരുത്ത് എന്നർത്ഥമുള്ള 'ഏൽതുരുത്ത്' എന്നു ചാവറയച്ചൻ നാമകരണം ചെയ്തു.

വരാപ്പുഴ മെത്രാനച്ചന്റെ നിർദ്ദേശവും തോപ്പിലച്ചന്റെയും മറ്റും ആത്മാർത്ഥമായ പരിശ്രമവുംവഴി രണ്ടുനിലയിലുള്ള ആശ്രമക്കെട്ടിടം പൂർത്തിയാക്കി. പിന്നീട് അദ്ദേഹത്തിന്റെയും ഒപ്പം താമസിച്ചിരുന്ന അച്ചന്മാരുടെയും ശ്രദ്ധതിരിഞ്ഞത് ആശ്രമാംഗങ്ങളുടെ ചിലവിനാവശ്യമായ കൃഷിസ്ഥലങ്ങൾ വികസിപ്പിച്ചെടുക്കുക എന്നതിലായിരുന്നു. ഇതിനായി തെക്കെ കൈനകരിയിൽ നിന്നും കുറെ പുതുക്രൈസ്തവരെ ഏൽതുരുത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. ആശ്രമത്തിന്റെ തെക്കും കിഴക്കുമുള്ള കോൾ നിലങ്ങൾ വിലക്കുവാങ്ങി വരമ്പു പിടിപ്പിച്ച് നെൽക്കൃഷിക്കുപയുക്തമാക്കി.[4]

പ്രസംഗങ്ങളാലും ആശ്രമവാസികളുടെ നല്ല മാതൃകയാലും ജനങ്ങൾക്കിടയിൽ ആത്മീയ ഉണർവ്വ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിനിടയിലാണ് റോക്കോസ് മെത്രാന്റെ വരവും മാർപ്പാപ്പയുടെ അനുമതി കൂടാതെ സുറിയാനിപ്പള്ളികളുടെ ഭരണം എറ്റെടുത്ത് അദ്ദേഹം ഭരണം തുടങ്ങിയതും. താമസിയാതെ ജനങ്ങളും വൈദികരും റോക്കോസ് ശീശ്മയിലേക്കു വീണുകൊണ്ടിരുന്നു. ചാവറയച്ചന്റെ നിർദ്ദേശപ്രകാരം തോപ്പിലച്ചനും കട്ടക്കയത്തച്ചനും വടക്കൻ ദിക്കുകളിലെ പള്ളികൾതോറും സത്യാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് ജനങ്ങളെ ശീശ്മയിൽ നിന്നും തിരിച്ചു

കൊണ്ടുവരാൻ സകല ശ്രമങ്ങളും നടത്തിവന്നിരുന്നു. ഇതിനിടയിൽ വടക്കൻ പ്രദേശങ്ങളിലുള്ള തന്റെ കഠിനാധ്വാനത്താൽ തോപ്പിലച്ചൻ ക്ഷീണിതനും രോഗിയുമായിത്തീർന്നിരുന്നു.

മാന്നാനം ആശ്രമത്തിൽ പോയി വിശ്രമിക്കുന്നതിനും ചികിൽസിക്കുന്നതിനുമായി 1861-ൽ തോപ്പിലച്ചനെ മാന്നാനത്തേക്കയച്ചു. പിന്നീടു പുളിങ്കുന്ന് ആശ്രമത്തിന്റെയും പള്ളിയുടെയും പണികൾ പൂർത്തിയാക്കാനായി തോപ്പിലച്ചനെ നിശ്ചയിച്ച് 1864-ൽ അവിടേയ്ക്കയക്കുകയുണ്ടായി. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുണ്ടായിരുന്ന അവസ്ഥയിൽ അവിടുത്തെ പണികൾ പൂർത്തിയാക്കാതെ കിടക്കുകയായിരുന്നു. ജനങ്ങളിൽ നിന്ന് പിരിവെടുക്കുവാൻ അദ്ദേഹം പുതിയൊരു പദ്ധതി നടപ്പിലാക്കി. ഇതായിരുന്നു പിടിയരി പിരിവിന്റെ തുടക്കം. കുടുംബത്തിലെ സ്ത്രീകളെ പ്രേരിപ്പിച്ച്, ഭക്ഷണമുണ്ടാക്കുവാൻ അരിയെടുക്കുമ്പോൾ കുറേശ്ശെ അരി മാറ്റിവെയ്ക്കാനായിരുന്നു നിർദ്ദേശം. തന്റെ മധുരവാക്കുകളാലും സത്യസന്ധമായ ഇടപെടലുകളാലും ജനപ്രീതിയുണ്ടായിരുന്ന തോപ്പിലച്ചന്, ധർമ്മപിരിവ് പ്രശ്നമായിരുന്നില്ല.

ഇതിനിടയിൽ ജനങ്ങൾ മെത്രാപ്പോലീത്താച്ചനോട് പ്രത്യേകം ആവശ്യപ്പെട്ടതുപ്രകാരം സ്വന്തം ഇടവകയായ പുളിങ്കുന്നിലും അദ്ദേഹം കുറേക്കാലം വികാരി ജോലി നോക്കേണ്ടിവന്നു. പള്ളിപ്പൊതുയോഗങ്ങളിൽ, പലപ്പോഴും തർക്കങ്ങളും ലഹളകളും വർദ്ധിച്ചു വന്നതിനാൽ തോപ്പിലച്ചൻ കൂറെപ്പേരെ കുറിയിട്ടെടുത്ത് പ്രത്യേക ആലോചനാസമിതി ഉണ്ടാക്കുകയും ചെയ്തു. പൊതുയോഗം കൂടാതെ പള്ളിക്കമ്മറ്റിയും ഉണ്ടാക്കിയതു തോപ്പിലച്ചന്റെ കണ്ടെത്തലായിരുന്നു എന്നു തോന്നുന്നു.[5]

പദ്രുവാദൊ ശീശ്മയുടെ ഭാഗമായി ആനക്കല്ലുങ്കൽ പള്ളിയിൽ വൈദികരും ജനങ്ങളും രണ്ടു പക്ഷത്തായി. ഇതുപോലെ ചങ്ങനാശ്ശേരി പള്ളിയിലും വൈദികരും ജനങ്ങളും പക്ഷം തിരിഞ്ഞ് എതിർപ്പ് ശക്തിയായി വന്നു. ഈ രണ്ടു സ്ഥലങ്ങളിലേക്കും താൽക്കാലിക വികാരിയായി തോപ്പിലച്ചനെത്തന്നെയാണ് ബർണർഡിൻ മെത്രാപ്പോലീത്ത പറഞ്ഞയച്ചത്. ആ കാലങ്ങളിൽ തോപ്പിലച്ചൻ അറിയപ്പെട്ടിരുന്നത് സമാധാനത്തിന്റെ പിതാവ് എന്നായിരുന്നു.[6]

1871 മുതൽ തോപ്പിലച്ചനായിരുന്നു പുളിങ്കുന്ന് ആശ്രമത്തിന്റെ സുപ്പീരിയർ. ഈ കാലഘട്ടത്തിൽ, കാഞ്ഞിക്കൽ, വാച്ചാപ്പറമ്പിൽ എന്നീ കുടുംബങ്ങളിൽ നിന്ന് ഇദ്ദേഹം പറമ്പുകളും നിലങ്ങളും വാങ്ങി ആശ്രമത്തോടു ചേർത്തു. സ്ഥലങ്ങൾ ദാനം തന്നവർക്കായി ഇടയ്ക്കിടയ്ക്ക് കുർബാനയും അവരുടെ മരണശേഷം നിത്യകുർബാനയും ആശ്രമത്തിൽ നടത്തിയിരുന്നു. ആശ്രമജീവിതം അദ്ദേഹം മാതൃകാപരമായി നയിക്കുകയും മറ്റുള്ളവരെ അതിനായി സഹായിക്കുകയും ചെയ്തിരുന്നു. 1872 മുതൽ ആശ്രമത്തോടു ചേർന്ന് മെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം സെമിനാരിയും ആരംഭിച്ചു.[7]

തോപ്പിലച്ചന്റെ പ്രത്യേകതകൾ

ചാവറയച്ചന്റെ അമ്മയുടെ സഹോദരപുത്രനായിരുന്ന തോപ്പിലച്ചൻ; മാന്നാനത്ത് സഭ ആരംഭിച്ച ശേഷം ആദ്യം സഭയിൽ ചേർന്ന അംഗവും, ആദ്യം വ്രതസ്വീകരണത്തിൽ ചാവറയച്ചൻ കഴിഞ്ഞ് രണ്ടാമനുമായിരുന്നു.

സഭയിൽ ചേർന്നതുമുതൽ അദ്ദേഹം പ്രസിദ്ധനായ ധ്യാന പ്രസംഗകനായി മാറി. വായനാശീലം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്ക് മാറ്റുകൂട്ടി. അക്കാലത്ത് അച്ചടിച്ചതും കയ്യെഴുത്ത് പ്രതികളുമായി കിട്ടിയ തമിഴ്,സുറിയാനി ഗ്രന്ഥങ്ങളും, വേദപുസ്തകവും അദ്ദേഹം ഹൃദിസ്ഥമാക്കി. രാത്രിയുടെ പ്രധാനസമയം അദ്ദേഹം വായനക്കായി വിനിയോഗിച്ചിരുന്നു. വായനാസമയത്ത് തന്റെ മുറിയിൽ ആരെങ്കിലും ചെന്ന് എന്തെങ്കിലും എടുത്താൽ പോലും അദ്ദേഹം അറിയുമായിരുന്നില്ല. അത്രമാത്രം ശ്രദ്ധ വായനയിലദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മധുരമായ വാക്കുകൾ എപ്പോഴും ദൈവിക ചിന്തകൾ ഉൾക്കൊള്ളുന്നവയായിരുന്നു. അഞ്ചുവർഷത്തോളം അലങ്കാര ശാസ്ത്രം പഠിക്കുവാനായി ചിലവഴിച്ച ഒരു പാശ്ചാത്യഗുരുവും ലെയോപ്പോൾദ് മിഷനറിയും ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ട് ഇതുപോലുള്ള പ്രസംഗം യൂറോപ്പിൽ പോലും അവർ കേട്ടിട്ടില്ല എന്നു പറയുകയുണ്ടായി. വടക്കൻ ദിക്കുകളിലെ പള്ളികളിൽ ഞായറാഴ്ച തോപ്പിലച്ചൻ ചെന്നു എന്നറിഞ്ഞാൽ ഉടനെ പള്ളിമണിയടിച്ച് ആളുകൾ ഒരുമിച്ചുകൂടുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ. റോക്കോസ് ശീശ്മയുടെ കാലത്ത് കട്ടക്കയം

ചാണ്ടിയച്ചനുമൊത്ത് തൃശൂർ പ്രദേശങ്ങളിലുള്ള പള്ളികൾ തോറും വിശ്രമമില്ലാതെ നടത്തിയ പ്രസംഗങ്ങൾ അദ്ദേഹത്തെ, അവസാനം രോഗിയുമാക്കി മാറ്റി.[8]

ഏൽത്തുരുത്ത് ആശ്രമപ്പണികൾക്ക് സഹായിക്കാൻ മെത്രാപ്പോലീത്ത ഏൽപ്പിച്ചിരുന്ന പല്ലാട്ട് ഇട്ടിയവിര കത്തനാർ ശീശ്മ ഭാഗത്തു ചേർന്ന് രഹസ്യമായി ആശ്രമാംഗങ്ങൾക്കും, വരാപ്പുഴ



പുളിക്കുന്ന് - 1861
ഇന്നുള്ള ആശ്രമദേവാലയവും സ്കൂളും

മെത്രാനുമെതിരായി പ്രവർത്തിച്ചു തുടങ്ങി. ആശ്രമത്തിന്റെ പണി ഉപേക്ഷിച്ച് പള്ളികൾ തോറും തോപ്പിലച്ചനും കൂട്ടരും ശീശ്മക്കെതിരെ പ്രസംഗിച്ചു. എതിരാളികളിൽ നിന്നും പലവിധ ഉപദ്രവങ്ങളും ഇവർക്കേൽക്കേണ്ടി വന്നു. ആശ്രമം പിടിച്ചടക്കുവാനുള്ള ശ്രമം വരെ ഉണ്ടായി. അതിനാൽ കൊച്ചി ദിവാനായിരുന്ന ശങ്കുണ്ണി മേനോന്റെ അടുത്തും തൃശൂർ പേഷ്ക്കാരുടെ അടുത്തും സഹായം അഭ്യർത്ഥിക്കേണ്ടി വന്നു. പേഷ്ക്കാർ, പല്ലാട്ടച്ചനേയും മറ്റും ശിക്ഷിച്ചതിനു ശേഷമാണ് ഇവരുടെ ഉപദ്രവം കുറഞ്ഞത്. ഈവക പ്രശ്നങ്ങളെല്ലാം തോപ്പിലച്ചനെ കൂടുതൽ അവശനാക്കിയിരുന്നു. എങ്കിലും സഭയ്ക്കു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ അദ്ദേഹം തയ്യാറായിരുന്നു.[9]

തോപ്പിലച്ചൻ പൊതു ആവശ്യങ്ങൾക്കായി പിരിവിനിറങ്ങിയാൽ ഉദ്ദേശിച്ച കാര്യം നടക്കാതെ വന്നിട്ടില്ല. എന്നാൽ ആവശ്യമുള്ളതിൽ കൂടുതൽ അദ്ദേഹം ലക്ഷ്യം വെയ്ക്കില്ലായിരുന്നു. 1866-ൽ കൂനമ്മാവു മഠത്തിന്റെ പണികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പണത്തിനു വലിയ ബുദ്ധിമുട്ടനുഭവപ്പെട്ട ഒരവസരത്തിൽ സഭയുടെ ഡലഗേറ്റായിരുന്ന ലെയോപ്പോൾദ് മിഷനറി 200 രൂപ പിരിച്ചു കൊണ്ടുവരുന്നതിനായി ഏൽപ്പിച്ചയച്ചു. തൃപ്പൂണിത്തുറ തുടങ്ങിയ സ്ഥലങ്ങളിൽ പിരിവു നടത്തി മടങ്ങിവന്ന് തുക എണ്ണിനോക്കിയപ്പോൾ 400 രൂപയോളം ഉണ്ടായിരുന്നു. പിരിവു തന്ന ആളുകളെ സമീപിച്ച്, സുപ്പീരിയറച്ചന്റെ നിർദ്ദേശം 200 രൂപ ശേഖരിക്കാനായിരുന്നു എന്നും, അധികം വന്ന തുക സ്വീകരിക്കണമെന്നും പറഞ്ഞു തിരിച്ചു കൊടുക്കുകയുണ്ടായി. തോപ്പിലച്ചൻ തുടങ്ങിയ ഒരു സംഘടനയാണ് വ്യാകുലസഖ്യം . ഇതിൽ ചേരുന്ന അംഗങ്ങൾ പ്രതിമാസം ഓരോ ചക്രം സംഭാവന നൽകുകയും, ഇവർക്കുവേണ്ടി മാസം തോറും ഒരു കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു.[10]

തോപ്പിലച്ചന്റെ രോഗവും മരണവും

തോപ്പിലച്ചന്റെ സെമിനാരി ജീവിതകാലത്തുതന്നെ പലപ്പോഴും രോഗിയായിരുന്നു. ഇതിന്റെ പേരിൽ പൗരോഹിത്യം സ്വീകരിക്കുവാൻ കഴിയുമോ എന്നുവരെ സംശയിച്ചിരുന്നു. പ്രത്യേക നേർച്ചയുടെ ഫലമായി, രോഗം മാറിക്കിട്ടുകയും പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തുവെങ്കിലും, അദ്ദേഹം നല്ല ആരോഗ്യവാനായിരുന്നില്ല. ഏൽത്തുരുത്ത്, പുളിങ്കുന്ന് ആശ്രമങ്ങളെ കെട്ടിപ്പടുക്കുന്നതിൽ തന്റെ കഠിനാധ്വാനം ഉണ്ടായിരുന്നു. നല്ല ധ്യാനപ്രസംഗകനായിരുന്നതു കൊണ്ട് നിരന്തരമായ യാത്രയും തുടർച്ചയായ പ്രസംഗങ്ങളും വേണ്ടിയിരുന്നു. റോക്കോസ് ശീശ്മക്കെതിരെയുള്ള ശ്രമങ്ങളിൽ അദ്ദേഹം വീണ്ടും രോഗിയായി മാറി. അദ്ദേഹം ഒരു പ്രമേഹരോഗിയും കൂടിയായിരുന്നു. പ്രമേഹരോഗം ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം വളരെ തടിച്ച ശരീരം ആയിരുന്നു അദ്ദേഹത്തിന്റേത്. ഇതും അദ്ദേഹത്തിന് വളരെ പ്രയാസങ്ങൾ ഉണ്ടാക്കി.

എങ്കിലും തന്നിൽ നിക്ഷിപ്തമായ കടമകൾക്ക് വീഴ്ച വരുത്താതെ അദ്ദേഹം പ്രവർത്തനനിരതനായിരുന്നു. 1872-ന്റെ ആരംഭത്തിൽ അദ്ദേഹത്തിന്റെ വലതുകാലിൽ, ഓസ്തി വട്ടത്തിലൊരു വ്രണമുണ്ടായി. അത് അസഹനീയമായ വേദന ഉളവാക്കിയിരുന്നുവെങ്കിലും അവയെല്ലാം മാതൃകാപരമായി അദ്ദേഹം സഹിച്ചു.

കുർബാനയിൽ മുടക്കം വരുത്താതിരിക്കുവാൻ അദ്ദേഹം അങ്ങേയറ്റം ശ്രമിച്ചു. തുടർന്നുള്ള കാലം മുറിയിൽത്തന്നെ കഴിയേണ്ടിവന്നു. ഈ സമയത്തും പതിവുള്ള ദിനചര്യകളും, ധ്യാനവും, ജ്ഞാനപുസ്തകങ്ങളുടെ വായനയും അദ്ദേഹം ഉപേക്ഷിച്ചില്ല. കുമ്പസാരിക്കുവാൻ വരുന്നവരെ മുറിയിൽ വച്ചു കുമ്പസാരിപ്പിക്കുകയും അവർക്ക് ആവശ്യമുള്ള ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കുർബാന ചൊല്ലാൻ സാധിക്കാതെ വന്നതുമുതൽ ആഴ്ചയിൽ രണ്ടു ദിവസം കുമ്പസാരിച്ച് കുർബാന സ്വീകരിച്ചിരുന്നു.


ഈ വിധം മുറിയിലൊതുങ്ങി ചികിൽസയുമായി ആറേഴുമാസത്തോളം കടന്നുപോയിട്ടും രോഗത്തിനു കാര്യമായ വ്യത്യാസമൊന്നും വന്നില്ല. പിന്നീട് കുര്യാക്കോസ് ഏലീശാച്ചൻ മാവേലിക്കരയിലുള്ള അയ്യർവൈദ്യനെ കാണിക്കുകയും കുറെനാൾ അവിടെ കിടത്തി ചികിൽസിക്കുകയും ചെയ്തു. അദ്ദേഹവും കൈ ഒഴിഞ്ഞതിനാൽ തിരിച്ച് ആശ്രമത്തിലേക്കു കൊണ്ടുവന്നു.

1873 സെപ്റ്റംബറിനു ശേഷം രോഗം വീണ്ടും കൂടി. മരണം അടുത്തു എന്നു മനസ്സിലാക്കി കൂദാശകളെല്ലാം, നല്ല ഒരുക്കത്തോടും ബോധത്തെളിവോടും കൂടി സ്വീകരിച്ചിരുന്നു. ഒക്ടോബർ 13-ാം തിയ്യതി തിങ്കളാഴ്ച കാലത്ത്, ബഹുമാനപ്പെട്ട പ്രിയോർ കുര്യാക്കോസ് ഏലീശാച്ചനിൽ നിന്നും രോഗീലേപനവും സ്വീകരിച്ചു. തന്റെ കട്ടിലിനു ചുററും നിന്നു മറ്റംഗങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമയത്ത്, തോപ്പിൽ ഗീവർഗ്ഗിസ് ഔസേപ്പച്ചൻ ദിവ്യനാഥനിൽ വിലയം പ്രാപിച്ചു.[11]

14-ാം തിയ്യതി ചൊവ്വാഴ്ച അനേകം വൈദികരുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ മരണശേഷ ക്രിയകൾ നടത്തി പുളിങ്കുന്നു ആശ്രമദേവാലയത്തിന്റെ സങ്കീർത്തിയിൽ അടക്കം ചെയ്തു. അദ്ദേഹത്തിന്റെ സാധുശീലത്താലും മധുരസംഭാഷണത്താലും അദ്ദേഹം എല്ലാവർക്കും വലിയ സ്നേഹവും മതിപ്പുമുള്ള ആളായിരുന്നു. ഒരിക്കലും അദ്ദേഹം സമയം ഉപയോഗമില്ലാതെ ചിലവഴിച്ചിരുന്നില്ല. ചെയ്യുവാനുള്ള ജോലികൾ കഴിഞ്ഞാൽ, ബാക്കി സമയം ജപധ്യാനങ്ങളിലും വിശുദ്ധ കുർബാനയുടെ മുമ്പിലും ചിലവഴിച്ചിരുന്നു. ഇദ്ദേഹം ജീവിതം കൊണ്ട് ചാവറയച്ചനോട് ഏറ്റം അടുത്ത ഒരു പിൻഗാമി ആയിരുന്നു.



ഫാദർ കുര്യാക്കോസ് ഏലീശ പോരൂക്കര



1814 - 1890

സി.എം.ഐ. സഭയുടെ തുടക്കക്കാരിൽ ഒരുവനായ പോരൂക്കര തോമാച്ചന്റെ ജീവചരിത്രത്തിൽ നിന്ന് അനുജനായ കുര്യാക്കോസ് ഏലിശാച്ചനെക്കുറിച്ച് നമുക്ക് പല അറിവുകളും ലഭിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ തന്നെ ജീവചരിത്രം 'ചില കത്തുകളും ജീവചരിത്ര ങ്ങളും' എന്ന പേരിൽ മാന്നാനം ചരിത്ര ഈടുവെപ്പിൽ സൂക്ഷിച്ചിരി ക്കുന്ന കൈയ്യെഴുത്ത് പ്രതിയിൽ നിന്നാണ് നമുക്ക് കൂടുതലായി ലഭിക്കുന്നത്. ചരിത്രകാരനായ ബർണാർഡച്ചനും ഇദ്ദേഹത്തെ ക്കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്. മറ്റൊരു പ്രധാനരേഖയാണ് മാർ ലൂയിസ് പഴേപറമ്പിലിനെക്കുറിച്ച് ഐ.സി. ചാക്കോ എഴുതിയ ജീവചരിത്രം. സി.എം.ഐ. സഭയുടെ മൂന്ന് ആദ്യപിതാക്ക ന്മാരുടെയും ശിഷ്യത്വം സ്വീകരിച്ച ഇദ്ദേഹത്തിന് സെമിനാരിയിലാ യിരിക്കുമ്പോൾ മുതൽ മാന്നാനം ആശ്രമവുമായി ബന്ധമുണ്ടായിരുന്നു.

കുര്യാക്കോസ് ഏലീശാച്ചന്റെ ബാല്യവും പൗരോഹിത്യവും

ചമ്പക്കുളം പോരൂക്കര കുടുംബത്തിലെ എട്ടംഗങ്ങളിൽ ഇളയപുത്രനാണ് കുര്യാക്കോസ്. 1814 ഓഗസ്റ്റ് 18-ാം തിയ്യതി ഇദ്ദേഹം ഇട്ടിക്കുരുവിള-മറിയം ദമ്പതികളിൽ നിന്ന് ജനിച്ചു. ചെറുപ്പം മുതലെ ആത്മീയകാര്യങ്ങളിൽ തൽപരനായിരുന്നതുകൊണ്ടായിരിക്കണം ദൈവവിളിയുടെ ലക്ഷണം തിരിച്ചറിഞ്ഞ് ജ്യേഷ്ഠൻ തോമ്മാച്ചൻ 12-ാം വയസു മുതൽ ഇദ്ദേഹത്തെ തങ്കശ്ശേരിപ്പള്ളിയിൽ തന്നോടൊപ്പം നിർത്തി സുറിയാനി പഠിപ്പിച്ചു തുടങ്ങിയത്. പിന്നീട് പള്ളിപ്പുറം സെമിനാരിയിൽ പാലക്കലച്ചന്റെയടുത്ത് പഠനം ആരംഭിച്ചു. 1831 നവംബർ 9-ന് അർത്തുങ്കൽ പള്ളിയിൽവെച്ച് മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് ആസ്തപ്പാടുപട്ടം സ്വീകരിച്ചു. തുടർന്നുള്ള പഠനത്തിനുശേഷം 1839 മാർച്ച് 16-ാം തിയ്യതി വരാപ്പുഴയിൽ വെച്ച് ഫ്രാൻസിസ് സേവ്യർ മെത്രാനിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

ഏപ്രിൽ 29-ന് ആയിരുന്നു പുത്തൻ കുർബാന. കീർത്തിപ്പെട്ട കുടുംബാംഗവും, പാലക്കലച്ചന്റെ ശിഷ്യനും, പോരൂക്കര തോമ്മാച്ചന്റെ അനുജനും എന്നവിധം ധാരാളം ജനങ്ങൾ ഈ ചടങ്ങിൽ പങ്കെടുത്തു. അനേകം പള്ളികളിൽനിന്ന് വൈദികരും സെമിനാരികളിൽനിന്ന് ശെമ്മാശ്ശന്മാരും ഉണ്ടായിരുന്നു. വീടുകേറ്റം എന്ന ആഘോഷപ്രദക്ഷിണം നടത്തി കുടുംബാംഗങ്ങളെല്ലാം സന്തോഷത്താൽ മതിമറന്നു നിൽക്കുമ്പോൾ ജ്യേഷ്ഠനായ തോമ്മാച്ചൻ ദൈവസ്നേഹത്താൽ ജ്വലിച്ചവനായി അമ്മയുടെയും ബന്ധുക്കളുടെയും നേരെ തിരിഞ്ഞു പറഞ്ഞു: 'മകൻ പുത്തൻ കുർബാന ചൊല്ലി വരുന്നതുകണ്ട് നിഗളത്തിന്റെ യാതൊരു വിചാരവും ഹൃദയത്തിൽ ധരിക്കേണ്ടാ. സന്തോഷം നിറഞ്ഞ ഭാവത്തിൽ മകൻ വരുന്നതിനുപകരം ഒരു കബറിൽ, മരിച്ച മകന്റെ ശരീരം കിടത്തി, സങ്കടത്തിന്റെ മണിയും കൊട്ടി കുഴിയിൽ വെയ്ക്കാൻ പോകുന്നു എന്നു വിചാരിക്കുക . ഇപ്രകാരം ഭ്രമിക്കുന്ന വചനത്താൽ ആ വീടു മുഴുവൻ വിലാപത്തിന്റെയും കണ്ണുനീരിന്റെയും സ്ഥലമാക്കി മാറ്റി. ഇങ്ങനെ ലൗകീകാഘോഷത്തേക്കാൾ ഭക്തിയുടെ വിശേഷത്താൽ ഈ പുത്തൻകുർബാന ഏറ്റം കീർത്തിക്കപ്പെട്ടതായിത്തീർന്നു."[1]

കുര്യാക്കോസച്ചൻ മാന്നാനം ആശ്രമത്തിലേയ്ക്ക്

താൻ തിരുപ്പട്ടം ഏറ്റത് പാപാന്ധകാരത്തിൽപ്പെട്ട ആത്മാക്കൾക്ക് സുവിശേഷത്തിന്റെ വെളിച്ചം നൽകുവാനാണെന്നും, എന്നാൽ അനേകം വൈദികർ തിരുപ്പട്ടം സ്വീകരിച്ചത് ദ്രവ്യസ്നേഹം, ലോകബഹുമാനം, വീടിനെ പുഷ്ടിപ്പെടുത്തുവാനുള്ള ആശ, സ്ഥാനമാനത്തിനുള്ള ആഗ്രഹം തുടങ്ങിയ ലൗകീകാന്ധകാരത്തിൽ കഴിയുവാനാണെന്നും കുര്യാക്കോസച്ചൻ മനസ്സിലാക്കിയിരുന്നു. ഭൗതീകതാല്പര്യങ്ങളിൽ നിന്നകന്ന് സന്യാസജീവിതം തിരഞ്ഞെടുത്ത് മാന്നാനം ആശ്രമത്തിലായിരിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു.

ഈ കാലഘട്ടത്തെക്കുറിച്ച് കുര്യാക്കോസച്ചൻ ഡയറിയിൽ കുറിച്ചുവെച്ചതിന്റെ ചുരുക്കം ഇപ്രകാരമാണ്: ഈ കാലഘട്ടത്തിലാണ് 1840-ൽ തെക്കൻ പ്രദേശങ്ങളിലുള്ള പള്ളികളെ പദ്രുവാദൊയിൽ നിന്നൊഴിവാക്കിയെടുക്കുവാൻ കൊല്ലം മിസത്തിൽ പ്രവർത്തിച്ചിരുന്ന ബർണർഡിൻ ബച്ചിനെല്ലി മിഷനറിയോടൊപ്പം ജ്യേഷ്ഠൻ തോമ്മാച്ചന് പോകേണ്ടിവന്നത്. കൊല്ലം മുതൽ കന്യാകുമാരി വരെയുള്ള പല സ്ഥലങ്ങളിൽ അദ്ദേഹം നടത്തിയ കഠിനാധ്വാനത്തിന്റെ ഫലമായി അവസാനം പ്രമേഹരോഗിയുമായി. ഇദ്ദേഹത്തെ തിരിച്ചാശ്രമത്തിലേക്കയക്കുന്നതിനായി കൊല്ലം പ്രദേശങ്ങളിലേക്കു ചെന്ന കുര്യാക്കോസച്ചൻ 1844 മാർച്ചു വരെ വെമ്പുഴ, കളളിത്തട്ട്, വടക്കുംതല തുടങ്ങിയ പള്ളികളിൽ പ്രവർത്തിച്ചു ശീശ്മയെ അകററാൻ ശ്രമിച്ചു. പാവുക്കര കപ്പേളയിലായിരിക്കുമ്പോൾ കഠിനമായി വസൂരി രോഗം പിടിപെടുകയും കല്ലൂർക്കാട്ടേയ്ക്കു പോകുകയും ചെയ്തു. വസൂരി മാറിയപ്പോൾ കല്ലൂർക്കാട്ടും മാന്നാനത്തുമായി മാറിമാറി താമസിച്ചിരുന്നു.[2]

1845 ഡിസംബർ മുതൽ മെത്രാനച്ചന്റെ നിർദ്ദേശപ്രകാരം കല്ലൂർക്കാട്ടു പളളിയുടെ ചുമതല ഏറ്റെടുക്കേണ്ടി വന്നു. മാന്നാനത്തു നിന്ന് വിട്ടുമാറുവാൻ വളരെ വിഷമം ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹം കൽപനയോടു സഹകരിച്ച് വികാരിസ്ഥാനം ഏറ്റെടുത്തു. പളളികൾ വൃത്തിയായി സൂക്ഷിക്കുക, മനോഹരമായി അലങ്കരിക്കുക എന്നതൊക്കെ അദ്ദേഹത്തിന്റെ അതീവ ശ്രദ്ധയിൽപ്പെട്ട

കാര്യങ്ങളായിരുന്നു. ഇദ്ദേഹം കല്ലൂർക്കാട്ടായിരിക്കുമ്പോഴാണ് 1846 ജനുവരി 8-ന് ജ്യേഷ്ഠൻ തോമ്മാച്ചന്റെ മരണം.

പിന്നീടു മാന്നാനത്തു തന്നെയായിരുന്നു അദ്ദേഹം അധിക സമയവും ചിലവഴിച്ചിരുന്നത്. മാന്നാനം പള്ളിയിലെ സക്രാരിയും സങ്കീർത്തിയിലെ തിരുവസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരയും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണ്. ഇതുപോലെ ആശ്രമത്തിലേയ്ക്കുള്ള പല സാമഗ്രികളും, മൂന്നു പറ നിലവും മറ്റു പറമ്പുകളും അദ്ദേഹം വാങ്ങിയിട്ടുണ്ട്.

ഇങ്ങനെ ചാവറയച്ചനോടു ചേർന്നു നിന്നുകൊണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പല ജോലികളിലും ഏർപ്പെട്ടിരുന്നതോടൊപ്പം പല പള്ളികളിലും ധ്യാനിപ്പിക്കുവാനും കുര്യാക്കോസച്ചൻ പോകുമായിരുന്നു. മാന്നാനത്തെ സെമിനാരിപ്പെരുന്നാളിന്റെ ചുമതലയും പലപ്പോഴും ഇദ്ദേഹത്തിനു തന്നെയായിരുന്നു.

പോരൂക്കര കുടുംബത്തിന്റെ ഭാരമെല്ലാം താൻ ഏറ്റെടുക്കേണ്ടിവരുമോ എന്നവിധം പ്രതിസന്ധി നിറഞ്ഞ കാലഘട്ടമായിരുന്നു അത്. തോമ്മാച്ചന് 18 വയസ്സുള്ളപ്പോഴാണ് അപ്പൻ മരിച്ചത്. പിന്നീടു 38-ാം വയസ്സിൽ തറവാടുനോക്കിയിരുന്ന അന്തോനിയുടെ മരണം. ഇങ്ങനെ കഴിയുമ്പോൾ 46-ാം വയസ്സിൽ തോമ്മാച്ചനും മരിക്കുന്നു. വിഷമിച്ചു കഴിയുന്ന അമ്മയോടൊപ്പം കുറച്ചു സമയം വീട്ടിലും ബാക്കി സമയം മാന്നാനത്തുമായി കഴിയേണ്ടിവന്ന കുര്യാക്കോസ് അച്ചന് തന്റെ സന്യാസജീവിതം തുടരുവാൻ കഴിയുമോ എന്ന ചിന്ത അലട്ടിത്തുടങ്ങി. വ്രതം ചെയ്യുവാൻ അനുവാദം കിട്ടുമോ എന്ന് ശങ്കിച്ചിരുന്ന അദ്ദേഹത്തിന് അനുകൂലമായ വിധി മെത്രാനിൽ നിന്നുണ്ടായി. അമ്മയെ ഇടയ്ക്കിടെ കാണുവാനുള്ള അനുവാദവും ലഭിച്ചു. 1862 ഒക്ടോബർ 2-ന് അമ്മയുടെ മരണം വരെ അദ്ദേഹം കാര്യങ്ങൾ ഇങ്ങനെ നടത്തിയിരുന്നു.[3]

1855 ഡിസംബർ 8-ന് ചാവറയച്ചനോടൊപ്പം അദ്ദേഹവും വ്രതം സ്വീകരിച്ചു. ചാവറയച്ചൻ ഏലിയാ എന്ന രണ്ടാംപേര് തന്നോടുകൂട്ടിച്ചേർത്തപ്പോൾ കുര്യാക്കോസച്ചൻ ഏലീശാ എന്ന പേരും കൂട്ടിച്ചേർത്തു. പഴയനിയമത്തിലെ ഏലിയാ പ്രവാചകന്റെ സ്ഥാനവസ്ത്രം, ശിഷ്യനായ ഏലീശായ്ക്ക് ലഭിച്ചതുപോലെ, പള്ളിപ്പുറം സെമിനാരി മുതൽ തന്റെ ശിഷ്യനും, തുടർന്ന് സഹപ്രവർത്തകനുമായിത്തീർന്ന

കുര്യാക്കോസച്ചന്റെ ചുമലിലാണ് ചാവറയച്ചന്റെ മരണശേഷം രണ്ടാം പ്രിയോർ സ്ഥാനവും വന്നു പതിച്ചത്.

ആകാശത്തിനടുത്ത പറുദീസയായാണ് അദ്ദേഹം മാന്നാനത്തെ കണ്ടത്. ഇടവിടാതുള്ള ജപ-ധ്യാനങ്ങളാലും സുകൃതമാതൃകകളാലും ഏവരേയും അദ്ദേഹം വിസ്മയിപ്പിച്ചു. ഇദ്ദേഹത്തിന്റെ ആത്മരക്ഷയിലുള്ള തീഷ്ണതയെ മനസ്സിലാക്കിയ മെത്രാപ്പോലീത്ത വികാരി ജനറാളായിരുന്ന ചാവറയച്ചന്റെ ഉപദേശപ്രകാരം വികാരിയാത്തിനെ പലതായിത്തിരിച്ച് അതിലൊന്നിന്റെ ഡെപ്യൂട്ടിയായി കുര്യാക്കോസ് ഏലീശാച്ചനെ ഏല്പിച്ചു.[4]

ഇതെക്കുറിച്ച് ഇപ്രകാരമാണ് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നത്:

"ഇപ്രകാരമുള്ള ചുമതലകൾക്ക് അശ്ശേഷം മനസ്സില്ലാത്തവനായിരുന്നാലും കീഴ്വഴക്കത്തിനും ആത്മപ്രയോജനമുള്ള വേലയ്ക്കും എല്ലായ്പ്പോഴും തല ചായിച്ചു... ഏറ്റവും പൂർണ്ണമായ വിധത്തിൽ ഈ വേലകൾ അനേകവർഷം നടത്തിവന്നിരുന്നു. ഈ വേലയുടെ കാലങ്ങളിൽ ഓരോരോ ഇടവകകളിൽ നടത്തിയ വിശേഷപുണ്യാഭ്യാസങ്ങളും, സമാധാനപ്പെടുത്തിയ ഭിന്നതകളും, നേർവഴിയിലാക്കിയ വഴക്കു കുഴപ്പങ്ങളും എണ്ണിപ്പറയുന്നതിന് പ്രയാസമുള്ളതാകുന്നു." [5]

മാന്നാനത്തും പുറത്തുമായി അനേകം ജോലികൾ ചെയ്തു തീർക്കാൻ പ്രയാസപ്പെട്ട ചാവറയച്ചൻ 1862 മുതൽ മാന്നാനത്തെ കാര്യങ്ങൾ നോക്കിനടത്തുവാനായി ഇദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നു. 1864-ൽ ചാവറയച്ചൻ കൂനമ്മാവിലേയ്ക്കുമാറിയതോടെ ഏലീശാച്ചൻ മാന്നാനത്തെ സുപ്പീരിയർ സ്ഥാനം ഏറ്റു. 1867 മുതൽ സെമിനാരിയുടെ ചുമതലയുണ്ടായിരുന്ന ഇദ്ദേഹം അവരെ പരിശീലിപ്പിക്കുന്നതിൽ അല്പം കർശനക്കാരനായിരുന്നുവെങ്കിലും അതിന്റെ ഗുണം പിന്നീട് എല്ലാവരും മനസ്സിലാക്കി. സെമിനാരിയിലെ കണക്കുകൾ മാസംതോറും ക്രമപ്പെടുത്തിയിരുന്നു. രണ്ടാഴ്ച കൂടുമ്പോൾ ഉപദേശങ്ങൾ കൊടുത്തിരുന്നു. കാനോന നമസ്ക്കാരം സെമിനാരിക്കാരോടുകൂടിയാണ് ജപിച്ചിരുന്നത്. പളളിക്രമങ്ങൾ ഇദ്ദേഹം തന്നെ അവരെ കൃത്യമായി പഠിപ്പിച്ചിരുന്നു.

1871-ൽ ചാവറയച്ചന്റെ മരണത്തോടെ അദ്ദേഹത്തെ രണ്ടാം പ്രിയോരായി തിരഞ്ഞെടുത്തു. അധികാര സ്ഥാനങ്ങൾ എറ്റെടുക്കുന്നതിൽ വിമുഖനായിരുന്ന ഇദ്ദേഹത്തെ ഇങ്ങനെയുള്ള ഓരോ അവസരങ്ങളിലും വളരെ നിർബന്ധിച്ചും അനുസരണത്തിന്റെ ശക്തിയിലുമാണ് കാര്യങ്ങൾ ഏൽപ്പിച്ചിരുന്നത്. ലെയൊനാർദ് മെത്രാപ്പോലീത്ത ഇദ്ദേഹത്തെ സുറിയാനി സഭയുടെ തെക്കൻ പ്രദേശങ്ങളുടെ വികാരി ജനറാളായും നിശ്ചയിച്ചു.[6]

ഏഴു വ്യാകുലങ്ങളും കുര്യാക്കോസ് ഏലീശാച്ചനും

പൊതുപ്രിയോരായും വികാരിജനറാളായും ഉത്തരവാദിത്വം ഏറ്റെടുത്ത ആദ്യനാളുകൾ പൊതുവെ ശാന്തമായി കടന്നുപോയി. മേലൂസ് ശീശ്മയുടെ തുടക്കത്തോടെ സ്ഥിതിഗതികൾ കലുഷിതമായി. മാർപ്പാപ്പയുടെ നിരോധനാജ്ഞകൾ വകവയ്ക്കാതെ ബാബേൽ പാത്രിയാർക്കീസ്, ഏലിയാസ് മേലൂസ് എന്ന മെത്രാനെ കേരളത്തിലേക്കയച്ചു. 1874 ഒക്ടോബർ 2-ന് തൃശൂരിലെത്തിയ മേലൂസ് മെത്രാൻ സുറിയാനിക്കാരുടെ മേലുള്ള ബാബേൽ പാത്രിയാർക്കീസിന്റെ അധികാരം പ്രഖ്യാപിച്ചു. ഒക്ടോബർ 25-ന് മേലൂസിനെ മഹറോൻ ചൊല്ലി. പ്രശ്നങ്ങൾ പടിപടിയായി രൂക്ഷമായി.[7]

മാർപ്പാപ്പ കൊടുത്ത നിർദ്ദേശങ്ങൾ വെച്ച് വരാപ്പുഴ മെത്രാന്റെ കീഴിൽ ശീശ്മയെ തകർക്കാൻ കുര്യാക്കോസ് ഏലീശാച്ചനും മറ്റു സഭാംഗങ്ങളും നടത്തിയ പരിശ്രമങ്ങൾ വർണ്ണനാതീതങ്ങളാണ്. റോക്കോസ് ശീശ്മയുടെ കാലത്ത് ഒന്നാം പ്രിയോരായിരുന്ന ചാവറയച്ചൻ കൊടുത്തതുപോലൊരു നേതൃത്വം രണ്ടാം പ്രിയോരായ ഏലീശാച്ചനും എടുത്തു.

തുടരെത്തുടരെ കേരളസഭയിൽ ആഞ്ഞടിക്കുന്ന അനൈക്യത്തിന്റെയും മാർഗ്ഗഭ്രംശത്തിന്റെയും അടിസ്ഥാന കാരണം സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരുടെ അഭാവമാണെന്ന് തിരിച്ചറിഞ്ഞ സി.എം.ഐ. സഭാംഗങ്ങൾ അതിനുവേണ്ടി പോരാടുവാൻ തുടങ്ങി. റോമിലേക്കും ഇൻഡ്യയിലെ മറ്റിതര വികാരിയാത്തുകളിലേക്കും ഇവർ നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു. ഇവരോടൊത്ത് ഇടവക വൈദികരും സഹകരിച്ചു. പരിണിതഫലം, സി.എം.ഐ. സഭയ്ക്കു ലഭിച്ച വലിയ പ്രഹരമായിരുന്നു, ഏഴു സഭാംഗങ്ങളെ

ഉന്നതാധികാരികൾ സഭയിൽ നിന്ന് പുറത്താക്കിയത്. ഇതിനു വേണ്ടി സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ നേതൃത്വമെടുക്കേണ്ടി വന്ന കുര്യാക്കോസ് ഏലീശാച്ചൻ അഗ്നിപരീക്ഷയിലൂടെ കടന്നുപോയി.


വികാരിജനറാളായിരുന്ന ഏലീശാച്ചൻ പദ്രുവാദൊ ശീശ്മയെ അടിച്ചമർത്തുവാൻ തെക്കൻ പ്രദേശങ്ങളിൽ ഓടിനടക്കുന്നതിനിടയിലാണ് മേലൂസ് ശീശ്മ തലപൊക്കിയത്. ഇതിനെ നേരിടാൻ വടക്കൻ പ്രദേശങ്ങളിലെത്തി വിസീത്ത നടത്തിക്കൊണ്ടിരുന്ന ഇദ്ദേഹത്തെ വരാപ്പുഴ മെത്രാൻ മഞ്ഞുമ്മേലേക്ക് വിളിപ്പിച്ചു. പനിയായിരുന്ന അദ്ദേഹം അതു തെല്ലു ശമിച്ചപ്പോൾ മഞ്ഞുമ്മേലെത്തി. മർസലിൻ മൂപ്പച്ചനും മറ്റുമായിരുന്നു ക്രോസു വിസ്താരം നടത്തിയത്. നാട്ടുമെത്രാനെ കിട്ടണമെന്നാവശ്യപ്പെട്ട് മാർപ്പാപ്പയ്ക്കെഴുതിയവരെ ശിക്ഷിക്കുക എന്നതായിരുന്നു പരമലക്ഷ്യം.


ഉടനെ തന്നെ സഭാംഗങ്ങളുടെമേൽ ശിക്ഷണ നടപടിയെടുക്കണമെന്ന ഡിമാന്റാണ് ഉണ്ടായത്. പനി കലശലായ അദ്ദേഹത്തെ ചികിൽസയ്ക്കായി മാന്നാനത്തേയ്ക്കു പോകാൻപോലും അനുവദിച്ചില്ല. അതിനു മുമ്പായി അംഗങ്ങൾക്കെതിരായി മെത്രാൻ റോമിലേയ്ക്കെഴുതിയ കത്തിൽ ഒപ്പുവയ്ക്കണമെന്നു നിർബന്ധമായി.


മാർപ്പാപ്പയ്ക്കെഴുതി എന്ന പേരിൽ സഭയിൽ നിന്ന് ഏഴു യുവ വൈദികരെ പുറത്താക്കാൻ കൂട്ടുനിൽക്കുക! അതും അക്രമികളും, ഭോഗേച്ഛുക്കളും, അനുസരണയില്ലാത്തവരും എന്ന അതിമോശകരമായ കുറ്റാരോപണങ്ങളോടെ! ഒന്നുകിൽ ഇവർക്കെതിരെ മെത്രാൻ റോമിലേക്കെഴുതുന്ന കത്തിൽ ഒപ്പുവെയ്ക്കണം, അല്ലെങ്കിൽ വരാപ്പുഴ മെത്രാനെതിരെ ഒന്നും ശബ്ദിക്കുകയില്ലെന്നു സത്യം ചെയ്യണം. സത്യവിരുദ്ധമായ ആവശ്യങ്ങൾക്ക് കൂട്ടുനിൽക്കുവാൻ അദ്ദേഹത്തിന്റെ മനസ്സനുവദിച്ചില്ല. മെത്രാന്റെ എഴുത്തിൽ ഏലീശാച്ചന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് തിരുത്തൽ വരുത്താം എന്നാൽ അതിൽ ഒപ്പിടാൻ വേറൊരാളെ അനുവദിക്കണം എന്നായി അടുത്ത ഡിമാന്റ്. അവസാനം താൻ കാണാത്ത എഴുത്തിൽ തന്റെ പ്രിയപ്പെട്ട ആത്മീയമക്കൾക്കെതിരെ വേറൊരാളെക്കൊണ്ട് ഒപ്പിടുവിക്കുവാൻ സമ്മതം കൊടുക്കേണ്ടിവന്നപ്പോൾ അദ്ദേഹം വിലപിച്ചു: "ഞാൻ എന്റെ സഹോദരന്മാരുടെ രക്തത്തിൽ വിരൽ മുക്കിയിരിക്കുന്നു; അവർക്കെന്തു സംഭവിക്കുമെന്ന വിചാരം എന്നെ വേദനപ്പെടുത്തുന്നു" എന്നാവന്ദ്യവയോധികൻ വാവിട്ടു കരഞ്ഞു.


'ഏഴുവ്യാകുലങ്ങൾ'


1875–1876



Mar Louis Pazheparambil
1847-1919



Fr. Ouseph Chavara
c.1835 -1886


Fr. Mani Meenatur
c.1847 - 1897


Fr. Hilarios Tharavattathil
c.1850-1900


Fr. Paulose Sankoorikal
1848 -1901


Fr. Varghese Irimban (Keeri)
1839 -1917


Fr. Mathai Mathekal
1845 - 1921

സ്വന്തരീത്തിൽ മെത്രാനെ ആവശ്യപ്പെട്ടതിന്റെ പേരിൽ
വരാപ്പുഴ ഭരണാധികാരികൾ സി.എം.ഐ. സഭയിൽ നിന്നും ബഹിഷ്ക്കരിച്ച ഏഴു വൈദികർ.
ഇവർ സിറോമലബാർ സഭയിലെ ഏഴുവ്യാകുലങ്ങൾ എന്നറിയപ്പെടുന്നു.

തുടർന്നങ്ങോട്ട് ശത്രുപാളയത്തിലുള്ളവരുടെ കുതന്ത്രങ്ങൾക്കു വഴങ്ങി ആരാച്ചാരുടെ കത്തി അദ്ദേഹത്തിനേറ്റെടുക്കേണ്ടി വന്നു. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പഴേപറമ്പിൽ ലൂയിസച്ചൻ (1847-1919), ചാവറ യൗസേപ്പച്ചൻ (C1835-1886), മീനാട്ടൂർ മാണിയച്ചൻ (C1847-1897), തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ (C1850-1900), ശങ്കൂരിക്കൽ പൗലോസച്ചൻ (1848-1901), ഇരിമ്പൻ വർഗ്ഗീസച്ചൻ (1839-1917), മാതേയ്ക്കൽ മത്തായിയച്ചൻ (1845-1921) എന്നീ ഏഴച്ചന്മാരെ വരാപ്പുഴ മെത്രാന്റെ കല്പനപ്രകാരം സി.എം.ഐ. സഭയിൽനിന്ന് ബഹിഷ്ക്കരിക്കേണ്ടിവന്ന ഇവർ സഭയ്ക്കും കേരള സഭയ്ക്കും മറക്കാനാവാത്ത 'ഏഴുവ്യാകുലങ്ങൾ' ആയീത്തീർന്നു. ഇതിൽ ഒരുവനും പിന്നീട് ആദ്യത്തെ നാട്ടുമെത്രാനുമായ ലൂയീസ് പഴേപറമ്പിൽ മെത്രാൻ രേഖപ്പെടുത്തിവച്ചിരിക്കുന്ന ചരിത്രമെല്ലാം കൂട്ടിച്ചേർത്ത് ഐ.സി. ചാക്കോ എഴുതിയ ചരിത്രത്തിൽ ഈ സംഭവങ്ങളെല്ലാം ദൃക്സാക്ഷി വിവരണം പോലെ വിശദീകരിച്ചിട്ടുണ്ട്.[8]

കേരള സഭയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി ഓടിനടന്ന് വിശിഷ്ടസേവനങ്ങൾ-അനുഷ്ഠിച്ചു കൊണ്ടിരുന്ന ഏഴു യുവവൈദികരെ സഭയിൽ നിന്നു പുറത്താക്കി എന്ന വിവരം റോമിൽ അറിയുവാനിടയായി. ഇവർ അയച്ചിരുന്ന നിവേദനങ്ങൾ മാർപ്പാപ്പയുടെ കയ്യിലെത്തി. പരിശുദ്ധ പിതാവ് കാര്യങ്ങൾ പഠിക്കുവാനായി ബോംബെയുടെ മെത്രാനായിരുന്ന ലെയോ മെവുറിൻ മെത്രാനെ കേരളസഭയിലേക്ക് അപ്പസ്തോലിക് വിസിറ്ററായി നിശ്ചയിച്ചയച്ചു.മെവുറിൻ മെത്രാന്റെ നിർദ്ദേശപ്രകാരം സുറിയാനി അംഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി മാന്നാനത്തുവെച്ചു നടത്തിയ സമ്മേളനം സംഘടിപ്പിക്കുന്നതിൽ കുര്യാക്കോസ് ഏലീശാച്ചൻ മുൻനിരയിലുണ്ടായിരുന്നു. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരായി അവിടെകൂടിയ നൂറുകണക്കിനു ജനങ്ങളെ ശ്രവിച്ച് വസ്തുതകൾ സത്യസന്ധമായി രേഖപ്പെടുത്തിക്കൊടുക്കുവാൻ 12 വൈദികരെ തിരഞ്ഞെടുക്കുന്നതിന് ഏലീശാച്ചനേയും അവിടെകൂടിയ വൈദികരിൽ ഏറ്റം പ്രായം കൂടിയ അച്ചനെയുമാണു മെത്രാൻ ചുമതലപ്പെടുത്തിയത്.[9]

കുര്യാക്കോസ് ഏലീശാച്ചന്റെ ആത്മീയത

കുര്യാക്കോസ് ഏലീശാച്ചന്റെ ജ്യേഷ്ഠൻ തോമാച്ചൻ വനവാസത്തിന് അതിയായി ആഗ്രഹിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ജീവിതം സമൂഹത്തോടുകൂടി പ്രവർത്തനനിരതമായിരുന്നു. ഒതുങ്ങിപ്പാർത്ത് ദൈവശുശ്രൂഷയിൽ ജീവിതം ചിലവഴിക്കണമെന്ന ആഗ്രഹത്തോടെയാണ് ഏലീശാച്ചനും മാന്നാനത്തെത്തിയത്. സ്ഥാനമാനങ്ങൾ ഒരിക്കലും ആഗ്രഹിക്കാത്ത അദ്ദേഹം മാന്നാനം ആശ്രമത്തിന്റെ സുപ്പീരിയറും പിന്നീടു സെമിനാരിയുടെ റെക്ടറും, അതിനുശേഷം സഭയുടെ പൊതു പ്രിയോരുമായി ചുമതല ഏൽക്കേണ്ടി വന്നു. പല ഇടവകകളെ ചേർത്ത് അവയ്ക്കെല്ലാം ആത്മീയ നേതൃത്വം കൊടുക്കാൻ ഡെപ്യൂട്ടിയായും അദ്ദേഹം പ്രവർത്തിച്ചു. ഈ ജോലികളിൽ നിന്നൊഴിഞ്ഞുമാറി കൂടുതൽ ഏകാന്ത ജീവിതത്തിനുവേണ്ടി അപേക്ഷിച്ചെങ്കിലും ഇവയെല്ലാം ഏറ്റെടുക്കേണ്ടി വരികയാണ് ചെയ്തത്. 1885-ൽ സഭയുടെ ഡലഗേറ്റായി നിശ്ചയിച്ചപ്പോൾ, അദ്ദേഹം നിരന്തരം അപേക്ഷിച്ചതിന്റെ ഫലമായി ആ സ്ഥാനത്തു നിന്ന് അദ്ദേഹത്തെ ഒഴിവാക്കി.

തുടർന്നുള്ള ജീവിതകാലം ലോകകർമ്മങ്ങൾക്ക് അശേഷം മരിച്ചവനായി തന്റെ മുറിയിൽ ജപ-ധ്യാനങ്ങളിൽ ചിലവഴിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. പലവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടിവന്ന സമയങ്ങളിലും അദ്ദേഹം ഏകാന്തതയെ അങ്ങേയറ്റം സ്നേഹിക്കുകയും, കൂടുതൽ സമയം പ്രാർത്ഥനയ്ക്കായി ചിലവഴിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥനയുടെ നിമിഷങ്ങൾ ദൈവാനുഭവത്തിന്റെ നിമിഷങ്ങളായിരുന്നുവെന്ന് അദ്ദേഹത്തിന്റെ മുഖത്തുനിന്ന് തിരിച്ചറിയാമായിരുന്നുവെന്നാണ് അനുഭവസ്ഥർ പങ്കുവെയ്ക്കുന്നത്.

നീണ്ടകാലം കാലിനു പഴുപ്പും നീരുപൊട്ടിയൊലിക്കുന്ന സ്ഥിതിയുമുണ്ടായിരുന്നു. എങ്കിലും സമൂഹത്തിന്റെ ക്രമങ്ങളിൽ പങ്കെടുക്കുന്നതിന് ഏന്തിയും വലിഞ്ഞും അദ്ദേഹം എത്തുമായിരുന്നു. തലവേദന, പനി, പല്ലുവേദന തുടങ്ങിയ അസുഖങ്ങൾ ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തെ അലട്ടിയിരുന്നു. രോഗമുള്ളപ്പോൾ ഭക്തിക്കടുത്ത പ്രാർത്ഥനകൾ ചൊല്ലുന്നതും, ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിക്കുന്നതും ആശ്വാസമായിരുന്നു എന്നദ്ദേഹം പറയുമായിരുന്നു.

അദ്ദേഹം തന്നെ എഴുതിയുണ്ടാക്കിയ 'നിത്യാരാധന' എന്ന പ്രാർത്ഥനാപുസ്തകം ഒരു കാലത്ത് കേരളസഭയിൽ എല്ലാവീടുകളിലുംതന്നെ ഉണ്ടായിരുന്നു. പെൺമക്കൾ വിവാഹിതരായിപ്പോകുമ്പോൾ പലപ്പോഴും അവർക്കു കൊടുത്തുവിടുന്ന ഒരു ഔദ്യോഗിക പുസ്തകമായിരുന്നു നിത്യാരാധന. തിരുഹൃദയഭക്തി പ്രചരിപ്പിക്കുവാൻ അദ്ദേഹം കണ്ടെത്തിയ വഴിയായിരുന്നു നിത്യാരാധനയുടെ പ്രസിദ്ധീകരണം. ഇദ്ദേഹമായിരുന്നു സുറിയാനി കുർബാനയുടെ മലയാള പരിഭാഷ ആദ്യമായി നിത്യാരാധന പുസ്തകത്തോടു ചേർത്ത് പ്രസിദ്ധീകരിച്ചത്. ചാവറയച്ചൻ ക്രോഡീകരിച്ച കാനോന നമസ്ക്കാരവും ചെറിയ ഒപ്പീസും പിന്നീടു പ്രസിദ്ധീകരിച്ചതും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ്, വലിയ ഒപ്പീസ്, അന്നീദ, വൈദികരുടെയും, അത്മായരുടെയും, പൈതങ്ങളുടെയും മൃത-സംസ്കാരശുശ്രൂഷകൾ ഇവയെല്ലാം അദ്ദേഹം 1882-ൽ പ്രസിദ്ധീകരിച്ചു. തമിഴിൽ *ദേവപരിഷയ് തിരുക്കത്തായ്* എന്ന പേരിൽ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ രക്ഷാകരചരിത്രവും ഇദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. ചാവറയച്ചന്റെയും പോരൂക്കര തോമ്മാച്ചന്റെയും ജീവചരിത്രകാരനും ഇദ്ദേഹമായിരുന്നു. ജനങ്ങളെയും വൈദികരെയും, വിശ്വാസത്തിലും വിശുദ്ധിയിലും നിലനിർത്തുവാൻ ഇദ്ദേഹം പല സംഭാവനകളും നൽകിയിട്ടുണ്ട്.[10]

കർമ്മലീത്താ മിഷനറിമാരുടെ നേതൃത്വത്തിലും താൽപര്യത്തിലും 1877-നു ശേഷം സഭയുടെ നിയമാവലി പലവിധ മാറ്റങ്ങൾക്കും വിധേയമാക്കി. ഇവയെല്ലാം പൊതു പ്രിയോരെന്നവിധം കുര്യാക്കോസ് ഏലീശാച്ചനെ വേദനിപ്പിക്കുകയുണ്ടായി. വരാപ്പുഴ മെത്രാനറിയാതെ മാർപ്പാപ്പയ്ക്ക് സഭാംഗങ്ങളെഴുതിയതിന്റെ പേരിൽ സഭയിലേക്ക് പുതിയ അംഗങ്ങളെ എടുക്കരുത് എന്ന് മുടക്കിയിരുന്നു. 1882-ലാണ് പിന്നീട് അംഗങ്ങളെ സ്വീകരിച്ചു തുടങ്ങിയത്. ഈ അവസരങ്ങളിലെല്ലാം അദ്ദേഹം വലിയ ആത്മസംയമനം പാലിച്ചിരുന്നു.1885-ഓടെ പൊതുപ്രിയോർ സ്ഥാനവും നിർത്തലാക്കി. സകല അധികാരങ്ങളും കർമ്മലീത്ത ജനറാളിലും അദ്ദേഹത്തിന്റെ ഡലഗേറ്റിലും കേന്ദ്രീകരിച്ചു. ഒന്നിനു പുറകെ ഒന്നായി മാനസീക സഹനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന അവസരങ്ങളായിരുന്നുവെങ്കിലും വളരെ പക്വതയോടെ ഓരോ അവസരങ്ങളേയും അദ്ദേഹം അതിജീവിച്ചു.[11]

അവസാന നാളുകൾ അടുത്തുവെന്ന് മനസ്സിലാക്കിയ അദ്ദേഹത്തിന്റെ ധ്യാനങ്ങളും ഉപദേശങ്ങളും കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചും നിത്യസത്യങ്ങളെക്കുറിച്ചുമായിരുന്നു. ശാരീരികക്ഷീണവും പ്രായാധിക്യവും, പലവിധ രോഗങ്ങളും കാരണം തുടർന്ന് വിശുദ്ധ കുർബാന ചൊല്ലണ്ടാ എന്ന്, മറ്റുള്ളവർ നിർദ്ദേശിച്ചപ്പോൾ "മരണത്തിനടുത്തിരിക്കുന്ന ഞാൻ കുർബാന കൂടിയും മുടക്കി എങ്ങനെ ജീവിക്കും" എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. 1889 എപ്രിൽ 29-ന് കുർബാന ചൊല്ലിയതിന്റെ 50-ാം വാർഷികം ആഘോഷിക്കാൻ അദ്ദേഹത്തിന് ഭാഗ്യം കിട്ടി.[12]

സിസ്റ്റേഴ്സിനുള്ള ആദ്യമഠത്തിനുവേണ്ടി ചാവറയച്ചൻ വളരെയധികം ത്യാഗങ്ങൾ സഹിക്കേണ്ടിവന്നതുപോലെ മുത്തോലിയിൽ രണ്ടാമത്തെ മഠം തുടങ്ങുന്നതിനുവേണ്ടി കുര്യാക്കോസ് ഏലീശാച്ചനും വളരെ ത്യാഗങ്ങളും മനോവേദനകളും സഹിക്കേണ്ടിവന്നിട്ടുണ്ട്. സിസ്റ്റർമാരുടെ വളർച്ചയിൽ ഒരപ്പനെപ്പോലെ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. മുത്തോലിയിലെ ആശ്രമ പണികൾക്കു വാങ്ങിവച്ചിരുന്ന സാധനങ്ങൾ എടുത്താണ് മഠത്തിന്റെ പണികൾ അദ്ദേഹം ആദ്യം പൂർത്തിയാക്കിയത്.[13]


കുര്യാക്കോസ് ഏലീശാച്ചന്റെ മരണം

പലവിധ ചികിൽസകൾ വഴി കാലിൽ പൊട്ടിയൊഴുകിയിരുന്ന വ്രണം സുഖപ്പെട്ടുവരികയും ആരോഗ്യവും പൊതുവെ മെച്ചപ്പെട്ടു വന്നുവെങ്കിലും തന്റെ മരണം അടുത്തിരിക്കുന്നു എന്നദ്ദേഹം പറയുമായിരുന്നു. ജനുവരി മാസത്തിലായിരുന്നു പാലക്കലച്ചന്റെയും, പോരൂക്കരയച്ചന്റെയും, ചാവറയച്ചന്റെയും മരണം. ആ മാസം അടുത്തപ്പോഴേക്കും ഇദ്ദേഹത്തിന്റെ ചിന്തയും ആ വഴിക്കു നീങ്ങി. ജനുവരി ആദ്യം തലേമാസത്തെ കുർബാനകണക്കു ചോദിച്ച പ്രോക്കുറേറ്റർ അച്ചന് കണക്കുകൾ കൊടുത്തുകൊണ്ടു പറഞ്ഞു : "ഇത് എന്റെ അവസാനത്തേതാണ്" എന്ന്.

1890 ജനുവരി 6-ാം തിയ്യതി അത്താഴം കഴിഞ്ഞ് മരണത്തെക്കുറിച്ച് ഇദ്ദേഹം അധികമായി സംസാരിച്ചു. പ്രത്യേകിച്ച് ചാവറയച്ചന്റെയും, പോരൂക്കര തോമ്മാച്ചന്റെയും മരണത്തെക്കുറിച്ചായിരുന്നു സംസാരം. പിറ്റേദിവസം രാവിലെ പള്ളിയിൽ പോയി

വിശുദ്ധ കുർബാന ഭക്തിയോടെ അർപ്പിച്ചു. മുടിവെട്ട് ദിവസമായിരുന്നതിനാൽ അതും നടത്തി. ആ സമയം മാമ്മോദീസ സ്വീകരിച്ചു മരിച്ചാലുള്ള ഗുണത്തെക്കുറിച്ച് ക്ഷുരകനോട് സംസാരിക്കുകയുണ്ടായി. തന്റെ മരണത്തിനു മുമ്പ് മാമ്മോദീസ സ്വീകരിച്ചുകൊണ്ടുമാണ് ആ ക്ഷുരകൻ മരിച്ചതും.[14]

മുടിവെട്ട് കഴിഞ്ഞ് ഏലീശാച്ചൻ കുളിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ അദ്ദേഹത്തിന് പരവേശം പോലെ അനുഭവപ്പെടുകയും ശ്വാസതടസ്സം ഉണ്ടാവുകയും ചെയ്തു. ആശ്രമത്തിന്റെ പ്രിയോരായി



മൂത്തോലി മഠം - 1888.
സി.എം.സി. സഭയുടെ രണ്ടാമത്തെ മഠം

രുന്ന കളത്തിൽ അപ്രേംഅച്ചനെ വിളിച്ചദ്ദേഹം വിവരമറിയിച്ചു, ഒപ്പം രോഗീലേപനവും ആവശ്യപ്പെട്ടു. അത്ര ഗൗരവം തോന്നാഞ്ഞതിനാൽ അദ്ദേഹം അതിനുമടിച്ചതിൽ ഇഷ്ടമായില്ല എന്നു മനസ്സിലാക്കി കളത്തിലച്ചൻ രോഗീലേപനം നൽകി. മറ്റ് അച്ചന്മാരും സഹോദന്മാരും അടുത്തു നിൽക്കെ അവസാന ദോഷപ്പൊറുതിയും സ്വീകരിച്ചു. രാവിലെ പതിനൊന്നരയോടെ അദ്ദേഹത്തിന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു.

പിറ്റേദിവസം, ജ്യേഷ്ഠൻ തോമ്മാച്ചന്റെ മരണദിവസവും കൂടിയായ 8-ാം തിയ്യതി, അദ്ദേഹത്തിന്റെ കല്ലറയുടെ അടുത്ത് ഏലീശാച്ചനെ ആഘോഷമായി അടക്കി. അനേകം സഭാംഗങ്ങളും മറ്റു വൈദികരും ജനങ്ങളും ഇതിൽ പങ്കെടുത്തു. ബഹു. നിധീരിക്കൽ മാണിയച്ചനായിരുന്നു വിസ്മയകരമായ ഇദ്ദേഹത്തിന്റെ ജീവിതത്തെ ഹൃദയസ്പർശിയായി അവതരിപ്പിച്ചു കൊണ്ട് ചരമപ്രസംഗം നടത്തിയത്. കുര്യാക്കോസച്ചൻ തനിക്കുവേണ്ടി മുൻകൂട്ടി കുഴിപ്പിച്ച കല്ലറയിൽ തന്നെയാണ് അദ്ദേഹത്തെ ഭൂമിദാനം ചെയ്തത്.[15]

പാലാക്കുന്നേൽ വല്യച്ചൻ തന്റെ നാളാഗമത്തിൽ കുര്യാക്കോസ് ഏലീശാച്ചനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:


"ഈ ഭാഗ്യവാനോടുകൂടി എന്റെ 15-ാം വയസ്സുമുതൽ 25-ാം വയസ്സുവരെ ഞാൻ മാന്നാനത്തു പാർത്തു പഠിച്ചു. 10 വർഷം അദ്ദേഹത്തോടുകൂടി ജിവിച്ചതു കൂടാതെ പഠിത്തം കഴിഞ്ഞ് ഞാൻ പുത്തൻകുർബാന ചൊല്ലി പോന്നതിൽ പിന്നെയും പലസമയവും ഈ ആണ്ടുവരെ ഇദ്ദേഹത്തോട് എനിക്കു സംസർഗ്ഗമുണ്ട്. എന്റെ കുമ്പസാരക്കാരൻ തോപ്പിലച്ചൻ മരിച്ചതിൽ പിന്നെ എനിക്ക് ഒരു വിശ്വാസമുള്ള ഒരു കുമ്പസാരക്കാരനായിട്ട് ഞാൻ ഇദ്ദേഹത്തെ തിരഞ്ഞെടുത്തിരുന്നു.

...ഇപ്പോൾ 10 വർഷമായിട്ട് മനുഷ്യസംസർഗ്ഗങ്ങളായ ലോകവർത്തമാനങ്ങളിൽ നിന്നുകൂടെയും ഒഴിഞ്ഞു ശുദ്ധമാന കുർബാനയുടെ ഒരു ഭക്തിയുള്ള ധ്യാനക്കാരനായി ജീവിച്ചു വന്നു... ഇദ്ദേഹം പുത്തൻകുർബാന ചൊല്ലിയനാൾ മുതൽ മരിച്ച ദിവസത്തിൽ ചൊല്ലിയ കുർബാന വരെ ഒരു ക്രമം, ഒരു സമയം, ഒരു മൊഴി, ഒരു ചൊല്ല് ഇങ്ങനെ ശുദ്ധമാന കുർബാന ഇത്ര ക്രമത്തോടു കൂടി ചൊല്ലിയിട്ടുള്ള ഒരു പട്ടക്കാരനെ ഈ പോരൂക്കര അച്ചൻ അല്ലാതെ മറ്റൊരു പട്ടക്കാരനെയും കണ്ടിട്ടില്ല.

...ഈ ദലഗാദും പ്രിയോരും സുറിയാനി പരിഷകളുടെ ഒരു ഗോത്ര പിതാവും എല്ലാവരുടെയും മനസ്സമ്മതത്താൽ ഒരു പുണ്യവാളനും ആയ ഈ പിതാവ് മരിച്ചിട്ട്...". കോട്ടയത്തു താമസിക്കുന്ന കാർലോസ് ലെവീഞ്ഞു മെത്രാൻ വന്നു മരിച്ചടക്കിൽ പങ്കെടുക്കാത്തതിൽ ശക്തിയായ അമർഷവും പ്രകടിപ്പിക്കുന്നുണ്ട്.[16]



ഫാദർ കുര്യൻ ബ്രൊക്കാർദ് പാലക്കൽ



1826 - 1898

സി.എം.ഐ. സഭയിൽ 47 വർഷത്തോളം ജീവിക്കുകയും 11 പിതാക്കന്മാരിൽ ഒരുവനും ആയിരുന്ന പാലക്കൽ കുര്യാക്കോസ് ബ്രൊക്കാർദച്ചന്റെ ജീവിതം ഏറ്റം ലളിതമായിരുന്നു. അദ്ദേഹം ആശ്രമസേവ ചെയ്തുകൊണ്ട് മറ്റംഗങ്ങൾക്ക് കൂടുതൽ ബാഹ്യ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ അവസരം കൊടുക്കുകയുമായിരുന്നു ചെയ്തിരുന്നത്. വ്യക്തമായ നിയമാവലിയിലൂടെ സഭയുടെ ആദ്യകാല ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കും തനിമയിലേയ്ക്കും കൊണ്ടുവരുവാൻ ആദ്യാംഗങ്ങളിൽ ഒരുവൻ എന്നവിധം ഇദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്. വചനപ്രഘോഷണരംഗത്ത് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്തുമാത്രം ഉണ്ടായിരുന്നു എന്ന് സ്പഷ്ടമല്ലെങ്കിലും ആശ്രമത്തിനുള്ളിലൊതുങ്ങിക്കൊണ്ട് ദൈവശുശ്രൂഷയിലും പരസ്നേഹകാര്യങ്ങളിലും ദൈവത്തെ അദ്ദേഹം മഹത്വപ്പെടുത്തി. തന്റെ എളിയ ജീവിതത്തിന്റെ മഹിമ മരണസമയത്ത് അദ്ദേഹത്തിലൂടെ വെളിപ്പെടുകയുണ്ടായി.

കുര്യച്ചന്റെ ബാല്യവും പൗരോഹിത്യവും

പള്ളിപ്പുറത്ത് പാലക്കൽ തോമ്മാ മല്പാന്റെ ജ്യേഷ്ഠന്റെ മകനായി 1826 ജൂൺ 8-ന് കുര്യാക്കോസ് ജാതനായി. ഇദ്ദേഹത്തിന്റെ മൂത്തജ്യേഷ്ഠൻ വർക്കിയച്ചൻ, 1832-ൽ പള്ളിപ്പുറത്ത് ചാവറയച്ചന്റെ അസിസ്റ്റന്റായി പ്രവർത്തിക്കുകയും ഇടയ്ക്ക് മാന്നാനത്ത് പണികളിൽ സഹായിക്കുകയും ചെയ്തിട്ടുണ്ട്. വൈദികനാവണം എന്ന ആശയാൽ കുര്യാക്കോസ് 12-ാം വയസ്സിൽ പാലക്കൽ തോമ്മാ മല്പാന്റെ അടുത്ത് 1838-ൽ പള്ളിപ്പുറത്ത് സെമിനാരിയിൽ ചേർന്നു. 1841-ൽ കാരണവരും കൂടിയായ തോമ്മാ മല്പ്പാൻ മരിക്കയാൽ തുടർന്നുള്ള പഠനം പ്രധാനമായും കല്ലുപുരയ്ക്കൽ കുര്യാച്ചന്റെ കീഴിലായിരുന്നു. തോമ്മാ മല്പാന്റെ മരണശേഷം പള്ളിപ്പുറം സെമിനാരി മാന്നാനം സെമിനാരിയുടെ കീഴിലായിരുന്നുവല്ലോ പ്രവർത്തിച്ചിരുന്നതും. അതുകൊണ്ട് സെമിനാരിയിൽ ആയിരിക്കുമ്പോൾ മുതൽ ചാവറയച്ചനുമായും ഇദ്ദേഹത്തിന് അടുത്ത് പരിചയമുണ്ടായിരുന്നു. 1850-ൽ കുര്യാക്കോസ് വരാപ്പുഴ മെത്രാനിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ജ്യേഷ്ഠനായ വർക്കിയച്ചന്റെ നേതൃത്വത്തിൽ പുത്തൻ കുർബ്ബാന ആഘോഷമായി നടത്തുകയും ചെയ്തു.

ഏതാണ്ട് ഒരു വർഷത്തോളം ജ്യേഷ്ഠനോടുകൂടി പള്ളിപ്പുറം പള്ളിയിലെ കാര്യങ്ങളിൽ സഹായിച്ചു കഴിഞ്ഞു. പാലക്കൽ, പോരുക്കര, ചാവറ അച്ചന്മാരിൽ നിന്നും പലതും നേരിട്ട് കണ്ടും അനുഭവിച്ചും വളർന്നുവന്നവനായ കുര്യാക്കോസിന് മാന്നാനത്തെ ആശ്രമജീവിതത്തോട് സ്വാഭാവികമായ ഒരാഭിമുഖ്യം ഉണ്ടായിരുന്നു. വീട്ടുകാരോട് സമ്മതം വാങ്ങിയശേഷം അദ്ദേഹം 1851-ൽ മാന്നാനത്തു വന്ന് സമൂഹജീവിതം ആരംഭിച്ചു.

കുര്യച്ചന്റെ ആശ്രമസേവ

1855 ഡിസംബർ 8-ന് 11 പിതാക്കളിൽ ഒരുവനായി കുര്യാക്കോസ് അച്ചനും, കുര്യാക്കോസ് ബ്രൊക്കാർദ് എന്ന പേരിൽ സന്യാസവ്രതം സ്വീകരിച്ചു. മാന്നാനം ആശ്രമത്തിൽ ഏറ്റം എളിയ ജീവിതം നയിച്ചിരുന്ന ഇദ്ദേഹത്തെ വാഴക്കുളത്ത് ആശ്രമം തുടങ്ങിയപ്പോൾ കാനാട്ട് യാക്കോബ് അച്ചനോടുകൂടി അവിടേയ്ക്ക് ആശ്രമവാസിയായി അയച്ചു. അവിടെ അധികം കാലം ആകുന്നതിനു മുമ്പ്

മാന്നാനത്തെ പ്രൊക്കുറേറ്റർ ആയി നിയമിച്ചു. 1886 വരെ അദ്ദേഹം മാന്നാനത്ത് താമസിച്ചുകൊണ്ട് ഈ ജോലി തുടർന്നു.

സ്വന്തമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി റോമിലേയ്ക്ക് എഴുതിയതിന്റെ പിന്നിൽ കുര്യച്ചനും നേതൃത്വമുണ്ടായിരുന്നു. സഭയിൽ നിന്നു ബഹിഷ്ക്കരിക്കപ്പെട്ട ഏഴു കൊച്ചച്ചന്മാരോടു ചേർന്ന് ഇദ്ദേഹവും പ്രവർത്തിച്ചു. അനുവാദം വാങ്ങിക്കേണ്ട പല കാര്യങ്ങൾക്കും കൊച്ചച്ചന്മാർ ഇദ്ദേഹം വഴിയാണ് ശ്രമിച്ചിരുന്നത്.


1855-നും 1886-നുമിടയിൽ മാന്നാനത്ത് നടന്ന പ്രധാന സംഭവങ്ങളിലെല്ലാം അദ്ദേഹം ഭാഗഭാക്കായി എന്നു മാത്രമല്ല പ്രൊക്കുറേറ്റർ എന്ന നിലയിൽ വിവിധ ഉത്തരവാദിത്വങ്ങൾക്ക് നേതൃത്വം എടുക്കുകയും ചെയ്തു. എങ്കിലും തന്റെ എളിയതും ശാലീനവുമായ ജീവിതത്തെ അദ്ദേഹം മറ്റുള്ളവരുടെ മുൻനിരയിലേക്ക് കൊണ്ടുവന്നില്ല.

1889-ൽ അദ്ദേഹത്തെ പുളിങ്കുന്ന് ആശ്രമത്തിന്റെ ശ്രേഷ്ഠനായി നിയമിച്ചു. അവിടെ ദേവാലയം മോടിപിടിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 3 വർഷത്തെ അവിടുത്തെ ആശ്രമഭരണം കഴിഞ്ഞപ്പോൾ 1892-ൽ അദ്ദേഹത്തെ ചങ്ങനാശ്ശേരി ചെത്തിപ്പുഴ ആശ്രമത്തിന്റെ ശ്രേഷ്ഠനായി നിശ്ചയിച്ചും രണ്ടു വർഷത്തോളം ആ ജോലിയിൽ തുടർന്നശേഷം ശാരീരികാസ്വാസ്ഥ്യം മൂലവും പ്രായത്തെപ്രതിയും അദ്ദേഹം ആ ജോലിയിൽ നിന്ന് ഒഴിവെടുത്ത് മാന്നാനത്തു വന്ന് താമസിച്ചു.

അക്കാലത്താണ് പള്ളിപ്പുറം പാണാവള്ളിയിൽ ഒരാശ്രമം തുടങ്ങുവാൻ സാഹചര്യങ്ങൾ ഉണ്ടായത്. പ്ലാശനാൽ ആശ്രമം ഏറ്റെടുത്തതുപോലുള്ള ഒരു ചരിത്രമാണ് പാണാവള്ളിക്കുമുള്ളത്. പള്ളിപ്പുറം ഇടവക പാണാവള്ളി, വാഴത്തറ കുഞ്ചെറിയാച്ചനും, തുരുത്തിപള്ളി ഇടവക കിഴക്കേതയ്യിൽ എരുമച്ചാടത്ത് തോമ്മാച്ചനും കൂടി ഒരു സന്ന്യാസാശ്രമം തുടങ്ങുവാൻ പ്ലാനിട്ടു. വരാപ്പുഴ ലെയൊനാർഡ് മെത്രാന്റെ അടുത്തുനിന്ന് അനുവാദം വാങ്ങി. 1880 ഓഗസ്റ്റ് 19-ന് വിശുദ്ധ ഫിലിപ്പുനേരിയുടെ ആശ്രമം എന്നപേരിൽ പാണാവള്ളിയിൽ ഇവർ ഒരു സന്യാസസഭയ്ക്ക് തുടക്കമിട്ടു.

1887-ൽ കുഞ്ചെറിയാച്ചൻ മരിച്ചു. ആ സമൂഹത്തിൽ ചേർന്നവർ എല്ലാവരും സഭ വിട്ടുപോയി. അവസാനം എരുമച്ചാടത്ത് തോമ്മാച്ചൻ മാത്രമായി. തോമ്മാച്ചന്റെ തീരുമാനത്തിലും മാറ്റം വന്നു.

അദ്ദേഹം, സി.എം.ഐ സഭയിൽ ചേരുവാൻ ആഗ്രഹിച്ചു. അന്നത്തെ ഇൻഡ്യയുടെ വത്തിക്കാൻ ഡലഗേറ്റായിരുന്ന അന്ത്രയാ അയൂത്തി മെത്രാനിൽ നിന്നും അദ്ദേഹത്തിനനുവാദം ലഭിച്ചു. അതിൻപ്രകാരം പാണാവള്ളിയിൽ ആശ്രമവും, പള്ളിയും മറ്റു വസ്തുവകകളും മാന്നാനത്ത് ഏല്പിച്ചുകൊണ്ട് തോമ്മാച്ചൻ സി.എം.ഐ സഭയിൽ ചേർന്നു.



പാണാവള്ളി- 1891
ആശ്രമവും പള്ളിയും 1927-ൽ ഇടവകയ്ക്കായി വിട്ടുകൊടുത്തു.
ഇന്നുള്ള ആശ്രമം മണപ്പുറത്താണ്.

1891-ൽ പാണാവള്ളിയിൽ ആശ്രമം ഏറ്റെടുത്ത് പാലക്കൽ കുര്യച്ചനെ അവിടേയ്ക്കയച്ചു. അദ്ദേഹം ആശ്രമത്തിന്റെ കാര്യങ്ങളൊക്കെ ക്രമീകരിച്ചുകൊണ്ടിരുന്നപ്പോൾ കളത്തിൽ സ്കറിയ അപ്രേം അച്ചനെ അവിടേയ്ക്കു നിയമിച്ചു. താമസിയാതെ കുര്യച്ചനെ വീണ്ടും പുളിങ്കുന്ന് ആശ്രമത്തിലേക്കയച്ചു. അവിടെ 1898-വരെ താമസിച്ചുകൊണ്ട് അദ്ദേഹം തനിക്കു പറ്റുന്ന ചെറിയ കാര്യങ്ങളൊക്കെ ചെയ്യുകയും ബാക്കി മുഴുവൻ സമയവും പ്രാർത്ഥനയിൽ ചെലവഴിക്കുകയും ചെയ്തു. 1897 മുതലാണ് പാണാവള്ളി ആശ്രമത്തിലെ സ്ഥിരമായ

സംവിധാനങ്ങളും അതിനനുസരിച്ചുള്ള ആശ്രമക്രമങ്ങളും നടപ്പിലായത്. അങ്ങനെ കുര്യച്ചൻ പാണാവള്ളിയിലെ അംഗമായി വീണ്ടും തിരിച്ചെത്തി. തുടർന്നുള്ള അദ്ദേഹത്തിന്റെ ജീവിതം മരണത്തിനുള്ള ഒരുക്കത്തിന്റെ കാലമായിരുന്നു.

സഭയുടെ നിയമാവലി രൂപീകരിക്കുന്നതിൽ കുര്യച്ചന്റെ പങ്ക്

പാണാവള്ളിയിൽ പുതുതായി ഉണ്ടാക്കിയ ആശ്രമകപ്പേളയിലായിരുന്നു കുര്യച്ചൻ ആനന്ദം കണ്ടെത്തിയത്. വിശ്രമസമയങ്ങൾ ഒഴിച്ച് ബാക്കി അധികസമയവും അദ്ദേഹം തിരുസക്രാരിയുടെ മുമ്പിൽ ചെലവഴിച്ചു. ഇതിനിടയിലാണ് മാന്നാനത്ത് അസാധാരണ പൊതുസംഘം നടന്നത്. അവിടുത്തെ ആശ്രമത്തിന്റെ ഒന്നാം ആലോചനക്കാരനായിരുന്നതിനാൽ കുര്യച്ചനും സുപ്പീരിയർ അച്ചന്റെ കൂട്ടത്തിൽ മാന്നാനത്തേയ്ക്കുപോയി. അവിടെ എട്ടു-പത്തു ദിവസം നീണ്ടു നിന്ന ആലോചനാസംഘത്തിൽ കുര്യച്ചനും സജീവ അംഗമായിരുന്നു.

1885-ൽ നടത്തിയ സഭയുടെ പ്രത്യേക പൊതുസംഘത്തിലും സഭയുടെ നിയമാവലി രൂപീകരണ കമ്മിറ്റിയിലും തുടക്കം മുതലുള്ള 4 അംഗങ്ങളിൽ ഒരുവനായി പങ്കെടുത്ത ഒരാളായിരുന്നു കുര്യൻ അച്ചൻ. 1855 മുതൽ സഭയിൽ വന്ന വ്യതിയാനങ്ങളെല്ലാം നേരിട്ടു കണ്ടും, അറിഞ്ഞും, ഇടപെട്ടും മുന്നോട്ടുവന്ന അദ്ദേഹം, സഭയുടെ ആദ്യ പിതാക്കന്മാരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് സഭാനിയമങ്ങളെ ക്രോഡീകരിക്കുന്നതിനും, സഭയുടെ തനിമ കാത്തുസൂക്ഷിക്കുന്നതിലും നല്ലൊരു വിരൽചൂണ്ടിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

72-കാരനായ കുര്യച്ചൻ മാന്നാനത്ത് പൊതുസംഘത്തിൽ സജീവമായി പങ്കെടുത്തപ്പോൾ രണ്ടു കാരണങ്ങളാൽ കൂടുതൽ ക്ഷീണിതനായി. സി.എം.ഐ. സഭയെ കർമ്മലീത്താ ഒന്നാം സഭയുടെ നിയന്ത്രണത്തിൽ നിന്നും വിടുതലാക്കി അതിന്റേതായ തനിമയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ, എല്ലാം നേരിട്ട് കണ്ടറിഞ്ഞ് അനുഭവിച്ചവരിൽ ഒരുവൻ എന്നവിധം, അദ്ദേഹത്തിന് ഉണ്ടായിരുന്ന ഉത്തരവാദിത്വമായിരുന്നു ഒന്ന്. മറ്റൊന്ന് തന്റെ പ്രായാധിക്യത്തെ പരിഗണിക്കാതെ കൂടുതൽ ജോലിചെയ്തതുകൊണ്ടും. എങ്കിലും തന്റെ ക്ഷീണത്തെ വകവയ്ക്കാതെ അദ്ദേഹം പാണാവള്ളിയിലേക്ക് തിരിച്ചുപോയി.

കുര്യച്ചന്റെ രോഗവും മരണവും

മാന്നാനത്തു നിന്നും പാണാവള്ളിയിൽ മടങ്ങിയെത്തിയ കുര്യച്ചൻ സാവധാനം സമൂഹത്തിന്റെ എല്ലാ ഭക്ത്യാഭ്യാസങ്ങളിലും പങ്കെടുത്തു തുടങ്ങി. കർമ്മലമാതാവിന്റെ തിരുനാളിനൊരുക്കമായി നടത്തിയ 8 ദിവസത്തെ ധ്യാനത്തിൽ അദ്ദേഹവും പങ്കുകൊണ്ടു. അടുത്ത ദിവസം തലകറക്കമുണ്ടായി. എങ്കിലും താമസിയാതെ മാറി. വേറൊരുദിവസം ഉച്ചഭക്ഷണം കഴിഞ്ഞ് എല്ലാവരും ഒരുമിച്ച് സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹം അനുവാദം വാങ്ങി മുറിയിലേക്കു പോയി. തുടർന്നുള്ള പ്രാർത്ഥനകൾക്ക് കാണാതിരുന്നപ്പോൾ മുറിയിൽ അന്വേഷിച്ചുചെന്നവരോട് അദ്ദേഹം ആവശ്യപ്പെട്ടു 'ഞാനിപ്പോൾ മരിക്കും - എനിക്ക് വിശുദ്ധ കുർബ്ബാന തരണം' പ്രത്യേകമായി ഒന്നും തോന്നാതിരുന്നതുകൊണ്ട് ഇപ്പോൾ വേണമോ എന്നു ചോദിച്ചതിന് ' നമ്മുടെ കർത്താവ് വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത് മനുഷ്യരുടെ ഗുണത്തിനായിട്ടാണ് ' എന്നായിരുന്നു വല്ല്യച്ചന്റെ മറുപടി. ഉടനെ അദ്ദേഹം മുഴുവൻകുമ്പസാരം നടത്തി.

വിശുദ്ധ കുർബ്ബാന മുറിയിൽ എത്തിച്ചപ്പോൾ അദ്ദേഹം മുട്ടിൽ നിന്ന് ഭക്തിപൂർവ്വം സ്വീകരിച്ചു. അല്പം കഴിഞ്ഞപ്പോൾ, 'എനിക്കുള്ള ഒപ്രുശുമായും തരണ'മെന്ന് ആവശ്യപ്പെട്ടു. ഫീലിപ്പോസ് അച്ചൻ രോഗിലേപനവും കൊടുത്തു. മുഴുവൻ ദോഷപൊറുതി ഉടനെ വേണമോ എന്നു ചോദിച്ചപ്പോൾ "അല്പം കഴിയട്ടെ, ഞാൻ പറയാം"എന്നായിരുന്നു മറുപടി. അടുത്തുള്ള രണ്ടു പ്രധാന വൈദ്യന്മാരെ ഉടനെ കൂട്ടിക്കൊണ്ടുവന്നു. ഇപ്പോൾ പ്രത്യേകമായി യാതൊന്നുമില്ല എന്നവർ വല്ല്യച്ചനെ പരിശോധിച്ചശേഷം അറിയിച്ചു.

വല്ല്യച്ചൻ മാന്നാനത്തു വന്നനാൾ മുതൽ അദ്ദേഹത്തിന്റെ മേശയിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ യൗസേപ്പു പിതാവ് കർത്താവിന്റെ കരങ്ങളിൽ തല ചായിച്ചുകിടക്കുന്നതും, പരിശുദ്ധ അമ്മ അടുത്തു നിൽക്കുന്നതുമായ ചിത്രം മേശയിൽ നിന്നും എടുപ്പിച്ചു. അതു ഭക്തിയോടും കണ്ണുനീരോടുംകൂടി ചുംബിച്ചുകൊണ്ട് പറഞ്ഞു "എന്റെ പിതാവേ! ഞാൻ മാന്നാനത്തു കയറിയ നാൾമുതൽ നിനക്കുവേണ്ടി വളരെ ബുദ്ധിമുട്ടി എന്നോർത്ത് എന്നെ ഉപേക്ഷിക്കാതെ എന്നെ സഹായിച്ച് എനിക്ക് നല്ല മരണം തരണമെ! എന്നെ മുഴുവനും നിനക്കായി കയ്യാളിക്കുന്നു." രൂപം വീണ്ടും മുത്തിയതിനുശേഷം തിരികെ വച്ചു. തന്റെ അടുത്തു സൂക്ഷിച്ചിരുന്ന വിശുദ്ധ കുര്യാക്കോസിന്റെ അരുളിക്കായും വാങ്ങി ചുംബിച്ചു.

ആ സമയം അദ്ദേഹം ധരിച്ചിരുന്ന വസ്ത്രമെല്ലാം വിയർത്ത് നനഞ്ഞിരുന്നു. വലിയ ഉഷ്ണം അനുഭവപ്പെട്ടതിനാൽ അദ്ദേഹം ളോവ മാറ്റിയശേഷം തലയിണയിൽ ചാരി അല്പനേരം ഇരുന്നു. തുടർന്ന് വയറിളക്കം അനുഭവപ്പെടുന്നു എന്നു പറഞ്ഞ് മറ്റുള്ളവരോട് മുറിയിൽ നിന്നും മാറുവാൻ ആവശ്യപ്പെട്ടു.

തന്റെ മരണം അടുത്തു എന്നു മനസ്സിലാക്കിക്കൊണ്ട് വല്ല്യച്ചൻ മുറിയിൽ തിരിച്ചെത്തിയവരോടായി പറഞ്ഞു: "എന്റെ കാരണവന്മാർക്കും ഇങ്ങനെ തന്നെയായിരുന്നു." തുടർന്ന് എല്ലാവരോടുമായി പറഞ്ഞു: "എനിക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കണമെ! ഞാൻ നിങ്ങൾക്കു കാണിച്ചിട്ടുള്ള ദുർമാതൃകകളെക്കുറിച്ച് മാപ്പപേക്ഷിക്കുന്നു. എല്ലാ സഭാംഗങ്ങളോടും പൊറുതി പറയുന്നതായി അറിയിക്കണമേ!" എന്നപേക്ഷിച്ചശേഷം സുകൃതജപങ്ങൾ തനിയെ ചൊല്ലിക്കൊണ്ട് വീണ്ടും തലയിണയിൽ ചാരി അല്പനേരം ഇരുന്നു.

"ലെലിയാ നമസ്കാരത്തിനുള്ള സമയമായി എല്ലാവരും പോയി നമസ്കരിപ്പിൻ" എന്നു പറഞ്ഞ് അവരെ അയച്ചു. ലെലിയാ കഴിഞ്ഞ് തിരിച്ച് മുറിയിൽ എത്തിയവരോട് ഏകദേശം 9 മണി ആകാറായപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു: "അച്ചന്മാർ നിന്നു ബുദ്ധിമുട്ടാതെ ആത്മശോധന കഴിച്ച് കിടന്നുറങ്ങുവിൻ-സമയമാകുമ്പോൾ ഞാൻ അറിയിക്കാം". പ്രിയോർ അച്ചനും, ബനദിക്തോസച്ചനും ഒഴിച്ച് ബാക്കിയുള്ളവരെല്ലാം പോയി.

11 മണി ആകാറായപ്പോൾ "സമയമായി അച്ചന്മാരെ വിളിക്കുവിൻ എന്നറിയിച്ചു." എല്ലാവരും വേഗം ഓടിയെത്തി. "സഭയുടെ ദണ്ഡവിമോചനങ്ങളും മറ്റുള്ളതൊക്കെയും തരണം, സമയം അടുത്തു." എന്ന് വല്ല്യച്ചൻ പറഞ്ഞു ഇതുകേട്ടയുടനെ ദണ്ഡവിമോചനങ്ങളും ദോഷ പൊറുതിയും നല്കിക്കൊണ്ട് ഈശോ, മറിയം, യൗസേപ്പേ! ചൊല്ലിക്കൊടുത്തതേറ്റുചൊല്ലിക്കൊണ്ട് 1898 ജൂലൈ 24-ാം തീയതി രാത്രി 12 മണിയോടെ പാലക്കൽ കുര്യാക്കോസ് ബ്രൊക്കാർദ് അച്ചൻ തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു.


ഉടനെ അയൽപള്ളികളിലും ആശ്രമങ്ങളിലും അറിയിച്ചു. പിറ്റെ ദിവസം രാവിലെ 10 മണിക്ക് ഫീലിപ്പോസ് അച്ചൻ തപസ്സു കുർബ്ബാന പാടി. കൊച്ചുപുരയ്ക്കൽ കൊച്ചു കുര്യച്ചൻ പ്രസംഗം പറഞ്ഞു. തുടർന്ന് നഗരി കാണിക്കൽ ശുശ്രൂഷ കഴിഞ്ഞ് ആശ്രമപള്ളിയോടു ചേർന്ന് അടക്കം ചെയ്തു.

പാലക്കൽ കുര്യച്ചന്റെ ജീവിതം അറിയപ്പെടാത്തതും ആർഭാട രഹിതവുമായിരുന്നു. നിർമ്മലനും നിഷ്കളങ്കനുമായ ഒരുത്തമ സന്യാസി എന്ന വണ്ണം ആശ്രമ ശുശ്രൂഷയിൽ തന്റെ ജീവിതം ചിലവിട്ടു. ദൈവഭക്തിയുടെ വിളനിലമായിരുന്നു അദ്ദേഹം.

മാന്നാനം പുസ്തക ഈടുവെപ്പിൽ സൂക്ഷിച്ചിരിക്കുന്ന 'ചില കത്തുകളും ജീവചരിത്രങ്ങളും' എന്ന കയ്യെഴുത്തു കൃതിയിൽ 86 മുതൽ 96 വരെയുള്ള പേജുകളിൽ കുര്യാക്കോസ് പാലക്കൽ കുര്യച്ചനെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. പാണാവള്ളി ആശ്രമത്തിന്റെ തുടക്കത്തെക്കുറിച്ചുള്ള വിവരങ്ങൾ മണപ്പുറം ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്ന നാളാഗമം ഒന്നാം വാല്യത്തിലെ ആദ്യപേജുകളിൽ നിന്നാണ് ലഭിക്കുക.



ഫാദർ സ്കറിയാ അപ്രേം കളത്തിൽ



1828 - 1908

കുട്ടനാട്ടിലെ പുളിങ്കുന്നിന് സി.എം.ഐ. സഭയോട് വലിയ ബന്ധമുണ്ട്. അതുപോലെ സി.എം.ഐ. സഭയ്ക്ക് പുളിങ്കുന്നിനോടും. സഭയുടെ ആദ്യസ്ഥാപനങ്ങളിലൊന്നാണ് പുളിങ്കുന്നിലുള്ള ആശ്രമം. പുളിങ്കുന്നിൽ നിന്നുതന്നെയാണ് സഭയുടെ ആദ്യപിതാക്കളിൽപ്പെടുന്ന തോപ്പിൽ ഗീവർഗ്ഗീസ് അച്ചനും, കളത്തിൽ സ്കറിയാച്ചനും വരുന്നത്. പുളിങ്കുന്നിൽ നിന്നാണ് ഒരിക്കൽ സഭയുടെ അംഗമായിരിക്കുകയും പിന്നീട് കേരളസഭയ്ക്കുവേണ്ടി സന്ന്യാസസഭ ഉപേക്ഷിക്കേണ്ടിവരികയും ചെയ്ത ലൂയീസ് പഴേപറമ്പിലച്ചനും വരുന്നത്. അദ്ദേഹം കേരളസഭയുടെ ഏഴുവ്യാകുലങ്ങളിലൊരുവനായി. പിന്നീട് ഈ വ്യാകുലം നിലത്തു വീണഴിഞ്ഞതിന്റെ ഫലമായി, താൻ എന്തിനുവേണ്ടി പോരാടിയോ, ആ കാര്യത്തിൽ ജനതകളുടെ അഭിമാനമായി, ആദ്യത്തെ സ്വദേശി മെത്രാന്മാരിലൊരുവനായി.

പുളിങ്കുന്ന് ആശ്രമത്തിന്റെ വളർച്ചയിൽ കളത്തിൽ അപ്രേം അച്ചന് നിർണ്ണായകമായ ഒരു പങ്കുണ്ട്. ധ്യാനഗുരുവായിരുന്ന അദ്ദേഹം അതിനോടൊപ്പം സഭയിൽ പല ഔദ്യോഗിക ഉത്തരവാദിത്വങ്ങളും വഹിച്ചു. സഭയുടെ അരനൂറ്റാണ്ടുകാലത്തെ വളർച്ചയിൽ അതിന്റെ ഗതിവിഗതികളെ കണ്ടറിഞ്ഞ ആളായിരുന്നു അദ്ദേഹം.

കളത്തിലച്ചന്റെ ബാല്യകാലവും പൗരോഹിത്യവും.

16-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ നിന്ന് പുളിങ്കുന്നുകാരനായ കളത്തിൽ വല്യതോമ്മാച്ചന്റെയും മുട്ടാർ സ്രാമ്പിക്കൽ കുടുംബത്തിൽ നിന്നുള്ള അന്നമ്മയുടെയും ഇളയമകനായി സ്കറിയാച്ചൻ 1828 ഫെബ്രുവരി 25-നു ജനിച്ചു. കളത്തിൽ മത്തായി അച്ചൻ ഇദ്ദേഹത്തിന്റെ പിതൃസഹോദരനായിരുന്നു. ഇദ്ദേഹം ജനിച്ചതിന്റെ എട്ടാം ദിനം പുളിങ്കുന്നു പള്ളിയിൽ വെച്ച് മാമ്മോദീസയിൽ സ്കറിയാ എന്ന നാമം സ്വീകരിച്ചു.[1]

അന്നു പതിവുള്ള രീതിയിൽ കളരി ആശാന്റെ കീഴിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. വൈദികനാക്കണമെന്നാഗ്രഹിച്ച് സ്കറിയാച്ചനെ കാരണവനായ മത്തായി അച്ചനും പ്രോത്സാഹിപ്പിച്ചു. വൈദികാന്തസ്സിനടുത്ത പഠനങ്ങളിലും സുകൃതങ്ങളിലും അദ്ദേഹത്തിനൊപ്പം നിർത്തി പരിശീലിപ്പിച്ചു. ആസ്തപ്പാടു പട്ടം വരാപ്പുഴ മെത്രാനിൽ നിന്നു സ്വീകരിച്ചശേഷം തുടർന്നുള്ള പഠനങ്ങളെല്ലാം പൂർത്തിയാക്കി 1853 മാർച്ച് 12-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. അന്നു സുറിയാനി സഭയിൽ പതിവുള്ള ആഘോഷമായ വീടുകയറ്റവും പുത്തൻകുർബാനയും പുളിങ്കുന്നു ഇടവക പള്ളിയിൽ നടത്തി. പിന്നീട് ഒരു വർഷത്തോളം സ്കറിയാച്ചൻ സ്വന്ത ഇടവകയിൽ തന്നെ പള്ളിശുശ്രൂഷകളിൽ ഏർപ്പെട്ടു.

കളത്തിലച്ചന്റെ സന്യാസജീവിതം

അക്കാലത്ത് ചാവറയച്ചനും തോപ്പിലച്ചനും മാന്നാനത്തെ പല വൈദികരും സുപ്രസിദ്ധരായ ധ്യാനഗുരുക്കളായി മാറിയിരുന്നു. മാന്നാനത്തെ ആശ്രമജീവിതത്തെക്കുറിച്ച് പുറമെ ധാരാളം അറിയപ്പെട്ടിരുന്നു. കൂടാതെ തോപ്പിലച്ചനെയും ചാവറയച്ചനെയും കളത്തിലച്ചന് അടുത്തു പരിചയവുമുണ്ടായിരുന്നു. ഇവരുടെ ജീവിതരീതികളിലും മാന്നാനത്തെ ആശ്രമജീവിതത്തിലും കൂടുതൽ ആകർഷിതനായ അദ്ദേഹം 1854-ൽ മാന്നാനത്തു വന്നുചേർന്നു. ഇതിന് മാതാപിതാക്കളുടേയും ബന്ധുമിത്രാദികളുടേയും, പിതൃസഹോദരനായ മത്തായി അച്ചന്റെയും അനുഗ്രഹാശിസുകൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു.[2]

കളത്തിലച്ചൻ മാന്നാനത്തെ ആശ്രമ ജീവിതത്തിൽ ഇഴുകിചേർന്നു. മെത്രാന്റെ നിർദ്ദേശപ്രകാരം പുതിയ നിയമസംഹിതകളുമായി മാന്നാനത്ത് എത്തിയ മർസലിനോസ് മിഷനറി ധ്യാനം

ആരംഭിച്ചു. ധ്യാനത്തിൽ പങ്കെടുക്കുവാൻ 14 വൈദികരും 10 ശെമ്മാശന്മാരും ഉണ്ടായിരുന്നു. ഇവരുടെ കൂട്ടത്തിൽ അന്ന് യോഗാർത്ഥികളായി 5 പേരും ഉണ്ടായിരുന്നു. ധ്യാനം കഴിഞ്ഞപ്പോഴേക്കും ഇവരിൽ പലർക്കും സന്യാസം തുടരുവാൻ ധൈര്യക്കുറവുണ്ടായി . അന്നുവരെ പാലിച്ചുവന്നതിൽ നിന്നും വളരെ വ്യത്യാസമുള്ളതും കൂടുതൽ കർക്കശവുമായ നിയമാവലിയാണ് ഇവരുടെ അധൈര്യത്തിനു കാരണമെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ഇവരിൽ നിന്നാണ് 2 വൈദികരും 8 ശെമ്മാശന്മാരും 1 യോഗാർത്ഥിയും പിന്മാറിയത്. തുടരാൻ തീരുമാനിച്ചവരിൽ നിന്നും വൈദികരായവരെ മാത്രമെ സന്യാസ വ്രതം ചെയ്യാൻ അനുവദിക്കുകയുള്ളൂ. കാരണം ഇതിന്റെ തുടക്കം വൈദികർക്കുവേണ്ടിയുള്ള സന്യാസസഭയായിട്ടായിരുന്നു. 1861-ൽ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി യോജിപ്പിച്ചതിനുശേഷം മാത്രമേ അവൈദികരെ വ്രതത്തിലൂടെ സഭാംഗങ്ങളായി സ്വീകരിച്ചിട്ടുള്ളൂ.[3]


വ്രതം ചെയ്യാൻ തീരുമാനമെടുത്ത 12 വൈദികരിൽ ഏറ്റം പ്രായം കുറഞ്ഞയാൾ കളത്തിൽ സ്കറിയാച്ചൻ ആയിരുന്നു. അദ്ദേഹത്തിന് 27 വയസ്സും ഏറ്റം പ്രായം കൂടിയ ആളായ ചാവറയച്ചന് 50 വയസ്സും ഉണ്ടായിരുന്നു. താൻ ഏറ്റെടുക്കാൻ പോകുന്ന ജീവിതശൈലി അത്ര എളുപ്പമുള്ളതല്ല എന്നു മനസ്സിലാക്കിക്കൊണ്ടുതന്നെ സ്കറിയാച്ചൻ തന്നെ ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ട്, 1855 ഡിസംബർ 8-ാം തീയതി ചാവറയച്ചന്റെ മുമ്പിൽ വ്രതം ചെയ്ത പത്തു പേരിൽ അവസാനത്തെ ആളായി മുട്ടുകുത്തി. തുടർന്നുള്ള 53 വർഷം തന്റെ ജീവിതത്തെ മുഴുവനും സ്കറിയ അപ്രേം എന്ന പേരു സ്വീകരിച്ചുകൊണ്ട് കളത്തിലച്ചൻ ദൈവകരങ്ങളിൽ സമർപ്പിച്ചു.

ഒരു വർഷത്തോളം പ്രാർത്ഥനയ്ക്കും പഠനത്തിനുമായി ചിലവഴിച്ചുകൊണ്ട് പതിനൊന്നു പിതാക്കന്മാരും നോവിഷ്യേറ്റു കാലമായി ചിലവഴിച്ചു. അതിനുശേഷം ധ്യാനപരിപാടികളുമായി അവർ ഇടവകകളിലേയ്ക്ക് ഇറങ്ങി. ആദ്യപിതാക്കന്മാരിൽ ചാവറയച്ചൻ, തോപ്പിലച്ചൻ, കട്ടക്കയത്തച്ചൻ, കളത്തിലച്ചൻ, കളപ്പുരയ്ക്കലച്ചൻ തുടങ്ങിയവരായിരുന്നു പ്രഗത്ഭരായ ധ്യാനഗുരുക്കൾ. കളത്തിലച്ചൻ ടീമിന്റെ കൂടെയും തനിച്ചുമായി പല പള്ളികളിലും പോയി ധ്യാനങ്ങൾ നടത്തിയിരുന്നു. 1866-ൽ മഞ്ഞപ്ര നടത്തിയ ധ്യാനത്തെക്കുറിച്ചും അവിടെ വച്ച് വർക്കി പാറപ്പുറത്തച്ചന് പനി വന്നതും, വസൂരി

ആയിരിക്കും എന്നു കരുതി ധ്യാനിപ്പിച്ചുകൊണ്ടിരുന്ന കളത്തിലച്ചനെയും കൂട്ടി കൂനമ്മാവിലേയ്ക്ക് പോയതും എല്ലാം വർക്കിയച്ചൻ തന്നെ സഭാചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്.[4]

മാന്നാനം സെമിനാരിയിലെ, ചാവറയച്ചനു ശേഷം വന്ന റെക്ടർ കുര്യൻ ആൽബർത്തോസ് കൊച്ചുപുരയ്ക്കലച്ചനായിരുന്നു. ചാവറയച്ചന്റെ തണലിൽ അദ്ദേഹമായിരുന്നു 1855 മുതൽ 1864 വരെ റെക്ടർ. അദ്ദേഹത്തിന് അസുഖമായിത്തുടങ്ങി. ചാവറയച്ചൻ മാന്നാനത്തു നിന്ന് കൂനമ്മാവിലേക്ക് മാറുകയും ചെയ്തു. പിന്നീട് മിടുക്കനായ ഒരു റെക്ടറെ കളത്തിലച്ചനിലൂടെയാണ് ചാവറയച്ചൻ കണ്ടെത്തിയത്. പോരൂക്കര ഏലീശാച്ചൻ മാന്നാനത്തെ സുപ്പീരിയറും കളത്തിലച്ചൻ സെമിനാരി റെക്ടറുമായി ഉത്തരവാദിത്വമേറ്റെടുത്തു.

1867-ൽ വന്ന പുതിയ മാറ്റത്തിൽ കളത്തിലച്ചൻ മാന്നാനത്തെ സുപ്പീരിയറും പോരുക്കര കുര്യാക്കോസ് ഏലീശാച്ചൻ റെക്ടറുമായി. സുപ്പീരിയർ ജോലി ഏല്പിച്ചപ്പോൾ കളത്തിലച്ചനു വലിയ വിഷമമായി. സഭയുടെ മാതൃഭവനമാണ്, അതിന്റെ സുപ്പീരിയറാകുക! മാത്രമല്ല, വേറെ നാലഞ്ചു സ്ഥാപനങ്ങൾ മാതൃഭവനത്തിന്റെ തണലിലാണ് വളർന്നു വരുന്നത്. ഒരു പരിധിവരെ ശ്രദ്ധ എല്ലായിടത്തുമെത്തണം.



അമ്പഴക്കാട് - 1868
ഇന്നുള്ള ആശ്രമവും ദേവാലയവും

കളത്തിലച്ചൻ ആലോചിച്ചപ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന ഉത്തരവാദിത്വവും തന്റെ കഴിവുകളും തമ്മിൽ ഒത്തുപോകുന്നില്ല. ഈ ജോലിയിൽ നിന്നു മാറ്റിത്തരണമെന്നദ്ദേഹം അപേക്ഷിച്ചു. സഹസന്യാസികൾ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. അങ്ങനെ അദ്ദേഹം ആ ചുമതല ഏറ്റെടുത്തു.[5]

പിന്നീട് കളത്തിലച്ചൻ 1874-ൽ നിയമിതനായത് അമ്പഴക്കാട് ആശ്രമത്തിന്റെ സുപ്പീരിയറായാണ്. 1868-ൽ സ്ഥാപിതമായ ഈ ആശ്രമത്തിന്റെ ബാലാരിഷ്ടതകളിലൂടെ കടന്നുപോകുന്ന അവസ്ഥയിൽ ആ മൂന്നു വർഷങ്ങൾ അദ്ദേഹം തന്റെ കഴിവിനനുസരിച്ച് കൃഷിസ്ഥലങ്ങളും ആശ്രമവും വളർത്തിയെടുക്കുവാൻ ശ്രദ്ധിച്ചു. ഇതിനിടയിൽ ഉണ്ടായ മേലൂസ് ശീശ്മയെ ഇല്ലാതാക്കാൻ തന്റെ ധ്യാനപ്രസംഗങ്ങൾ ഉപകരിപ്പിച്ചു. ഇതിനിടയിലാണ് സഭയിലെ 7 യുവവൈദികരെ കാരണമില്ലാതെ പുറത്താക്കിയ സംഭവത്തിൽ മേലധികാരികളോട് കുറെയെല്ലാം ഏതിർപ്പു പ്രകടിപ്പിക്കേണ്ടിവന്നത്.

കളത്തിലച്ചനും ഏഴു വ്യാകുലങ്ങളും

സ്വന്തം റീത്തിൽ മെത്രാനെ ലഭിച്ചില്ലെങ്കിൽ വരാവുന്ന വിനകളെക്കുറിച്ച് ചാവറയച്ചൻ റോമിലേക്ക് പ്രവചനതുല്യം എഴുതി അറിയിച്ചിട്ടുണ്ടായിരുന്നു. പ്രവചനം പോലെ റോക്കോസ് ശീശ്മയിൽ നിന്നും കരകയറിയ ജനങ്ങളുടെയിടയിലേക്ക് മേലൂസ് മെത്രാന്റെ നേതൃത്വത്തിൽ വീണ്ടും 10 വർഷത്തിനുള്ളിൽ ശീശ്മ കടന്നുവന്നു.[6]

ഇവിടെയും ചാവറയച്ചന്റെ ശിഷ്യന്മാർ തന്നെ നേതൃത്വമെടുത്തു ഈ ശീശ്മയെയും ഒഴിവാക്കാൻ. കണ്ണിലെണ്ണ ഒഴിച്ചിരുന്നുകൊണ്ട് എതിരാളികളെ കണ്ടെത്താനും ഓടിക്കാനും ശ്രമിച്ചതുകൊണ്ടുമാത്രം പ്രശ്നപരിഹാരമാവുകയില്ല എന്ന് അവർക്കും ബോദ്ധ്യമായി. അവിടെയും ഇവിടെയും കൂടി പലരും രഹസ്യചർച്ചകൾ നടത്തി. റോമിലേയ്ക്കും ഇന്ത്യയിലുള്ള സകല വൈദികമേലദ്ധ്യക്ഷന്മാർക്കും എഴുതുക; എന്നാൽ ഒരുവിധത്തിലും വരാപ്പുഴ മെത്രാപ്പോലീത്തായുടെ ചെവിയിലെത്തരുത്.

അവരുടെ തീരുമാനം നടപ്പിലാക്കി. ലൂയീസ് പഴയപറമ്പിലച്ചന്റെ നേതൃത്വത്തിൽ റോമിലേയക്കയക്കുവാൻ ഒരു നിവേദനം തയ്യാറാക്കി. മാന്നാനത്തും പുളിങ്കുന്നിലുമായി താമസിച്ചിരുന്ന

കൊച്ചച്ചന്മാരായിരുന്നു ഇതിനു പ്രധാനമായും താല്പര്യമെടുത്ത ത്. നിവേദനത്തിന്റെ ചുരുക്കം ഇതായിരുന്നു; ഒന്നാമതായി നിവേ ദിതാക്കൾ പരിശുദ്ധ പിതാവിനോടുള്ള ഭക്ത്യാദരവുകളും വിധേ യത്വവും പ്രകടിപ്പിച്ചു. പിന്നീട് റോക്കോസ് മെത്രാനും മേലൂസ് മെത്രാനും കേരള സഭയിൽ വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങളെക്കു റിച്ചു വിശദീകരിച്ചു. സുറിയാനിക്കാർക്കും, ലത്തീൻകാർക്കും വേറെവേറെ മെത്രാന്മാരുണ്ടായിരുന്നുവെങ്കിൽ ഈ നഷ്ടം ഉണ്ടാ കുമായിരുന്നില്ല എന്ന് തുടർന്നു സമർത്ഥിച്ചു. തുടർന്ന് വരാപ്പുഴ വികാരിയാത്തിന്റെ പരിമിതികളെക്കുറിച്ചു വിശദീകരിച്ചുകൊണ്ട് സ്വന്ത മായി ഒരു മെത്രാനെ സുറിയാനി സഭയ്ക്ക് നൽകണമെന്നപേക്ഷിച്ചു. അതും ഉടനെ സ്വന്തജനങ്ങളിൽ നിന്നു തന്നെ വേണമെന്നില്ല എന്നും അറിയിച്ചു. ഈ നിവേദനത്തിൽ വിശ്വാസ്യത തോന്നുന്നില്ലെങ്കിൽ റോമിൽ നിന്ന് നിർദ്ദേശിച്ച് വരാപ്പുഴ നേതൃത്വത്തെ ഒഴിച്ച് മറ്റാരെയെ ങ്കിലും സാഹചര്യങ്ങൾ പഠിക്കാൻ അയക്കണം എന്നുമായിരുന്നു ഇവ രുടെ നിർദ്ദേശം.

നിവേദനം പലരും വിലയിരുത്തി ആവശ്യമുള്ള തിരുത്തലു കൾ വരുത്തി. വരാനിരിക്കുന്ന അപകടം മുന്നിൽ കണ്ടുകൊണ്ട് അതിൽ ആരും ഒപ്പുവയ്ക്കണ്ട എന്നു തീരുമാനിച്ചു. ഗുരുവും പിതാ വുമായി നടന്ന ചാവറയച്ചനു കിട്ടിയ അനുഭവവും ഇവർ അനുസ്മ രിക്കാതിരുന്നില്ല. സുറിയാനി റീത്തിലും ലത്തീൻ റീത്തിലും വേറെ വേറെ മെത്രാന്മാർ ഉണ്ടായാൽ വരുന്ന മേന്മയെക്കുറിച്ചും അതു വഴി സഭൈക്യത്തിന് കാരണമാകും എന്നും സൂചിപ്പിച്ച് ചാവറയ ച്ചൻ റോമിലേക്കെഴുതിയതിന്റെ പരിണിതഫലം വളരെ പ്രത്യാഘാ തങ്ങൾ സൃഷ്ടിച്ചതായിരുന്നു. ചാവറയച്ചനെ സഹായിച്ച ലൊയൊ പ്പോൾദ് മിഷനറിയെ ഇറ്റലിയിലേയ്ക്ക് തിരിച്ചു വിളിപ്പിച്ചു. ചാവറ യച്ചന്റെ സംസ്കാരശുശ്രൂഷയ്ക്ക് വരാപ്പുഴ മെത്രാൻ പങ്കെടുത്തു മില്ല. അവർ എഴുത്ത് കവറിലിട്ട് ഒട്ടിച്ചു. സ്വന്തകഴിവിലും ബുദ്ധി യിലും ആശ്രയിക്കാൻ അവർക്കു വിശ്വാസമില്ലായിരുന്നു. അവർക്കു ദൈവം തന്നെ ശരണം. ആദ്യപിതാക്കളിൽപ്പെടുന്ന പാലയ്ക്കൽ കുര്യച്ചനും, കളത്തിൽ സ്കറിയാച്ചനും അവരോടൊപ്പം ലൂയീസ് പഴേപറമ്പിലച്ചനും, ചാവറ യൗസേപ്പച്ചനും, തറവട്ടത്തിൽ ഹിലാ രിയോസച്ചനും, കൂടി മാന്നാനത്തെ ആശ്രമദേവാലയത്തിലെ വലിയ അൾത്താരയെ സമീപിച്ചു. ഇവരും മറ്റു പലരും കൂടി തയ്യാറാക്കിയ

എഴുത്തു ദിവ്യസക്രാരിയുടെ മുമ്പിൽ അൾത്താരയിൽ സമർപ്പിച്ചു. എല്ലാവരും അൾത്താരയുടെ മുമ്പിൽ മുട്ടുകുത്തി ഇപ്രകാരം പ്രാർത്ഥിച്ചു:

"ഞങ്ങളുടെ പ്രഭുവും രക്ഷിതാവുമായുള്ളോനെ, ഞങ്ങൾ ഈ എഴുത്ത് റോമായിലേയ്ക്കയക്കുന്നു. ഇത് ധൃഷ്ടമായ ഒരു പരിശ്രമമാണ്. ഈ ഞങ്ങളുടെ പ്രാർത്ഥിതം സിദ്ധമായാൽ ഞങ്ങൾ നിന്നോട് കൃതജ്ഞരായിരിക്കുകയും വളരെ ആത്മാവുകൾ രക്ഷയുടെ മാർഗ്ഗത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. ഈ അനുഗ്രഹം ഞങ്ങൾക്കു ചെയ്യുവാൻ നീ മനസ്സാകുന്നില്ലെങ്കിൽ, നിന്റെ പവിത്രമായ മനസ്സ് എന്നും സ്തുത്യമായിരിക്കട്ടെ. ഞങ്ങൾ സഭയിൽ നിന്ന് നിഷ്കാസിതരാക്കപ്പെട്ടേക്കാമെന്നുള്ള വിപത്തിൽ നിന്ന് നീ ഞങ്ങളെ രക്ഷിക്കുന്നതായാൽ ഞങ്ങൾ നിന്റെ സ്തോത്രങ്ങളെ ഈ ആശ്രമത്തിൽ ഗാനം ചെയ്യും."

അനന്തരം തിരുഹൃദയത്തോടുള്ള ചില പ്രാർത്ഥനകൾ ചൊല്ലിയശേഷം അൾത്താരയിൽ നിന്ന് എഴുത്തെടുത്ത് റോമിലേയ്ക്ക് പോസ്റ്റുചെയ്തു. ദൈവഹിതം പോലെ ഇവരിൽ ചാവറ യൗസേപ്പച്ചനും, തറവട്ടത്തിൽ ഹിലാരിയോസച്ചനും പഴേപ്പറമ്പിൽ ലൂയീസച്ചനും അധികകാലം മാന്നാനം ആശ്രമത്തിൽ വസിക്കാൻ കഴിഞ്ഞില്ല. സഭയിൽ തന്നെയുണ്ടായിരുന്ന ചില കുത്സിതബുദ്ധികളുടെ സഹായത്തോടെ വരാപ്പുഴ മെത്രാപ്പോലീത്ത തന്റെ അധികാരം ദുർവിനിയോഗം ചെയ്തു. ഇവരും മറ്റു നാലു പേരെയും കൂടി ഏഴു പേരെ സി.എം.ഐ. സഭയിൽ നിന്നും പുറത്താക്കി. കേരള സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിലെ ഏഴു വ്യാകുലങ്ങൾ. പിന്നീട് പഴേപ്പറമ്പിൽ ലൂയീസച്ചനെ ആദ്യത്തെ സ്വദേശി മെത്രാന്മാരിലൊരുവനായി ദൈവം ഉയർത്തി.

കളത്തിൽ സ്കറിയാച്ചനെയും, പാലയ്ക്കൽ കുര്യനച്ചനെയും അവരുടെ പ്രായത്തെ പരിഗണിച്ചുകൊണ്ടും, ആദ്യപിതാക്കളിൽപ്പെട്ടവരായിരുന്നതുകൊണ്ടും, സഭയുടെ ഉത്തരവാദിത്വമുള്ള ജോലികളിൽ ചുമതലയുള്ളവരായിരുന്നതുകൊണ്ടുമാകാം സഭയിൽ നിന്നു ബഹിഷ്കരിച്ചില്ല.[8] കേരളസഭയുടെ ആദ്ധ്യാത്മിക നവീകരണത്തിനായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന, ധ്യാനഗുരുക്കളും കൂടിയായിരുന്ന ഇവർക്കും ബാക്കി സഹോദരങ്ങൾക്കും ഉണ്ടായ ആഘാതം ചെറുതായിരുന്നില്ല. കളത്തിലച്ചൻ ഔദ്യോഗിക സ്ഥാനങ്ങളിൽ തുടർന്നു.

ഇതിനെത്തുടർന്നാണ് കളത്തിലച്ചനെ 1877-ൽ വീണ്ടും മാന്നാനം സെമിനാരിയുടെ റെക്ടറായി നിയമിച്ചത്. ഇതിനിടയിൽ മാന്നാനത്തെ സെമിനാരി മൂന്നുനിലകളിലുള്ള വലിയൊരു കെട്ടിടമായിത്തീർന്നിരുന്നു. ആ സമയത്ത് അവിടെ 80-ാളം ശെമ്മാശന്മാർ ഒരുമിച്ചു പഠിച്ചിരുന്നു. 1894-ൽ മാന്നാനം സെമിനാരി നിർത്തലാക്കി പുത്തൻപള്ളി സെമിനാരിയിലേക്ക് ലയിപ്പിച്ചപ്പോഴേക്കും 150-അംഗങ്ങൾക്ക് സെമിനാരിയിൽ ഒരുമിച്ചു പഠിക്കുവാനുള്ള സൗകര്യം മാന്നാനത്തുണ്ടായിരുന്നു.

1885-ലെ പൊതുസംഘ നിശ്ചയപ്രകാരം പൊതു പ്രിയോർ സ്ഥാനം നിർത്തലാക്കിയിട്ട് ഓരോ ആശ്രമത്തിലെയും സുപ്പീരിയർമാരെ പ്രിയോർ എന്ന പേരിൽ വിളിച്ചുതുടങ്ങി. 1886-ൽ കളത്തിലച്ചനെ വാഴക്കുളത്തെ പ്രിയോരായി നിയമിച്ചു. വീണ്ടും 1889 മുതൽ 1894 വരെ മാന്നാനത്തെ പ്രിയോർ സ്ഥാനം ഏറ്റെടുക്കേണ്ടിവന്നു. തുടർന്ന് ഔദ്യോഗിക ജോലികളിൽ നിന്നെല്ലാം വിട്ടു വിശ്രമിക്കാനൊരുങ്ങിയ കളത്തിലച്ചനെ പുതുതായി ആരംഭിച്ച പാണാവള്ളി ആശ്രമത്തിലേക്ക് മറ്റു രണ്ടച്ചന്മാരോടുകൂടി അയച്ചു. വിശ്രമത്തിനായി അദ്ദേഹത്തെ പിന്നീട് പുളിങ്കുന്നിലേക്ക് വിട്ടു.

കളത്തിലച്ചന്റെ രോഗവും മരണവും

പ്രായാധിക്യവും ക്ഷീണവുമൊക്കെ അദ്ദേഹത്തെ ബാധിച്ചിരുന്നുവെങ്കിലും സമൂഹത്തിന്റെ പൊതുപ്രാർത്ഥനകളിൽ പങ്കുചേരുവാൻ കളത്തിലച്ചൻ കഴിയുന്നതും ശ്രമിച്ചിരുന്നു. വിശ്രമസമയം കഴിഞ്ഞ് പലപ്പോഴും അധികസമയം പരിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ അദ്ദേഹം ചിലവഴിച്ചിരുന്നു. വലിയ തിരുഹൃദയഭക്തനായിരുന്ന അദ്ദേഹം ഇടയ്ക്കിടയ്ക്ക് എന്റെ ഈശോയുടെ മധുരമുള്ള ഹൃദയമെ! എന്ന സുകൃതജപം ഉരുവിടുമായിരുന്നു. മരണത്തിനുള്ള ഒരുക്കമായിട്ടാണ് അദ്ദേഹം തന്റെ സമയം ചിലവഴിച്ചിരുന്നത്.

ഇതിനിടെ 1903-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യത്തിന്റെയും 1905-ൽ വ്രതവാഗ്ദാനത്തിന്റെയും സുവർണ്ണ ജൂബിലികൾ ആഘോഷിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യം കിട്ടി. അദ്ദേഹം എല്ലാദിവസവും ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാന സ്വീകരിച്ചിരുന്നു. രോഗീലേപനവും ചോദിച്ചുവാങ്ങി സ്വീകരിച്ചു. തിരുഹൃദയ മാസമായ ജൂൺ 28-ന് ശനിയാഴ്ച പാതിരാകഴിഞ്ഞു മൂന്നുമണിയോടുകൂടി അനേക


വൈദികരും സന്യാസികളും പ്രാർത്ഥനയോടെ ചുറ്റും നിൽക്കുമ്പോൾ, പ്രത്യേക അസ്വസ്ഥതകളൊന്നും കാണിക്കാതെ ഈശോ, മറിയം, യൗസേപ്പെ എന്നു ചൊല്ലിക്കൊണ്ട് തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ അദ്ദേഹം സമർപ്പിച്ചു.

അടുത്ത ദിവസം 29-ാം തീയതി വലിയ ജനക്കൂട്ടത്തിന്റെയും അനേകം വൈദികരുടെയും സാന്നിദ്ധ്യത്തിൽ നഗരികാണിക്കൽ ശുശ്രൂഷ പുളിങ്കുന്നു വലിയ പള്ളിയിലേക്ക് നടത്തി തിരിച്ചുകൊണ്ടുവന്ന് ആശ്രമപള്ളിയിൽ ആഘോഷപൂർവ്വം അടക്കം ചെയ്തു. കാർമ്മികരായി പുളിങ്കുന്നു വികാരിയും സ്രാമ്പിക്കലച്ചനും ഉണ്ടായിരുന്നു. ചരമപ്രസംഗം നടത്തിയത് പുളിങ്കുന്നു ഇടവക പുത്തൻപുരയിൽ ബഹു. അന്തോനിയച്ചനായിരുന്നു.

എല്ലാവരാലും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന ഒരാളായിരുന്നു കളത്തിൽ സ്കറിയാ അപ്രേം അച്ചൻ. അതുകൊണ്ട് തന്നെയാണ് 34 വർഷം അദ്ദേഹം പല ആശ്രമങ്ങളുടെയും സുപ്പീരിയറായും പലപ്രാവശ്യം മാന്നാനം സെമിനാരിയുടെ റെക്ടറായും പ്രവർത്തിക്കുവാൻ സാധിച്ചത്. വലിയൊരു ശിഷ്യഗണം വൈദികരുടെയിടയിൽ ഉണ്ടായിരുന്നു. സുകൃതവാനും സ്നേഹസമ്പന്നനുമായിരുന്നു അദ്ദേഹം. സഭയുടെ നിയമാവലി പരിഷ്കരണത്തിൽ ആദ്യപിതാക്കളിൽ ഒരുവൻ എന്നവിധം കളത്തിലച്ചനും വലിയൊരു പങ്കുണ്ടായിരുന്നു. ആശ്രമാംഗങ്ങളുടെ വളർച്ചയിൽ അദ്ദേഹത്തിന് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നതുപോലെ പുളിങ്കുന്നിൽ 1898-ൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുന്നതിനും അദ്ദേഹം ഒരു പരിധി വരെ കാരണക്കാരനായി. പുളിങ്കുന്നിലെ മഠത്തിന്റെ വളർച്ചയിലും അദ്ദേഹം നിമിത്തമായിട്ടുണ്ട്.

കളത്തിലച്ചന്റെ മരണത്തിനു ശേഷം ചങ്ങനാശ്ശേരി മെത്രാൻ മത്തായി മാക്കീൻ പുളിങ്കുന്നിലെ പ്രിയോരച്ചന് ഇപ്രകാരം എഴുതി: "ഇത്രയും ശുദ്ധനും ദൈവഭക്തിക്കാരനുമായ ഒരു വൈദികനെ ലോകത്തിനു നമുക്കിനി കാണാനില്ലാതെ ആയല്ലോ എന്നത്രെ എന്റെ ക്ലേശഹേതു. എന്നാൽ പരലോകത്തിൽ നമുക്കു വേണ്ടി പ്രാർത്ഥിക്കാൻ പോയി എന്നു വിശ്വസിക്കാം." [9]

ഫാദർ അലക്സാണ്ടർ കട്ടക്കയം (വലിയ ചാണ്ടിയച്ചൻ)



1828 - 1909

കുഞ്ഞുചാണ്ടിയച്ചൻ എന്നറിയപ്പെട്ടിരുന്ന അലക്സാണ്ടർ കട്ടക്കയം സി.എം.ഐ. മേലധികാരികളുടെ പ്രത്യേകാനുമതിയോടെ സഭയുടെ പല ആശ്രമങ്ങളിൽ നിന്നും കണ്ടെത്തിയ രേഖകൾ കൂട്ടിച്ചേർത്തു അദ്ദേഹത്തിന്റെ അനന്തരവനായ അഡ്വക്കേറ്റ് മാത്യു കട്ടക്കയം 1959-ൽ രചിച്ച ജീവചരിത്രമാണ് 'വലിയ ചാണ്ടിയച്ചനും കൊച്ചു ചാണ്ടിയച്ചനും' എന്ന ഗ്രന്ഥം. ഈ ഗ്രന്ഥത്തെ ആധാരമാക്കിയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചനോടൊപ്പം 1855 ഡിസംബർ 8-ന് വ്രതം സ്വീകരിച്ച വലിയ ചാണ്ടിയനെക്കുറിച്ചുള്ള ലഘുജീവചരിത്രം തയ്യാറാക്കിയിരിക്കുന്നത്.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവല്ല ക്ഷേത്ര പ്രധാനികളിൽ ഒരുവനായിരുന്നു പഴയടത്തു മഠത്തിൽ പോറ്റി. കുറവിലങ്ങാട് പകലോമറ്റം കുടുംബത്തിലെ വടക്കേടം ശാഖയിൽ നിന്ന് ഒരു കുടുംബത്തെ ഇദ്ദേഹം ഭഗവതി ക്ഷേത്രത്തിനു സമീപം

കൊണ്ടുപോയി താമസിപ്പിച്ചു. അവിടെ ഈ കുടുംബം കാവിൽ എന്നറിയപ്പെട്ടു. പിന്നീട് 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷം തിരുവല്ല കാവിൽ കുടുംബങ്ങളിൽ പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും ഉണ്ടായി.

പഴയകൂറ്റുകാരിൽ ഒരുവനായ ചെറിയാൻ മാപ്പിള പാലായിൽ നിന്നാണ് വിവാഹം കഴിച്ചത്. ഭാര്യവീട്ടുകാർ വിട്ടുകൊടുത്ത കട്ടക്കയം പുരയിടത്തിൽ താമസമാക്കിയ ഇവർ പിന്നീട് കട്ടക്കയം എന്ന വീട്ടുപേരിലാണ് അറിയപ്പെട്ടത്. ഈ കുടുംബപരമ്പരയിൽ കൊടുങ്ങല്ലൂർ ഗോവർണ്ണദോരായിരുന്ന കട്ടക്കയത്തിൽ അബ്രഹാം മല്പാനും പെടുന്നു. അദ്ദേഹത്തിന്റെ പിൻതലമുറയിൽ പാലാ മീനച്ചിൽ പാണ്ടികശാല മുതൽപിടിക്കാരനായ ചെറിയാൻ മാപ്പിളയിൽ നിന്നാണ് വലിയ ചാണ്ടിയച്ചൻ എന്ന് പിന്നീട് അറിയപ്പെട്ട അലക്സാണ്ടർ 1828 ജനുവരി 1-ന് ജനിച്ചത്. അമ്മ ചേർപ്പുങ്കൽ നെല്ലിപ്പുഴ ബ്രിജിത്താ ആയിരുന്നു. രണ്ടു സഹോദരൻമാരും രണ്ടു സഹോദരിമാരുമുള്ള ചാണ്ടിയച്ചൻ ആൺമക്കളിൽ രണ്ടാമനായിരുന്നു. കാരണവരായ കട്ടക്കയം കൊച്ചു ചാണ്ടി മല്പാന്റെ താൽപര്യപ്രകാരമാണ് അദ്ദേഹത്തിന്റെ പേരു തന്നെ കുഞ്ഞിന് മാമ്മോദീസായിൽ നൽകിയത്.[1]

ദൈവഭക്തരായ മാതാപിതാക്കളുടെ പരിശീലനവും കുടുംബത്തിലെ വൈദിക സാന്നിധ്യവും അദ്ദേഹത്തിന്റെ ദൈവവിളി നാമ്പെടുക്കാൻ സഹായിച്ചു. തമിഴ് മല്പാനായിരുന്ന മാത്തു കത്തനാർ തമിഴ് പഠിപ്പിച്ചു, ഇട്ടിമാത്തനച്ചൻ സുറിയാനി പഠിപ്പിച്ചു, ഒപ്പം സുകൃതാഭ്യാസങ്ങളും അൾത്താര ശുശ്രൂഷകളും.

14-ാം വയസ്സിൽ ചാണ്ടിക്കുഞ്ഞ് പാലാ സെമിനാരിയിൽ ചേർന്നു. 1845-ൽ ലൂദിവിക്ക് മെത്രാനിൽ നിന്ന് ആസ്തപ്പാടുപട്ടം സ്വീകരിച്ച അദ്ദേഹം 1851-ൽ മാന്നാനത്തു വന്നു സെമിനാരിയിൽ പഠനം തുടർന്നു. 1853 മാർച്ച് 12-ന് പൗരോഹിത്യം സ്വീകരിച്ചു. 1855 ഡിസംബർ 8-ന് ചാവറയച്ചനോടൊപ്പം വ്രതം സ്വീകരിച്ച 11 പേരിൽ ഏറ്റം ഇളയവരിൽ ഒരുവനായിരുന്നു ചാണ്ടിയച്ചൻ.[2]

വലിയ ചാണ്ടിയച്ചൻ സന്യാസസഭയുടെ പ്രവർത്തനങ്ങളിൽ

ചാണ്ടിയച്ചന്റെ സഹോദരപുത്രൻ സഭാംഗമായി 1893-ൽ പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പ്രൊപ്പഗാന്തയിൽ പഠിച്ച് പട്ടമേറ്റ ഇദ്ദേഹം നാട്ടിലെത്തിയതോടെ ഒരേ പേരുകാരായ രണ്ടു പേരെയും വേർതിരിക്കുവാൻ ഒരാൾ വലിയ ചാണ്ടിയച്ചനും അനന്തരവൻ കൊച്ചുചാണ്ടിയച്ചനുമായി അറിയപ്പെട്ടു.

വ്രതം ചെയ്ത പതിനൊന്നുപേരും എതാണ്ടു ഒരു വർഷത്തോളം നോവിഷ്യേറ്റുകാലമായി ചിലവഴിച്ചു. തുടർന്ന് സഭയുടെ അന്നത്തെ ഏറ്റവും വലിയ പ്രേഷിത രംഗമായിരുന്ന വചന പ്രഘോഷണരംഗത്തേക്ക് എല്ലാവരും തന്നെയിറങ്ങി. പല ഗ്രൂപ്പുകളായിത്തിരിഞ്ഞ് ഇടവകകൾ തോറും അവർ ധ്യാനപ്രസംഗങ്ങൾ നടത്തി. അന്നത്തെ പ്രധാന ധ്യാനഗുരുക്കൾ ചാവറയച്ചൻ, തോപ്പിലച്ചൻ, ചാണ്ടിയച്ചൻ തുടങ്ങിയവർ ആയിരുന്നു. പല പള്ളികളിലെ ജനങ്ങളെ ഒരു പള്ളിയിൽ വിളിച്ചു കൂട്ടിയായിരുന്നു ധ്യാനം നടത്തിയിരുന്നത്. ഇതിനിടയിൽ കൂനമ്മാവിലും, ഏൽത്തുരുത്തിലും ആശ്രമങ്ങൾ തുടങ്ങിയിരുന്നു.

കുടക്കച്ചിറ അന്തോനിയച്ചന്റെ നേതൃത്വത്തിൽ പ്ലാശനാൽ ആരംഭിച്ച സന്യാസസമൂഹം അദ്ദേഹത്തിന്റെ ബാഗ്ദാദു ബന്ധങ്ങളെത്തുടർന്ന് ക്ഷയിച്ച്. അവിടെ ആരുമില്ലാതായ അവസ്ഥയിൽ മെത്രാന്റെ നിർദ്ദേശപ്രകാരം 1858-ൽ ആ സ്ഥാപനം സി.എം.ഐ. സഭ എറ്റെടുക്കേണ്ടി വന്നു. അവിടെയായിരുന്ന മത്തായി കളപ്പുരക്കലച്ചന് മലമ്പനി പിടിപെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ സഹായിക്കുവാനായി ചാണ്ടിയച്ചനെയാണ് അവിടെയ്ക്ക് പറഞ്ഞയച്ചത്. താമസിയാതെ മത്തായി അച്ചൻ രോഗത്താൽ മരിക്കുവാനിടയായി എന്നുമാത്രമല്ല ചാണ്ടിയച്ചനെ മലമ്പനി ബാധിക്കുകയും ചെയ്തു.

അസുഖം കലശലാവുകയും അപകടനിലയിൽ എത്തുകയും ചെയ്തപ്പോൾ അദ്ദേഹം ഇങ്ങനെ നേർന്നു: "ഈ ദീനത്തിൽ നിന്നും രക്ഷനേടുന്നതായാൽ എന്റെ ആയുഷ്ക്കാലം മുഴുവൻ ആത്മാക്കളുടെ രക്ഷക്കുവേണ്ടി പ്രവർത്തിച്ചു കൊള്ളാം". ഫ്രാൻസിസ് സേവ്യറിന്റെ പ്രത്യേക മാദ്ധ്യസ്ഥതയും അപേക്ഷിക്കുകയുണ്ടായി. വൈദ്യൻമാർ തന്നെ ഉപേക്ഷിച്ചെങ്കിലും നേർച്ചയുടെ ഫലമായി അദ്ദേഹം അത്ഭുതകരമായി സുഖം പ്രാപിച്ചു.[3]


1861-ൽ അദ്ദേഹത്തിനു കിട്ടിയ അടുത്ത നിയമനം ഏൽത്തുരുത്ത് ആശ്രമത്തിൽ തോപ്പിലച്ചനെ സഹായിക്കാനായിരുന്നു. നല്ല വചന പ്രഘോഷകരായ ഇവർ രണ്ടുപേരും വടക്കൻ പ്രദേശങ്ങളിലെ പള്ളികളിൽ ഞായറാഴ്ചകളിൽ മാറിമാറി പ്രസംഗങ്ങൾ പറയുകയും ജനങ്ങളെ ആത്മീയതയിൽ ഉണർവ്വുള്ളവരാക്കുകയും ചെയ്തിരുന്നു. കിട്ടുന്ന പിരിവു ശേഖരിച്ചു ഏൽത്തുരുത്ത് പള്ളിയുടെയും ആശ്രമത്തിന്റെയും പണികൾ നടത്തിക്കൊണ്ടിരിക്കെയാണ് ബാഗ്ദാദിൽ നിന്ന് റോക്കോസ് മെത്രാൻ അനധികൃതമായി കേരളത്തിൽ വന്ന് അധികാരമുപയോഗിച്ചു തുടങ്ങിയത്. പിന്നീട് ഇരുവരുടെയും ശ്രദ്ധ മുഴുവനും ചാവറയച്ചന്റെ നിർദ്ദേശപ്രകാരം റോക്കോസ് ശീശ്മക്കെതിരെ പള്ളികൾ തോറും സത്യാവസ്ഥ വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു. ഇതിന്റെ പേരിൽ റോക്കോസ് പക്ഷത്തുനിന്ന് പലവിധത്തിലുള്ള പീഡനങ്ങൾ ഇവർ സഹിക്കേണ്ടി വന്നിട്ടുണ്ട്. ഈ ചരിത്രഭാഗം നീണ്ട വിവരണങ്ങൾ കൂടാതെ ഇവിടെ പൂർത്തിയാക്കാൻ കഴിയുകയില്ല.

കൂനമ്മാവിൽ സഭയുടെ നോവിഷ്യേറ്റും വൈദിക പരിശീലനത്തിനുള്ള ആവശ്യങ്ങളും വന്നപ്പോൾ കെട്ടിടം വിപുലപ്പെടുത്തേണ്ടതുണ്ടതായി വന്നു. അതുപോലെ മഠത്തിന്റെ നിർമ്മാണത്തിനും പണം ധാരാളം ആവശ്യമായിരുന്നു. ചാവറയച്ചന്റെയും മറ്റും നിർദ്ദേശപ്രകാരം ധ്യാനടീമിൽ പ്രവർത്തിക്കുന്നതോടൊപ്പം പണപ്പിരിവിനായും ചാണ്ടിയച്ചൻ ധാരാളം ശ്രമിച്ചിരുന്നു.[4]

അമ്പഴക്കാട് തുടങ്ങിയുള്ള വടക്കൻ പ്രദേശങ്ങളിൽ ചാണ്ടിയച്ചന്റെയും, തോപ്പിലച്ചന്റെയും, കാപ്പിലച്ചന്റെയും പ്രസംഗങ്ങൾ ജനഹൃദയങ്ങളെ വളരെ സ്വാധീനിച്ചിരുന്നു. അമ്പഴക്കാട്ടുള്ള ധനികനായ കണിച്ചായി ഇട്ടൂപ്പിനെയും ഇവരുടെ ധ്യാനപ്രസംഗങ്ങൾ സ്വാധീനിച്ചു എന്നതിൽ സംശയമില്ല. അതിൻപ്രകാരം തന്റെ സ്വത്തിന്റെ ഒരു ഭാഗം മാന്നാനം പോലുള്ള ആശ്രമങ്ങൾക്ക് ദാനമായി നൽകുവാൻ അദ്ദേഹം തീരുമാനിച്ചു. 1868-ൽ അമ്പഴക്കാട്ടു സ്ഥാപനം തുടങ്ങുന്നതിനു ചാവറയച്ചനോടൊപ്പം ആദ്യം പ്രവർത്തിച്ചത് ചാണ്ടിയച്ചനായിരുന്നു.[5]

സഭയുടെ ആശ്രമങ്ങൾ പലതായിട്ടും കിഴക്കൻ പ്രദേശത്തെയ്ക്ക് ഒരാശ്രമം ഉണ്ടായില്ലല്ലോ എന്ന ചിന്ത ചാണ്ടിയച്ചന് സ്വാഭാവികമായി ഉണ്ടായിരിക്കണം. ആദ്യ അംഗങ്ങളിൽ പലരും പാലാ

പ്രദേശത്തു നിന്നുമായിരുന്നു. എന്തായാലും പാലാ പ്രദേശത്തുള്ള പല വികാരിമാരും ജനങ്ങളും അവിടെ ഒരാശ്രമം ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കുകയും, വരാപ്പുഴ മെത്രാനു 1869 മെയ് 3-ന് ഒരപേക്ഷ നൽകുകയും ചെയ്തു. ജരാർദ് മിഷനറിയും ചാവറയച്ചനും പാലായിൽ വരികയും മുത്തോലിക്കുന്ന് ആശ്രമ



മുത്തോലി - 1870
ഇന്നുള്ള ആശ്രമവും ദേവാലയവും

ത്തിനായി തീരുമാനമാകുകയും ചെയ്തു. പിന്നീടുള്ള ഇടപാടുകളിൽ ചാണ്ടിയച്ചനും പ്രത്യേക പങ്കുണ്ടായിരുന്നു എന്നുള്ള സൂചനയാണ് ചാവറയച്ചൻ ചാണ്ടിയച്ചന് എഴുതിയ രണ്ടു കത്തുകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ആരംഭകാലത്ത് ചാണ്ടിയച്ചൻ, ചാവറ ഔസേപ്പച്ചൻ, കളത്തിലച്ചൻ, പാലക്കുന്നേലച്ചൻ എന്നിവർ മാറിമാറിയാണ് മുത്തോലിയിലെ കാര്യങ്ങൾ പോരൂക്കര ഏലീശാച്ചനോടൊപ്പം നിർവ്വഹിച്ചിരുന്നത്.[6]

മുത്തോലിയിലാണ് സി.എം.സി. സഭയുടെ രണ്ടാമത്തെ മഠം ഉണ്ടായത്. ഈ മഠസ്ഥാപനത്തോടു ബന്ധപ്പെടുത്തിയും ചാണ്ടിയച്ചന് ഒരു പങ്കുണ്ടായിരുന്നു, പ്രത്യേകിച്ചു അതിന്റെ ഫണ്ടുണ്ടാക്കുന്ന കാര്യത്തിൽ. ഇതിനായി നിധീരിക്കൽ മാണിയച്ചനും ചാണ്ടിയച്ചനും കൂടി കണ്ടെത്തിയ പരിപാടിയാണ് ഭാഗ്യക്കുറി.

അക്കാലത്ത് അധികം നടപ്പില്ലാതിരുന്ന ഈ പദ്ധതിക്ക് സർക്കാർ അനുമതിയും ഇല്ലാതിരുന്നതിനാൽ ഭാഗ്യക്കുറി എന്നതിനുപകരം ഒരു പുണ്യവഴി എന്ന പേരിൽ അരരൂപായുടെ 22,000 കുറി അടിച്ചാണ് പണപ്പിരിവ് നടത്തിയത്.[7]

1876-ൽ വലിയ ചാണ്ടിയച്ചൻ മാന്നാനത്തെ ആശ്രമത്തിന്റെ വികാരിയായി നിയമിക്കപ്പെട്ടു. മേലൂസ് ശീശ്മയുടെ പ്രശ്നങ്ങളും, മാർപ്പാപ്പയ്ക്ക് എഴുതിയെന്നപേരിൽ ഏഴ് അംഗങ്ങളെ ബഹിഷ്ക്കരിക്കേണ്ടിവന്ന വേദനിപ്പിക്കുന്ന അനുഭവങ്ങൾ നിറഞ്ഞു നിൽക്കുന്ന സന്ദർഭത്തിലായിരുന്നു അദ്ദേഹം മാന്നാനത്തു ചുമതല ഏറെറടുത്തത്.

ചങ്ങനാശ്ശേരിയിൽ ഒരാശ്രമം ഉണ്ടായിക്കാണാൻ 1866 മുതലെങ്കിലും ശ്രമം നടത്തിയിരുന്നു. പാലാക്കുന്നേൽ മത്തായിയച്ചനായിരുന്നു ഇതിന് കൂടുതൽ താല്പര്യമെടുത്തത്. 1868-ലാണ് എറണാകുളത്ത് പെരുമാനൂർ പള്ളിയിൽ ചാണ്ടിയച്ചനും മറ്റും ഒരു ധ്യാനം നടത്തിയത്. അവിടെ കുമ്പസാരിപ്പിക്കുവാൻ വന്നിരുന്ന ചങ്ങനാശ്ശേരി പള്ളി ചക്കാലക്കൽ ചെറിയാച്ചൻ ചെത്തിപ്പുഴ ആശ്രമത്തിനു പറ്റിയ ഒരു സ്ഥലമുണ്ടെന്ന് ഇവരെ അറിയിച്ചു.



ചെത്തിപ്പുഴ - 1883
ഇന്നുള്ള ആശ്രമവും ദേവാലയവും

ചാവറയച്ചൻ തുടർന്നു ഇതിനുവേണ്ടി നടപടികൾ ആരംഭിച്ചെങ്കിലും 15 വർഷങ്ങൾക്കു ശേഷം 1883 ഫെബ്രുവരി 20-ന് ആണ് ചെത്തിപ്പുഴയിൽ ആശ്രമത്തിനു തറക്കല്ലിട്ട് പണികൾ ആരംഭിക്കുവാൻ സാധിച്ചത്. അന്ന് മാന്നാനം പ്രിയോർ ആയിരുന്നത് വലിയ ചാണ്ടിച്ചനാണ്.[8]

ചാവറയച്ചന്റെ മരണശേഷം 1873-ൽ സഭയുടെ പൊതുസംഘം കൂടി പലതീരുമാനങ്ങളും എടുത്തെങ്കിലും മിഷനറിമാരുടെ താൽപര്യത്തിനനുസരിച്ചുണ്ടാക്കിയ ഒരു നിയമാവലി അംഗീകരിപ്പിച്ച് നടപ്പിലാക്കാൻ ശ്രമിച്ചു. സഭാംഗങ്ങൾ അത് അംഗീകരിക്കാതെ വന്നതിനുശേഷം 1877-ൽ വീണ്ടുമൊരു പൊതുസംഘം കൂടി. അന്നത്തെ സഭയുടെ ഡലഗേറ്റു കൂടിയായിരുന്ന മർസലിൻ മെത്രാന്റെ നിർദ്ദേശപ്രകാരം സഭയുടെ ഏറ്റവും പൂർവ്വികന്മാരായ നാലുപേരുടെയെങ്കിലും കൈയ്യൊപ്പോടെ സഭയുടെ നിയമാവലി ഉണ്ടാക്കി അയച്ചുകൊടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. ആദ്യപതിനൊന്നു പേരിൽ ഒരുവനായ ചാണ്ടിയച്ചനും നിയമാവലി രൂപീകരണത്തിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയായിരുന്നു.

1885-ൽ കൂടിയ സഭയുടെ പൊതുസംഘത്തിലുടെ വരുത്തിയ മാറ്റപ്രകാരം മാന്നാനം ആശ്രമത്തിന്റെ ആദ്യപ്രിയോരായി ചാണ്ടിയച്ചനെയാണ് നിശ്ചയിച്ചത്. അതുവരെ എല്ലാ സ്ഥാപനങ്ങളുടെയും പൊതുചുമതലയുള്ള ഒരാൾ മാത്രമായിരുന്നു പൊതുപ്രിയോർ എന്ന പേരിൽ ഉണ്ടായിരുന്നത്.

1890-ൽ തിരുസിംഹാസനത്തിലെ അംഗീകാരത്തിനായി അയച്ച സഭാനിയമങ്ങൾ 1893-ൽ ആറുകൊല്ലത്തേയ്ക്കായി ഉറപ്പിക്കപ്പെട്ടു. അതിൻപ്രകാരം ജനറലിന്റെ കൗൺസിലിലേക്കായി നാലുപേരെ തിരഞ്ഞെടുത്തു. ഇങ്ങനെ ചാണ്ടിയച്ചനും, പാറപ്പുറത്തച്ചനും, ഔസേപ്പ് യോഹന്നാനച്ചനും, ഗീവർഗ്ഗിസ് മറിയമച്ചനും ദഫനിറ്റേഴ്സ് ജനറൽമാർ ആയി.

1902-ൽ വലിയ ചാണ്ടിയച്ചൻ സി.എം.ഐ. സഭയുടെ ആദ്യത്തെ ഏതദ്ദേശീയ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. 1905-ൽ കൂടിയ പൊതുസംഘം അദ്ദേഹത്തെ വീണ്ടും ജനറാളായി തെരഞ്ഞെടുത്തു. പൊതുസംഘ നിശ്ചയപ്രകാരം സഭയുടെ പ്രധിനിധിയായി കട്ടക്കയം കൊച്ചുചാണ്ടിയച്ചൻ റോമിൽ ചെന്ന് മാർപ്പാപ്പയ്ക്ക് നേരിട്ടു

നിവേദനം സമർപ്പിച്ചതിന്റെ ഫലമായി 1906-ൽ സഭയുടെ നിയമാവലി ശാശ്വതമായി അംഗീകരിച്ചു കിട്ടുകയുണ്ടായി. 1908-ൽ വലിയ ചാണ്ടിയച്ചൻ ജനറൽ സ്ഥാനത്തു നിന്നു വിരമിക്കുകയും ചെയ്തു.[9]

ആത്മീയരംഗത്തെ വലിയ ചാണ്ടിയച്ചൻ

തന്റെ സന്യാസ-പൗരോഹിത്യ ജീവിതത്തിന്റെ ആദ്യനാളുകളിൽ മലമ്പനി ബാധിച്ചതുമൂലം മരണത്തെ മുഖാമുഖം കണ്ട ചാണ്ടിയച്ചൻ നേർന്നു, ജീവൻ തിരിച്ചുകിട്ടിയാൽ ആജീവനാന്തം ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി ജീവിതത്തെ സമർപ്പിച്ചുകൊള്ളാമെന്ന്. ഈ വാഗ്ദാനമനുസരിച്ചു പരിശുദ്ധ കുർബാനയുടെ സന്നിധിയിൽ നിന്ന് ആത്മീയ ജീവൻ പ്രാപിക്കുകയും മരണം വരെ ആത്മാക്കളെ രക്ഷിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

വ്രതം ചെയ്തു നോവിഷ്യേറ്റു കാലം കഴിഞ്ഞ ഉടനെ ചാണ്ടിയച്ചന്റെ ആത്മീയതയും പ്രസംഗപാടവവും മനസ്സിലാക്കിയ മെത്രാപ്പോലീത്താച്ചൻ ചാണ്ടിയച്ചനെ വരാപ്പുഴ സെമിനാരിയിലെ ആത്മീയ ഉപദേശകനായി നിയമിച്ചു. സി.എം.ഐ. സഭയുടെ ഏററവും വലിയ ധ്യാനഗുരുക്കളിലൊരുവനായി തുടർന്നുള്ള ജീവിതത്തിൽ അദ്ദേഹം അറിയപ്പെട്ടു. തന്റെ ആദ്യകാലപ്രവർത്തനരംഗങ്ങളിൽ ഒന്നായ ഏൽത്തുരുത്തിലായിരുന്നപ്പോൾ തൃശൂർ പ്രദേശങ്ങളിലുള്ള എല്ലാ പള്ളികളിലും ഞായറാഴ്ച പ്രസംഗത്തിനായി അദ്ദേഹത്തെ ക്ഷണിക്കുമായിരുന്നു.

1861-ലും 1874-ലും കേരള സഭയിലുണ്ടായ റോക്കോസ്, മേലൂസ് ശീശ്മകളുടെ കാലത്ത് ചാവറയച്ചന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ശീശ്മക്കെതിരെ ധീരമുന്നേററം നടത്തിയവരിൽ ഒരാളാണ് ചാണ്ടിയച്ചൻ. പ്രത്യേകിച്ചും മേലൂസ് ശീശ്മയുടെ കാലത്ത് ശാരീരികമായും മാനസ്സീകമായും വളരെയധികം ക്ലേശങ്ങൾ അദ്ദേഹത്തിനും സഹസന്യാസികൾക്കും ഉണ്ടായിട്ടുണ്ട്. ഏൽത്തുരുത്ത് ആശ്രമം പിടിച്ചെടുക്കുവാൻപോലും ശീശ്മക്കാർ ശ്രമം നടത്തിയിട്ടുണ്ട്.[10]

ധ്യാനടീമിൽ തന്നോടൊത്തു പലപ്പോഴും സഹപ്രവർത്തകനായിരുന്ന വടക്കയിൽ ഹിലാരിയോസച്ചൻ വലിയ ചാണ്ടിയച്ചനെക്കുറിച്ച് ഒരു ചരിത്രം എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം

സൂചിപ്പിക്കുന്നത് വരാപ്പുഴ വികാരിയാത്തിന്റെ കീഴിലുണ്ടായിരുന്ന ലത്തീൻ, സുറിയാനി റീത്തിൽപ്പെട്ട മിക്കവാറും പള്ളികളിലും ചാണ്ടിയച്ചന്റെ നേതൃത്വത്തിൽ ജ്ഞാനധ്യാനങ്ങൾ നടത്തിയിട്ടുണ്ട് എന്നാണ്. അദ്ദേഹം തിരുവനന്തപുരത്തേക്ക് പോകുന്ന അവസരങ്ങളിൽ കുഷ്ഠരോഗാശുപത്രിയിലും, സെൻട്രൽ ജയിലിലും പോവുക പതിവായിരുന്നുവെന്നും, കത്തോലിക്കർക്കായി ജയിലിൽ കുർബാന ചൊല്ലുകയും കുമ്പസാരിപ്പിക്കുകയും ചെയ്യുമായിരുന്നു എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

വലിയ ചാണ്ടിയച്ചൻ പല മദ്യപാനികളെയും, ദുർവൃത്തരേയും, വിശ്വാസവും ഭക്തിയും ഇല്ലാത്തവരെയും ഉപദേശിച്ച് ജീവിതവ്യതിയാനം വരുത്തുകയും അങ്ങനെയുള്ള പലരുടെയും മരണകട്ടിലിനടുത്തുനിന്ന് അവരെ നല്ല മരണത്തിന് ഒരുക്കിയിട്ടുണ്ടെന്നും ഹിലാരിയോസച്ചൻ അനുഭവസാക്ഷ്യം നൽകുന്നുണ്ട്.

1873-ൽ ചങ്ങനാശ്ശേരിയിൽ നടത്തിയ ധ്യാനത്തെക്കുറിച്ച് ചരിത്രകാരനായ ബർണാർഡച്ചനും സാക്ഷ്യം പറയുന്നുണ്ട്. ധ്യാനത്തിൽ എതാണ്ടു 5,000-ത്തോളം ആളുകൾ പങ്കെടുത്തിരുന്നു. ധ്യാനത്തിന്റെ ഭാഗമായി കൂരിശുരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഇടയ്ക്കിടക്കു നിർത്തി അവിടെവച്ച് വലിയ ചാണ്ടിയച്ചൻ കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചു ഹൃദയസ്പർശിയായി പ്രസംഗിച്ചു. ജനങ്ങൾ മനസ്സിളകി ദുഃഖാധിക്യത്താൽ വാവിട്ടു കരഞ്ഞു എന്നു തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ധ്യാനത്തിൽ പങ്കെടുത്ത ശേഷമാണ് ബർണാർഡച്ചൻ സഭയിൽ ചേർന്നതെന്നും അദ്ദേഹം സാക്ഷിക്കുന്നുണ്ട്.[11]

1870-ൽ ചാവറയച്ചൻ ചാണ്ടിയച്ചനെഴുതിയ ഒരെഴുത്തിൽ നിന്നു മനസ്സിലാവുന്നത് തിരുഹൃദയഭക്തി കേരളത്തിൽ പ്രചരിപ്പിക്കുവാൻ കാരണക്കാരൻ വലിയ ചാണ്ടിയച്ചനാണെന്നാണ്. കാരണം, ചാവറയച്ചൻ ആരംഭിച്ച നന്മരണ സഖ്യവും ചാണ്ടിയച്ചൻ നടത്താനാഗ്രഹിക്കുന്ന തിരുഹൃദയ സഭയോടു ചേർത്തു നടത്തണമെന്നും അതിനാൽ മെത്രാന്റെ അടുത്തുനിന്നും രണ്ടിനുമായി അനുവാദം വാങ്ങിത്തരാമെന്നും ചാവറയച്ചൻ ആ എഴുത്തിൽ സൂചിപ്പിക്കുന്നുണ്ട്.[12]

മാന്നാനത്തു നിന്ന് ചാവറയച്ചനെയും ചാണ്ടിയച്ചനെയും പോലുള്ള മറ്റ് അച്ചന്മാരുടെയും നേതൃത്വത്തിൽ മിഷനറി

മൂപ്പൻമാരുടെ സഹകരണത്തോടെ നടത്തിയിരുന്ന ധ്യാനങ്ങൾക്ക് വ്യക്തമായ ഒരു ക്രമവും വിഷയങ്ങളും ഉണ്ടായിരുന്നു. ധ്യാനം പത്തു ദിവസം വരെ നീണ്ടുപോകുമായിരുന്നു. ധ്യാനത്തിന്റെ അവസാനദിവസം തിരുഹൃദയസഭ, വെന്തിങ്ങസഭ, കൊന്തസഭ എന്നിങ്ങനെ പല ഭക്തസംഘടനകളിലും ജനങ്ങളെ ചേർക്കുമായിരുന്നു. തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിൽ ചാണ്ടിയച്ചന് പ്രത്യേക താൽപര്യവും ഉണ്ടായിരുന്നു.[13]

പ്രായം ചെന്നവർക്കു മാത്രമല്ല കുട്ടികൾക്കു വേണ്ടിയും ധ്യാനം നടത്തുകയും കൊച്ചുകുട്ടികളെ ആദ്യകുർബാന സ്വീകരണത്തിനൊരുക്കി വിശുദ്ധ കുർബാന സ്വീകരിപ്പിക്കുകയും തുടർന്നു മക്കളെ എങ്ങിനെയാണ് വളർത്തേണ്ടതെന്ന് മാതാപിതാക്കൾക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്യുമായിരുന്നു. കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന്റെ ക്രമങ്ങളെക്കുറിച്ച് ഹിലാരിയോസച്ചൻ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

"കുർബാന കൈക്കൊള്ളുവാനുള്ള ദിവസം രാവിലെ കുട്ടികളെ വിശേഷവസ്ത്രങ്ങൾ, ഉടുപ്പുകൾ, മുടി മുതലായവ ധരിപ്പിച്ച് വാദ്യമേള സംഗീതങ്ങളോടുകൂടി ഘോഷയാത്രയായി പള്ളിയിലേക്കാനയിക്കും. പ്രദക്ഷിണത്തിന്റെ മുൻനിരയിൽ ഒരു തൂങ്ങപ്പെട്ട രൂപവും ഉണ്ടായിരിക്കും. കുട്ടികൾ കൈകളിൽ തിരിക്കാലുകളും പിടിച്ചിരിക്കും. സ്വരവാസനയുള്ള കുട്ടികൾ ചേർന്നു പാട്ടുകൾ പാടുകയും ചെയ്യും. ഇങ്ങനെ പള്ളിയിൽ പ്രവേശിച്ചാലുടൻ വിശുദ്ധ കുർബാനയുടെ മഹത്വത്തെപ്പറ്റിയും, അയോഗ്യതയോടെ കുർബാന കൈക്കൊണ്ടാലുള്ള ദൂഷ്യത്തെപ്പറ്റിയും അദ്ദേഹം ഒരു ചെറിയ പ്രസംഗം പറയും. പിന്നീട് കുട്ടികൾക്കായി ഒരു കുർബാനയാണ്. അനന്തരം കുട്ടികൾക്ക് ചില സാക്ഷിപത്രങ്ങളും രൂപങ്ങളും ഓർമ്മക്കായി കൊടുക്കും. സൗകര്യം പോലെ കുട്ടികൾക്ക് ഒരു ചായ സൽക്കാരവും നടത്തിയിരിക്കും. ഈ വിധത്തിലുള്ള ധ്യാനകർമ്മങ്ങൾ നമ്മുടെ മലയാള നാട്ടിൽ നടപ്പാക്കിയത് നമ്മുടെ പിതാവാകുന്നു (കട്ടക്കയം വലിയ ചാണ്ടിയച്ചൻ). ഇതെഴുതുന്ന ആൾ പല പ്പോഴും ഇദ്ദേഹത്തിന്റെ കൂടെ ധ്യാനിപ്പിച്ചിട്ടുള്ള ദൃക്സാക്ഷിയാണ്".

പലകാര്യങ്ങൾക്കും നേതൃത്വമെടുക്കുകയും, നവീകരണപ്രവർത്തനങ്ങളിൽ എപ്പോഴും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന ചാണ്ടിയച്ചന്റെ ജീവിതം വളരെ ലളിതമായിരുന്നു. എളിമയും

വിധേയത്വവും തന്റെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. വാർദ്ധക്യത്തിലെത്തിയിട്ടും സമൂഹ ജീവിതത്തിലെ കൂട്ടക്രമങ്ങളിൽ പങ്കെടുക്കുന്നതിൽ അദ്ദേഹം വളരെ തൽപരനായിരുന്നു. ധ്യാനത്തിന് പള്ളികളിൽ പോകുമ്പോഴും, യാത്രയിൽ വണ്ടിയിലോ, വള്ളത്തിലോ ആയിരുന്നാലും കൊന്ത നമസ്ക്കാരം, ധ്യാനം തുടങ്ങിയവ അദ്ദേഹം മുടക്കാറില്ലായിരുന്നു. എത്ര വലിയ കാറ്റും കോളും നിറഞ്ഞ കായലിൽ കൂടി പോകേണ്ടിവന്നാലും കൊന്തയെടുത്ത് പ്രാർത്ഥന തുടങ്ങിക്കൊണ്ട് വള്ളം വിട്ടുകൊള്ളാൻ വേലക്കാരോടു പറയും . ഇതായിരുന്നു ചാണ്ടിയച്ചൻ എന്നു ഹിലാരിയോസച്ചന്റെ ചരിത്രത്തിൽ കാണുന്നുണ്ട്.[14]

സംഘാടകനായ വലിയ ചാണ്ടിയച്ചൻ

വലിയചാണ്ടിയച്ചന്റെ നേതൃത്വപാടവം എല്ലാരംഗങ്ങളിലും എടുത്തു പറയാവുന്നതാണ്. ആത്മീയതലത്തിലും, സാമൂഹ്യതലത്തിലും അദ്ദേഹത്തിന്റെതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ നേതൃത്വപാടവം അംഗീകരിക്കപ്പെട്ട സമയമായിരുന്നു മേലൂസ് ശീശ്മയുടെ സമയം. കണ്ടശാംകടവു പള്ളിയിൽ ധ്യാനിപ്പിച്ചുകൊണ്ടിരുന്ന ചാണ്ടിയച്ചനോട് റോക്കോസ് ശീശ്മയോട് എതിർത്തതുപോലെ മേലൂസ് ശീശ്മയോടു യുദ്ധം ചെയ്യണമെന്നും അതിനായി ഉടനെ ഏൽത്തുരുത്തിലേക്ക് പോകണമെന്നും വരാപ്പുഴ മെത്രാപ്പോലീത്ത ആജ്ഞാപിച്ചു. ചാണ്ടിയച്ചൻ തൃശൂർ വ്യാകുലമാതാ പള്ളിയിലെത്തി, വികാരിയും, കൂട്ടുകാരനും പാലാക്കാരനുമായ പുത്തേട്ടച്ചനെ കണ്ടു. തന്റെ വാക്കുകളെ വകവെയ്ക്കാതെ അദ്ദേഹം ശീശ്മയിൽ തന്നെ തുടർന്നു. തൃശൂരുള്ള എകപള്ളിയായ വ്യാകുലമാതാപള്ളി നഷ്ടമായതിൽ വ്യസനിച്ച് ചാണ്ടിയച്ചൻ, കാപ്പിലച്ചൻ, ചിറമേൽ തരകൻ തുടങ്ങി ഏതാനും പേർ ആലോചിച്ച് തൃശൂരുള്ള റൊട്ടിക്കാരൻ പാപ്പുവിന്റെ കുറച്ചു സ്ഥലം വാങ്ങി അവിടെയൊരു പള്ളി ആരംഭിച്ചു. ഞായറാഴ്ചതോറും ചാണ്ടിയച്ചനും മറ്റച്ചന്മാരും ഏൽത്തുരുത്തുനിന്ന് അവിടെചെന്ന് കുർബാന ചൊല്ലുകയും ആ നാട്ടുകാരുടെ ആത്മീയ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. തന്നോടൊപ്പമുണ്ടായിരുന്ന പല്ലാട്ടച്ചൻ ഏൽത്തുരുത്തിനെതിരായി ജനങ്ങളെ ഇളക്കിവിടുകയും, ഭീഷണിപ്പെടുത്തുകയും, ദേഹോപദ്രവം ചെയ്യുവാൻ ശ്രമിക്കുകയും ഏൽത്തുരുത്ത് ആശ്രമം പിടിച്ചെടുക്കാൻ

ആസൂത്രണം ചെയ്യുകയും ചെയ്തു. തൃശൂർ ജില്ലാ മജിസ്ട്രേറ്റിന്റെ യടുത്ത് പരാതിപ്പെട്ടതിനു ശേഷമാണ് ഏൽത്തുരുത്തിൽ പിടിച്ചു നിൽക്കാൻ സാധിച്ചത്.[15]

നാട്ടുമെത്രാനുവേണ്ടിയുള്ള പരിശ്രമത്തിൽ സി.എം.ഐ. സഭയ്ക്ക് ഏഴു യുവവൈദികരെ നഷ്ടപ്പെട്ടു. സഭയുടെ ഏഴു യുവ-വ്യാകുലങ്ങൾ!, കേരളസഭ വളരെ കലുഷിതമായ ഒരു അന്തരീക്ഷത്തിലൂടെ കടന്നു പോകുമ്പോഴാണ് റോമിൽ നിന്നും കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിക്കുവാൻ മാർപ്പാപ്പയുടെ അപ്പസ്തോലിക് വിസിറ്ററായി ലെയോ മെവുറിൻ മെത്രാൻ 1876 മാർച്ചു മാസം കേരളത്തിലെത്തിയത്. സുറിയാനിക്കാർക്ക് സ്വദേശി മെത്രാനെ കൊടുത്താൽ വരാപ്പുഴയുടെ എല്ലാ അധികാരവും നഷ്ടപ്പെടുമെന്ന് തിരിച്ചറിഞ്ഞ അധികാരികൾ, ചാണ്ടിയച്ചനെ അവരോടു ചേർന്നു നിൽക്കുമെന്ന പ്രതീക്ഷയോടെയും, മാന്നാനത്തെ കേന്ദ്രീകരിച്ചുള്ള പരിശ്രമങ്ങളെ തകർക്കണമെന്ന ലക്ഷ്യത്തോടെയും അദ്ദേഹത്തെ മാന്നാനം ആശ്രമത്തിന്റെ സുപ്പീരിയർ ആയി മെയ് മാസത്തിൽ നിശ്ചയിച്ചു. പൊതുപ്രിയോരായിരുന്ന കുര്യാക്കോസ് ഏലീശാച്ചനോടു ചേർന്നുനിന്ന് ചാണ്ടിയച്ചൻ മറ്റു വൈദികരുടെയും ജനങ്ങളുടെയും സഹകരണത്തോടെ മെവുറിൻ മെത്രാനെ മാന്നാനത്ത് ആഘോഷമായി സ്വീകരിച്ചു. 136 വൈദികരും 350-ലേറെ ജനപ്രതിനിധികളും ചേർന്നു മെയ് 23 മുതൽ 26 വരെ നടത്തിയ മാന്നാനം സമ്മേളനം വൻ വിജയമാക്കി മാറ്റി. സഭയുടെ മാതൃഭവനത്തിന്റെ സുപ്പീരിയർ സ്ഥാനം ഏൽപ്പിച്ചാൽ ശത്രുപാളയത്തിലേക്കു കിട്ടുമെന്നു വിചാരിച്ചു വരാപ്പുഴ അധികാരികൾ നടത്തിയ ശ്രമം പാടെ പൊളിഞ്ഞുവെന്നു മാത്രമല്ല സ്വദേശി മെത്രാനെ ലഭിക്കാനുള്ള വലിയൊരു സാധ്യതയുമായിത്തീർന്നു. താമസിയാതെ സുറിയാനിക്കാരുടെ കാര്യങ്ങൾ നോക്കുവാൻ മർസലിൻ മിഷനറിയെ വരാപ്പുഴയുടെ കോ-അഡ്ജൂത്തോർ മെത്രാനായി നിയമിച്ചു.

മേലൂസ് മെത്രാന്റെ കൂടെ തൃശൂർ പള്ളിമേടയിൽ കഴിഞ്ഞിരുന്ന മാർ യാക്കോബിനെ മാനസാന്തരപ്പെടുത്തിയെടുക്കാൻ ചാണ്ടിയച്ചനും നിധീരിക്കൽ മാണിയച്ചനും നടത്തിയ പരിശ്രമങ്ങളും അവർ നേടിയ വിജയവും വിശദീകരണാർഹമാണ്.[16]

1886-ൽ ഇൻഡ്യയുടെ ആദ്യ അപ്പസ്തോലിക് ഡലഗേറ്റായി കേരളത്തിലെത്തിയ ആന്റണി അലിയാർഡി മെത്രാപ്പോലീത്തയെ

സുറിയാനിക്കാർ ഒരുമിച്ച് സ്വീകരിച്ചത് മാന്നാനത്തായിരുന്നു. ഇതിനു തൊട്ടുമുമ്പായിരുന്നു ചാണ്ടിയച്ചനെ വീണ്ടും മാന്നാനത്തെ പ്രിയോരായി നിയമിച്ചത്. മാന്നാനത്ത് അതിഗംഭീരമായ സ്വീകരണം ലഭിച്ച മെത്രാപ്പോലീത്ത വിളിച്ചു ചോദിച്ചു: "ഇനി മാർപ്പാപ്പ തന്നെ ഇവിടെ എഴുന്നള്ളിയാൽ ഇതിൽക്കൂടുതൽ എന്താണു ചെയ്യാനുള്ളത്". മാർപ്പാപ്പയ്ക്കു നൽകുവാൻ ഡലഗേറ്റിനെ ഏൽപിച്ച നിവേദനത്തിന്റെ പിന്നാലെയാണ് സുറിയാനി സഭയ്ക്ക് രണ്ട് വികാരിയാത്തുകൾ ഉണ്ടായത്.[17]

സുറിയാനി കത്തോലിക്കരുടെ ആദ്യ ദിനപത്രമായ ദീപികയുടെ ഉൽഭവത്തിലും ചാണ്ടിയച്ചന് വലിയൊരു പങ്കുണ്ട്. നിധീരിക്കൽ മാണിക്കത്തനാരാണ് ഇതിനുള്ള ആശയ രൂപീകരണത്തിലെ പ്രധാന വ്യക്തിയെങ്കിലും അദ്ദേഹത്തോടു ചേർന്നുനിന്നുകൊണ്ട് മാന്നാനം പ്രിയോരായിരുന്ന ചാണ്ടിയച്ചനും അതുവരെ സഭയുടെ പൊതുപ്രിയോർ ആയിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചനും സഹകരിച്ചില്ലായിരുന്നുവെങ്കിൽ മാന്നാനം പ്രസ്സിലൂടെ അങ്ങനെയൊരു ദിനപത്രം പുറത്തു വരികയില്ലായിരുന്നുവെന്നത് ഒരു ചരിത്രസത്യമാണ്. 1887 ഏപ്രിൽ 15-ന് പുറത്തിറങ്ങിയ നസ്രാണിദീപിക സമുദായോദ്ധാരണത്തിലും കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്ക്കാരിക വളർച്ചയിലും നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട് എന്നു ചരിത്രം തെളിയിക്കുന്നു.[18]

സുറിയാനിക്കാർക്കായി കേരളത്തിൽ രണ്ടു വികാരിയാത്തുകൾ മാർപ്പാപ്പ അനുവദിച്ചപ്പോൾ അതിനോടു ബന്ധപ്പെടുത്തിയുള്ള ഔദ്യോഗിക അറിയിപ്പ്, കോട്ടയം വികാരിയാത്തിനെക്കുറിച്ചുള്ളത്, ചാണ്ടിയച്ചന്റെ പേരിൽ മാന്നാനത്ത് സ്വീകരിക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിനു തന്നെയാണ് ലഭിച്ചത്. മാത്രമല്ല, 1888-ൽ മാന്നാനം ആസ്ഥാനമാക്കിക്കൊണ്ട് കോട്ടയം വികാരിയാത്തിലേയ്ക്ക് കടന്നുവന്ന കാർലോസ് ലെവീഞ്ഞു മെത്രാനെ മാന്നാനത്ത് സ്വീകരിക്കാൻ ഉള്ള ഭാഗ്യവും മറ്റു വൈദികരോടൊപ്പം അദ്ദേഹത്തിനു ലഭിച്ചു.[19]

കേരളസഭയുടെയും, സി.എം.ഐ. സഭയുടെയും വളർച്ചയിൽ വിശ്രമരഹിതമായി പങ്കുവെച്ച സേവനങ്ങൾക്ക് വലിയൊരംഗീകാരം വലിയ ചാണ്ടിയച്ചനു ലഭിച്ചു. 1892-ൽ ലെയോ 13-ാമൻ മാർപ്പാപ്പ മിഷനറി അപ്പസ്തോലിക്ക് എന്ന ബഹുമതി നൽകി ചാണ്ടിയച്ചനെ

ആദരിച്ചു. ഈ ബഹുമതി ഇതിനുമുമ്പ് ഭാരതസഭയിൽ ആർക്കും ലഭിച്ചിട്ടില്ല എന്നതും സ്മരണാർഹമാണ്.

1903-ൽ ചാണ്ടിയച്ചന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിക്കാൻ അദ്ദേഹത്തിന് ഭാഗ്യം കിട്ടി. ഈ അവസരത്തിൽ ക്രോച്ചേ ബെനേമെരേൻസാ (Croce Benemerenza) എന്ന കീർത്തിമുദ്ര അദ്ദേഹത്തിന് മാർപ്പാപ്പയിൽ നിന്ന് വീണ്ടും ലഭിക്കുകയുണ്ടായി.[20]

ശ്രീമൂലം തിരുനാൾ മഹാരാജാവിനെ വലിയ ചാണ്ടിയച്ചൻ പലപ്പോഴും സന്ദർശിക്കാറുണ്ടായിരുന്നു. യാത്ര പറഞ്ഞു പിരിയുമ്പോൾ 'മുനിയെ താമസിയാതെ കാണാൻ ആഗ്രഹമുണ്ട്.' എന്ന് രാജാവ് ആവശ്യപ്പെടുമായിരുന്നു. ഇതുപോലെ കേരളവർമ്മ വലിയ കോയിത്തമ്പുരാനും ചാണ്ടിയച്ചനും സ്നേഹിതരായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം ഒരിക്കൽ വലിയകോയിത്തമ്പുരാൻ മാന്നാനം സന്ദർശിച്ചപ്പോൾ അവർ കെട്ടിപ്പിടിച്ചാലിംഗനം ചെയ്യുന്നത് കണ്ടതായും ഹിലാരിയോസച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. സെന്റ് എഫ്രേംസ് സ്കൂളിന് തമ്പുരാൻ പ്രത്യേക ഗ്രാന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.[21]

വലിയ ചാണ്ടിയച്ചന്റെ മരണം

1908 ഡിസംബർ മാസത്തിൽ വലിയ ചാണ്ടിയച്ചൻ പ്രിയോർ ജനറൽ സ്ഥാനത്തു നിന്ന് വിമുക്തനായി. അപ്പോൾ അദ്ദേഹത്തിന് 81-വയസ്സുണ്ടായിരുന്നു. 1909 ആഗസ്റ്റു മാസത്തിൽ അദ്ദേഹം ആലപ്പുഴ മാർ സ്ലീവാ പള്ളിയിൽ ഒരു ധ്യാനം നടത്തി. കിഴക്കൻ പ്രദേശങ്ങളിൽ നിന്നും പലരും ധ്യാനത്തിനാവശ്യപ്പെട്ടതിനാൽ വിളക്കുമാടം പള്ളിയിൽ പോയി ധ്യാനം തുടങ്ങി. അവിടെവച്ച് അദ്ദേഹത്തിന് കൂടുതൽ ക്ഷീണം അനുഭവപ്പെട്ടിരുന്നുവെങ്കിലും അതു പരിഗണിക്കാതെ അദ്ദേഹം തിടനാട് പള്ളിയിലേക്ക് ധ്യാനിപ്പിക്കാൻ പോയി. അവിടെ വച്ച് അദ്ദേഹത്തിന് അസുഖം കലശലായി.

അരുവിത്തുറയുള്ള ആറ്റുകടവുവരെ ജനങ്ങളും വൈദികരും ചേർന്ന് അദ്ദേഹത്തെ മഞ്ചത്തിൽ വഹിച്ചു. വള്ളത്തിൽ അദ്ദേഹം പാലാ വലിയ പള്ളിക്കടവിലെത്തി. അപ്പോഴേക്കും രോഗവിവരമറിഞ്ഞു

അവിടെ വളരെയധികം ആളുകൾ തിങ്ങിക്കൂടിയിരുന്നു. അവിടെ താമസിച്ച് ചികിൽസിച്ച് സുഖമായിട്ട് ആശ്രമത്തിലേക്ക് പോയാൽ മതി എന്നവർ നിർബന്ധിച്ചുവെങ്കിലും അദ്ദേഹം മുത്തോലി ആശ്രമത്തിലേക്ക് പോയി. അവിടെ രണ്ടു മൂന്നു ദിവസം താമസിച്ചു ചികിൽസിച്ചിട്ടും രോഗത്തിനു കുറവൊന്നും കാണായ്കയാൽ അദ്ദേഹത്തെ മാന്നാനത്തേക്കു കൊണ്ടുപോയി.

ഇതിനകം പത്രങ്ങൾ മുഖേന വലിയ ചാണ്ടിയച്ചന്റെ രോഗ വിവരമറിഞ്ഞ് അകലങ്ങളിൽ നിന്നുപോലും ധാരാളം വൈദികരും ജനങ്ങളും രോഗിയെ സന്ദർശിക്കാനെത്തി. രോഗത്തിന്റെ കുറവ് കാണാതിരുന്നതിനാൽ രോഗീലേപനവും നടത്തി. സെപ്തംബർ 20-ാം തിയ്യതി വരാപ്പുഴ മെത്രാപ്പോലീത്ത മാന്നാനത്തു വന്ന് ഉത്തരീയത്തിന്റെ ദോഷപൊറുതി നൽകി.

ഒക്ടോബർ 1-ാം തിയ്യതി അനന്തരവനായ കൊച്ചു ചാണ്ടിയച്ചൻ അമലോത്ഭവ മാതാവിന്റെ ദോഷപൊറുതിയും 2-ാം തിയ്യതി പ്രിയോർ ലൂയിസച്ചൻ ജപമാലയുടെ ദോഷപൊറുതിയും ചാണ്ടിയച്ചനു നൽകി. മനസ്താപപ്രകരണങ്ങളും സുകൃതജപങ്ങളും ചൊല്ലിക്കൊടുക്കുമ്പോൾ ഭക്തിപാരവശ്യം പ്രകടിപ്പിക്കുകയും അദ്ദേഹം കണ്ണീർ പൊഴിക്കുകയും ചെയ്യുമായിരുന്നു. 1909 ഒക്ടോബർ 7-ാം തിയ്യതി രാവിലെ മഹാനായ വലിയ ചാണ്ടിയച്ചൻ അനേകം വൈദികരുടെയും ജനങ്ങളുടെയും പ്രാർത്ഥനാ മദ്ധ്യേ കർത്താവിൽ അഭയം പ്രാപിച്ചു.

മരണമണിനാദം കേട്ടതു മുതൽ വൈദികർ അദ്ദേഹത്തിനു വേണ്ടി കുർബാനകൾ ചൊല്ലി കാഴ്ചവെച്ചു. മൃതസംസ്ക്കാരം അടുത്ത ദിവസമായിരുന്നു. കിഴക്കേക്കര മത്തായി അച്ചന്റെ നേതൃത്വത്തിൽ റാസകുർബാന നടത്തി. ചരമപ്രസംഗം പറഞ്ഞത് ലെയൊനാർദ് അച്ചനായിരുന്നു. വലിയ ചാണ്ടിയച്ചന്റെ നഗരികാണിക്കൽ ശുശ്രൂഷയ്ക്ക് പലപള്ളികളിൽ നിന്നും പൊൻ-വെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ എന്നിവ ധാരാളം കൊണ്ടുവന്നിരുന്നു. ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക് മാക്കിൽ മെത്രാൻ മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്തി. അതിനുമുമ്പ് മാന്നാനം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ സംസ്ക്കാരശുശ്രൂഷയായിരുന്നു ചാണ്ടിയച്ചനു ലഭിച്ചത്.

വലിയ ചാണ്ടിയച്ചൻ പ്രസംഗിച്ചുകൊണ്ടു മരിക്കും എന്നു കാർലോസ് ലെവീഞ്ഞു മെത്രാൻ പ്രവചിച്ചത് അന്വർത്ഥമായി. തിടനാട് പ്രസംഗവേദിയിൽ നിന്ന് രോഗിയായി ചാണ്ടിയച്ചനെ മാന്നാനത്തേക്കു കൊണ്ടുവന്നു. ആ രോഗത്താൽ തന്നെ അദ്ദേഹം മരിക്കുകയും ചെയ്തു:


മാക്കിൽ മെത്രാൻ ചങ്ങനാശ്ശേരി വികാരിയാത്തിലെ എല്ലാ ഫൊറോനാ പള്ളികളിലേക്കും ഇങ്ങനെ എഴുതി സർക്കുലർ അയച്ചു.

"നമ്മുടെ ആജ്ഞയിൻ കീഴിലുള്ള ഏഴു ഫൊറോനാ പള്ളികളിലേയും വികാരിമാർക്ക് ആശീർവാദം. നമ്മുടെ ക.നി.മു.സ. സന്യാസികളുടെ ആരംഭക്കാരിൽ ഒരുവനും, അനേകവർഷങ്ങളായി ഈ മലയാളത്തിലുള്ള എല്ലാ പള്ളികളിലും തന്റെ ജ്ഞാനധ്യാനം കൊണ്ടും, പ്രസംഗം കൊണ്ടും, സദുപദേശം, കുമ്പസാരം ആദിയായ വകൊണ്ടും അനവധി ജനങ്ങൾക്ക് ഉപകാരം ചെയ്തിട്ടുള്ളതിനെ വിശുദ്ധ സിംഹാസനത്തിൽ നിന്നുകൂടെയും അറിഞ്ഞ് 'മിഷനറി അപ്പസ്തോലിക്' എന്ന സ്ഥാനമഹിമ നൽകപ്പെടുവാൻ യോഗ്യനുമായി കഴിഞ്ഞു പോയ പെരിയ ബഹുമാനപ്പെട്ട വലിയ ചാണ്ടിയച്ചൻ നമ്മുടെ പൊതു കൃതജ്ഞതയ്ക്ക് അർഹതയുള്ളവനായി നാം വിചാരിക്കുന്നതിനാൽ, അദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം ഏഴു ഫൊറോനാ പള്ളികളിലും പള്ളിച്ചെലവിൻമേൽ ഒരു പാട്ടു കുർബാനയും ചെറിയ ഒപ്പീസും അദ്ദേഹം മരിച്ചിട്ട് അടക്കം ചെയ്യപ്പെട്ടതിന്റെ മുപ്പതാം ദിവസമായ അടുത്ത മാസം ആറാം തിയ്യതി ശനിയാഴ്ച നടത്തിക്കൊള്ളണം.

ചങ്ങനാശ്ശേരി വികാ.അപ്പ. മാക്കിൽ മത്തായി മെത്രാൻ."[22]

വലിയ ചാണ്ടിയച്ചന്റെ മരണശേഷം കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എഴുതിയറിയിച്ചത് ഇപ്രകാരമായിരുന്നു: "നമ്മുടെ ഉത്തമ സ്നേഹിതനും സാക്ഷാൽ ഗുണകാംക്ഷിയുമായ ഇദ്ദേഹത്തിന്റെ ദേഹവിയോഗത്തെപ്പറ്റി കേട്ടു ഞാൻ അത്യന്തം വ്യസനിക്കുന്നു. ഇത്ര വലിയ നഷ്ടത്തെക്കുറിച്ച് നിങ്ങളോടു കൂടി നിർവ്യാജമായി സഹതപിക്കുകയും ചെയ്യുന്നു"[23].

ഫാദർ മാണി കണിയാരകത്ത്



1823 - 1911

ഭാരതസഭയുടെ ചരിത്രത്തിൽ പലരും സന്യാസജീവിതം ആഗ്രഹിച്ച് അതിനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുള്ളതായി ചില രേഖകൾ വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ 1653-ലെ ഐതിഹാസികമായ 'കൂനൻ കുരിശുസത്യ'ത്തിനുശേഷം ഭാരതീയരുടെ നേതൃത്വത്തിൽ സന്യാസജീവിതം വളർന്നുവന്നതായി അറിവില്ല. 19-ാം നൂറ്റാണ്ടിനുമുമ്പ് ഇവിടെ പ്രവർത്തിച്ചിരുന്ന വിദേശമിഷനറിമാരിൽ ആരും തന്നെ ഇക്കാര്യത്തിനായി പ്രത്യേകം ശ്രമിച്ചതായി കാണുന്നില്ല. അപ്പോൾ കടന്നുപോയ നൂറ്റാണ്ടുകൾ സന്യസ്തരുടെ സേവനസാന്നിദ്ധ്യം അനുഭവിക്കുവാൻ കാത്തിരിക്കുകയായിരുന്നു.

നൂറ്റാണ്ടുകളിലെ അനേകരുടെ ആഗ്രഹങ്ങൾ പൂവണിഞ്ഞത് മാന്നാനം കുന്നിൽ സി.എം.ഐ. സഭയുടെ ആവിർഭാവത്തോടെയാണ്. ദൈവവും മനുഷ്യരും വെച്ച പ്രതീക്ഷകൾക്ക് പ്രത്യുത്തരം നല്കിക്കൊണ്ടാണ് പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്തുകൊണ്ട് 12 പേർ വ്രതബദ്ധരായി തങ്ങളുടെ ജീവിതത്തെ സമൂഹത്തിനു സമർപ്പിക്കുവാൻ തയ്യാറായത്. ഇങ്ങനെ 1855-ൽ ചാവറ അച്ചനോടൊപ്പം വ്രതം ചെയ്തവരിൽ ഒരുവനായിരുന്നു

മാണി കണിയാരകത്തച്ചൻ. മരണം വരെ ഒരു സന്യാസവൈദിക നായി ജീവിക്കണം എന്ന ആഗ്രഹത്തോടെ സഭയിൽ ചേർന്നവ നും അതിനനുസരിച്ച് ജീവിക്കാൻ പരിശ്രമിച്ചവനുമാണ് അദ്ദേഹം. എന്നാൽ സഭയിലെ 'ഏഴു വ്യാകുലങ്ങളെ' പ്പോലെ അദ്ദേഹത്തിന്റെ സഭാധികാരികളോടോ അദ്ദേഹത്തോടു തന്നെയോ വ്യക്തമായ വിലയിരുത്തലുകൾ ഒന്നും കൂടാതെ ചില തെറ്റിദ്ധാരണകളുടെ പേരിൽ സി.എം.ഐ.സഭയിൽ നിന്ന് വരാപ്പുഴ മെത്രാൻ അദ്ദേഹത്തെ ബഹിഷ്കരിച്ചു. പിന്നീട് അദ്ദേഹത്തെ കത്തോലിക്കസഭയ്ക്കു തന്നെ നഷ്ടപ്പെടുവാൻ അതുകാരണമായി.

കണിയാരകത്തച്ചന്റെ ബാല്യവും പൗരോഹിത്യവും

പാലാ രൂപതയിലെ രാമപുരം ഒരു പുരാതന ഇടവകയാണ്. വിശുദ്ധരുടെ പദവിയിലേക്കുയർത്താനുള്ള നടപടിക്രമങ്ങൾ സ്വീക രിച്ചിരിക്കുന്ന തേവർപറമ്പിൽ അഗസ്റ്റിനച്ചനും (കുഞ്ഞച്ചനും), ഇന്ത്യ യുടെ പ്രസിഡന്റായിരുന്ന കെ.ആർ നാരായണനുമൊക്കെ ജന്മം നൽകിയ സ്ഥലമാണ് രാമപുരം. കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ ഉപജ്ഞാതാവ് മഹാകവി രാമപുരത്ത് വാര്യരുടെ ജന്മഗൃഹത്തിന്റെ അടുത്തായിരുന്നു കണിയാരകത്ത് കുടുംബം താമസിച്ചിരുന്നത്. ഈ കുടുംബത്തിൽ ചാക്കോ എന്ന കർഷകന്റെ അഞ്ചാമത്തെ പുത്ര നായാണ് മാണിയച്ചൻ ജനിച്ചത്. 1823 ഫെബ്രുവരി 15-നായിരുന്നു അദ്ദേഹത്തിന്റെ ജനനം. പ്രാഥമിക വിദ്യാഭ്യാസം അടുത്തുള്ള ആശാൻ കളരിയിൽ പൂർത്തിയാക്കി. ഇദ്ദേഹത്തിന്റെ ചെറുപ്പകാ ലത്ത് പിതാവ് ചാക്കോ മൂത്ത രണ്ടു മക്കളെ തറവാട്ടിൽ താമസിപ്പി ച്ചിട്ട് ഭരണങ്ങാനത്തേക്കു താമസം മാറ്റി.

ബുദ്ധിമാനും മതകാര്യങ്ങളിൽ തല്പരനുമായിരുന്ന കൊച്ചു മാണിയുടെ കഴിവുകൾ മനസ്സിലാക്കി പാലാ പുത്തൻപള്ളി വികാ രിയും പള്ളി കമ്മറ്റിക്കാരും ഇദ്ദേഹത്തെ വൈദികനാകാൻ തെര ഞ്ഞെടുത്തു.[1] ഇദ്ദേഹം ആരുടെ കീഴിലാണ് സെമിനാരിയിൽ പഠി ച്ചതെന്നോ ഏതു വർഷം പൗരോഹിത്യം സ്വീകരിച്ചുവെന്നോ നമു ക്കറിഞ്ഞുകൂടാ. പൗരോഹിത്യം സ്വീകരിച്ചതിനുശേഷം കുറച്ചുനാൾ അദ്ദേഹം ഇടവക ജോലികൾ നോക്കിയിരിക്കണം എന്നുവേണം കരുതുവാൻ. അങ്കമാലി ഇടവകയിൽ ജനങ്ങളുടെ ഇടയിലുണ്ടായ

പ്രശ്നം പരിഹരിക്കുവാൻ വരാപ്പുഴ മെത്രാൻ മാണിഅച്ചനെ നിശ്ചയിച്ചതിൽ നിന്നും ഈ ചിന്തയ്ക്കു ബലം കൂടുകയാണ്. ഒരു പ്രശ്നം പരിഹരിക്കുവാൻ സാധാരണയായി അനുഭവ സമ്പത്തു ള്ളവരെയാണല്ലോ നിശ്ചയിക്കുക.

പാലാപ്രദേശത്തു നിന്നും പല വൈദികരും 1845-നുശേഷം മാന്നാനത്ത് ആശ്രമത്തിൽ വന്നുചേർന്നിട്ടുണ്ട്. മാണിയച്ചനും അവരിൽ ആരോടെങ്കിലും കൂടിയായിരിക്കണം മാന്നാനത്തു വന്നു ചേർന്നത്. എന്തായാലും 1855-ൽ ചാവറ അച്ചനോടുകൂടി അദ്ദേഹ വും വ്രതാനുഷ്ഠാനത്തിൽ ഉണ്ടായിരുന്നു. മാണിയച്ചനും വ്രതാ നുഷ്ഠാനത്തിനുശേഷം മറ്റുള്ളവരോടൊപ്പം വളരെ തീക്ഷ്ണത യോടെ ഒരു വർഷത്തോളം നോവിഷ്യേറ്റ് കഴിച്ചു.

മാണിയച്ചനെ അങ്കമാലി പള്ളി വികാരിയാക്കുന്നു

1857-ലാണ് കൂനമ്മാവ് രണ്ടാമത്തെ ആശ്രമമായി തിരഞ്ഞെടു ക്കുന്നത്. മാന്നാനത്തുനിന്ന് അംഗങ്ങൾ പോയി അവിടെ താമസ മാരംഭിച്ചു. ആ സമയത്താണ് അങ്കമാലി പള്ളിയിലെ ഇടവകക്കാർ രണ്ടു ഗ്രൂപ്പ് ആയി തിരിഞ്ഞ് പരസ്പരം എതിർക്കുകയും പ്രശ്ന ങ്ങൾ നിയന്ത്രണാതീതമായിത്തീരുകയും ചെയ്തത്. ഇടപെടാൻ സമർത്ഥനായിരുന്ന കണിയാരകത്ത് മാണിയച്ചനെ പ്രശ്നങ്ങൾ തീർക്കാൻ വരാപ്പുഴ മെത്രാൻ ബർണർഡിൻ 1857-ൽ അങ്കമാലിയി ലേക്ക് വികാരിയായി അയച്ചു. ഇദ്ദേഹത്തെ തന്നെ അയക്കുവാ നായി മറ്റൊരു കാരണം സൂചനയായി കാണുന്നത് കൂനമ്മാവിലു ണ്ടായിരുന്ന മർസലിൻ മിഷനറിക്ക് മാണിയച്ചനെ അത്ര തൃപ്തി യില്ലായിരുന്നു എന്നതാണ്. മാണിയച്ചൻ അങ്കമാലിയിൽ ചെന്ന് കാര്യങ്ങൾ പഠിച്ചപ്പോൾ മനസ്സിലായത് ആ ഇടവകയിൽപ്പെട്ട പഞ്ഞിക്കാരൻ കുഞ്ഞിത്തൊമ്മൻ എന്നയാളുടെയും മറുഭാഗത്ത് പാറുക്കാരൻ യൗസേപ്പ് എന്നയാളുടെയും നേതൃത്വത്തിൽ ഉണ്ടായ കക്ഷി വഴക്കാണ് ഇടവകയിലെ കലഹത്തിനു കാരണം എന്നായി രുന്നു. അവിടുത്തെ പ്രശ്നങ്ങളിൽ പാറുക്കാരൻ യൗസേപ്പിന്റെ ഭാഗത്താണ് കൂടുതൽ ശരിയുള്ളതെന്നും അദ്ദേഹം മനസ്സിലാക്കി.

മെത്രാന്റെ സെക്രട്ടറിമാരുടെമേൽ കൂടുതൽ സ്വാധീനമുള്ള ആളായിരുന്നു കുഞ്ഞിത്തൊമ്മൻ. അദ്ദേഹത്തിന് അനുകൂലമായി ചില കല്പനകൾ മെത്രാന്റെ സെക്രട്ടറിമാരുടെ സ്വാധീനമുപയോ

ഗിച്ച് ഇയാൾ കൈവശമാക്കി. ഇതുകൊണ്ടുവന്ന് പുതിയ വികാരിയായ മാണിയച്ചനെ ഏൽപ്പിച്ചു. എന്നാൽ താൻ അറിഞ്ഞ വസ്തുതകൾക്ക് യോജിക്കാത്തതാണ് മെത്രാന്റെ കല്പന എന്നതുകൊണ്ട് മാണിയച്ചൻ അതു നടപ്പിലാക്കാൻ തയ്യാറായില്ല. എതിർപക്ഷത്തോട് ചേർന്നുനിൽക്കുന്നു എന്നു തോന്നിയ മാണിയച്ചന്റെ മേൽ കുറ്റമാരോപിക്കാൻ ഇത് നല്ല ഒരവസരമായിരുന്നു. മെത്രാപ്പോലീത്തയുടെ കല്പനകൾ മാണിയച്ചൻ നടപ്പിലാക്കുന്നില്ല എന്ന പരാതി അദ്ദേഹത്തിന്റെ ചെവിയിലുമെത്തി.

മെത്രാപ്പോലീത്തയുടെ സെക്രട്ടറിമാരുടെ വിശ്വസ്തനായിരുന്ന കുഞ്ഞിത്തൊമ്മൻ കൊണ്ടുചെല്ലുന്ന കാര്യങ്ങൾ എളുപ്പത്തിൽ സ്വീകരിക്കപ്പെട്ടു, വികാരി മാണിയച്ചന്റെ വാക്കുകൾക്കു വിലയില്ലാതായി. സെക്രട്ടറിമാരിൽ നിന്നു കിട്ടിയ അറിവ് പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് മെത്രാപ്പോലീത്ത കല്പനയായി, മാണിയച്ചൻ വേഗം തന്റെ മുന്നിലെത്താൻ. മാണിയച്ചന്റെ ന്യായങ്ങൾ എന്തെന്നു കേൾക്കാൻപോലും തയ്യാറാകാതെ 'എന്തുകൊണ്ട് നമ്മുടെ കല്പനകൾ നടത്താഞ്ഞു' എന്ന ഒറ്റച്ചോദ്യത്തിലൂടെ മാണിയച്ചനെ കുറ്റക്കാരനാക്കി വിധിച്ചു. ഉടനെ തന്നെ സന്യാസസഭയുടെ ചിഹ്നമായ തോൽവാറും മറ്റും അഴിപ്പിച്ചുവെച്ചിട്ട് അദ്ദേഹത്തെ സഭയിൽ നിന്നും പുറത്താക്കി. അങ്കമാലി പള്ളിയുടെ വികാരിസ്ഥാനം തന്നിൽ നിന്നും മാറ്റി മഞ്ഞപ്ര പള്ളിയുടെ വികാരിയായി നിശ്ചയിക്കുകയും ചെയ്തു. ഈ സംഭവം 1858-1859 കാലയളവിലാണ് നടന്നത്.[2]

സംഭവങ്ങളുടെ ചുരുക്കം വർക്കി പാറപ്പുറത്ത് അച്ചൻ എഴുതിവച്ചിരിക്കുന്നത് ഇപ്രകാരമാണ്:"കർമ്മലീത്താ മൂന്നാം സഭയിൽ ആദ്യമായി കൂടി വ്രതവാഗ്ദാനം നടത്തിയ 11 അച്ചന്മാരിൽ ഒരാൾ ദിവ്യശ്രീ കണിയാരകത്ത് മാണിയച്ചൻ ആയിരുന്നു എന്ന് മേൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നിട്ട് ഏതാനും കാലങ്ങളുടെശേഷം അതിപ്രബലനായ മാർ ബർണർദീനോസ് മെത്രാപ്പോലീത്ത അച്ചൻ അങ്കമാലി പള്ളിയുടെ വികാരിയായിട്ട് നിയമിച്ചതും ആ ഇടവകയിൽ ഉൾപ്പെട്ട പഞ്ഞിക്കാരൻ തൊമ്മൻ എന്ന ഒരു മഹാവിദ്വാനുമായി പള്ളിക്കാര്യം സംബന്ധിച്ചുണ്ടായ തർക്കത്തിൽ മേൽപ്പറഞ്ഞ കുഞ്ഞിത്തൊമ്മന്റെ ശുപാർശ മൂലം വികാരിയായ മാണിയച്ചൻ പിടിച്ചിരുന്ന ഭാഗം പ്രബലപ്പെടുവാൻ ഇടയാകാതെ ആ പള്ളിയുടെ വികാരിത്വവും ഒഴിഞ്ഞ് സഭയിൽ നിന്ന് തള്ളപ്പെടുവാനും ഇടയായി.

എന്നാൽ ഏതാനും കാലങ്ങൾക്കുശേഷം മേൽപ്പറഞ്ഞ കാര്യങ്ങളുടെ നേരായ സ്ഥിതി അതിപ്രബലനായ ബർണർദീനോസ് മെത്രാപ്പോലീത്ത അച്ചനും മറ്റും അറിയുവാൻ ഇടവന്നു." മാണിയച്ചനോട് വ്യക്തിപരമായി താല്പര്യമില്ലാതിരുന്നതിനാൽ സത്യാവസ്ഥ അറിഞ്ഞിട്ടും മെത്രാപ്പോലീത്താ അദ്ദേഹത്തെ സഭയിലേക്ക് തിരിച്ചുവിളിക്കാൻ തയ്യാറായില്ല എന്നും സൂചനയുണ്ട്.[3]

സി.എം.ഐ. സഭ ഉപേക്ഷിച്ചുപോകാൻ മാണിയച്ചനോട് ആവശ്യപ്പെട്ടത് വളരെ പ്രയാസത്തോടെയാണ് അദ്ദേഹം സ്വീകരിച്ചത്. അതുപോലെ അങ്കമാലി വികാരിസ്ഥാനം എടുത്തുകളഞ്ഞ് ചെറിയ ഒരു പള്ളിയായ മഞ്ഞപ്രയിലേക്ക് സ്ഥലം മാറ്റിയതും അധികാര വിധേയത്വത്തിന്റെ ഭാഗമായി അദ്ദേഹം സ്വീകരിച്ചു. സന്യാസസഭയിലെ അംഗം എന്ന സ്ഥാനത്തും കൂടിയായിരുന്നു അങ്കമാലിയിലെ ജനങ്ങൾ പ്രശ്നകലുഷിതമായ ഇടവകയിലെ സാഹചര്യത്തിൽ അദ്ദേഹത്തെ സ്വീകരിച്ചത്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനായി. എന്നാൽ അദ്ദേഹം മെത്രാന്റെ മുന്നിൽ തെറ്റുകാരനായി അവരോധിക്കപ്പെട്ടു, കഠിനശിക്ഷയായി സന്യാസജീവിതവും ത്യജിക്കേണ്ടിവന്നു. വിരോധവും പകയും വച്ചുപുലർത്തേണ്ട അദ്ദേഹം ക്ഷമയോടെ മഞ്ഞപ്ര വികാരിസ്ഥാനം ഏറ്റെടുക്കുകയാണ് ചെയ്തത്.

ശീശ്മയിൽ വീണ മാണിയച്ചൻ

സമ്മിശ്രവികാരങ്ങളോടെയും സമൂഹത്തിന്റെ മുന്നിൽ അല്പം തരംതാഴ്ത്തപ്പെട്ടവനുമായാണ് മാണിയച്ചൻ മഞ്ഞപ്ര പള്ളിവികാരിസ്ഥാനം ഏറ്റെടുത്തത്. അങ്ങനെയിരിക്കുമ്പോഴാണ് 1861-ൽ റോക്കോസ് മെത്രാന്റെ ബാഗ്ദാദിൽ നിന്നുള്ള ആഗമനവും, ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സുറിയാനി സഭയുടെ നേതൃത്വം ഏറ്റെടുത്തതും. സ്വന്തം മെത്രാനെ ലഭിച്ചു എന്നുള്ള വികാരങ്ങളോടെ ജനങ്ങളും വൈദികരും അദ്ദേഹത്തിനു വിധേയപ്പെട്ടുകൊണ്ട്, വരാപ്പുഴ മെത്രാന്റെ നേതൃത്വത്തെ ഉപേക്ഷിച്ച് റോക്കോസ് മെത്രാന്റെ പിന്നാലെ പോയി. റോക്കോസ് പക്ഷത്തേക്ക് ആളുകളെയും വൈദികരേയും പിടിച്ചെടുക്കുവാൻ തത്പരകക്ഷികൾ ഓടിനടക്കുന്ന സമയം. ചില വ്യക്തിബന്ധങ്ങൾ നഷ്ടപ്പെട്ടിടത്ത് പുതിയ ബന്ധങ്ങൾ ഉണ്ടാക്കുവാൻ എളുപ്പമാണ്. വരാപ്പുഴ മെത്രാന്റെ എതിരാളികൾ മാണിയച്ചനെ സമീപിച്ചു.

മാന്നാനത്ത് സന്യാസപരിശീലനം സ്വീകരിച്ച് ചാവറയച്ചനോട് അങ്ങേയറ്റം മതിപ്പും സ്നേഹവുമുണ്ടായിരുന്ന മാണിയച്ചൻ അദ്ദേഹത്തിനെതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനല്ല. ശീശ്മയ്ക്കെതിരായി ചാവറയച്ചനും ഒരിക്കൽ തന്റെ സഹോദരങ്ങളായിരുന്ന സന്യാസികളും ഓടിനടക്കുമ്പോൾ മാണിയച്ചൻ എതിർപക്ഷത്തു ചേരുവാൻ ന്യായങ്ങൾ ഒന്നുമില്ലായിരുന്നു. കത്തോലിക്കാ സഭയിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും അതിനു സമ്മതിക്കുമായിരുന്നില്ല. എന്നാൽ വ്രണിതമായിരുന്ന മനസ്സിൽ വിഷം കുത്തിവെച്ചപ്പോൾ അദ്ദേഹത്തിലുണ്ടായിരുന്ന സ്വാഭാവിക വികാരം തലപൊക്കി. 'പൊങ്ങച്ചക്കാരനായിരുന്ന' മാണിയച്ചനെ എതിരാളികൾ പൊക്കിയെടുത്തു. മാണിയച്ചൻ റോക്കോസ് പക്ഷത്തേക്കു മാറി. ആ സംഭവത്തെക്കുറിച്ച് പാറപ്പുറത്ത് വർക്കിയച്ചൻ പറയുന്നത് ഇപ്രകാരമാണ്: "ഇങ്ങനെയിരിക്കെയിലാണ് ശീശ്മക്കാരനായ റോക്കോസ് മെത്രാന്റെ മലയാളത്തിലേക്കുള്ള പ്രവേശനം. പ്രസ്തുത മാണിയച്ചന്റെ പുണ്യജീവിതത്തെ നോക്കുമ്പോൾ ഒരു പ്രകാരത്തിലും അപകടമുള്ള ഒരു സ്ഥിതിയിൽ വീഴാൻ തക്കവനായിരുന്നില്ല എന്നുവരികിലും മറ്റ് ആളുകളിൽ നിന്ന് തന്റെമേൽ പറയപ്പെടുന്ന പുകഴ്ചക്കടുത്ത വാക്കുകളെ കേട്ടുരസിക്കുന്നതിൽ സ്വാഭാവികമായി ഇദ്ദേഹം ചായ്വുള്ളവനായിരുന്നു. ശീശ്മയുടെ പ്രധാനികൾ കൂടി പ്രസ്തുത മാണിയച്ചനെ പുകഴ്ചയ്ക്കടുത്ത വാക്കുകളാലും മറ്റും സന്തോഷിപ്പിച്ച് തങ്ങളുടെ കൈവശത്തിലാക്കി. ശീശ്മ മെത്രാനായ റോക്കോസ് അദ്ദേഹത്തെ തൃശൂർ പള്ളിയുടെ വികാരിയായി നിയമിച്ചു".

മഞ്ഞപ്ര ചെറിയപള്ളിയിലേക്ക് വരാപ്പുഴ മെത്രാൻ തരംതാഴ്ത്തിയ മാണിയച്ചനെ റോക്കോസ് മെത്രാൻ തൃശൂർ വലിയ പള്ളിയിലേക്ക് ഉയർത്തി. മാണിയച്ചനുംകൂടി വികാരിയായി വന്നപ്പോൾ തൃശൂർകാർക്ക് ശീശ്മയിൽ ഉറച്ചു നിൽക്കാൻ കുറെക്കൂടി എളുപ്പമായി. കൂടുതൽ ശോഭിക്കുവാൻ പറ്റിയ ഒരു അവസരമായി അദ്ദേഹം ഇതിനെ സ്വീകരിച്ചു. മാണിയച്ചന്റെ ജീവിതത്തിൽ വന്ന വ്യതിയാനത്തെക്കുറിച്ച് പാറപ്പുറത്ത് വർക്കിയച്ചൻ വീണ്ടും പറയുന്നത് ഇപ്രകാരമാണ്: "ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ അതിന്റെ നടുമുറി തിന്നണം എന്ന പഴഞ്ചൊല്ലുപോലെ പ്രസ്തുത മാണിയച്ചൻ ശീശ്മക്കാരുടെ കൈവശത്തു വീണശേഷം തന്റെ മുമ്പിലത്തെ എല്ലാഗുണങ്ങളും മറന്ന്, തൃശൂർ വികാരിയായി

ഇരുന്നുകൊണ്ട് തന്റെ പ്രസംഗങ്ങളാലേയും ഉപദേശങ്ങളാലേയും ശീശ്മഭാഗത്തെ ആദരിക്കുകയും തൃശൂർകാർക്ക് ശീശ്മയിൽ ഉറച്ചു നിൽക്കുന്നതിനു അധികമായി ബലം കൊടുക്കുകയും ചെയ്തു. ഉത്തമമായ വസ്തു വഷളായിപ്പോയാൽ അതിൽ നിന്നുള്ള കേട് ഏറ്റവും മോശമായിരിക്കും എന്നതുപോലെതന്നെ ശീശ്മകക്ഷിയിൽ വീണതിനുശേഷം പ്രസ്തുത മാണിയച്ചനെക്കുറിച്ചും അങ്ങനെ സംഭവിച്ചു."

മാണിച്ചയനെ മാനസാന്തരപ്പെടുത്തുവാൻ പലരും ശ്രമിച്ചു. പാലാക്കാരനും, മാണിയച്ചന്റെ സുഹൃത്തും, മാന്നാനത്ത് ആശ്രമത്തിൽ ഒരുമിച്ച് താമസിച്ച് പ്രവർത്തിച്ചിരുന്നവനുമായ കട്ടക്കയം വലിയചാണ്ടിയച്ചനും ഇതിനുവേണ്ടി വളരെ പരിശ്രമിച്ചു, തുടർന്ന് ചാവറയച്ചൻ തന്നെ നേരിട്ടു ചെന്ന് ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല.[4] ഇതിനിടയിലാണ് പോരുക്കര കുര്യാക്കോസ് അച്ചനും, കട്ടക്കയത്ത് ചാണ്ടി അച്ചനും ഉൾപ്പെടെ 12 സന്യാസ വൈദികർ ഒപ്പിട്ട്, കേരളസഭയിലെ അന്നത്തെ പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ടും കാരണക്കാരനായ റോക്കോസ് മെത്രാനെ കുറിച്ചും ചാവറയച്ചൻ ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്ക് എഴുതിയത്. ഈ എഴുത്തിനുള്ള മറുപടി മാർപ്പാപ്പ 1861 സെപ്തംബർ 5-ാം തീയതി അയച്ചു.[5] കിട്ടിയ എഴുത്തിലെ വിശദവിവരങ്ങളുമായി ചാവറയച്ചനും അനുയായികളും പള്ളികൾ തോറും നടന്ന് ജനങ്ങളെയും വൈദികരെയും ബോദ്ധ്യപ്പെടുത്തി. ഒരുവർഷത്തിനുള്ളിൽ റോക്കോസ് മെത്രാനെ ബാഗ്ദാദിലേക്ക് തിരിച്ചയക്കാനും ജനങ്ങളെയും വൈദികരെയും സത്യസഭയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും സാധിച്ചു. എല്ലാവരും സത്യസഭയിലേക്ക് തിരിച്ചുവന്ന കൂട്ടത്തിൽ കണിയാരകത്ത് മാണിയച്ചനും യഥാർത്ഥ അധികാരത്തിനു വിധേയനായി. പിന്നീട് സ്വന്തം ഇടവകയായ പാല ളാലം പള്ളിയിലെ വികാരിയായി. 1898-ൽ അദ്ദേഹത്തിന്റെ തറവാടും കൂടി ഉൾപ്പെടുന്ന രാമപുരം പള്ളിയിലെ വികാരിയായും സേവനമനുഷ്ഠിച്ചു. തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളെക്കുറിച്ചോ മരണകാരണങ്ങളെക്കുറിച്ചോ കൂടുതലായി നമുക്കൊന്നും അറിഞ്ഞുകൂടാ. 1911 മാർച്ച് 11-ാം തീയതി അദ്ദേഹം ദിവംഗതനായി എന്ന് 2000-ൽ രാമപുരത്തു നിന്നും ഇറക്കിയ സ്മരണികയിൽ കാണുന്നു.[6]

മാന്നാനത്തെ ആശ്രമത്തിലൂടെ സ്വച്ഛമായി ഒഴുകി അവസാനിപ്പിക്കേണ്ട ഒരു ജീവിതമായിരുന്നു മാണിയച്ചന്റേത്. അതിനായി ജീവിതത്തെ ദൈവത്തിനു സമർപ്പിച്ചതുമായിരുന്നു. പല വഴികളിലൂടെയും സംഘർഷം നിറഞ്ഞ ജീവിതാനുഭവങ്ങളിലൂടെയും ജീവിതത്തെ അദ്ദേഹത്തിനു പങ്കുവയ്ക്കേണ്ടിവന്നു. കേരള സുറിയാനി സഭയെ ജീവസുറ്റതാക്കി തീർക്കുവാൻ വേണ്ടി സ്വയം ഭരണത്തിലൂടെ വ്യക്തി സഭയുടെ തനിമയെ നിലനിർത്തുന്നതിനുവേണ്ടി തിരുസഭാ തലവനോടുള്ള ഐക്യത്തിൽ സഭയെ നിലനിർത്തുന്നതിനുവേണ്ടിയായിരുന്നു സി.എം.ഐ. സഭ ഏഴു വ്യാകുലങ്ങളെ സമർപ്പിക്കേണ്ടിവന്നത്. 8-ാമനായി കണിയാരകത്ത് മാണിയച്ചനേയും. ഇവിടെ മാണിയച്ചൻ സ്തുതിബഹുമാനങ്ങളുടെ പുറകെ അല്പം വഴിവിട്ടു സഞ്ചരിക്കേണ്ടിവന്നിരുന്നില്ലെങ്കിൽ 'ശീശ്മക്കാരൻ' എന്ന ദുഷ്പ്പേരും ഒഴിവാക്കാമായിരുന്നു.

ഉപസംഹാരം

മാന്നാനം കുന്നിനെ കേന്ദ്രമാക്കി സമ്പൂർണ്ണ സമർപ്പണത്തിനു ജീവിതത്തെ പങ്കുവച്ച 15 പിതാക്കന്മാരുടെ ചരിത്രം സി.എം.ഐ. സഭയുടെ വ്യക്തിത്വത്തിന്റെ വിശകലനമാണ്. ഭാരതസഭയിൽ ഭാരതമക്കളുടെ നേതൃത്വത്തിൽ രൂപം കൊണ്ടതും ഇന്നും തുടരുന്നതുമായ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭയാണ് സി.എം.ഐ. സഭ. അതിനു രൂപം കൊടുത്ത് വളർച്ചയുടെ ആദ്യഘട്ടത്തെ വിജയപൂർവ്വം നയിച്ചവരാണ് ഈ പിതാക്കന്മാർ. ഇവരിൽ നിന്നും ലഭിച്ച പൈതൃകമാണ് സന്യാസസമൂഹത്തിന്റെ ആദ്ധ്യാത്മികതയ്ക്കും അതിൽ നിന്നും ഉയിർകൊണ്ട അപ്പസ്തോലിക പ്രവർത്തനങ്ങൾക്കും പ്രചോദനം പകരുന്നത്. ഇവരുടെ ധന്യ ജീവിതം കേരളസഭയ്ക്കു മാത്രമല്ല, ആഗോളസഭയുടെ ആദ്ധ്യാത്മികതയ്ക്കും ഒരു മുതൽക്കൂട്ടാണ്. തിരുസഭയിൽ വേരൂന്നിയതും തിരുസഭയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്തവരുമായ ഇവരുടെ ജീവിതം ഏതൊരുസഭാ സ്നേഹിക്കും മാതൃകയും പ്രചോദനവുമേകുന്നു.

19-ാം നൂറ്റാണ്ടിലെ ക്രൈസ്തവകേരളത്തെ പുതിയൊരു ആത്മീയപാതയിലൂടെ കൈപിടിച്ചു നയിച്ചുകൊണ്ട് ആത്മീയ-ഭൗതീക രംഗങ്ങളിൽ ഉണർവ്വും ഉന്മേഷവും പകർന്നവരാണ് ഈ 15 പിതാക്കന്മാർ. മതവിശ്വാസങ്ങളിൽ ഉറച്ചുനിന്നതിനോടൊപ്പം

മതങ്ങൾക്കപ്പുറമുള്ള മനുഷ്യസ്നേഹത്തിന്റെയും പ്രതീകങ്ങളായിരുന്നു ഇവർ. ഇവരുടെ ജീവിതം ഒരു കാലഘട്ടത്തിന്റെ ചരിത്രവും കൂടിയാണ്.

കേരളത്തിന്റെ ആധുനിക സഭാചരിത്രത്തിൽ സഭയുടെ ഐക്യത്തെ തകർക്കുവാൻ കാരണമായിത്തീർന്ന 3 സംഘർഷ സാഹചര്യങ്ങളായിരുന്നു, മാർപ്പാപ്പ നിർത്തലാക്കിയിട്ടും തുടരുവാൻ ഇടവന്ന പദ്രുവാദൊ സംവിധാനവും, റോക്കോസ്-മേലൂസ് ശീശ്മകളും. ഇവിടെ സഭയുടെ അഖണ്ഡതയ്ക്കും ഐക്യത്തിനുംവേണ്ടി ത്യാഗോജ്ജ്വലമായ നേതൃത്വം എടുത്ത് സഭയെ ഒന്നിച്ചു നിർത്തുവാൻ ഏറ്റവുമധികം പ്രതിജ്ഞാബദ്ധരായി പ്രവർത്തിച്ചവരാണ് ഇവരിൽ പലരും. ഇവർ അന്ന് തിരുസഭയോടും, സഭാധികാരികളോടും ഒന്നിച്ചു നിന്നുകൊണ്ട് കഠിനാധ്വാനം ചെയ്തില്ലായിരുന്നുവെങ്കിൽ കേരളസഭയുടെ ഇന്നത്തെ ചരിത്രത്തിൽ നിന്നും വളരെ വിഭിന്നമായതും, ശിഥിലീകരണത്തിന്റേതുമായ ഒരു ചരിത്രം അവശേഷിക്കുമായിരുന്നുവെന്നും ഈ പിതാക്കന്മാരുടെ ചരിത്രം തെളിയിക്കുന്നു.

ഇതുവരെ ചരിത്രത്തിൽ മറഞ്ഞുകിടന്നിരുന്നവരും, എന്നാൽ മാന്നാനം മലയിൽ വിരിഞ്ഞ് ഒരു നൂറ്റാണ്ടിലേറെ ജീവിതം കൊണ്ടു സുകൃതം പരത്തിയവരുമായ സുരഭിലസൂനങ്ങളെ ഒരു നൂറ്റാണ്ടിനുശേഷം ഒരു പൂമാല പോലെ കോർത്തിണക്കി വീണ്ടും വെളിച്ചത്തു കൊണ്ടുവരുവാൻ സാധിച്ചു എന്ന കൃതാർത്ഥത ഈ എഴുത്തുകാരന്റെ മനസ്സിൽ വിരിയുന്നു.

END NOTES

പാലക്കൽ തോമ്മാമല്പാൻ

1. ചില കത്തുകളും ജീവചരിത്രങ്ങളും, സെന്റ് ജോസഫ് അർക്കയ്വ്സ് മാന്നാനം, സി.എം.ഐ. സ്പെഷ്യൽ.
2. സ്ഥാപക പിതാക്കന്മാർ, മാന്നാനം, 1905, reprint, Cochin,1989, 1,2. ചാവറയച്ചൻ, സമ്പൂർണ്ണ കൃതികൾ Vol. 1 നാളാഗമം, മാന്നാനം, 1981; 60, 61
3. മില്ലേനിയം ഫെസ്റ്റ്, സെന്റ്-മേരീസ് ഫൊറാനപള്ളി പള്ളിപ്പുറം 2000, 25, 27.
4. ചിലകത്തുകളും ജീവചരിത്രങ്ങളും:108-111.
5. ചില കത്തുകളും ജീവചരിത്രങ്ങളും: 12, ചാവറയച്ചൻ, നാളാഗമം: 71.
6. ശ്രീധരമേനോൻ, കേരള ചരിത്രം, reprint, ചെന്നൈ, 2001; 389-396.
7. ചാവറയച്ചൻ, നാളാഗമം: 61
8. ചാവറയച്ചൻ, നാളാഗമം: 70

   * പോർച്ചുഗീസ് കോളനികളിലുള്ള സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പോർച്ചുഗൽ രാജാവിന് ഇടപെടുന്നതിന് മാർപ്പാപ്പാ നൽകിയിരുന്ന പ്രത്യേക അധികാരത്തെയാണ് 'പദ്രുവാദൊ' സംവിധാനം എന്നു പറയുന്നത്. ഈ അധികാരം 1838-ൽ മാർപ്പാപ്പാ പിൻവലിച്ചു. അതിനുശേഷം ഈ സംവിധാനത്തിൽ തുടർന്നവരെയാണ് പദ്രുവാദൊശീശ്മക്കാർ എന്നു വിളിച്ചത്.

9. ചാവറയച്ചൻ, നാളാഗമം: 61, 62
10. ചാവറയച്ചൻ, നാളാഗമം: 73
11. ചാവറയച്ചൻ, നാളാഗമം: 65
12. ചാവറയച്ചൻ, നാളാഗമം: 72
13. ചാവറയച്ചൻ, നാളാഗമം: 72
14. ചാവറയച്ചൻ, നാളാഗമം: 72, 73
15. ചാവറയച്ചൻ, നാളാഗമം: 74
16. ചാവറയച്ചൻ, നാളാഗമം: 64
17. ചാവറയച്ചൻ, നാളാഗമം: 63, 64
18. ചാവറയച്ചൻ, നാളാഗമം: 63
19. ചാവറയച്ചൻ, നാളാഗമം: 65, 66
20. ചാവറയച്ചൻ, നാളാഗമം: 67, 68
21. ചാവറയച്ചൻ, നാളാഗമം: 65
22. ചാവറയച്ചൻ, നാളാഗമം: 1, 75
23. കൂനമ്മാവ് മാർ യൗസേപ്പു പുണ്യവാളന്റെ കൊവേന്തയുടെ നാളാഗമം (കയ്യെഴുത്ത്) രേഖാ ഈടുവെപ്പ് മാന്നാനം, 18, 19, 20 ക.ദി.മു.സ. പാറപ്പുറത്ത് വർക്കിയച്ചൻ എഴുതിയുണ്ടാക്കിയ ചരിത്രം എന്നാണ് കയ്യെഴുത്തു കോപ്പിയുടെ തലവാചകമായി എഴുതിയിരിക്കുന്നത് വർക്കി പാറപ്പുറത്ത്, സഭാചരിത്രം എന്നായിരിക്കും അടിക്കുറിപ്പിൽ കൊടുക്കുക.
24. ചാവറയച്ചൻ, കത്തുകൾ മാന്നാനം, 1982:99
25. ചാവറയച്ചൻ, നാളാഗമം: 68

26. ചാവറയച്ചൻ, നാളാഗമം: 69, 70
27. ചാവറയച്ചൻ, നാളാഗമം: 28, 30
28. ചാവറയച്ചൻ നാളാഗമം: 32-33, വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 17, ബർണാർഡ് ക.നി.മു.സഭയുടെ ചരിത്രസംക്ഷേപം, മാന്നാനം, 1908 സി.എം.ഐ. സഭ, കൊച്ചി 1989: 16 തുടർന്ന് ബർണാഡ്, സി.എം.ഐ. സഭ എന്നായിരിക്കും കുറിക്കുക.
29. ചില കത്തുകളും ജീവചരിത്രങ്ങളും: 134-136
30. ചാവറയച്ചൻ നാളാഗമം: 76

പോരൂക്കര തോമ്മാമല്പാൻ

1. ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ഫൊറോനപ്പള്ളി ഇടവക മഹാജൂബിലി സ്മരണിക, 2001; 9-12.
2. സ്ഥാപക പിതാക്കന്മാർ: 19
3. ചില കത്തുകളും ജീവചരിത്രങ്ങളും: 153
4. ചില കത്തുകളും ജീവചരിത്രങ്ങളും: 154
5. ഹിന്ദുക്കൾ പഠനാരംഭത്തിനായി കുട്ടികളെ നിലത്തിരുത്തുന്നതുപോലെ ക്രൈസ്തവർ തോമ്മാശ്ലീഹായുടെ തിരുസ്വരൂപത്തിനു മുമ്പിൽ പ്രാർത്ഥിച്ചതിനു ശേഷം പഠനം ആരംഭിക്കുന്ന പതിവുണ്ടായിരുന്നു. *ചില ചരിത്രകാരന്മാർ ഇദ്ദേഹത്തിന്റെ ജനനതീയതി 1799 ഡിസംബർ 27 എന്നു രേഖപ്പെടുത്തിയിരിക്കുന്നു. തീയതിയും കൂടി സൂചിപ്പിച്ചിരിക്കുന്നതുകൊണ്ടും വർഷത്തിന് നാലു ദിവസത്തെ വ്യത്യാസം മാത്രമുള്ളതുകൊണ്ടും ഇതായിരിക്കണം കൂടുതൽ ശരി.
6. സ്ഥാപക പിതാക്കന്മാർ: 19, 20 * ആ കാലങ്ങളിൽ സുറിയാനിക്കാർ വൈദികപഠനം നടത്തിയിരുന്നത് പ്രധാനമായും മല്പാന്മാർ നടത്തിയിരുന്ന ഇടവക സെമിനാരികളിലാണ്. എന്നാൽ സുറിയാനിമല്പാന്മാരെയും വരാപ്പുഴ ലത്തീൻ സെമിനാരിയിൽ പഠിപ്പിച്ചിരുന്നു. അവിടെ സുറിയാനി ഭാഷ പഠിപ്പിച്ചിരുന്ന ആളായിരുന്നു ചെറിയാൻ കുര്യൻ മല്പാൻ.
7. സ്ഥാപക പിതാക്കന്മാർ: 20
8. സ്ഥാപകപിതാക്കന്മാർ: 21
9. സ്ഥാപകപിതാക്കന്മാർ: 21
10. സ്ഥാപകപിതാക്കന്മാർ: 20-22
11. സ്ഥാപകപിതാക്കന്മാർ: 22
12. സ്ഥാപകപിതാക്കന്മാർ: 26, 27, 30
13. ചിലകത്തുകളും ജീവചരിത്രങ്ങളും: 156
14. മാന്നാനത്ത് അർക്കയ്വ്സിൽ കയ്യെഴുത്തു പ്രതിയായി കണിയാന്തറ യാക്കോബ് എഴുതിയ ചരിത്രഭാഗം 12 പേജുകൾ സൂക്ഷിച്ചിരിക്കുന്നു. ചാവറയച്ചൻ എഴുതിയ നാളാഗമത്തിന്റെ കൂട്ടത്തിൽ ആദ്യ പേജുകളായാണ് ഇതു സൂക്ഷിച്ചിരുന്നത്. ഇതിനെ മാന്നാനം നാളാഗമം വാല്യം 1 എന്നു പറയുന്നു. എന്നാൽ ചാവറയച്ചൻ എഴുതിയ ഭാഗം പ്രിന്റു ചെയ്തതുകൊണ്ട് അതിനെ ചാവറയച്ചന്റെ നാളാഗമം എന്നു പറയുമെങ്കിലും ഇവ രണ്ടും കൂടുന്നതാണ് വാല്യം 1
15. ചാവറയച്ചൻ, നാളാഗമം: 2
16. സ്ഥാപകപിതാക്കന്മാർ: 22

17. മാന്നാനം നാളാഗമം വാല്യം 1:1, 2
18. ചാവറയച്ചൻ നാളാഗമം: 26.
19. ചാവറയച്ചൻ നാളാഗമം: 3 മാന്നാനം നാളാഗമം: Vol.1; 1,6
20. ചില കത്തുകളും ജീവചരിത്രങ്ങളും: 156,157
21. ചാവറയച്ചൻ, നാളാഗമം: 8-17
22. ചാവറയച്ചൻ, നാളാഗമം: 23, 24; മാന്നാനം നാളാഗമം Vol.1:10
23. ചാവറയച്ചൻ, നാളാഗമം: 24, 25
24. ചാവറയച്ചൻ, നാളാഗമം, Vol.1:10
25. ചാവറയച്ചൻ, നാളാഗമം: 28, 29
26. ചാവറയച്ചൻ, നാളാഗമം: 29
27. ചാവറയച്ചൻ, നാളാഗമം: 33-37, 46
28. സ്ഥാപകപിതാക്കന്മാർ: 21
29. ചാവറയച്ചൻ, കത്തുകൾ, 1982:127, 128
30. സ്ഥാപകപിതാക്കന്മാർ: 21
31. സ്ഥാപകപിതാക്കന്മാർ: 25
32. ചാവറയച്ചൻ, നാളാഗമം: 43, 52, 54, 55 സ്ഥാപകപിതാക്കന്മാർ: 28-30

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

1. ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ, ഇന്ന്, ചങ്ങനാശ്ശേരി, 1998, 91-97.
2. ചാവറയച്ചന്റെ ജനനതീയതിയെക്കുറിച്ച് ആദ്യകാല ജീവചരിത്രകാരന്മാർ വ്യത്യസ്ത തീയതികളാണ് നൽകുന്നത്. ഇക്കാര്യത്തിൽ 1864--ൽ സഭയുടെ ഡലഗേറ്റായിരുന്ന ലെയോപ്പോൾദ് മിഷനറിക്ക് ചാവറയച്ചൻ എഴുതികൊടുത്തിരുന്ന (ചാവറയച്ചന്റെ നാളാഗമം, 1981:59) സഭാംഗങ്ങളുടെ പേരു വിവരങ്ങളിൽപ്പെടുത്തിയിരിക്കുന്നതും, ലെയോപ്പോൾദ് അച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതുമായ തീയതിയാണ് വിശുദ്ധരുടെ നടപടികൾക്കുള്ള സംഘം അംഗീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം 1805 ഫെബ്രുവരി 10 ആണ് ചാവറയച്ചന്റെ ജന്മദിനം.
3. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. II, സാഹിത്യകൃതികൾ, മാന്നാനം, 1981:6, (1-16)
4. സാഹിത്യ കൃതികൾ: 2 (46-78)
5. സാഹിത്യ കൃതികൾ: 4 (89-113)
6. Positio, CMI Special, Archives of St. Joseph's Monastery, Mannanam, Summary, XVIII. ചാവറയച്ചന്റെ നാമകരണ നടപടികൾക്കുവേണ്ടി ആധികാരികമായി ഒരുക്കിയ രേഖയാണ് Positio.
7. Positio, Summary, XVIII
8. Positio, Summary, XVIII
9. Positio, 24, 25; 57, 58
10. ചാവറയച്ചൻ നാളാഗമങ്ങൾ: 26
11. നാളാഗമങ്ങൾ, 26
12. സ്ഥാപകപിതാക്കന്മാർ: 22, 23; പാറപ്പുറത്ത് വർക്കിയച്ചൻ സഭാചരിത്രം : 16
13. ചാവറയച്ചൻ, നാളാഗമങ്ങൾ: 1
14. ചാവറയച്ചൻ, നാളാഗമങ്ങൾ: 3
15. ചാവറയച്ചൻ, നാളാഗമങ്ങൾ: 24, 25

16. ഭാരത ക്രൈസ്തവ ചരിത്രത്തിൽ 17-ാം നൂറ്റാണ്ടിനു മുമ്പ് ഇടപ്പള്ളിയിലും, മൈലാപ്പൂരിലും മറ്റും ചില സന്യാസസമൂഹങ്ങൾ ഉണ്ടായിരുന്നു എന്ന് ചരിത്രരേഖകളിൽ കാണുന്നുണ്ടെങ്കിലും 1653-ലെ കൂനൻകുരിശു സത്യത്തിനുശേഷം ഇവ തുടർന്നു നിലനിന്നതായി ചരിത്രത്തിൽ കാണുന്നില്ല. 17-ാം നൂറ്റാണ്ടിനു ശേഷം യാതൊരു സന്യാസസമൂഹവും ഇന്ത്യയിലുണ്ടായിരുന്നില്ല.
17. നാളാഗമങ്ങൾ: 208
18. നാളാഗമങ്ങൾ: 59
19. ചാവറയച്ചൻ, നാളാഗമങ്ങൾ: 58, 130
20. CMI Spiritual Pilgrimage to perfect love, A Source Book, Kochi, 2004,55
21. ചാവറയച്ചൻ, നാളാഗമങ്ങൾ: 84-89; 159; 209-225
22. ചാവറയച്ചൻ, നാളാഗമങ്ങൾ: 59
23. ചാവറയച്ചൻ, നാളാഗമങ്ങൾ: 33; പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 17-29-30
24. ഫാ. വലേരിയൻ സി.ഡി., ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939; 81
25. സുവർണ്ണരേഖകൾ, Official letter of Bishop Bernardin, Archives of St. Joseph's Monastery, CMI Special - C.
26. A Kanjirathinkal, A Church in Struggle: 103
27. പുത്തൻപള്ളി വക സെമിനാരി പറമ്പിന്റെ ചരിത്രം, കയ്യെഴുത്ത്, സി.എം.സി. കോൺവെന്റ്, പുത്തൻപള്ളി.
28. ശൗര്യാരച്ചൻ, പൊതുജനധ്യാനങ്ങൾ, 2nd (ed), മാന്നാനം, 1948, VII
29. സ്ഥാപകപിതാക്കന്മാർ: 37
30. സ്ഥാപകപിതാക്കന്മാർ: 36
31. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ: Vol. III, ആദ്ധ്യാത്മിക കൃതികൾ, മാന്നാനം, 1981: 78-83; Vol. IV, കത്തുകൾ, 108, 109
32. സ്ഥാപക പിതാക്കന്മാർ: 32
33. വലേരിയൻ, ചാവറ കുര്യാക്കോസ്, ഏലിയാസച്ചൻ: 400, 401
34. ചാവറയച്ചൻ, നാളാഗമം: 131, 132; ബർണ്ണാർഡ് സി.എം.ഐ സഭ 120, 155, 131, 288, 154, 155
35. ചാവറയച്ചൻ, നാളാഗമം: 44; ബർണ്ണഡ്, സി.എം.ഐ. സഭ: 26,27
36. Golden Records Official letter from the King of Travancore, Archives of St. Joseph's Monastery, Mannanam, CMI Special
37. പാറപ്പുറത്ത് വർക്കിയച്ചൻ, സഭാചരിത്രം: 1474
38. മാന്നാനം നാളാഗമം: Vol. III, 1864-71 : 90
39. മാന്നാനം നാളാഗമം: Vol. III, 90
40. ചാവറയച്ചൻ, നാളാഗമങ്ങൾ: 191
41. ചാവറയച്ചൻ, കത്തുകൾ; 5-22; 28, 29; 83-85
42. ബർണ്ണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ, മാന്നാനം, 1921:276-278.
43. ചാവറയച്ചൻ, കത്തുകൾ: 5-7
44. ചാവറയച്ചൻ, നാളാഗമം: 126, 232, 236, 237
45. കുര്യാക്കോസ് ഏസിയ. ആത്മാനുതാപം, അവതാരിക, ലെയോപ്പോൾദ്, കൂനമ്മാവ്, 1871:10,11

46. ചാവറയച്ചൻ, നാളാഗമം: 126, 134
47. ചാവറയച്ചൻ, കത്തുകൾ: 153-163
48. ചാവറയച്ചൻ, കത്തുകൾ: 53, 54, 163
49. ചാവറയച്ചൻ, മാന്നാനം നാളാഗമം: Vol. III, 1864-1871,90
50. ചാവറയച്ചൻ, നാളാഗമം: 158, 208
51. ചാവറയച്ചൻ, കത്തുകൾ: 38-48
52. ചാവറയച്ചൻ, നാളാഗമം: 173, 174
53. ചാവറയച്ചൻ, കത്തുകൾ: 28, 29; 83-85
54. ചാവറയച്ചൻ, കത്തുകൾ: 22-24
55. ചാവറയച്ചൻ, കത്തുകൾ: 28, 29; 83, 85
56. പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം, ചരമശതാബ്ദി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 2000: 81, 82.
57. നാളാഗമം: Vol. III: 26
58. മാന്നാനം നാളാഗമം, Vol. III: 26
59. The Carmelite Congregation of Malabar, 1831-1931, Trichinapoly: 55-58
60. ചാവറയച്ചൻ, നാളാഗമം: 37, 183-185; ബർണ്ണാർഡ്, സി.എം.ഐ. സഭ: 82.
61. ചാവറയച്ചൻ, നാളാഗമം: 121-125
62. ചാവറയച്ചൻ, കത്തുകൾ: 102
63. ചാവറയച്ചൻ, നാളാഗമം: 111-115
64. സ്ഥാപകപിതാക്കന്മാർ: 37
65. വലേരിയൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ: 263-274
66. സ്ഥാപകപിതാക്കന്മാർ: 39; ധ്യാനസല്ലാപങ്ങൾ: 30-38.
67. വലേരിയൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ: 242.
68. ചാവറയച്ചൻ, നാളാഗമം Vol. I: 74, 75
69. മാന്നാനം നാളാഗമം, Vol. III: 131-132
70. മാന്നാനം നാളാഗമം,Vol.III: 261, 262, 265; സ്ഥാപകപിതാക്കന്മാർ: 39
71. ജോസ് മത്യാസ്, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ: മാന്നാനം: 1936,14.
72. ചാവറയച്ചൻ, നാളാഗമം: 30
73. ചാവറയച്ചൻ, നാളാഗമം: 77, 79-81, 167-172
74. ചാവറയച്ചൻ, നാളാഗമം: 92-125; 178-208
75. ചാവറയച്ചൻ, നാളാഗമം: 128-129
76. ചാവറയച്ചൻ, കത്തുകൾ: 77-78
77. ഫാ. ആൻസലം, ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1958: 41-43. ചാവറയച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായി രൂപത നിശ്ചയിച്ച ചരിത്രാന്വേഷണ കമ്മീഷന്റെ സെക്രട്ടറിയായ ആൻസലം അച്ചൻ ശേഖരിച്ച രേഖകളുടെ വെളിച്ചത്തിൽ എഴുതിയ ജീവചരിത്രമാണിത്.
78. ജോസ് മത്യാസ്, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ : 61-64.
79. ഫാ. ലൂക്കാസ്, വിത്തുവട്ടിക്കൽ, നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ, 1967-2004, Positio.
80. ദീപിക (ദിനപത്രം), കോട്ടയം, 1986 ഫെബ്രുവരി 8: 4.
81. Herald of the East, Vol.I: No.3, P.G. House Ernakulam, 1992: 81-87

ബ്രദർ കണിയാന്തറ യാക്കോബ്

1. ചാവറയച്ചൻ, നാളാഗമം: 1
2. പാറപ്പുറത്ത് വർക്കിയച്ചൻ, സഭയുടെ ചരിത്രം: 28,29
3. മാന്നാനം നാളാഗമം Vol. I-ന്റെ തുടക്കത്തിൽ കണിയാന്തറ യാക്കോബ് സഹോദരൻ എഴുതിയ ചരിത്രഭാഗം ചേർത്തിരിക്കുന്നു.
4. ബർണാഡ്, സി.എം.ഐ. സഭാചരിത്രം: 282; വാഴക്കുളം കാർമ്മൽ ആശ്രമം നാളാഗമം, 1889 മീനം (മാർച്ച്) വരെ ക.നി.മു.സ. സന്യാസികളുടെ പേരു വിവരം.
5. മാന്നാനം നാളാഗമം Vol. I: 1
6. മാന്നാനം നാളാഗമം Vol. I:1
7. മാന്നാനം നാളാഗമം Vol. I:2
8. മാന്നാനം നാളാഗമം Vol. I:2-3
9. ചാവറയച്ചൻ, നാളാഗമം: 8
10. ചാവറയച്ചൻ, നാളാഗമം: 12,13,14,18
11. ചാവറയച്ചൻ, നാളാഗമം: 12,13,14,18
12. മാന്നാനം നാളാഗമം, Vol. I: 10
13. മത്തായി കൊച്ചുപറമ്പിൽ, അറിയപ്പെടാത്ത കർമ്മയോഗി - ബ്രദർ കണിയാന്തറ യാക്കോബ്, കൊച്ചി, 1979, 64,65
14. ബർണാഡ് സി.എം.ഐ സഭാചരിത്രം: 36,43
15. ചാവറയച്ചൻ, നാളാഗമം, 85; ബർണാഡ്, സി.എം.ഐ. സഭാചരിത്രം: 36, 43,282,283
16. മത്തായി കൊച്ചുപറമ്പിൽ, കണിയാന്തറ യാക്കോബ് : 73
17. മത്തായി കൊച്ചുപറമ്പിൽ, കണിയാന്തറ യാക്കോബ് : 74
18. മത്തായി കൊച്ചുപറമ്പിൽ, കണിയാന്തറ യാക്കോബ് : 72
19. മത്തായി കൊച്ചുപറമ്പിൽ കണിയാന്തറ യാക്കോബ് : 77
20. ഐ.സി. ചാക്കോ, മാർ ളൂയിസ് പഴേപറമ്പിൽ, തിരുവനന്തപുരം 1937: 219; മത്തായി കൊച്ചുപറമ്പിൽ, കണിയാന്തറ യാക്കോബ് : 79
21. മത്തായി കൊച്ചുപറമ്പിൽ, കണിയാന്തറ യാക്കോബ്, 80
22. ബർണാഡ്, സി.എം.ഐ. സഭാചരിത്രം: 282, 283
23. ബർണാഡ്, സി.എം.ഐ. സഭാ, മാന്നാനം: 283
24. മത്തായി കൊച്ചുപറമ്പിൽ കണിയാന്തറ യാക്കോബ്: 84,86

ഫാദർ യാക്കോബ് വല്യാറ

1. ബാൾഡ്വിൻ, വല്യാറ യാക്കോബച്ചൻ, മാന്നാനം, 1963: 9-11
2. ബാൾഡ്വിൻ, വല്യാറ യാക്കോബച്ചൻ: 12
3. വർക്കി പാറപ്പുറത്ത്, സഭാ ചരിത്രം: 18; ബർണാർഡ് സി.എം.ഐ. സഭ: 37, 39, 40
4. ചാവറയച്ചൻ കത്തുകൾ: 160, 161
5. ചാവറയച്ചൻ, നാളാഗമം: 79
6. ബാൾഡ്വിൻ, വല്യാറ യാക്കോബച്ചൻ: 15,16

7. വർക്കി പാറപ്പുറത്ത്, സഭാ ചരിത്രം: 30, 31, ചാവറയച്ചൻ, നാളാഗമം: 77,78
8. ബാൾഡ്വിൻ, വല്യാറ യാക്കോബച്ചൻ: 23,24. വല്യാറ യാക്കോബച്ചനു 10-ാം തിയ്യതി മുതൽ ഛർദ്ദിയും പനിയും ആരംഭിച്ചു എന്നാണ് മറ്റു ചരിത്രകാരന്മാർ എഴുതിയിരിക്കുന്നത്.
9. ചാവറയച്ചൻ, നാളാഗമം: 78, 79
10. ബാൾഡ്വിൻ, വല്യാറ യാക്കോബച്ചൻ, 28

ഫാദർ മത്തായി കളപ്പുരയ്ക്കൽ

1. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 301-303; ഏൽത്തുരുത്ത് ആശ്രമ നാളാഗമം വാല്യം 1: 1-3
2. ഏൽത്തുരുത്ത് ആശ്രമ നാളാഗമം വാല്യം 1
3. ഏൽത്തുരുത്ത് ആശ്രമ നാളാഗമം വാല്യം 1: 4-7
4. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 199-215
5. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 602-609; വാഴക്കുളം കാർമ്മൽ ആശ്രമത്തിന്റെ സുവർണ്ണജൂബിലി സ്മാരകം; 1909:1-7
6. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 633-639
7. ചാവറയച്ചൻ കത്തുകൾ: 38, 39
8. ബർണാർഡ്, സി.എം.ഐ. സഭ: 89
9. ചാവറയച്ചൻ, നാളാഗമം: 91, 92

ഫാദർ മത്തായി മുഞ്ഞനാട്ട്

1. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 185-216
2. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 216-225
3. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 237-251
4. ബർണാർഡ്, സി.എം.ഐ. സഭ: 80-81

ഫാദർ കുര്യാക്കോസ് കൊച്ചുപുരയ്ക്കൽ

11. Leopold OCD, Manuale di Memorie dal 1 Decembre 1870 Dharmaram Archives, K 90.8 L 56, 11
12. ചാവറയച്ചൻ നാളാഗമം: 87,- 88
13. ചാവറയച്ചൻ നാളാഗമം: 37,87,92,93
14. ബർണാർഡ് സി.എം.ഐ. സഭ: 127-128
15. ബർണാർഡ് സി.എം.ഐ. സഭ: 93
16. ചങ്ങനാശ്ശേരി അതിരൂപതാ ഇന്നലെ, ഇന്ന് വാല്യം 1:102
17. ചാവറയച്ചൻ നാളാഗമം: 130,131
18. ബർണാർഡ്, സി.എം.ഐ. സഭ: 127,128

ഫാദർ തോമ്മാ നെല്ലിശ്ശേരി

1. കർമ്മലയിലെ സൗഗന്ധികങ്ങൾ: 1831-1981, എറണാകുളം, 259
2. Leopold Manuele di Memorie dal I Decembere 1870, Archives of Dharmaram Bangalore : 11, ചാവറയച്ചൻ, നാളാഗമം: 82, ബർണാർഡ്, സി.എം.ഐ.സഭ: 129
3. ബർണാർഡ്, സി.എം.ഐ.സഭ: 130
4. പാറപ്പുറത്തു വർക്കിയച്ചൻ, സഭാചരിത്രം: 27
5. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 27; ചാവറയച്ചൻ നാളാഗമം: 83
6. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 27, Leopold, Manuele di Memorie dal I Decembre 1870:11
7. ചാവറയച്ചൻ നാളാഗമം: 83, 84
8. മാന്നാനം നാളാഗമം, വാല്യം 3: 173-,174
9. മാന്നാനം നാളാഗമം, വാല്യം 3: 175
10. ബർണാർഡ്, സി.എം.ഐ. സഭ: 129,-130
11. ചാവറയച്ചൻ കത്തുകൾ: 1982, 72

ഫാദർ ഗീവർഗ്ഗീസ് തോപ്പിൽ

1. ചില കത്തുകളും ജീവചരിത്രങ്ങളും: 67, 69 ബർണാഡ് , സി.എം.ഐ സഭാചരിത്രം: 156, 157
2. ചാവറയച്ചൻ, നാളാഗമം: 208
3. ഏൽത്തുരുത്ത് ആശ്രമ നാളാഗമം, വാല്യം 1: 16,17
4. ചില കത്തുകളും ജീവചരിത്രങ്ങളും: 75; ഏൽത്തുരുത്ത് ആശ്രമ നാളാഗമം, വാല്യം 1: 19
5. ചില കത്തുകളും ജീവചരിത്രങ്ങളും: 79, 80
6. ചില കത്തുകളും ജീവചരിത്രങ്ങളും: 78-, 79
7. ബർണാർഡ്, സി.എം.ഐ. സഭ: 117, ചില കത്തുകളും ജീവചരിത്രങ്ങളും, 81
8. ബർണാർഡ്, സി.എം.ഐ. സഭ: 158, ചില കത്തുകളും ജീവചരിത്രങ്ങളും, 71, 75
9. ബർണാർഡ്, സി.എം.ഐ. സഭ: 101, 102
10. ബർണാർഡ്, സി.എം.ഐ. സഭ: 55, 157, 158
11. ചില കത്തുകളും ജീവചരിത്രങ്ങളും: 82-84; ബർണാർഡ്, സി.എം.ഐ.സഭ: 153

ഫാദർ കുര്യാക്കോസ് ഏലീശ, പോരൂക്കര

1. ചില കത്തുകളും ജീവചരിത്രങ്ങളും: 160.
2. ചിലകത്തുകളും ജിവചരിത്രങ്ങളും: 161-163
3. ചില കത്തുകളും ജീവചരിത്രങ്ങളും: 166-169
4. ചാൾസ് പൈങ്ങോട്ട്, കേരളസഭ 19-ാം നൂറ്റാണ്ടിൽ (മെവ്റിന്റെ കത്തുകൾ), കോട്ടയം, 1996: 47

5. ചില കത്തുകളും ജീവചരിത്രങ്ങളും: 173
6. ചില കത്തുകളും ജീവചരിത്രങ്ങളും: 173-181
7. ചങ്ങനാശ്ശേരി അതിരൂപത: 108
8. ഐ.സി. ചാക്കോ, മാർ ലൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും:89
9. ചാൾസ് പൈങ്ങോട്ട്, കേരളസഭ 9-ാം നൂറ്റാണ്ടിൽ: 51. മൊവ്റിൻ മെത്രാൻ മാർപ്പാപ്പയ്ക്കു കൊടുത്ത റിപ്പോർട്ടിൽ നിന്നാണ് ഈ വിവരങ്ങൾ എടുത്തിട്ടുള്ളത്
10. ചില കത്തുകളും ജീവചരിത്രങ്ങളും: 220
11. ബർണാർഡ്, സി.എം.ഐ. സഭ, 1989: 220
12. ചില കത്തുകളും ജീവചരിത്രങ്ങളും: 183
13. മുത്തോലി മഠത്തിലെ നാളാഗമം വാല്യം 1:1-8
14. ബർണാർഡ് സി.എം.ഐ. സഭ: 227, 218, 228, ബർണാഡച്ചന് കുര്യാക്കോസ് ഏലീശാച്ചനെ 18 വർഷമെങ്കിലും സഭാംഗമെന്ന നിലയിൽ അടുത്തു പരിചയമുണ്ട്.
15. ചില കത്തുകളും ജീവചരിത്രങ്ങളും: 186, 188
16. പാലക്കുന്നേൽ വല്യച്ചന്റെ നാളാഗമം 1831-1900, പി.ജെ. സെബാസ്റ്റ്യൻ, ചങ്ങനാശ്ശേരി, 1972: 302, 307

ഫാദർ കുര്യൻ ബ്രൊക്കാർദ് പാലക്കൽ

1. ചില കത്തുകളും ജീവചരിത്രങ്ങളും: 86-96; മാന്നാനം നാളാഗമം Vol. III: 79; ബർണാർഡ് സി.എം.ഐ. സഭ: 272, 273; മണപ്പുറം ആശ്രമ നാളാഗമം, Vol. I:1-6 പാണാവള്ളിയിലുണ്ടായിരുന്ന ആശ്രമം 1926-ൽ മണപ്പുറത്തേയ്ക്ക് മാറ്റി. ഇപ്പോൾ സി.എം.ഐ ആശ്രമം അവിടെ തുടരുന്നില്ല.

ഫാദർ സ്കറിയാ അപ്രേം കളത്തിൽ

1. ജോൺ സി. ടിറ്റോ, ഫാദർ സക്കറിയാസ് അപ്രേം ജീവചരിത്രം, മാന്നാനം, 2004: 17
2. ചില കത്തുകളും ജീവചരിത്രങ്ങളും: 32, 33
3. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 27, 28
4. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 1092
5. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 1134
6. ചാവറയച്ചൻ, കത്തുകൾ: 28, 29; ചില കത്തുകളും ജീവചരിത്രങ്ങളും: 34
7. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 1409-1418, 1464, 65
8. ഐ.സി.ചാക്കോ, മാർ ലൂയീസ് പഴേപറമ്പിൽ ജീവിതവും കാലവും: 135-139
9. ചില കത്തുകളും ജീവചരിത്രങ്ങളും: 34-42

ഫാദർ അലക്സാണ്ടർ കട്ടക്കയം

1. മാത്യു കട്ടക്കയം, വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും, മാന്നാനം, 1959:2-14; Fr.Leopold OCD Manuale di memorie dal 1 decembere 1870:10-11
2. മാത്യു കട്ടക്കയം, വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും, മാന്നാനം, 1959: 18-21
3. മാത്യു കട്ടക്കയം, വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 23, 24, 37
4. വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 45, 46
5. ബർണാർഡ്, സി.എം.ഐ. സഭ: 162, 163
6. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും:50,51 ; ബർണാർഡ്, സി.എം.ഐ. സഭ: 172-176
7. ബർണാർഡ്, സി.എം.ഐ. സഭ: 224
8. ബർണാർഡ്, സി.എം.ഐ. സഭ: 178-181
9. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 74,97,126,127,135
10. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 52,53
11. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 102,107; **ബർണാർഡ്,** സി.എം.ഐ. സഭ: 132
12. ചാവറയച്ചന്റെ കത്തുകൾ: 74,75
13. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 107-110
14. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും:110, 111, 112
15. ബർണാർഡ്, സി.എം.ഐ. സഭ: 275; വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 43,52,53.
16. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 63-65.
17. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 56,-58,76-,77; ബർണാർഡ്, സി.എം.ഐ. സഭ:185,186.
18. വലിയചാണ്ടിയച്ചനും, കൊച്ചുചാണ്ടിയച്ചനും: 80-82
19. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 84,85
20. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 92, 117
21. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 94,104
22. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 136-143
23. വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും: 143

ഫാദർ മാണി കണിയാരകത്ത്

1. സ്മരണിക 2000, മാർ അഗസ്തീനോസ് കോളേജ്, രാമപുരം: 258
2. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 513-521
3. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 800, 801, 520, 521
4. വർക്കി പാറപ്പുറത്ത്, സഭാചരിത്രം: 801-803
5. ചാവറയച്ചൻ, കത്തുകൾ: 5-9
6. സ്മരണിക 2000, മാർ അഗസ്തീനോസ് കോളേജ്: 258

CT Library
00083450
K92 P195 C5

19-ാം നൂറ്റാണ്ടിലെ കേരളസഭാചരിത്രം വ്യക്തികളിലൂടെ

കേരളത്തിൽ സന്യാസത്തിന് അടിത്തറപാകിയ 15 പിതാക്കന്മാർ

കേരളത്തിലെ ആദ്യ 10 സി. എം. ഐ. ആശ്രമങ്ങളുടെ തുടക്കചരിത്രം

കേരള സഭയെ 19-ാം നൂറ്റാണ്ടിൽ ബാധിച്ച മൂന്നു ശീശ്മകൾ

കേരള സഭയ്ക്കുവേണ്ടി സി. എം. ഐ. സന്യാസം ത്യജിക്കേണ്ടിവന്നവർ

കേരളത്തിലെ പ്രഥമ വാഴ്ത്തപ്പെട്ടവൻ.